(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ അവിടെ ഇരിക്കണം.

II നന്ദിപ്രമേയ ചർച്ച

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ

(ബഹളം)

ഇന്നത്തെ പത്രത്തിലും ഈ സഭയിൽ ഗവൺമെൻറിന് 71 പേരുടെ ഭൂരിപക്ഷമുണ്ടെന്ന് അവർ അവകാശവാദം ഉന്നയിക്കുന്നു. അത് നിയമദൃഷ്ട്യാ പോയിൻേറാഫ് ഓർഡർ ആയിട്ടാണ് ഞാൻ ഉന്നയിക്കുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് അത്തരം കാര്യങ്ങൾ പ്രസംഗത്തിൽ സൂചിപ്പിക്കാം.

(ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ ഭരണഘടന 189-ാം വകുപ്പനുസരിച്ച്.

All questions at any sitting a House of the Legislature of a State shall be determined by a majority of votes of the Members present at the voting..................

മി. സ്പീക്കർ : അതിനെക്കുറിച്ച്.............

ശ്രീ. വർക്കല രാധാകൃഷ്ണൻ : ആ മോഷൻ തീരുമാനിക്കുന്നത് സഭയിലുള്ള അംഗങ്ങളുടെ വോട്ടും അതിന്റെ മെജാർട്ടിയും അനുസരിച്ചാണ്. സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട്..................

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇതനുവദിക്കാൻ പാടില്ല. പോയിൻറ് ഓഫ് ഓർഡറല്ല.

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ അവിടെ ഇരിക്കണം. ബഹുമാനപ്പെട്ട മെമ്പർ കാസ്റ്റിംഗ് വോട്ടിനെയോ അതുപോലുള്ള കാര്യങ്ങളെയോ കുറിച്ചാണ് സംസാരിക്കുന്നതെങ്കിൽ അതിനെക്കുറിച്ച് സംസാരിക്കാൻ പാടില്ലെന്നുള്ളതുകൊണ്ട് പോയിൻറ് ഓഫ് ഓർഡർ അനുവദിക്കാൻ നിവൃത്തിയില്ല.

(ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, കാസ്റ്റിംഗ് വോട്ടിനെക്കുറിച്ചല്ല പറയുന്നത്. സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട് ഗവൺമെൻറിന് പിൻതുണയായി പ്രഖ്യാപിക്കാമോ എന്നതിനെ സംബന്ധിച്ചാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ അവിടെ ഇരിക്കണം. ഇവിടെ ഈകാര്യത്തെക്കുറിച്ച് പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. ററി. കെ. രാമകൃഷ്ണൻ : എന്താണെന്ന് അദ്ദേഹം പറയട്ടെ. ഒരു മെമ്പറുടെ അവകാശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അദ്ദേഹം ഉന്നയിച്ചത് എന്താണെന്ന് ചെയറിന് മനസ്സിലായി. അദ്ദേഹം പറഞ്ഞ പോയിൻറ് ഓഫ് ഓർഡറിന് റൂളിംഗ് നൽകികഴിഞ്ഞു.

ശ്രീ. ററി. കെ. രാമകൃഷ്ണൻ: പറയട്ടെ പറയാതെ എങ്ങനെയാണ് മനസ്സിലായത്. എന്നാൽ പിന്നെ കരുണാകരൻെറ കയ്യിൽ ഒരു ചരട് പിടിച്ചാൽ മതി. അവിടന്ന് അടിക്കുന്ന മണി അനുസരിച്ച് റൂളിംഗ് നൽകാം.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനെപ്പോലെയുള്ള ആളുകൾ ഇത്തരം പരാമർശം നടത്തുന്നത് ഖേദകരമാണ്. ഇവിടെ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡർ മുഴുവൻ കേട്ടശേഷമാണ് മറുപടി പറഞ്ഞത്. അതൊക്കെ ഇവിടെ തീരുമാനിക്കേണ്ട കാര്യങ്ങളല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ എൻെറ പോയിൻറ് ഓഫ് ഓർഡർ മുഴുവനാക്കിയിട്ടില്ല. റെലവൻറ് പ്രൊവിഷൻ വച്ച് സംസാരിക്കാൻ പോകുകയാണ്. ഞാൻ അങ്ങയുടെ കാസ്ററിംഗ് വോട്ടിനെ ചോദ്യം ചെയ്യുന്നില്ല. കാസ്ററിംഗ് വോട്ടുമായി ബന്ധപ്പെട്ട പോയിൻറ് ഓഫ് ഓർഡർ അല്ല ഞാൻ ഉന്നയിച്ചത്. . . : . . .

(സഭയിൽ ബഹളം)

ഇൻഡ്യൻ ഭരണഘടന 189-ാം വകുപ്പ് സബ്ക്ളാസ്-എ അനുസരിച്ചുള്ള ഒരു കാര്യം ഞാൻ ഉന്നയിക്കുകയാണ്. അങ്ങ് ചെയ്ത കാസ്ററിംഗ് വോട്ടിൻെറ ന്യായാന്യായങ്ങളെക്കുറിച്ച് ഒരക്ഷരം ഞാൻ മിണ്ടുന്നില്ല. കാസ്ററിംഗ് വോട്ടുപയോഗിച്ച് ഒരു പ്രമേയം തള്ളിപ്പോയതായിട്ടോ പാസായതായിട്ടോ കണക്കാക്കാം. ഇവിടെ അതല്ല പ്രശ്നം. കാസ്ററിംഗ് വോട്ടുകൊണ്ട് ഒരു ഗവൺമെൻറിന് പിന്തുണയുണ്ടാകുന്നില്ലെന്ന് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. ഫസ്ററ് ഇൻസ്ററൻസിൽ വോട്ടില്ലാത്തതുകൊണ്ട് പിന്തുണയുടെ വോട്ട് സ്പീക്കർക്കില്ല. കാസ്ററിംഗ് വോട്ട് ഒരിക്കലും ഗവൺമെൻറിൻെറ പിന്തുണയായി അംഗീകരിക്കാൻ പാടില്ലെന്നാണ് വ്യവസ്ഥ. മുഖ്യമന്ത്രിയും ഭരണകക്ഷി മെമ്പർമാരും ഈ ഗവൺമെൻറിന് 71 പേരുടെ പിന്തുണയുണ്ടെന്ന് ഈ സഭയ്ക്കകത്തും പുറത്തും നടത്തുന്ന പ്രഖ്യാപനം നിയമവിരുദ്ധമാണ്. അതേസംബന്ധിച്ച് അങ്ങയുടെ റൂളിംഗ് വേണം.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, റൂളിംഗ് എപ്പോൾ നൽകണം എപ്പോൾ നൽകേണ്ട എന്നുള്ളതിനെക്കുറിച്ചെങ്കിലും നിർദ്ദേശങ്ങൾ തരാതിരിക്കണം.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിൽ യാതൊരു പോയിൻറും ഇല്ല. ഒരു ഗവൺമെൻറിന് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്നു പറയാൻ സ്പീക്കർക്കധികാരമില്ല. പോയിൻറ് ഓഫ് ഓർഡറിന് സ്പീക്കർ റൂളിംഗ് നൽകണം. ഇതിന് റൂളിംഗ് നൽകേണ്ട പ്രശ്നമില്ല.

(സഭയിൽ ബഹളം)

ശ്രീ. പി. സീതിഹാജി: സർ, ഈ സഭ അങ്ങാണ് നിയന്ത്രിക്കേണ്ടത്. അല്ലാതെ അപ്പുറത്തുള്ളവരല്ല. അപ്പുറത്തുള്ള ശ്രീ. മൂസ എം. എൽ. എ. ഇപ്പുറത്തുള്ള ശ്രീ. കുട്ടപ്പനോട് ഇരിയെടാ എന്നു പറഞ്ഞു. ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

പദപ്രയോഗങ്ങൾ ഈ സഭയിൽ ഉപയോഗിക്കുന്നത് ഓർഡറിലാണോ ? ഇത് അങ്ങ് അനുവദിക്കുകയാണെങ്കിൽ വേറെയും പദപ്രയോഗങ്ങൾ നടത്താൻ ഞങ്ങളെയും......

മി. സ്പീക്കർ : അതെപ്പററി ചെയറിൽനിന്നും ആദ്യമായിത്തന്നെ പറഞ്ഞു കഴിഞ്ഞു. ഉപയോഗിക്കാവുന്ന നല്ല വാക്കുകൾ മാത്രമേ ഉപയോഗിക്കാവൂ, എന്നു പറഞ്ഞു കഴിഞ്ഞു.

ശ്രീ. സി. ബി. സി. വാര്യർ : സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിന് ഒരു പോയിൻറു മില്ലെന്ന് ബഹുമാനപ്പെട്ട അഹമ്മദ് പറഞ്ഞു. പോയിൻറ് വളരെ വ്യക്തമാണ് സർ. ഭരണകക്ഷിയുടെ എണ്ണം 71 ആണെന്ന് ഈ സഭയിൽ പരാമർശിക്കുന്നത് ഓർഡറിലാണോ അല്ലയോ എന്നുള്ളതാണ് പോയിൻറ് ഓഫ് ഓർഡർ.

ശ്രീ. ഇ. കെ. നായനാർ : പോയിൻറ് ഓഫ് ഓർഡർ ചോദിക്കാനുള്ള അവകാശത്തെ നിരാകരിക്കുകയില്ലെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. 71 ആണ് ഭരണപക്ഷം എന്ന് അപ്പുറത്തുനിന്ന് സംസാരിക്കുന്നതുകൊണ്ടാണ് ചോദിക്കുന്നത്. അങ്ങയുടെ വിശദീകരണം കിട്ടിയാൽ മതി.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി : സർ, ഈ ഗവൺമെൻറിന് ഭൂരിപക്ഷമുണ്ടോ, ഇല്ലയോ എന്നുള്ള പൊളിററിക്കൽ ഡിബേററിന് സ്പീക്കർ റൂളിംഗ് നൽകേണ്ടയാവശ്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പോയിൻറ് ഓഫ് ഓർഡറിന് റൂളിംഗ് തരേണ്ടത് സ്പീക്കറാണ്.

(ബഹളം)

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ഭരണഘടനാപരമായ ഏതെങ്കിലും കാര്യത്തെക്കുറിച്ച് തീരുമാനിക്കാനുള്ള സമിതിയല്ല സഭ എന്ന് എല്ലാ മെമ്പർമാർക്കുമറിയാം. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ആലോചിക്കുന്നതായിരിക്കും ഉചിതമായിട്ടുള്ളത്. ഏതായാലും ആ കാര്യം തീരുമാനിക്കാനുള്ള സമിതി ഇതല്ല. അതുകൊണ്ട് ഈ പോയിൻറ് ഓഫ് ഓർഡറിന് പ്രസക്തി ഇല്ല.

(സഭയിൽ ബഹളം)

ശ്രീ. ഇ. കെ. നായനാർ : സ്പീക്കറെക്കൂടെ ഉൾപ്പെടുത്തി അപ്പുറത്ത് ഭരണകക്ഷിയുടെ എണ്ണം പറയുന്നത് ഓർഡറിലാണോ ?

ശ്രീ. സി. ബി. സി. വാര്യർ : 71 എന്ന് പറയാമോ എന്നുള്ളതാണ് പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ : ഭരണകക്ഷി എന്ത് പരാമർശിക്കണം എന്ന് ചെയറിന് റൂൾ ചെയ്യാൻ പററുമോ ? ബഹുമാനപ്പെട്ട അനിരുദ്ധന് സംസാരിക്കാം.

ശ്രീ. കെ. അനിരുദ്ധൻ : മി. സ്പീക്കർ സർ, ബഹുമാനപ്പെട്ട കേരള ഗവർണർ ഭരണകക്ഷിയിൽ നിന്നെഴുതിക്കൊടുത്ത പ്രസംഗം കുറെ വായിച്ചപ്പോൾ അതിലെ പന്തികേട് കണ്ട് ചുരുട്ടിയെറിഞ്ഞിട്ട് പ്രതിഷേധിച്ചിറങ്ങിപ്പോയതിന് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ആ പ്രസംഗത്തിലെ വരികൾ പിന്നീടായിരിക്കണം. ആ **** വായിച്ചുനോക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : സർ, ബഹുമാനപ്പെട്ട ഗവർണറെ ബഹുമാനപ്പെട്ട ഗവർണർ എന്നോ അവർ എന്നോ ഒക്കെ സംബോധന ചെയ്യാം. ***** എന്നു പറയുന്നത് പാർലമെൻററിയാണോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സർ, ബഹുമാനപ്പെട്ട ഗവർണർ ഭരണഘടനാപരമായി അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഒരു ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് ഈ സഭയിൽ വന്നത്. അതു സംബന്ധിച്ച നന്ദിപ്രമേയത്തിൻെറ ചർച്ച നടക്കുന്ന ഈയവസരത്തിൽ ബഹുമാനപ്പെട്ട ഗവർണറെ **** എന്ന വാക്കുപയോഗിച്ച് സംബോധന ചെയ്യുന്നത് ഓർഡറിലാണോ ? ആ പദപ്രയോഗം സഭാനടപടികളിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ ; സർ, **** എന്നപദം അൺപാർലമെൻററിയാണോ എന്ന് ആദ്യം പരിശോധിക്കണം. എന്നിട്ടുവേണം ജേക്കബ് ആവശ്യപ്പെട്ടതനുസരിച്ച് നീക്കം ചെയ്യണമോ വേണ്ടയോ എന്ന് റൂൾ ചെയ്യാൻ.

മി. സ്പീക്കർ ; *** എന്ന പദപ്രയോഗം അൺപാർലമെൻററിയാണോ അല്ലയോ എന്നതല്ല പ്രശ്നം. ബഹുമാനപ്പെട്ട ഗവർണ്ണറെ ആ പദപ്രയോഗം നടത്തി സംബോധന ചെയ്തിട്ടുണ്ടെങ്കിൽ അതുനോക്കി നീക്കം ചെയ്യുന്നതാണ്.

ശ്രീ. കെ. അനിരുദ്ധൻ : ബഹുമാനപ്പെട്ട ഗവർണർക്ക് എൻെറ അമ്മയുടെ പ്രായമുള്ളതുകൊണ്ടും അമ്മയെപ്പോലെ ബഹുമാനമുള്ളതുകൊണ്ടുമാണ് ഞാൻ അങ്ങനെ സംബോധന ചെയ്തത്. നല്ല രീതിയിലാണ് ഞാനങ്ങനെ പറഞ്ഞത്. അത് നീക്കം ചെയ്യരുത് സർ, ആ പദം പാർലമെൻററിയല്ലെന്ന് അങ്ങ് വിധി കല്പിക്കരുത്. ആ മഹതി ഇവിടെ ചുരുട്ടിയെറിഞ്ഞിട്ടുപോയ പ്രസംഗത്തിന് ശ്രീ. തച്ചടി പ്രഭാകരനാണ് നന്ദിപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. തച്ചടിയെക്കുറിച്ചെനിക്കൊരു പരിഭവവുമില്ല. എന്തെന്നാൽ അദ്ദേഹം ഏതിനെക്കുറിച്ചും അഭിപ്രായം പറയും. ഗവർണർ പ്രതിഷേധിച്ചിറങ്ങിപ്പോയതിൽ കാര്യമുണ്ട് സർ, ബഹുമാനപ്പെട്ട ഗവർണർ ഗവർണറായി ഇവിടെ വന്നതിനുശേഷം രാജ്യത്തുള്ള ഹരിജനപ്രസ്ഥാനങ്ങളെക്കുറിച്ചും ഹരിജന മർദ്ദനങ്ങളെക്കുറിച്ചുമൊക്കെ സംസാരിക്കാറുണ്ട്.

നായനാർ മന്ത്രിസഭയ്ക്കുശേഷം ഗവർണർ ഭരണം കയ്യേറിയതിനുശേഷം ഒരുപിടി ഹരിജന മർദ്ദനങ്ങൾ ഹരിജനങ്ങളെ വകവരുത്തുന്ന മററു സംഭവങ്ങൾ ഉണ്ടായി. നമ്മുടെ കേരളത്തിലുള്ള മലയാളികൾ ബൽച്ചി, അതുപോലെ പരസ്പിഗ, ദിയോളി,നാരായൺപുരി ഇതൊക്കെപത്രത്തിൽവായിച്ചിട്ടേയുള്ളു. എന്താണ് ഇവിടെ ഇക്കഴിഞ്ഞ ഒക്ടോബർ 20-ന് ശേഷം ഉണ്ടായ സംഗതി ? നായനാർ മന്ത്രിസഭ രാജിവച്ചുപോയി എന്നുള്ളതിൻെറ ആഹ്ളാദം പ്രകടിപ്പിച്ചതു തന്നെ എൻെറ അടുത്തു ഇരിക്കുന്ന മെമ്പറുടെ വീട്ടിന് അടുത്ത്—അങ്കമാലിയിൽ ഉള്ള ഹരിജൻ വീട്ടിൽതള്ളിക്കയറിയാണ്. കറുമ്പ എന്നു പറയുന്ന പ്രായമായ ഒരു പാവപ്പെട്ട കർഷകത്തൊഴിലാളി സ്ത്രീയെഅടിച്ച് ഇടിച്ച് കത്തിടോർച്ചു വച്ച്ഇടിച്ച് അടിച്ച്കൊന്നു. അതല്ലേ കോൺഗ്രസ് ഐയുടെ ഇപ്പോഴം ഭരണകക്ഷി മെമ്പർമാരുടെ ആഹ്ളാദപ്രകടനത്തിന് ഒരു ഉദാഹരണം. സർ, ഇതുവരെ ഹരിജനമന്ത്രിമാരായി ഇരുന്നവർ കറുത്തവരായിപ്പോയി. അതുകൊണ്ട് ഒരു വെളുത്ത സവർണനെ ഹരിജൻ മന്ത്രിയാക്കി വയ്ക്കണം.

**** ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം സഭാ നടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നന്നാകും. നന്നാകുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇന്നലെ ശ്രീ. രമേശൻ നായർ നേമത്തെ ഒരു സംഗതി പറഞ്ഞു. അദ്ദേഹത്തിന് തെററിപ്പോയി. ശ്രീ. കരുണാകരൻ ഹരിജൻ മന്ത്രിയായി വരുന്നതിനു മുമ്പ് ഗവർണ്ണർക്ക് പ്രത്യക്ഷത്തിലും പരോക്ഷത്തിലും ഉപദേശം നൽകിക്കൊണ്ടിരുന്ന അവസരത്തിലാണ് ഐ.എൻ.ടി.യു.സി. യുടെ കൂടെ നടന്ന ബേബി എന്നൊരുത്തനെ ആളുകൾ വെട്ടിവകവരുത്തി റെയിൽവേട്രാക്കിൽ കൊണ്ടു ചെന്നു വച്ചിട്ട് പോയത്. എന്ത് അന്വേഷണം നടത്തി, എന്തായി എന്ന് ഇതുവരെ അറിഞ്ഞില്ല.

നമ്മുടെ സംസ്ഥാനത്ത് നായനാർ ഗവൺമെൻറ് പോയതിനുശേഷം ഹരിജനങ്ങളെ eradicate ചെയ്യുകയാണു സർ, വർക്കലയിൽ ഒരു ഹരിജൻ പെണ്ണിനെ കോൺഗ്രസ് ഐ.യുടെ ഗുണ്ടകൾ ചേർന്ന് പിടിച്ചുകൊണ്ടുപോയി ബലാൽസംഗം ചെയ്തു. ആശുപത്രിയിൽ എത്തിച്ചിട്ട് ആവശ്യത്തിന് മരുന്നും വൈദ്യസഹായവും കിട്ടാത്തതുകൊണ്ട് അവിടെ കിടന്നു ചത്തു. അതുപോലെ തന്നെ സുൽത്താൻ ബത്തേരിയിലെ കഥ ബഹുമാനപ്പെട്ട മെമ്പർമാർ വിവരിച്ചു. അഞ്ചാറുവയസുള്ള കുട്ടികൾ തൊട്ട് അറുപതു വയസുള്ള തള്ളയടക്കം അടിച്ച് വെടിവച്ചുകൊന്ന് അവരുടെ ഭൂമി മുഴുവൻ കയ്യേറാൻ ശ്രമിക്കുന്നു സാർ. ഹരിജനങ്ങളെക്കുറിച്ച് സംസാരിക്കുന്ന ആളുകൾ ദയവു ചെയ്ത് ഇത്തരം കാര്യങ്ങൾ ഒളിച്ചുവയ്ക്കാൻ ശ്രമിക്കരുത്. എൻെറ നിയോജകമണ്ഡലത്തിലുള്ള ഒരു ഹരിജനായിരുന്നു. പാനൂരിലെസബ് ഇൻസ്പെക്ടറായിരുന്ന സോമൻ ആ സോമൻെറനേരെ ആ പ്രദേശത്തുള്ള സവർണ്ണമേധാവിത്വത്തിൻെറ രോഷം അത്രകണ്ടു വർദ്ധിച്ചിരുന്നു: അതേക്കുറിച്ച് അന്വേഷിക്കാൻ സാധാരണ ഗതിയിൽ ടി. കെ. രാമകൃഷ്ണൻ ഒരു ഉന്നതനായ സെക്രട്ടറിയെക്കൊണ്ട് അന്വേഷിക്കാൻ ഓർഡർ കൊടുത്തു. ശ്രീ. സഖറിയാ സമർപ്പിച്ച റിപ്പോർട്ട് ഇതുവരെ പുറത്തുവന്നിട്ടില്ല. സഖറിയാകമ്മിഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത് ശരിയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ കയ്യാമം വച്ച് കസ്ററഡിയിൽ ആക്കാൻ എന്തുകൊണ്ട് വിസമ്മതിക്കുന്നു സർ? ചുമ്മാ എഴുന്നെള്ളിച്ച് പ്രസംഗിച്ച് നടന്നാൽ മതിയോ ഉന്നതനായ ഈ ഐ. എ. എസ്. ഉദ്യോഗസ്ഥൻ തയ്യാറാക്കിയ റിപ്പോർട്ട് പുറത്തു വന്നിട്ട് എന്തിനാണ് പൂഴ്ത്തി വയ്ക്കുന്നത്? ഹരിജനക്ഷേമത്തെക്കുറിച്ച് സംസാരിക്കുന്നവർ ദയവുചെയ്ത് ഇത്തരം കാര്യങ്ങൾ ഒളിച്ചുവയ്ക്കരുത്.

പോലീസുകാർ ഇപ്പോൾ കുറെപ്പേർ പറഞ്ഞാൽ കേൾക്കും. കുറെപ്പേർ പറഞ്ഞാൽ കേൾക്കുകയില്ല. എല്ലാക്കാലത്തും അങ്ങനെയല്ല. മിക്കവാറും പോലീസുകാർ പറഞ്ഞാൽ കേൾക്കും. ഗവൺമെൻറുനയം പ്രഖ്യാപിക്കപ്പെട്ടാൽ കുറെയൊക്കെ അത് അനുസരിക്കും. സർ, ഗവൺമെൻറിൻെറ നയം അനുസരിക്കുകയില്ലായെന്നുള്ളതിൻെറ ലക്ഷണമല്ലേ സെനററുഹാളിൽ ഉണ്ടായത്. ഇന്നലെ ആരോ ഒക്കെ പറയുന്നതു കേട്ടു, കുട്ടികളെ അടിക്കാതെ എന്തു ചെയ്യാൻ എന്ന്. കുട്ടികളെ അടിക്കും ഇടിക്കും കൊല്ലും എന്നൊക്കെ പറഞ്ഞു. സർ, അഖിലേന്ത്യാ യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ നേതാക്കൻമാരെ 24 എണ്ണത്തെ മുറിക്കകത്തിട്ട് അടിച്ച് ശരിയാക്കി ക്രിമിനൽ പ്രൊസീഡിയർ കോഡും ഇൻഡ്യൻ പീനൽകോഡും ഒക്കെ അറിയാവുന്ന നേതാക്കൻമാർ ഇരിക്കുന്ന സ്ഥലമല്ലേ സർ. ഈ സഭ, അവർ എന്തു കുററം ചെയ്തു? ഒരു വർഗ്ഗീസ്—അദ്ദേഹത്തെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചിരിക്കുന്ന യൂണിവേഴ്സിററിയിൽ—ഈ വിദ്യാർത്ഥി നേതാക്കൻമാർ അവരെ കൊല്ലാൻ ശ്രമിച്ചു. അതിനുശേഷം അദ്ദേഹം കൻേറാൺമെൻറ് പോലീസ് സ്റേറഷനിൽ വന്നിരുന്നിട്ട് അവരുടെ പുറത്ത് attempt to murder എന്ന കേസ് എടുത്ത് അവിടെ നിന്ന് ഒരു കണ്ടിജൻറിനെ അയച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒററ രസിസ്ററൻസ് പോലും ഇല്ലാതിരുന്നിട്ടും കണ്ടമാനം അടിച്ച് അവശരാക്കി കളഞ്ഞു സർ, ശ്രീ. ഉമ്മൻചാണ്ടിയെപ്പോലെ യുവജനപ്രസ്ഥാനങ്ങളിൽ നിന്നും വളർന്നുവന്ന ആളുകൾ ഇങ്ങനെയാണോ ചെയ്യേണ്ടത്? ഞാൻ അറിഞ്ഞത് കുറെ പോലീസുകാർ അവിടെ പറഞ്ഞു അടിക്കരുത്. കുറെ പോലീസുകാർ പറഞ്ഞു അടിക്കണമെന്ന് അതുകൊണ്ടാണ് സർ, ഞാൻ പറഞ്ഞത്. പറഞ്ഞാൽ കേൾക്കുന്നതും അനാവശ്യം കാണിക്കുന്നതുമായ പോലീസുകാർ ഉള്ള പോലീസ് സംവിധാനമായി ഇന്നത്തെ പോലീസ് സംവിധാനം മാറിയിരിക്കുന്നുവെന്ന്. തിരുവനന്തപുരത്ത് ഈ സെക്രട്ടറിയേററിന് തൊട്ടടുത്ത് പാവം പിടിച്ച ഹരിജനങ്ങൾ താമസിക്കുന്ന ഒരു കോളനി ഉണ്ട്. ആ കോളനിയുടെ പേര് ചെങ്കൽച്ചൂള എന്നാണ്. നാളെ ബഹുമാനപ്പെട്ട കരുണാകരൻ അവിടെപ്പോയി ഉടുപ്പ് കൊടുക്കുകയും സേവാസമിതി ഉത്ഘാടനം ചെയ്യുകയും ചെയ്യുന്നുണ്ട്. അവിടെ ഇവരുടെ കൂടെ നില്ക്കുന്ന ആളുകൾക്കല്ലാതെ രക്ഷയില്ല. 11 ക്രിമിനൽ കേസുകൾ ശ്രീ. ഉമ്മൻചാണ്ടി അധികാരത്തിൽ വന്നതിനുശേഷം ഈ ഒരു മാസത്തിനുള്ളിൽ എടുത്തിരിക്കുന്നു. പത്തിരുപതുപേരെ ചേർത്ത് 107 പ്രകാരം കേസുകൾ എടുത്തിരിക്കുന്നു. പോലീസിനിടയിൽ ഒരു ഡിവിഷൻ ഉണ്ടാകുന്നതിനെ ശ്രീ. ഉമ്മൻചാണ്ടി വന്നതിനുശേഷം പ്രോത്സാഹിപ്പിക്കുകയാണ്.

പല സ്ഥലത്തും പോലീസുകാർ ഇന്ന് അസ്വസ്ഥരാണ്. ആലപ്പുഴയിൽ രാധാമോഹൻ എന്ന ഒരു പോലീസുകാരൻ വഴിയേ പോയിട്ട് അയാളെ മുഖംമൂടികൾ അടിച്ച് ഇടിച്ച് വെട്ടി കൊന്നുകളഞ്ഞു. കുമാരനെല്ലൂർ കോവിലിൽ ഡ്യൂട്ടിക്ക് നിന്ന പോലീസുകാരനെ അടിച്ചുകൊന്നു കളഞ്ഞു അതേക്കുറിച്ച് ചോദിക്കാനും പറയാനും ആളില്ലേ ? പോലീസുകാരെ അടിച്ചു കൊല്ലുന്നു എന്നുമാത്രമല്ല. അവർ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. മലയിൻകീഴ് പോലീസ് കോൺസ്ററബിൾ പോലീസ് സ്റേറഷനകത്ത് തൂങ്ങി നിൽക്കുന്നു എന്താ സർ, ഇത്ര ഈ തൂക്കം? അതുപോലെ തന്നെ തിരുവല്ലത്ത് ഡ്യൂട്ടിക്ക് നിന്നിരുന്ന പോലീസ് കോൺസ്ററബിൾ സുകുമാരൻ നായർ വെടിയേററു ചത്തുകിടന്നു സർ, കോഴിക്കോട്ടെ ഷാഹുൽഹമീദ് പോലീസ് സ്റേറഷനിൽ തൂങ്ങിനിന്നു. വിഴിഞ്ഞത്ത് സബ്ട്രഷറിയിൽ പാറാവ് നിന്നിരുന്ന ശ്രീകുമാരൻ നായർ വെടിയേററു ചത്തുകിടന്നു. ഇങ്ങനെയുള്ള അസ്വസ്ഥതയാണ് പോലീസുകാരുടെ ഇടയിൽ ഉള്ളത്. എന്തു സുരക്ഷിതാവസ്ഥയാണ് നമ്മുടെ നാട്ടിൽ ഉള്ളത്. ഇന്ന് അപ്പുറത്ത് കൂടിയിരിക്കുന്നവരിൽ ഏതാനും ചില ആളുകൾ ഇപ്പുറത്ത് ഇരുന്നവർ അഴിമതിയുടെയും കൈക്കൂലിയുടെയും പര്യായമായി മാറി ഇപ്പുറത്തുനിന്നും ഓടി അവർ അപ്പുറത്ത് ചെന്ന് എത്തിയിരിക്കുന്നു. സർ, പ്രധാനപ്പെട്ട ചില ദിനപത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇൻഡ്യയിലെ ഏററവും പ്രധാനപ്പെട്ട പത്രത്തിൽ expert has no power എന്നു പറഞ്ഞ് ഇലക്ട്രിസിററി ബോർഡിനെക്കുറിച്ചും അതിന്റെ മന്ത്രിയെക്കുറിച്ചും കഴിഞ്ഞ സെപ്ററംബർ 29-ാം തീയതി വന്ന പരാമർശം ബന്ധപ്പെട്ട മന്ത്രി കണ്ടില്ലേ ? അതുപോലെ തന്നെ ഇൻഡ്യയിലെ പ്രധാനപ്പെട്ട ഒരു വാരികയായ ബ്ലിററ്സ് വാരികയിൽ ഒരു വർത്തമാനം വന്നിരിക്കുന്നു സർ. 'Shoking leaks from Power Board' അതിൽതന്നെ differences ഉണ്ടായിരിക്കുന്നു. The financial adviser and the chief accounts officer, who is also a Board member objected to the payment of this purchase on certain reasons The finance S-cretary and another IAS Officer, and the Board Members refused to attend continuously in the meetings of the Board. That is the situation of our Board. There was reported to be approached. ....നമ്മുടെ തിരുവനന്തപുരത്ത് പട്ടം പാലസിന്

LIBRARY ARCHIVES Kerala Legislative Assembly

അടുത്തുള്ള "Vidiuth Bhavan" അതിനുവേണ്ടി ഒരു കാലത്തും ഇല്ലാത്ത രീതിയിൽ 96 ശതമാനം ടെൻഡർ കൂട്ടിക്കൊടുത്തു. മന്ത്രി ഇടപെട്ടതിനെക്കുറിച്ച് ബ്ലിററ്സ് വാരികയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, പോയിൻറ് ഓഫ് ഓർഡർ സർ, ഈ കാലഘട്ടത്തിൽ ഞാൻ ആയിരുന്നു മന്ത്രി. ഞാനാണ് തെററ് ചെയ്തത്. മന്ത്രി എന്നുള്ള നിലയിൽ ഞാൻ ഇടപെട്ടു എന്നാണ് പറഞ്ഞത്. എന്നെ സംബന്ധിച്ചിടത്തോളം ഈ സഭയിലെ ഒരു അംഗം എന്നുള്ള നിലയിൽ നേരത്തെ അങ്ങേയ്ക്ക് എഴുതിത്തരികയും അതിൻെറ ഒരു കോപ്പി എനിക്ക് തരികയും ചെയ്യേണ്ടതാണ്. ഞാൻ മറുപടി പറയാനുള്ള ആളാണ്. അല്ലെങ്കിൽ എനിക്ക് പേഴ്സണൽ എക്സ്പ്ലനേഷന് സമയം അനുവദിക്കണം.

സെപ്ററംബർ മാസത്തിൽ ബ്ലിററ്സ് വാരികയിൽ (4-ാം പേജിൽ) വന്നതാണു സർ, ഞാൻ വായിക്കാം,

Vidyut Bhavan

The ten storeyed building at Pattom capital city the first stage of its construction

Shri T. M. Jacob : Sir, I raise a point of order.

Shri K. Anirudhan : Sir, I do not mind. I will place it on the table.

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ നമ്മുടെ സഭയുടെ കീഴ്വഴക്കങ്ങളും നടപടിക്രമവും അനുസരിച്ച് ഒരു മെമ്പർ മറെറാരു മെമ്പർക്കെതിരെ ആരോപണമുന്നയിക്കണമെങ്കിൽ അത് സ്പീക്കർക്കെഴുതിക്കൊടുക്കുകയും പകർപ്പ് ബന്ധപ്പെട്ട മെമ്പർക്ക് കൊടുക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. അദ്ദേഹം പത്രത്തിൽ വന്നുവെന്നു പറഞ്ഞുകൊണ്ട് ആക്ഷേപം തന്നെയാണുന്നയിക്കുന്നത്. എഴുതിക്കൊടുക്കാതെ ഉന്നയിക്കുന്നത് ആർഡറിലാണോ ?

ശ്രീ. കെ. അനിരുദ്ധൻ : ബഹുമാനപ്പെട്ട സ്പീക്കർ സർ, ഒരു അംഗമെന്ന നിലയിലുള്ള എൻെറ അവകാശം അങ്ങു സംരക്ഷിക്കണം. സംസാരിക്കാനനുവദിക്കണം. ഈ രീതിയിൽ ഉപദ്രവിക്കരുത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗത്തിനറിയാവുന്നതുപോലെ പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചാൽ

ശ്രീ. കെ. അനിരുദ്ധൻ : ഇൻഡ്യൻ എക്സ്പ്രസിൽ വന്നിട്ടുള്ള ചാർജസ് നോക്കണം സർ. Charges against Piilai Government contemplating action.

ശ്രീ. സി. എഫ്. തോമസ് : സർ, പോയിൻറ് ഓഫ് ഓർഡർ. സെപ്ററംബർ മാസത്തിൽ വന്ന ഏതെങ്കിലും പത്രത്തിലെ കാര്യങ്ങൾ ഒക്ടോബർ മാസം 20-ാം തീയതിവരെ ഉദ്ധരിക്കാതെ ഇന്ന് ഉദ്ധരിക്കുന്നത് രാഷ്ട്രീയ വൈരാഗ്യത്തിൻെറ പേരിലല്ലേ?

ശ്രീ. കെ. അനിരുദ്ധൻ : അതുതന്നെയാണ് എനിക്ക് പറയാനുള്ളത്. അതിൻെറ ആളുകളുടെ അഭയകേന്ദ്രമാണിത്. അതുകൊണ്ടുതന്നെയാണു സർ, ഞാനിതു ഉദ്ധരിക്കുന്നത് 26-1-1982-ൽ ഇൻഡ്യൻ എക്സ്പ്രസിൽ വന്നിട്ടുള്ള നാലുകോളം ലേഖനം ഏതു കാലത്തേതായാലും കള്ളൻമാരെയും

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിക്കാരെയും രക്ഷിക്കാൻ ഈ നിയമസഭ അനുവദിക്കരുത് സർ. ഒരു ലഘുലേഖ അച്ചടിച്ചുവന്നു. ശ്രീ. ബാലകൃഷ്ണപിള്ള എന്നോടു വന്നു പറഞ്ഞു. ഇത് ഈ ഭാഗത്തിരിക്കുന്ന എന്റെ ചില സ്നേഹിതൻമാർ അച്ചടിച്ച് ഇറക്കിയതാണെന്ന്.

ശ്രീ. ഇ. അഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. As per Rules of Procedure 285, no allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the speaker and also to the Minister concerned.

ബഹുമാനപ്പെട്ട അംഗം മുൻകൂട്ടി നോട്ടീസ് തന്നിട്ടാണോ ഈ ആരോപണമുന്നയിക്കുന്നത്. അല്ലെങ്കിൽ ഒരിക്കലും അനുവദനീയമല്ല.

മി. സ്പീക്കർ : ഈ കാര്യത്തെക്കുറിച്ച് റൂളിലുള്ളത് എല്ലാവർക്കും അറിവുള്ള കാര്യമാണ്. ഏതെങ്കിലും മെമ്പറെക്കുറിച്ച് ആരോപണമുന്നയിക്കാനുണ്ടെങ്കിൽ അത് എഴുതിത്തരികയാണ് പതിവ്.

ശ്രീ. സി. വാസുദേവമേനോൻ : പത്രം വായിച്ചതാണ്.

ശ്രീ. കെ. അനിരുദ്ധൻ : ബഹുമാന്യനായ സ്പീക്കർ എന്റെ നാലു മിനിട്ട് അപഹരിക്കരുത്. ഒരു ലഘുലേഖ അച്ചടിച്ചുവന്നു. അത് ഞാനടക്കം ചേർന്ന് അച്ചടിച്ചതാണെന്ന് ശ്രീ. ബാലകൃഷ്ണപിള്ള മററാളുകളോട് പറഞ്ഞു. എന്നോടു പറഞ്ഞു ഇവിടെ ഇരിക്കുന്ന പഴയ യൂണിയൻ നേതാവാണ് അച്ചടിച്ചിറക്കിയതെന്ന്.

ശ്രീ. സി. എഫ്. തോമസ് : സർ, ഒരു പ്രസ്താവന-പേരുപോലും വയ്ക്കാത്ത, അഡ്രസ്സില്ലാത്ത ഒരു പ്രസ്താവന-സഭയിൽ കൊണ്ടുവന്ന് അവതരിപ്പിക്കുന്നത് ആർഡറിലാണോ ?

ശ്രീ. കെ. അനിരുദ്ധൻ : സർ, തമിഴ് നാട്ടിലും കർണ്ണാടകത്തിലും കറണ്ടു കച്ചവടം നടത്തിയതിന്റെ പേരിൽ നിരവധി ലക്ഷം! എം. എസ്. റോഡിന്റെ പേരിൽ കർണ്ണാടകമില്ലുകളിൽ നിന്നു രണ്ടുലക്ഷം........

മി. സ്പീക്കർ : സമയം കഴിഞ്ഞു, അവസാനിപ്പിക്കണം.

ശ്രീ. കെ. അനിരുദ്ധൻ : പട്ടത്തെ അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്....

ശ്രീ. കെ. എം. മാണി : സർ, റൂളനുസരിച്ച് എഴുതിക്കൊടുക്കാതെ ഇതെല്ലാം ഇവിടെ വായിച്ചിട്ട് കാര്യമില്ല.

ശ്രീ. കെ. അനിരുദ്ധൻ : സർ, ഇത് മേശപ്പുറത്തു വയ്ക്കാൻ വിരോധമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അനിരുദ്ധന് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കെ. അനിരുദ്ധൻ : എന്നെ സംസാരിക്കാനനുവദിക്കണം സർ.

മി. സ്പീക്കർ : സമയം കഴിഞ്ഞ് ഒരു സെൻറൻസ് പറഞ്ഞ് അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അനിരുദ്ധൻ : എനിക്ക് സംസാരിക്കാനുള്ള സമയം അപഹരിച്ചതിൽ പ്രതിഷേധമുണ്ട്. എങ്കിലും ഞാനനുസരിക്കാം. ഇവിടെ എനിക്ക് പറഞ്ഞുപൂർത്തിയാക്കാൻ കഴിയാത്ത രേഖകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. എന്റെ അവകാശമാണ് അന്വേഷിക്കാനും തെളിവ് ശേഖരിക്കാനും നമുക്കു ബാദ്ധ്യതയുണ്ട്. ഇടതുപക്ഷജനാധിപത്യ മുന്നണിഗവൺമെന്റിനെ മറിച്ചിട്ടിട്ട് അപ്പുറത്തുപോയിക്കൂടിയിരിക്കുന്ന ആളുകൾ രണ്ടു കാരണങ്ങളാലാണ് പോയതെന്ന് പറയുന്നു.

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ളയ്ക്ക് പേഴ്സണൽ എക്സ്പ്ലനേഷന് റൂൾ 288 അനുസരിച്ച് അവസരം നൽകണം.

ശ്രീ. കെ. അനിരുദ്ധൻ : ദയവു ചെയ്ത് എന്നെ ഉപദ്രവിക്കരുത്.

മി. സ്പീക്കർ: ദയവായി ഇരിക്കണം. ഒരു വാചകത്തിനു പകരം മൂന്നു വാചകം പൂർത്തിയാക്കി. ഞാൻ ശ്രീ. രാജൻമാസ്ററരെ വിളിച്ചുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. അനിരുദ്ധൻ : ഞാൻ വാചകം പൂർത്തിയാക്കിയില്ല. റൂൾസ് ഓഫ് പ്രൊസീഡിയർ അനുസരിച്ച് എനിക്ക് സംസാരിച്ച് വാചകം പൂർത്തിയാക്കാൻ സമയം തരൂ, സി. ഐ. ടി. യു. വിനെതിരെ ഭയങ്കരമായ ആക്ഷേപം. സി. ഐ. ടി. യു. ചെയ്തിട്ടുള്ള ഗൗരവമായ കാര്യങ്ങൾ ഞാൻ ഓർമ്മിപ്പിക്കട്ടെ. ഞങ്ങൾ ചെയ്ത പ്രധാനമായ കാര്യം. അവരുടെ ഒരു നേതാവായ ഹേമചന്ദ്രനെ ഓടിച്ചുകൊണ്ടുപോയി പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനാക്കിയതും ശ്രീ. തച്ചടി പ്രഭാകരനെ ....

മി. സ്പീക്കർ : ആർഡർ, ആർഡർ. ശ്രീ. രാജൻ മാസ്ററർ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എനിക്ക് സമയം തരണം. ഇപ്പോൾ പറയണം. മറന്നുപോയാൽപ്പിന്നെ ഒക്കുകയില്ല.

മി. സ്പീക്കർ : ശ്രീ. ആർ. ബാലകൃഷ്ണപിള്ള പേഴ്സണൽ എക്സ്പ്ലനേഷന് സമയം വേണമെന്ന് എഴുതിത്തന്നിട്ടുണ്ട്. അത് പരിശോധിച്ചു ചെയ്യാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : റൂളിൽ പറഞ്ഞിട്ടുള്ളതാണ്; എന്റെ അവകാശമാണ് സർ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സഹകരണം നല്കണം. എല്ലാവർക്കും അറിവുള്ളതാണ്. സഭയിൽ പരാമർശമുണ്ടായാൽ ബന്ധപ്പെട്ട അംഗത്തിന് പേഴ്സണൽ എക്സ്പ്ലനേഷനു സമയം കൊടുക്കുക സാധാരണമാണ്. ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള ചുരുക്കിപ്പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഞാനീ സഭയിൽ അംഗമായി വന്നിട്ട് ഇരുപത്തിരണ്ടുവർഷം കഴിഞ്ഞു. ഇത് എന്റെ ജീവിതത്തിലെ വളരെ പ്രത്യേകമായ ഒരു സന്ദർഭമാണ്. ഇടതുപക്ഷജനാധിപത്യമുന്നണിയിൽ നിന്ന് എന്റെ രാഷ്ട്രീയപ്രസ്ഥാനം ജനാധിപത്യമുന്നണിയിലേക്കു മാറി എന്ന ഒരൊററക്കാരണമേയുള്ളൂ സർ. അല്ലെങ്കിൽ ഞങ്ങൾ ഒരുമിച്ചിരുന്നു ഭരിച്ച കാലത്ത് ശ്രീമാൻ അനിരുദ്ധനും ഞാനും ഉണ്ടായിരുന്ന കാലത്ത് ഓഫീസിൽ ഇത് വരികയും കേരള ഇലക്ട്രിസിററി ബോർഡ് ഇത്

LIBRARY ARCHIVES Kerala Legislative Assembly

തിരുത്തുകയും തിരുത്തൽ ബ്ലിററ്സ് പ്രസിദ്ധീകരിക്കുകയും ചെയ്ത ശേഷവും, അദ്ദേഹവും ഞാനും അദ്ദേഹത്തിന്റെ പാർട്ടി പ്രതിനിധികളുമുൾപ്പെട്ട നിയമസഭയും മന്ത്രിസഭയും നമ്മുടെ രാജ്യത്തുണ്ടായിരുന്ന ആ കാലത്തൊന്നുംഎന്നെപ്പററി പറയാൻ തയ്യാറാകാത്ത ആരോപണങ്ങളുമായി നിയമവിരുദ്ധമായി ഇന്ന് ഈ നിയമസഭയിൽ രംഗപ്രവേശം ചെയ്തിരിക്കുന്നതെന്തിനാണ്; എനിക്ക് ഇക്കാര്യത്തിൽ ഒന്നേ പറയാനുള്ളൂ. ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിട്ടുള്ള മന്ത്രിസഭയുണ്ടായിരുന്നപ്പോൾ, ശ്രീ. എം. സി. ചെറിയാന്റെ നിയോജകമണ്ഡലമായ കക്കാട്ട്, അദ്ദേഹത്തിന്റെയുൾപ്പെടെ പരാതിവരാനിടയാക്കിക്കൊണ്ട്, ഒരു കൺട്രാക്ടർ കാണിച്ച വമ്പിച്ച അഴിമതിയുടെ—ഈ നിയമസഭയിലംഗമായ ശ്രീമാൻ ഉമ്മൻ മാത്യു ഈ നിയമസഭയിലുന്നയിച്ച-അഴിമതിയുടെ പേരിൽ ആ അഴിമതി തടഞ്ഞുനിർത്താൻവേണ്ടി കാൺട്രാക്ററ് അവസാനിപ്പിക്കുകയും ഗവൺമെൻറിലേക്ക് കിട്ടേണ്ട 50ലക്ഷംരൂപ ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ് സർ; അതിനെതിരായി എന്നെ സ്വാധീനിക്കാൻ ശ്രീ. അനിരുദ്ധൻ ശ്രമിച്ചു, ശ്രീ. ആര്യാടനും ശ്രീ. ഇ. കെ. നായനാരും സാക്ഷികളാണു സർ. അവർ രണ്ടും ഈ സഭയിലുണ്ട്. കല്പന ഗോപി എന്നു പറയുന്ന കൺട്രാക്ടർ ഗവൺമെൻറിന് കൊടുക്കാനുള്ള 50 ലക്ഷം രൂപ ആ കൺട്രാക്ടർക്ക് ഇളച്ചു കൊടുക്കണമെന്നും അദ്ദേഹത്തിന്റെ എം. എൻ. ഗോവിന്ദൻനായർ ഏറെറടുക്കാൻ തയ്യാറാകാത്ത ഒരു കാൺക്രീററ് പോൾ കാസ്ററിംഗ് യാർഡ് ഞാൻ ഏറെറടുക്കണമെന്നും എം. എം. ഹസ്സൻ ഉൾപ്പെടെയുള്ളവരെക്കൊണ്ട് ഒപ്പിടുവിച്ചു തരികയും എം. എം. ഹസ്സൻ പിന്നീട് അത് പിൻവലിക്കുകയും ചെയ്തു. ആ കൺട്രാക്ടറുടെ യാർഡ് ഉൾപ്പെടെ ഞാൻ ഏറെറടുക്കാൻ തയ്യാറാകാത്തതുകൊണ്ട് എനിക്കെതിരായി ശ്രീമാൻ അനിരുദ്ധൻ ആരംഭിച്ച പ്രചരണങ്ങളുടെ ഭാഗമാണ് സർ ഇത്. ഇത് ചീഫ് സെക്രട്ടറിയെക്കൊണ്ട് ഞങ്ങളുടെ മന്ത്രിസഭ അന്വേഷിപ്പിച്ചതാണ്. ഇന്നു ജീവിച്ചിരിക്കുന്ന ചീഫ് സെക്രട്ടറിയെക്കൊണ്ട്, ശ്രീ. ഇ. കെ. നായനാരുൾപ്പെടെയുള്ള ക്യാബിനററു മീററിങ്ങിൽ വെച്ച് ഞാൻ ഉത്തരവുകൊടുത്തതനുസരിച്ച് അന്വേഷിച്ചതും ഈ ആരോപണങ്ങൾ ശുദ്ധ അസംബന്ധമാണെന്നു തെളിഞ്ഞിട്ടുള്ളതും കേരള ഗവൺമെൻറിന്റെ ഫയലിലുള്ളതാണ് സർ. കേരള ഹൈക്കോടതിയിൽ പോയിട്ടും ഇത് സ്വീകരിക്കപ്പെടാതെ പോയതാണ്. ഇതിന്റെ പുറകിലുള്ള കഥകൾ എല്ലാവർക്കും അറിയാം. ഈ ഗ്യാലറികളിൽ ഇരിക്കുന്ന ആളുകൾക്കും പത്ര പ്രതിനിധികൾക്കും എല്ലാം അറിവുള്ളതാണ്. ഒന്നുകൂടി ഞാൻ പറയുകയാണ്. ഈ രാജ്യത്ത് കറ പുരളാത്ത ഒരു രാഷ്ട്രീയ ജീവിതത്തിന്റെ ഉടമയാണ് ഞാൻ എന്ന് എനിക്ക് ബോധ്യമുണ്ട്. കുറെ ദിവസങ്ങളായി ഇവിടത്തെ ചില ഭിത്തികളിൽ എഴുതി പററിച്ച കുറെ സാഹിത്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ എല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട അങ്ങുതന്നെ അത് പരിശോധിക്കണം. പഴയ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർതന്നെ അതൊന്നു പരിശോധിക്കട്ടെ. അദ്ദേഹം ഇന്ന് പ്രതിപക്ഷത്താണ്. ഈ കാര്യത്തിൽ ഞാൻ എന്തെങ്കിലും അഴിമതി കാട്ടിയെന്ന് ശ്രീ. ഇ. കെ. നായനാർ പറഞ്ഞാൽ എന്റെ പൊതു ജീവിതം അവസാനിപ്പിക്കാം. ഈ ഫയലുകൾ പരിശോധിച്ചിട്ട് ഈ കാര്യത്തിൽ അഴിമതി നടന്നിട്ടുണ്ട്. ഈ കാര്യത്തിൽ ഞാൻ ഇടപെട്ടിട്ടുണ്ടെന്ന് പറഞ്ഞാൽ എന്റെ പൊതുജീവിതം അവസാനിപ്പിക്കാൻ ഞാൻ തയ്യാറാണ്. മിസ്ററർ അനിരുദ്ധൻ കല്പനഗോപിയുടെ വീട്ടിൽ അന്തിയുറങ്ങുന്ന അനിരുദ്ധന് ഇത് പറയാൻ അവകാശമില്ല.

<u>ശ്രീ. എം. വി. രാഘവൻ :</u> സർ, പോയിൻറ് ഓഫ് ഓർഡർ. ഇവിടെ ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് വ്യക്തിപരമായ എക്സ്പ്ലനേഷന് അവസരം കൊടുത്തു. ആ അവസരം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞത് പ്രതിപക്ഷ നേതാവിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന്. ഈ നോട്ടീസിലെ ചാർജ് ആണോ അതോ കൽപ്പനഗോപിയുടെ പ്രശ്നം ആണോ അന്വേഷിക്കേണ്ടത്. ശ്രീ. ബാലകൃഷ്ണപിള്ളയെപ്പററി ശ്രീ. അനിരുദ്ധൻ വായിച്ച ആ ലീഫ്ലെററിൽ ഉള്ള ആരോപണങ്ങളെപ്പററി അന്വേഷണം നടത്താൻ ആരെയെങ്കിലും നിയമിക്കാനുള്ള ധൈര്യം ബാലകൃഷ്ണപിള്ളയ്ക്ക് ഉണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. കല്പനഗോപി ഉൾപ്പെടെ.

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, പോയിൻറ് ഓഫ് ഓർഡർ. ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് പേഴ്സണൽ എക്സ്പ്ലനേഷന് സമയം അനുവദിച്ചു. അനുവദിക്കുന്നത് ന്യായം തന്നെയാണ്. ആ വിശദീകരണത്തിനിടയ്ക്ക് മിസ്ററർ അനിരുദ്ധനെതിരായി ആരോപണം ഉന്നയിക്കുകയാണ് അദ്ദേഹം ചെയ്തത്. മെമ്പർ ഇവിടെ ഹാജരുണ്ടെങ്കിൽ ആ മെമ്പർക്ക് പേഴ്സണൽ എക്സ്പ്ലനേഷന് സമയം കൊടുക്കേണ്ടത് ആ മെമ്പർക്കുള്ള അവകാശമാണ്. അതുകൊണ്ട് അദ്ദേഹത്തിന് അനുവാദം കൊടുക്കേണ്ടതാണ്. ഇല്ലെങ്കിൽ അദ്ദേഹത്തിൻെറ പേരിലുള്ള ആരോപണം നിഷേധിക്കുകമാത്രമേ ചെയ്യാൻ പാടുണ്ടായിരുന്നുള്ളൂ. അദ്ദേഹം ആരോപണം ഇപ്പുറത്തയ്ക്കും വയ്ക്കുകയാണ് ചെയ്തത്. അതുകൊണ്ട് പേഴ്സണൽ എക്സ്പ്ലനേഷനുള്ള സൗകര്യം ശ്രീ. അനിരുദ്ധനും കൊടുക്കേണ്ടത് നിയമം മാത്രമാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, അങ്ങയുടെ റൂളിംഗിന് മുമ്പ് എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇവിടെ റൂൾ 288 അനുസരിച്ച് എന്തെങ്കിലും ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കാനുള്ള അവകാശം ചെയറിനുണ്ട്. പക്ഷേ അങ്ങനെ ഉന്നയിക്കപ്പെടുന്ന ആ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം പിന്നെ ഒരു ഡിബേററ് ഉണ്ടാകാറില്ല. ശ്രീ. ടി. കെ. ഇവിടെ ഉന്നയിച്ചിരിക്കുന്നത് അനുസരിച്ച് ഇതൊരു ഡിബേററിൻെറ രൂപത്തിൽ കൊണ്ടുവരണമെന്നാണ് അദ്ദേഹം പറയുന്നത്. ഇവിടെ ഒരു ഡിബേററിൻെറ ആവശ്യമില്ല. അദ്ദേഹത്തിന് അങ്ങു കൊടുത്തിരിക്കുന്ന സമയം ഉപയോഗിച്ചുകൊണ്ടു ഇവിടെ ഒരു വിശദീകരണം നടത്തിയിരിക്കുന്നു എന്നേ ഉള്ളൂ. അല്ലാതെ ഒരു ഡിബേററ് അനുവദിക്കുന്നത് റൂൾ 288 അനുസരിച്ച് ശരിയല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വിശദീകരണം മാത്രം ആയിരുന്നുവെങ്കിൽ കുഴപ്പമില്ല. ഇവിടെ വിശദീകരണം മാത്രമല്ല ശ്രീ. അനിരുദ്ധനെതിരായി ആരോപണവും ആക്ഷേപവും ഉന്നയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരു പ്രസംഗമാണ് അദ്ദേഹം നടത്തിയത്. അതുകൊണ്ട് ശ്രീ. അനിരുദ്ധന് കൂടി പേഴ്സണൽ എക്സ്പ്ലനേഷന് സൗകര്യം കൊടുക്കണം.

മി. സ്പീക്കർ: ശ്രീ. അനിരുദ്ധനെതിരായി ആരോപണം ഉണ്ടെങ്കിൽ അതിന് മറുപടി പറയാൻ അദ്ദേഹത്തിനുകൂടി അവസരം കൊടുക്കണം. ഒരു മിനിററുകൊണ്ട് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. കെ. അനിരുദ്ധൻ: സർ, എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ള അദ്ദേഹത്തോടുപോലും ഞാൻ സംസാരിച്ചില്ല. ശ്രീ. ഇ. കെ. നായനാരോടുപോലും സംസാരിച്ചില്ല എന്നു പറഞ്ഞു. ഞാൻ 15-7-1980-ൽ ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് ഒരു പേഴ്സണൽ കത്ത് എഴുതിയിട്ടുണ്ട്. ആ കത്തിൽ താങ്കൾ അത് ചെയ്യരുത്, ഇത് തെററാണ് എന്ന് ഞാൻ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സ്പെസിഫിക്കായ എന്തെങ്കിലും അലിഗേഷൻ ഉണ്ടെങ്കിൽ അതിന് മറുപടി പറയണം.

ശ്രീ. കെ. അനിരുദ്ധൻ : ആ കത്ത് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ഇതിനെക്കുറിച്ച് ആ ലഘുലേഖയിൽ പറയുന്ന ഒററ കാര്യവും അദ്ദേഹം നിഷേധിച്ചിട്ടില്ല: 20 ലക്ഷത്തിന്റെ അപഹരണമാണ് നടന്നത്. അതുകൊണ്ട് എന്നെക്കുറിച്ച് പറഞ്ഞിരിക്കുന്ന സർവ്വവിധമായ ആക്ഷേപങ്ങളും തെററാണ്. ഞാൻ നിഷേധിക്കുന്നു.

ശ്രീ. എം. വി. രാജൻ മാസ്ററർ : സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിരിക്കുന്ന നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നിയമസഭ കൂടി ബഹുമാനപ്പെട്ട എം. വി. രാഘവൻ നിയമസഭയിൽ സംസാരിച്ചു രണ്ടു ദിവസം കഴിയുന്നതിനു മുമ്പുതന്നെ എന്റെ നിയോജകമണ്ഡലമായ വടക്കേ വയനാട്ടിലും അതുപോലെ ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരിപ്പാടിന്റെ നിയോജകമണ്ഡലത്തിലും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ ആളുകൾ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകൻമാരേയും കോൺഗ്രസ് (ഐ) ക്കാരേയും തെരഞ്ഞുപിടിച്ച് ദാരുണമായി കൊലപ്പെടുത്തിയ സംഭവങ്ങൾ ഇന്നലെയും മിനിഞ്ഞാന്നുമായി നടന്നു. ഇവിടെ പ്രതിപക്ഷത്തുള്ള നേതാക്കൻമാർ അസംബ്ലിയിൽ പരസ്യമായി വെല്ലുവിളികളും കൊലവിളിയും നടത്തിക്കൊണ്ടുള്ള പ്രസംഗം തീരുന്നതിനുമുമ്പ് വയനാടുപോലുള്ള പ്രദേശത്ത് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ ആളുകൾ കൊല നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ കർശനമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെൻറ് മുമ്പോട്ടു വരണം. ഞാൻ മററുള്ള കക്ഷികളെപ്പററിയൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. കാരണം ഇന്ന് ശ്രീ. അനിരുദ്ധൻ പ്രസംഗത്തിന് എഴുന്നേററപ്പോൾതന്നെ പ്രതിപക്ഷത്ത് രണ്ട് ചേരിയുടെ അനുഭവമാണ് നമുക്ക് കാണാൻ സാധിച്ചത്. അനിരുദ്ധന്റെ പ്രസംഗത്തെ അനുകൂലിച്ചുകൊണ്ട് അല്ലെങ്കിൽ അതിന് പ്രോൽസാഹനം നൽകുന്ന തരത്തിൽ അങ്ങേപ്പുറത്തുള്ള സി. പി. ഐ., ആർ. എസ്. പി., മുസ്ലീംലീഗ് എന്നീ കക്ഷികളിൽനിന്നും ആരും ഒരക്ഷരവും മിണ്ടിയില്ല. ആ മുന്നണിക്കകത്ത് എന്തെല്ലാമോ നടക്കുന്നുണ്ട്. കാറെറാഴിഞ്ഞ ഫുഡ്ബാൾ കേയ്സ് പോലെ ശ്രീ. ബേബിജോൺ മുൻസീററിൽ ഇരിക്കുന്നതു കാണുമ്പോൾ സങ്കടം തോന്നുകയാണ്. അതുകൊണ്ട് കൂടുതൽ അദ്ദേഹത്തെ വേദനിപ്പിക്കാൻ ഞാൻ മുതിരുന്നില്ല. സി. പി. ഐ. ക്കാരുടെ ഇടയിൽ ആ മുന്നണിയിൽ നിൽക്കണമോ വേണ്ടയോ എന്നുള്ള ആലോചന നടന്നുകൊണ്ടിരിക്കുകയാണ്. സി. പി. എം. ലും ഉണ്ട്. ശ്രീ. സി. ബി. സി. വാര്യരും രാജഗോപാലനും അനിരുദ്ധനും എല്ലാം കമ്മ്യൂണിസ്ററു പാർട്ടിയുടെ അംഗങ്ങളായിട്ടാണോ പ്രസംഗിക്കുന്നത് ? എനിക്കറിഞ്ഞുകൂടാ. പലതും പറഞ്ഞു കേൾക്കുന്നുണ്ട്. അങ്ങനെയുള്ള ആളുകളെപ്പോലും പിടിച്ചിരുത്തി മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്കുവേണ്ടി സംസാരിക്കുന്നത് ജനങ്ങൾ കാണുന്നുണ്ട്. ഈ മൂന്നംഗങ്ങളും അതുപോലെതന്നെ ശ്രീ. വർക്കല രാധാകൃഷ്ണനും പറയണം, നിങ്ങൾ മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയുടെ അംഗങ്ങൾ ആണൊയെന്ന്. എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. നിങ്ങൾ അതിനുള്ള മറുപടി പറഞ്ഞില്ലെങ്കിൽ നിങ്ങളുടെ പാർട്ടി നേതാവെങ്കിലും പറയണം.

സി. പി. ഐ. യോട് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. അവർ ശ്രീ. ഗോപാലകൃഷ്ണൻ സംസാരിച്ചതുപോലെതന്നെ തെററ് തിരുത്തുന്ന പാർട്ടിയാണ്. ഇനി അടുത്ത കോൺഗ്രസ് കൂടുമ്പോൾ ഈ തെററ് തിരുത്തും. വാരാണസി സമ്മേളനത്തിൽ കേരളത്തിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയുമായി ചേർന്നുകൊണ്ട് ഭരിച്ചത് തെററായിപ്പോയി, അതിൽ മാപ്പ് ചോദിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവരും പിരിയുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെതന്നെ ആർ. എസ്. പി.യുടെ സ്ഥിതി എന്താണ്? ശ്രീ. കല്ലട നാരായണൻ ആദ്യം എടുത്ത നിലപാട് എന്തായിരുന്നു. ആർ. എസ്. പി. യിൽ നിന്നാൽ അദ്ദേഹത്തെ ഒരു ഹരിജൻ മന്ത്രി ആക്കുമെന്നുള്ള ധ്വനിയാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലുണ്ടായിരുന്നത്. അത് സാധ്യമല്ല. ആർ. എസ്. പി. യിൽ നിന്നാൽ അല്ലാതെ മന്ത്രിയൊന്നും ആവുകയില്ല. വേറെ വല്ല ആനുകൂല്യങ്ങളും കിട്ടിയെന്നു വരാം. അതിനെക്കുറിച്ച് അദ്ദേഹത്തിന് ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുകയാണ്.

അഖിലേന്ത്യാ മുസ്ലീംലീഗിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അവർ ഞങ്ങളുടെ സുഹൃത്തുക്കളാകാൻ പോവുകയാണ്. മാർക്സിസ്ററു പാർട്ടിയെ ഒററപ്പെടുത്താൻ അവർ ആലോചന തുടങ്ങിയിരിക്കുകയാണ്. ശ്രീ. സി ബി. സി. വാര്യരും ശ്രീ. അനിരുദ്ധനും ശ്രീ. രാജഗോപാലൻ മാസ്ററും എല്ലാം നേരത്തെ ഇവിടെ സംസാരിച്ചു.... ..... (ബഹളം)

ശ്രീ. വി. കെ. രാജൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ജനാധിപത്യമുന്നണി മന്ത്രിസഭയിലെ ഒരംഗമാണെന്ന് ബോധ്യപ്പെട്ട് അവിടെ നിന്നും പോന്ന് കൂടിയാലോചനകളിൽ പങ്കെടുക്കുകയും അങ്ങയെ മന്ത്രിയായി നിശ്ചയിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് വീട്ടിലേക്ക് കമ്പി അടിക്കുകയും മററും ചെയ്തതായി വാർത്തയുണ്ട്. അതുകൊണ്ട് അങ്ങേയ്ക്ക് മന്ത്രിയാകാത്തതിലുള്ള വിഷമമാണോ ഇത്?

ശ്രീ. പി. കെ. വേലായുധൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ആദിവാസികളെ സംരക്ഷിക്കുന്നില്ലെന്നു ആക്ഷേപം പ്രതിപക്ഷത്തുനിന്നും ഉന്നയിക്കുകയും ഈ നിയമസഭയിലെ ഏക ആദിവാസിയായ ശ്രീ. രാജൻമാസ്ററർ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നത് ഓർഡറിലാണോ?

ശ്രീ. എം. വി. രാജൻ മാസ്ററർ: സർ, ഇവിടെ ശ്രീ. എം. കെ. കൃഷ്ണൻ ഹരിജനക്ഷേമവകുപ്പു മന്ത്രിയായിരുന്ന സമയത്ത്.. ....ബഹളം ...

ശ്രീ. സി. ബി. സി. വാര്യർ: സർ, ശ്രീ. വി. കെ. രാജൻ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിൽ ശ്രീ. എം. വി. രാജൻമാസ്ററരെ മന്ത്രിയാക്കണമെന്നുള്ള സൂചനയുള്ളതുകൊണ്ട് ശ്രീ. പി. കെ. വേലായുധൻ മന്ത്രിയാകാൻ കഴിയുകയില്ലെന്നുള്ളതിന്റെ രോഷപ്രകടനം ഇവിടെ പ്രകടിപ്പിക്കുന്നത് ശരിയാണോ?

ശ്രീ. എം. വി. രാജൻ മാസ്ററർ: സർ, അപ്പുറത്തുനിന്നും ഹരിജനങ്ങളെക്കുറിച്ചും ആദിവാസികളെക്കുറിച്ചും വളരെയേറെ പ്രസംഗിച്ചുകേട്ടു. ശ്രീ. എം. കെ. കൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത് ചെയ്ത ഉപകാരങ്ങൾ നിങ്ങൾക്ക് കേൾക്കണമോ? ശ്രീ. ഈച്ചരൻ മന്ത്രിയായിരുന്ന സമയത്ത് ഹരിജനങ്ങൾക്കും ആദിവാസികൾക്കും സർവ്വീസിൽ കൂടുതൽ പ്രാതിനിധ്യം കിട്ടുന്നതിനുവേണ്ടി അതായത് നേഴ്സുമാരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ സെൻററുകളിലായി ഹരിജൻ കുട്ടികളെ എടുത്ത് പരിശീലനം കൊടുത്ത് ജോലി നൽകുന്ന ......

ശ്രീ. സി. കെ. തങ്കപ്പൻ: ഈ രാജ്യത്തിന്റെ ചരിത്രത്തിൽ നിരവധി ആളുകൾ ഹരിജൻ മന്ത്രിമാരായിട്ടുണ്ട്. മന്ത്രിയാകാത്ത ഒരാളെക്കുറിച്ച് മന്ത്രിയാണെന്ന് പറയുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുവാനുള്ള സ്വാതന്ത്ര്യം ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഉണ്ട്. അതനുസരിച്ച് ഇങ്ങനെ തുടരുന്നതിൽ പ്രയാസമാണ്.

ശ്രീ. എം. വി. രാജൻ മാസ്ററർ : സർ, ഞാൻ നേരത്തെ പറഞ്ഞ മൂന്നു കേന്ദ്രങ്ങളും ശ്രീ. എം. കെ. കൃഷ്ണൻ വന്നപ്പോഴം നിറുത്തൽ ചെയ്യുകയുണ്ടായി. വിദ്യാഭ്യാസമുള്ള ഹരിജൻ യുവതികഠംക്കും ആദിവാസി യുവതികഠംക്കും പരിശീലനം കൊടുക്കുന്ന സെൻററുകളായിരുന്നു അവ. അവ നിറുത്തലാക്കി അതിനെക്കുറിച്ച് അപ്പുറത്തുള്ള ഹരിജനങ്ങഠം മനസ്സിലാക്കണം. ഇതാണോ നിങ്ങഠംക്ക് ഹരിജനങ്ങളോടുള്ള സ്നേഹം. അതുപോലെ തന്നെ ഇടുക്കി ജില്ലയിലുള്ള ഒരു ആദിവാസിയെ അടിച്ചുകൊന്നു. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിൻെറ ഭരണകാലത്തായിരുന്നു. അതിനെക്കുറിച്ച് എന്തെങ്കിലും ഒരു അന്വേഷണം നടത്തിയോ ? ഇല്ല. ഞങ്ങഠം അതിനെക്കുറിച്ച് അന്വേഷിക്കുകയും അതിൻെറ തീരുമാനം ഇപ്പോഠം ഈ ഗവൺമെൻറിനെ അറിയിക്കുകയും മററും ചെയ്തിട്ടുണ്ട്. ഒരു നല്ല വാക്കുപോലും പറയാൻ അന്നത്തെ ഗവൺമെൻറ് തയ്യാറായിരുന്നില്ല.

അതുപോലെതന്നെ ആദിവാസികളുടെ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള ബില്ല് കൊണ്ടുവന്നു. അതിനെ എല്ലാ അംഗങ്ങളും കൈപൊക്കി പാസ്സാക്കി. വിപ്ലവ ഗവൺമെൻറ് എന്നു പറയുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് എന്തു ചെയ്തു ? അതിനെക്കുറിച്ച് ഒരക്ഷരം മിണ്ടിയോ ? അതുപോലെതന്നെ ആ ഗവൺമെൻറ് ഇവിടെ അധികാരത്തിലിരുന്ന സമയത്ത് എൻെറ നിയോജകമണ്ഡലത്തിലെ ഭഗവതി എസ്റേററ്റ് മാനേജ്മെൻറ് യാതൊരു നടപടിക്രമവും കൂടാതെ അടച്ചുപൂട്ടി. അതിനെക്കുറിച്ച് ഞാനിവിടെ സംസാരിച്ചപ്പോഠം അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരും അപ്പുറത്തുള്ള തൊഴിലാളി നേതാക്കൻമാരും ഒരക്ഷരം മിണ്ടിയില്ല. സംഭവം നടന്നിട്ട് ഏഴെട്ടു മാസക്കാലമായി. അതിനെക്കുറിച്ച് ഈ ഗവൺമെൻറ് ആലോചിക്കണം. നിങ്ങളുടെ കാലത്ത് ഒന്നും ചെയ്യാതെ ഇപ്പോഠം ഈ ഗവൺമെൻറിനെ വിമർശിക്കുകയല്ലേ ചെയ്യുന്നത്. ഈ ഗവൺമെൻറ് ആ കാര്യത്തെക്കുറിച്ച് അന്വേഷിക്കുമെന്നുള്ള ഉറപ്പ് എനിക്കുണ്ട്. മാനന്തവാടിയിൽ വെൺമണിയെന്ന സ്ഥലത്ത് എ. വി. മാത്യു എന്ന ചെറുപ്പക്കാരനെ മാർക്സിസ്ററു പാർട്ടിയുടെ ആളുകളും സി. ഐ. ടി. യു. ക്കാരും കൂടി ശ്രീ. എം. വി. രാഘവൻ പ്രസംഗിച്ചതിൻെറ പിറേറദിവസം ദാരുണമായി ആക്രമിച്ചു കൊല ചെയ്തു. സർ, അവിടെയുള്ള ആളുകഠംക്ക് ജീവിക്കുവാൻ ബുദ്ധിമുട്ടായിരിക്കുകയാണ്. ഇതിൻെറ പേരിൽ ശക്തമായ നടപടി എടുക്കണമെന്നപേക്ഷിച്ചുകൊണ്ടും ഒരിക്കൽകൂടി ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ടും എൻെറ വാക്കുകഠം അവസാനിപ്പിക്കുന്നു.

ஸ்ரீ. ஜி. வரதன் : சர், நம்முடைய மாநில ஆளுநர் ஸ்ரீமதி ஜோதிவெங்கிடசெல்லம் அவர்கள் ஆற்றிய உரையை நான் எதிர்க்கிறேன். நம்முடைய மாநிலத்தில் சாதாரணமாக ஆளுநர் ஆற்றுகிற உரையில் முழுவதையும் பூர்த்திசெய்ய வேண்டுமென்று இந்திய அரசியல் சட்டத்தில் உள்ளது. ஆனால் நமது மதிப்பிற்குரிய ஆளுநர் அவர்கள் ஒன்றோ இரண்டோ பக்கங்களை மட்டும் வாசித்துவிட்டு அதை அறைகுறையாக நிறுத்திவிட்டார்கள். ஆனால் எனக்கு முன்பு பேசிய அப்புறம் இருக்கக்கூடிய நண்பர்கள் இந்த சர்க்காரை பொறுத்தவரையில் அதிகமாக அவர்கள் வாழ்த்தினார்கள். எனது மதிப்பிற்குரிய அப்புறம் இருக்கக்கூடிய ஹரிஜன உறுப்பினர்களோடு நான் ஒரு கேள்வி கேட்கிறேன் அவர்கள் அதற்கு பதில் கூற தயாராக இருப்பார்கள் என்று நான் கருதவில்லை. நம்முடைய மாநிலத்தில் ஹரிஜனநலத்திற்காக வேண்டி ஒரு அமைச்சரைக்

LIBRARY ARCHIVES Kerala Legislative Assembly

கொண்டுவரக்கூடிய நிலைமை நம்முடைய கேரளத்தில் இல்லாததற்கு நான் மிகவும் வருத்தப்படுகிறேன். அந்தப் பக்கத்தில் இருக்கக்கூடிய பல ஹரிஜன உறுப்பினர்களும் நான் அமைச்சர் ஆகப்போகிறேன் என்று பல இடங்களில் கூறினாலும் அதன் பலத்தை அவர்களுக்கு அனுபவிக்க முடியவில்லை. அதாவது சர்க்காருடைய காரியம், அதைப்பற்றி நான் கூறவேண்டிய தேவையில்லை. நம்முடைய இந்த சர்க்கார் ஆட்சிபீடத்தை ஏற்ற பின்னர் ஹரிஜனங்களுக்கு அதிகமான கஷ்டங்களும் துன்பங்களும் ஏற்பட்டுக்கொண்டிருக்கிறது. அதை யாரும் மறுக்கமுடியாது. நம்முடைய திருவனந்தபுரத்திற்கு பக்கத்தில் இருக்கக்கூடிய பல இடங்களிலும் பல ஹரிஜனங்களுடைய வீடுகளை மற்று ஜாதியினர் தீ வைத்து நாசப்படுத்தினார்கள். இதைப்பற்றி அப்புறம் இருக்கக்கூடிய ஹரிஜன உறுப்பினர்கள் சர்க்காரின் கவனத்திற்குக் கொண்டுவர தயார் இல்லை. ராஜன் மாஸ்டர் அவர்கள் பேசும்போது இடுக்கி ஜில்லாவில் ஒரு ஆதிவாசியை வெட்டிக்கொன்றார்கள் என்று கூறினார். ஆனால் அவர் இருக்கக்கூடிய வயநாடு ஜில்லாவில் 5 ஹரிஜன குடும்பங்களை வெடி வைத்தும், வெட்டியும், குத்தியும் கொன்றார்கள். அவர்களை வெட்டிக் கொன்றது மட்டுமல்ல அவர்கள் நடந்து செக்கரட்டேரியட்டுக்கு வந்திருந்தார்கள். அதைப்பற்றி ஒரு வார்த்தைக்கூட பேசுவதற்கு ராஜன் மாஸ்டர் அவர்களுக்கு நாக்கு வரவில்லை. ஆனாலும் தன்னுடைய சர்க்கார் தன்னுடைய சமுதாயத்தைச் சேர்ந்தவர்களை வெட்டி கொலை செய்வதைப் பற்றி பேச வாய் வராத ராஜன் இந்த சர்க்காரைப் பற்றி புகழ்ந்து பேசுவதில் என்ன பலம். ஆளும் கட்சியில் ஒவ்வொருவரும் அமைச்சர் பதவிக்காக வேண்டி அடி, பிடி, வெட்டு, குத்து போட்டுக்கொண்டிருக்கிறார்கள். குரங்கிற்கு சோறு போட்டது போல் அங்கே பிடிவலி நடக்கிறது. அரசியல் அபிப்பிராய வித்தியாசம் இருப்பது சகஜம். எந்த கட்சிக்கும் அபிப்பிராயம் இல்லாமல் இருக்கமுடியாது. ராஜனைப் போன்றவர்கள் இன்று மந்திரி ஆகலாம், நாளை மந்திரி ஆகலாம் என்று ஏங்கி ஏங்கி செத்துக் கொண்டிருக்கிறார்கள். நீங்கள் அரசியலுக்கு லாயக்கில்லை. நம்முடைய மதிப்பிற்குரிய வேலாயுதன் அவர்களும் ஹரிஜனங்களுக்காக வேண்டி ஆவேசத்துடன் பேசினார். ஹரிஜனங்களுடைய காரியத்தைப்பற்றி நீங்கள் நன்றாக சிந்தித்துப் பார்க்க வேண்டும். இப்புறம் இருக்கக்கூடியவர்கள் ஆளும் கட்சியில் இருந்த காலகட்டத்தில் அந்த சர்க்கார் ஹரிஜனங்களுக்கு நீதி வழங்கவில்லை என்று கடுமையாக எதிர்த்தீர்கள். ஆனால் இந்த சர்க்கார் வந்தபிறகு நூற்றுக்கணக்கான ஹரிஜனங்களுடையவும் கிரிஜனங்களுடையவும் வீடுகளையும் தீ வைத்து நாசமாக்கப்பட்டதைப் பற்றி அப்புறத்தில் இருக்கக்கூடியவர்கள் ஒரு வார்த்தைகள் கூட பேசவில்லை. இந்த நிலைமை கேரளத்தில் நீடிக்குமானால் ஹரிஜனங்களுக்கு பாதுகாப்பு கிடைக்காது. காரணம் ஹரிஜனங்களுக்கு எம். எல். ஏ. கிடையாது. மந்திரி கிடையாது. இந்த நிலைமை மிகவும் வருந்தத்தக்கது.

இடுக்கி ஜில்லாவைப் பொறுத்தவரையில் இங்கு ஏலத் தோட்டங்களும் தேயிலைத் தோட்டங்களும் அதிகம். அந்தத் தோட்டங்களில் வேலை செய்யக் கூடிய தொழிலாளிகள் அனைவரும் ஸி. ஐ. டி. யு. வைச் சேர்ந்தவர்கள். அவர்கள் ஓட்டுபோட்டு வெற்றி பெற்று வந்த தோமஸ் ஜோஸப் அவர்கள் அவர்களை குண்டர்கள் என்று பேசுவதை கேட்கும்போது மிகவும் வருத்தமாக இருக்கிறது. ஆனால் அந்தத் தொழிலாளிகள் வாங்கித்தந்த அந்தப் பதவி, அதை எந்தக் கட்சியைச் சேர்ந்தவர்களாக இருந்தாலும் மறக்கக் கூடாது. ஸி. ஐ. டி. யு. குண்டர்கள் இடுக்கி ஜில்லாவில் அக்கிரமம் நடத்திக் கொண்டிருக்கிறார்கள் என்று அவர்கள் கூறினார்கள். வேறு யார் சொன்னாலும் வருத்தம் இல்லை. ஆனால் அவர்களுடைய ஓட்டைப் பெற்று வெற்றிபெற்று வந்த தோமஸ் அவர்கள் பேசுவது சரியல்ல. எனவே தோமஸ் ஜோஸப் அவர்களுக்கு ஸி. ஐ.

LIBRARY ARCHIVES Kerala Legislative Assembly

டி. யு. வை குண்டர்கள் என்று சொல்லிக்கொண்டு அங்கே போகமுடியாது சார். மேலும் இந்திராக் காங்கிரசைச் சேர்ந்தவர்கள் அங்குள்ள பாவப்பட்ட ஏழைகளை அடிக்கவும் வீடுகளை நாசப்படுத்தவும் செய்கிறார்கள். அதுபோல் உடும்பஞ்சோலை தாலூக்கிலுள்ள ஸி. ஐ. டி. யு. தொழிலாளிகளுடைய வீடுகளை கொள்ளை அடிக்கிறார்கள். போலீஸ் கேஸ் எடுத்துக்கொண்டிருக்கிறது. அதைப் பற்றி தோமஸ் அவர்கள் ஒன்றும் பேச விரும்பவில்லை. இந்த நிலைமையில் அங்குள்ள தொழிலாளிகளும் மற்றுள்ளவர்களும் ஒரு புரட்சிகரமான கிளர்ச்சியை ஏற்படுத்தக்கொண்டிருக்கிறார்கள். ஆனால் நான் ஒன்று கூற விரும்புகிறேன். அரசியலில் மாற்றம் ஏற்படலாம், அது சகஜம். ஆனால் அந்த பாவப்பட்ட ஸி. ஐ. டி. யு. தொழிலாளர்களை துன்புறுத்துவது நியாயமல்ல.

ஸ்ரீ. எம். எம். ஹஸன் : அந்த ஸி. ஐ. டி. யு. தொழிலாளர்கள் எல்லாம் உத்தமர்கள் என்று நீங்கள் நினைக்கிறீர்கள்?

ஸ்ரீ. ஜி. வரதன் : ஆமாம். அவர்கள் எல்லோரும் நல்லவர்கள் தான். சார், தமிழ் பத்திரிகையான தினத்தந்தியில் ஒரு வார்த்தை வந்துள்ளது. அதாவது ஆளும் கட்சி 71, எதிர்கட்சி 70. அப்படியானால் ஸ்பீக்கர் உட்பட ஆளும் கட்சியில் 71 உறுப்பினர்கள். இது என்ன நியாயம் சார். இதைப் பற்றிக் கேட்டால் எங்களுக்கு பேச நேரமில்லை என்று சொல்கிறார்கள். இது மெஜாரிட்டி இல்லாமல் கள்ளத்தனமான வந்த அரசியல் என்ற காரணத்தால் தான் கவர்னருடைய இந்த சொற்பொழிவை நான் எதிர்க்கிறேன். இது மெஜாரிட்டி கிடைத்த சர்க்கார் அல்ல. மைனாரிட்டி சர்க்கார். பொதுஜனங்களுக்குக் கொடுத்த வாக்குறுதியைக் காப்பாற்றாமல் கள்ளத்தனமாக புறம் வாசல் வழியாக ஆட்சிக்கு வந்த சர்க்கார் ஆகையால் இந்த மைனாரிட்டி சர்க்கார் ராஜினாமா செய்ய வேண்டுமென்று நான் கூறுகிறேன். இதைக் கேட்கும்பொழுது அப்புறத்தில் இருக்கக்கூடிய உறுப்பினர்கள் சிரித்துக்கொண்டிருக்கிறார்கள். ஸி. ஐ. டி. யு. தொழிலாளர்கள் என்றால் உழைக்கின்ற வர்கம். உங்களைப்போல் ஏமாற்றக்கூடியவர்கள் அல்ல. அந்த தொழிலாளி வர்க்கத்தை யார் எதிர்த்தாலும் அழித்து விடமுடியாது. உலக சரித்திரத்திலேயே இடம் பெற்றவர்கள் அந்த தொழிலாளிகள். அந்த உண்மையை நீங்கள் புரிந்து கொள்ள வேண்டும்.

என்னுடைய தொகுதியில் இடுக்கி ஜில்லாவைப் பொறுத்த வரையில் இந்த சர்க்கார் ஆட்சிக்கு வந்தபின்னர் அங்குள்ள ஜனங்கள் சாப்பிடுவதற்கு நல்ல அரிசி கொடுப்பதில்லை. மிகவும் மட்ட ரகமான அரிசியை விநியோகம் செய்கிறார்கள். மனிதனால் சாப்பிட முடியாத அரிசி. அந்த பாவப்பட்ட தோட்டத் தொழிலாளிக்கு நல்ல அரிசி கொடுக்க இந்த சர்க்கார் தயார் இல்லை. அது மட்டுமல்லாமல் விலைவாசியும் அதிகமாக இருக்கிறது. ஆளும் கட்சி சொல்கிறது இது பாவப்பட்ட ஏழை விவசாயிகளுடைய சர்க்கார் என்று ஆனால் இது பணம்படைத்த முதலாளிகளுடைய சர்க்கார் என்று நான் கூறுகிறேன். எனவே இந்த சர்க்காரை ஸி. ஐ. டி. யு. தொழிலாளிகளும், ஏழை விவசாயிகளும் எதிர்த்து நிற்க வேண்டியது அவர்களுடைய தலையான கடமை. அவர்கள் அவர்களுடைய கடமையிலிருந்து விலக மாட்டார்கள். ஸி. ஐ. டி. யு. என்றால் இங்கு பல உறுப்பினர்களுக்கு மிகவும் பயம். காரணம் அவர்கள் உழைக்கின்ற சுமட்டு தொழிலாளிகள் அதுமட்டுமல்லாமல் தேயிலைத் தோட்டங்களில் வேலை செய்பவர்கள், ஏலத் தோட்டங்களில் வேலை செய்பவர்கள் இந்த நாட்டிலுள்ள எல்லாக் கஷ்டங்களையும் அனுபவிக்கக் கூடியவர்கள். ஆகையால் அரசியலின் மாற்றத்தைப் பார்க்காமல் அவர்களுக்கு வேண்டிய உதவியைச் செய்ய சர்க்கார் முன் வரவேண்டும். ஆனால் இந்த சர்க்காரினுடைய நிலைமை இப்படிப்போனால்

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

இங்கு பாவப்பட்டவனுடைய நிலைமை அதிக கஷ்டத்திற்குள்ளாகும். ஆகையால்தான் நம்முடைய சர்க்கார் ராஜி வைக்க வேண்டுமென்று நான் கூறுகிறேன். இந்திய அரசியல் சட்டத்தில் கூறியுள்ளபடி மெஜாரிட்டி இருந்தால்தான் ஆட்சி புரிய முடியும். ஆனால் இங்கு மெஜாரிட்டி கிடையாது. அதைச் சொல்லும்பொழுது ஆளும் கட்சியினருக்கு கோபம் வருகிறது.

அடுத்தபடியாக நம் நாட்டு மக்களுக்கு அதிக துன்பங்களைத் தருவது போலீஸ்காரர்கள். மதிப்பிற்குரிய உம்மன்சாண்டி இங்கே போலீஸ் அமைச்சராக பதவி ஏற்ற பின்னர் என்னுடைய மண்டலத்தில் பல வீடுகள் கொள்ளை அடிக்கப்பட்டிருக்கிறது. மூணார் பஞ்சாயத்தில் ஒரு ஏழை பெண்ணை எட்டு பத்து கொள்ளைக்காரர்கள் சேர்ந்து அந்த பெண்ணுடைய வாயைக் கெட்டிக் கொண்டு அந்த வீட்டை கோள்ளை அடித்திருக்கிறார்கள். அவர்கள் மீது என்ன நடவடிக்கை எடுக்கப்பட்டுள்ளது. மூணார் டவுணில் பல கடைகள் கொள்ளை அடிக்கப்பட்டிருக்கிறது. அவர்களை போலீஸ் என்ன செய்தார்கள். கடந்த காலத்தில் எனது மதிப்பிற்குரிய உறுப்பினர் ஜோஸ் குற்றியானி அவர்கள் இடுக்கி ஜில்லாவில் மூகமூடிகள் அதிகம் என்று கூறினார். இப்பொழுது இடுக்கி ஜில்லாவில் மூகமூடிகள் அல்ல பட்டாப்பகல் வீடுகளை கொள்ளை அடிக்கிறார்கள். கழிந்த 19-ாம் தியதி நடந்த போராட்டத்தில் எனக்கு தொழிலாளிகளுடைய பிரச்சினைக்கு வேண்டி மைக்கில் பேசுவதற்குக்கூட உரிமை கிடைக்கவில்லை. திருமதி இந்திரா காந்தி பாதுகாப்பு சட்டம் கொண்டு வந்த காலகட்டத்தில் கூட மைக்கில் பேசியவன் நான். இதுதான் உம்மன்சாண்டி அவர்களின் போலீஸ் நயம். அந்தப் போலீஸ்காரர்கள் பாவபட்டவனை அவமரியாதையாக பேசுகிறார்கள்.

ശ്രീ. ജോസ് കുററിയാനി: കുമിളിയിലെ ഡി. വൈ. എഫ്. ഐ. കാരനായ രാമകൃഷ്ണൻ സ്കൂളിൽ പഠിക്കുന്ന 17 വയസ്സായ പെൺകുട്ടിയെ മുഖംമൂടിധരിച്ച് ബലാൽസംഗം ചെയ്യാൻ ശ്രമിച്ചതും പോലീസ് അറസ്ററ് ചെയ്തതും ജാമ്യത്തിൽ ഇറക്കികൊണ്ടുപോയതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ஸ்ரீ. ஜி. வரதன்: போலீஸ் அங்குள்ள தமிழ் மக்களை மரியாதைக் குறைவாக பேசுகிறார்கள். இந்த அரசு ஆட்சிக்கு வந்த பின்ன பாண்டிக்காரர்கள் என்ற முறையில் தமிழன்-மலையாளி என்ற முறையில் வேற்று மனப்பான்மையோடு பெருமாறுகிறார்கள். மேலும் இந்த போலீஸ்காரர்கள் கைக்கூலி வாங்கிக் கொண்டு செல்கிறார்கள். உம்மன்சாண்டி அவர்களுக்கும் இது தெரியும் ஆனால் அவருக்கு ஒன்றும் பேசமுடியாது. அவர்கள் எதிர்த்துப் பேசினாலும் அந்த போலீஸ்காரர்கள் வகைவைக்க மாட்டார்கள். மதிப்பிற்குரிய முதன் மந்திரி கருணாகரன் சொன்னால் அவர்கள் வகைவைப்பார்கள். ஆகையால் இந்த சர்க்கார் ராஜி வைக்க வேண்டுமென்று கூறுவதோடு மதிப்பிற்குரிய ஆளுநர் அவர்கள் ஆற்றிய உரையை ஒரு முறைகூட கடுமையாக எதிர்த்துக்கொண்டு எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. കെ. മുഹമ്മദാലി: സർ, ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗം ഈ സംസ്ഥാനത്തിന്റെ സർവ്വതോമുഖമായ പുരോഗതിയെ മുന്നിൽ കണ്ടുകൊണ്ടുള്ള രൂപരേഖയാണ്. അപ്പുറത്തിരിക്കുന്ന സുഹൃത്തുകളെ സംബന്ധിച്ചിടത്തോളം പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളോട് വിയോജിപ്പ് ഉണ്ടാകുമെന്ന് തോന്നുന്നില്ല. അപ്പുറത്തിരിക്കുന്നതുകൊണ്ടുമാത്രം വിയോജിപ്പ് പ്രകടിപ്പിക്കാൻ ശ്രമിക്കുന്നു എന്നു മാത്രമേ ഞാൻ മനസിലാക്കുന്നുള്ളൂ. ഈ നന്ദിപ്രമേയ ചർച്ചയിൽ ഈ നിയമസഭയിൽ, ഈ സംസ്ഥാനത്തെ ജനങ്ങളെ

സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാനും സംസാരിക്കാനും തയ്യാറാകാതെ പോയത് നിർഭാഗ്യകരമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന ഈ ഗവൺമെന്റിന്റെ ഭൂരിപക്ഷം തർക്കവിഷയമാക്കാനുള്ള തികച്ചും അനഭിലഷണീയമായ പ്രവണത സഭയിൽ ഉയർന്നു വരുന്നത് നിർഭാഗ്യകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി തകർന്നതിനുശേഷം, നായനാർ ഗവൺമെന്റ് രാജിവച്ചുകഴിഞ്ഞതിനുശേഷം, ഈ സംസ്ഥാനത്ത് തകർന്നുപോയ നിയമവാഴ്ച പുന:സ്ഥാപിക്കാനുള്ള പരിശ്രമത്തിലാണ് ഈ ഗവൺമെന്റ് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറെ നാളത്തെ പ്രവർത്തനംകൊണ്ട് നിയമവാഴ്ച പുന:സ്ഥാപിക്കുവാൻ കഴിഞ്ഞുവെന്നുള്ളത് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ അംഗീകരിക്കാൻ ഇനിയെങ്കിലും തയ്യാറാകുമെന്ന് ഞാൻ ന്യായമായും പ്രതീക്ഷിക്കുകയാണ്. നിയമവാഴ്ച നിലനിറുത്തുന്ന കാര്യത്തിൽ, പുന:സ്ഥാപിക്കുന്നകാര്യത്തിൽ മുഖം നോക്കാതെ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ പ്രസ്താവന ആശ്വാസത്തോടുകൂടിയാണ് ഈ സംസ്ഥാനത്തിലെ ജനങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

ജനാധിപത്യത്തെക്കുറിച്ചും ജനാധിപത്യത്തിലെ മഹനീയമായ കീഴ്വഴക്കങ്ങളെക്കുറിച്ചുമൊക്കെയാണ് ഇന്ന് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്നത്. ധാർമ്മികമായും, രാഷ്ട്രീയമായും ജനാധിപത്യത്തെക്കുറിച്ചും ജനാധിപത്യത്തിലെ കീഴ്വഴക്കങ്ങളെക്കുറിച്ചും പറയാനുള്ള ആ ഭാഗത്തുള്ളവരുടെ അർഹതയെ ഞാൻ ചോദ്യം ചെയ്യുന്നു. ഇവിടെ പലരും ഇതെല്ലാം ആവർത്തിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല 1969-ൽ ശ്രീ. അച്ചുതമേനോന്റെ ഗവൺമെന്റ് എങ്ങനെ ഉണ്ടായിയെന്ന് നമുക്കറിയാം അതിനുശേഷം 1970-ൽ ആ മുന്നണി തെരഞ്ഞെടുപ്പിൽ മൽസരിക്കുകയും വിജയിക്കുകയും ചെയ്തു. അതിനുശേഷം അഞ്ചുകൊല്ലത്തെ കാലാവധി ഉണ്ടായിരുന്ന നിയമസഭ അടിയന്തരാവസ്ഥയുടെ പ്രത്യേകമായ ആനുകൂല്യം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒന്നരകൊല്ലക്കാലം കൂടുതൽ നീട്ടുകയും അച്ചുതമേനോന്റെ നേതൃത്വത്തിൽ സി. പി. ഐ ക്കാരുടെയും ആർ.എസ്. പി. ക്കാരുടെയും പങ്കാളിത്തത്തോടുകൂടി ഇവിടെ ഭരിക്കുകയും ചെയ്തപ്പോൾ ഇവരുടെയെല്ലാം ജനാധിപത്യത്തിലെ പാരമ്പര്യം എവിടെപ്പോയി എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പുതിയ സുഹൃത്തുക്കളെവരെ ആ നിയമവിരുദ്ധമായ നടപടിയിൽ പ്രതിഷേധിച്ച് നിയമസഭാസാമാജികത്വം രാജിവെക്കാൻ തയ്യാറായില്ല എന്നുള്ളത് നമുക്കാർക്കും വിസ്മരിക്കാൻ സാദ്ധ്യമല്ല. ഈ സഭയിലിരിക്കുന്ന സുഹൃത്തുക്കളെസംബന്ധിച്ചിടത്തോളം അവരത് മറച്ച് വെയ്ക്കാൻ ശ്രമിച്ചാലും കേരളത്തിലെ പൊതുജനങ്ങൾക്ക് അത് വിസ്മരിക്കാൻ സാധിക്കുകയില്ല.

ഈ സംസ്ഥാനത്തെസംബന്ധിച്ചിടത്തോളം രാഷ്ട്രീയരംഗത്ത് സ്ഥിരതയില്ലാത്തതുകൊണ്ടാണ് പുരോഗതിക്ക് പലപ്പോഴും തടസമുണ്ടായിക്കൊണ്ടിരിക്കുന്നത്. ആ സ്ഥിരത ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളാണ് നമുക്ക് ആരായേണ്ടത്. 1957-ലും, 67-ലും 80-ലും ഈ സംസ്ഥാനത്ത്, അധികാരത്തിൽ മുഖ്യപങ്കാളിത്തംവഹിക്കാൻ കഴിഞ്ഞിട്ടുള്ള കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി, അവരുടെ ഭരണകാലത്ത് പുരോഗമനപരമായ നടപടികൾ കൈക്കൊള്ളാൻ അവസരമുണ്ടായിട്ടും അത്തരം നടപടികൾ സ്വീകരിക്കാതിരുന്നത് ആരുടെ കുറ്റം കൊണ്ടാണ്? 1957-ലും 67-ലും 80-ലും അതിനുള്ള സാഹചര്യമുണ്ടായിട്ടും, അതിനുള്ള സൗകര്യമുണ്ടായിട്ടും എന്തുകൊണ്ട് ചെയ്തില്ല? ആ കാലഘട്ടത്തിൽ ഈ നാട്ടിലെ പിന്നോക്കവിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സ്ഥായിയായ

LIBRARY ARCHIVES Kerala Legislative Assembly

മാററമുണ്ടാക്കാൻ കഴിയുന്ന ഒരു നിയമനിർമ്മാണനടപടിയ്ക്ക് നേതൃത്വം കൊടുക്കാൻ തയ്യാറാകാതെ അധികാരക്കസേരയിൽ കയറിയിരിക്കാൻവേണ്ടി, അതിൽ പിടിച്ചുനിൽക്കാൻവേണ്ടിമാത്രം വിട്ടുവീഴ്ചചെയ്യാൻ തയ്യാറായിക്കൊണ്ട് മുന്നോട്ടുപോയിട്ടുള്ള ആ കഴിഞ്ഞകാലചരിത്രം ആരും വിസ്മരിക്കരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് വിസ്മരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇന്ന് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം ഇന്ത്യാരാജ്യത്തെ മറെറല്ലാ സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്ഥമായ ചില പ്രത്യേകതകളുണ്ട്. ഈ സഭയിൽ അംഗങ്ങളായിട്ടുള്ള എല്ലാ കക്ഷികളും ഒരവസരത്തിൽ അല്ലെങ്കിൽ മറെറാരവസരത്തിൽ ഭരണത്തിൽ വരാൻ കഴിഞ്ഞിട്ടുള്ള പാർട്ടികളാണ്. അപ്പോൾ ആർക്കും ഒന്നും ഒഴിഞ്ഞുമാറി സംസാരിക്കാൻ സാധിക്കുകയില്ല. അവസരമുണ്ടായിട്ടുള്ള സന്ദർഭങ്ങളിൽ, ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനുള്ള സാഹചര്യമുണ്ടായിട്ടുള്ള സന്ദർഭങ്ങളിൽ ആ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ അതിൽ നിന്ന് വഴുതിമാറി, അധികാരക്കസേരയിൽ ഇരിക്കാൻവേണ്ടിമാത്രം വീട്ടുവീഴ്ചചെയ്തുകൊണ്ട് മുന്നോട്ടുപോയ ചരിത്രം, പഴയകാലപാരമ്പര്യം വിസ്മരിച്ചുകൊണ്ട് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ സംസാരിക്കരുതെന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ, അവരുടെ മുന്നണിയിലെ അവശേഷിക്കുന്ന ഘടകകക്ഷികളോടുള്ള ഇന്നത്തെ സമീപനത്തിൽ ഞങ്ങൾ അങ്ങേയററം സന്തോഷിക്കുകയാണ്. വളരെ നന്നായിട്ടാണ് അവർ പെരുമാറുന്നത്. മുന്നണിയുടെ സ്പിരിററ് പൂർണ്ണമായും ഉൾക്കൊണ്ടിരിക്കുകയാണ്.

ഞങ്ങളുടെ ചില സുഹൃത്തക്കുളുണ്ട്. അവരുടെ യോഗം സംഘടിപ്പിക്കാൻ മാർക്സിസ്ററ് പാർട്ടി ശ്രമിക്കുന്നു. അവർക്ക് മൈക്ക് ഉണ്ടാക്കികൊടുക്കുന്നു. അവർക്ക് സ്റേറജ് കെട്ടികൊടുക്കുന്നു, അവർക്ക് ആളുകളെ സംഘടിപ്പിച്ചുകൊടുക്കുന്നു, അവർക്കുവേണ്ടി പ്രചരണം നടത്തുന്നു. പ്രാസംഗികൻമാരെ ഒഴിച്ച് എല്ലാ കാര്യങ്ങളും സ്വന്തം ഘടകകക്ഷികൾക്ക് മാർക്സിസ്ററ് പാർട്ടി ഉണ്ടാക്കികൊടുക്കുന്നു.

ശ്രീ. എം. വി. രാഘവൻ:—മുഹമ്മദാലിയുടെ പാർട്ടിക്ക് ഇന്ദിരാ കോൺഗ്രസുകാരല്ലേ സിന്ദാബാദ് വിളിക്കുന്നത്?

ശ്രീ. കെ. മുഹമ്മദാലി:—എന്നെ ഉപദ്രവിക്കരുതേ? എനിക്ക് മാർക്സിസ്ററ് പാർട്ടി സുഹൃത്തുക്കളോട് പറയുവാനുള്ളത്, മുന്നണി രാഷ്ട്രീയത്തിൻെറ സ്പിരിററ് ഉൾക്കൊണ്ടുകൊണ്ട് ഇന്ന് നിങ്ങളുടെകൂടെ നിൽക്കുന്ന ഘടകകക്ഷികളെയെങ്കിലും കൂടെ നിറുത്താനുള്ള പരിശ്രമം നാളെയും തുടരണമെന്നാണ്.

എനിക്ക് മറെറാരുകാര്യം പറയുവാനുള്ളത്, ഇന്ന് ആലുവ, തൃശ്ശൂർ മേഖലകളിലെ ടെക്സ്ററയിൽ മിൽ തൊഴിലാളികൾ നാലഞ്ചുമാസമായി കമ്പനികൾ പൂട്ടിയിട്ടിരിക്കുന്നതുമൂലം പൂർണ്ണമായും പട്ടിണിയിലാണ്. ഇതൊരു ഒററപ്പെട്ട സംഭവമാണെങ്കിൽ പോലും എനിക്കു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോടും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പറയുവാനുള്ളത്, അടിയന്തിരമായി ഇടപെട്ടുകൊണ്ട് അയ്യായിരത്തോളം വരുന്ന ടെക്സ്ററയിൽ മിൽ തൊഴിലാളി കുടുംബങ്ങളെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. അവർ ഇന്ന് പരിപൂർണ്ണമായും പട്ടിണിയിലാണ്. ആ കമ്പനികൾ തുടർന്ന് പ്രവർത്തിപ്പിക്കാൻ മാനേജ്മെൻറിൽ സമ്മർദ്ദം ചെലുത്തുകയും അതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട്, ഒരിക്കൽകൂടി ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജെ. ചിത്തരഞ്ജൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. ഈ ഗവൺമെൻറ് രൂപീകരിച്ച ഘട്ടത്തിലോ അല്ലെങ്കിൽ ഇന്നു തന്നെയോ ഈ സഭയുടെ ഭൂരിപക്ഷത്തിൻെറ പിൻതുണ അവകാശപ്പെടാൻ കഴിയാത്ത ഒരു ഗവൺമെൻറ് ആണെന്ന് ഈ സഭയുടെ ചർച്ചകളിൽ വളരെ വ്യക്തമായി തെളിഞ്ഞു കഴിഞ്ഞ ഒരു കാര്യമാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അതിൻെറ രൂപീകരണത്തിലേക്കു നയിച്ച രാഷ്ട്രീയമായ സംഭവഗതികളിൽ ഏററവും വഞ്ചനാപരമായ നിലയിൽ പെരുമാറിയ ഒരു രാഷ്ട്രീയ കക്ഷിയാണ് ശ്രീമാൻ ആൻറണിയുടെ രാഷ്ട്രീയകക്ഷി. ശ്രീമാൻ ആൻറണിയുടെ അനുയായികളായ പല സുഹൃത്തുക്കളും ഇവിടെ അവർ നടത്തിയ ചതിപ്രയോഗത്തിന് വെള്ളപൂശാൻ നടത്തുന്ന ഭഗീരഥ പ്രയത്നങ്ങൾ ഞാൻ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ ആ സുഹൃത്തുക്കൾ നടത്തുന്ന പരിശ്രമങ്ങൾ എല്ലാം വളരെ വിഫലമാണെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. രാഷ്ട്രീയമായ ആദർശ ധീരതയെ സംബന്ധിച്ചാണ് ആ സുഹൃത്തുക്കൾ ഇപ്പോഴും അവകാശപ്പെടാറുള്ളത്. ശ്രീമാൻ ആൻറണിയെ സംബന്ധിച്ച് വലിയ ആദർശ പുരുഷൻ ആണെന്നു അവർ അന്നും ഇന്നും അവകാശപ്പെടുന്നു. ശ്രീ. ആൻറണിയും അദ്ദേഹത്തിൻെറ അനുയായികളായ സുഹൃത്തുക്കളും, അവരുടെ രാഷ്ട്രീയ കക്ഷികളും ഈ കഴിഞ്ഞ 5 കൊല്ലക്കാലത്തിനുള്ളിൽ കേരളരാഷ്ട്രീയത്തിൽ എന്തെല്ലാം മലക്കം മറിച്ചിലുകളാണ് നടത്തിയിട്ടുള്ളത്. എത്ര തവണയാണ് നടത്തിയിട്ടുള്ളത്. ഓന്തുനിറം മാറുന്നതുപോലെ എത്ര തവണ മാറി. ഇങ്ങനെ മലക്കം മറിയുകയും കുട്ടിക്കരണം മറിച്ചിൽ നടത്തുകയുമെല്ലാം ചെയ്തിരുന്ന ഒരു രാഷ്ട്രീയ കക്ഷിയുടെ വഞ്ചനാപരമായ നടപടികൾ വളരെ വളരെ വ്യക്തമായി ഒന്നിനുപുറകെ ഒന്നായി ഈ രാജ്യത്ത് എല്ലാവർക്കും അറിയാമെന്നിരിക്കെ ആ വഞ്ചന മൂടി വയ്ക്കാൻ എത്ര ശ്രമിച്ചാലും ജയിക്കുകയില്ല എന്ന് ആ സുഹൃത്തുക്കൾ മനസ്സിലാക്കണം.

സർ, നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്നു വിട്ടുപോകുന്നതിനു പറഞ്ഞ കാര്യങ്ങൾ ഞാൻ കേൾക്കുകയുണ്ടായി. ചില പള്ളിക്കൂടങ്ങളിൽ കുട്ടികൾ ചിലപ്പോൾ അടുത്തിരിക്കുന്ന കുട്ടികളുമായി ഉണ്ടാക്കുന്ന ചില വഴക്കുകളെ തുടർന്നു അദ്ധ്യാപകനോട്, സർ, ഈ കുട്ടി എന്നെ നുള്ളുന്നു, ഈ കുട്ടി എന്നെ പിച്ചി, ഈ കുട്ടി എൻെറ ചെവിക്കുപിടിച്ചു, ഈ കുട്ടി തലയ്ക്കു ഞൊട്ടി എന്നു പറയുന്നതുപോലെ അത്ര ബാലിശമാണ്. ഇവിടെ ഒരു രാഷ്ട്രീയ കക്ഷി, അതിൻെറ നേതാക്കൻമാർ രാഷ്ട്രീയ നിലപാടുകളിൽ മാററം വരുത്തുന്നതിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ അതിനകത്ത് സ്വാഭാവികമായും ഒരു ഗൗരവബുദ്ധി വേണം. ഇവരുടെ രാഷ്ട്രീയ നിലപാട് എന്താണ്? ഇവിടെ ഇന്ദിരാഗാന്ധി ഏകാധിപത്യവാഴ്ച ഉറപ്പിക്കാൻ പരിശ്രമിക്കുന്നു. കുടുംബ വാഴ്ച ഉറപ്പിക്കാൻ പരിശ്രമിക്കുന്നു. ഇൻഡ്യയിൽ പാർലമെൻററി ജനാധിപത്യത്തെ കൊലചെയ്യാൻ പരിശ്രമിക്കുന്നു. ഈ വിപത്തിനെതിരായി ഈ രാജ്യത്തെ രക്ഷിക്കാൻ കഴിയണമെങ്കിൽ ഒരു ഇടതുപക്ഷ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുക മാത്രമാണ് മാർഗ്ഗമെന്നു ഈ രാജ്യത്ത് ആദ്യമായി ഒരാശയം കണ്ടുപിടിച്ച് ഈ രാജ്യത്തിനു സംഭാവന ചെയ്ത ഏററവും വലിയ പുണ്യവാളനാണ് ശ്രീമാൻ ആൻറണി എന്നല്ലേ നിങ്ങളെല്ലാം അവകാശപ്പെട്ടിരുന്നത്. അങ്ങനെയാണെന്നുവരികിൽ ശ്രീമാൻ ആൻറണി, ഇന്ന് ആ മുദ്രാവാക്യം എവിടെ? അതിനെ സംബന്ധിച്ച് ശ്രീമാൻ ആൻറണിക്കും അനുയായികൾക്കും എന്താണ് പറയാനുള്ളത്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം, ഇവിടെ ആൻറണി കോൺഗ്രസ്സിൻെറ ആദർശ ധീരതയെപ്പററി പറയുമ്പോൾ, ഇവിടെ ഇടതുപക്ഷജനാധിപത്യ മുന്നണി വളരെ അത്യാവശ്യമാണ്; അത് കെട്ടിപ്പടുക്കുവാൻവേണ്ടി നിലകൊണ്ടവർ

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞവർ ഇന്ന് അതിനെ സംബന്ധിച്ച് എന്തു നിലപാടെടുത്തു. ഈ മുദ്രാവാക്യം ഇന്ന് നിങ്ങൾ സമ്പൂർണ്ണമായി ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങൾ ആദർശത്തിന്റെ കൊടിക്കൂറ ദൂരെ വലിച്ചെറിഞ്ഞ് അവസരവാദത്തിന്റെ കൊടിക്കൂറയേന്തിനിൽക്കുകയല്ലേ? അതല്ലേ യഥാർത്ഥത്തിൽ ഇന്നു കാണുന്നത്. എന്നിട്ടും ആദർശത്തെ സംബന്ധിച്ചു സംസാരിക്കുന്നത് വളരെ കഷ്ടമാണ്. അതിനെക്കുറിച്ച് ഞാൻ വളരെയധികം സംസാരിക്കുന്നില്ല.

ഇവിടെ ബ്ലാക്ക് മെയിലിംഗിനെ സംബന്ധിച്ചു പറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ, ജൂലൈ 15-ാം തീയതി ഇന്ദിരാകോൺഗ്രസ്സിലെ ശ്രീമാൻ കെ. കെ. ശ്രീനിവാസൻ ആര്യാടനെതിരായി ചില ആരോപണങ്ങൾ എഴുതി അന്നത്തെ സ്പീക്കർക്കുകൊടുക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് ചില പരാമർശനങ്ങൾ ഈ സഭയിൽ നടന്നു. ശ്രീമാൻ കരുണാകരന്റെ അറിവോടുകൂടി ആയിരിക്കണമല്ലോ അങ്ങനെ ഒരാരോപണം ഉന്നയിച്ചത്, ഒന്നുകിൽ ആരോപണങ്ങൾ കണ്ടു സഹികെട്ട് അതിൽ മനം നൊന്ത് ഗൗരവ ബുദ്ധിയോടുകൂടി സ്വീകരിച്ച ഒരു നടപടിയാണെന്നുവരികിൽ ശ്രീമാൻ കരുണാകരൻ അധികാരത്തിൽ വരുന്ന സമയത്തെങ്കിലും അതിനെ സംബന്ധിച്ചൊരന്വേഷണം ഏർപ്പാടുചെയ്യാൻ, ഈ അഴിമതികൾ തടയാൻ നടപടികൾ എടുക്കേണ്ടതല്ലേ? എന്നാൽ അതിനു പകരം ഇന്നു ശ്രീമാൻ കരുണാകരന്റെ നാവിൽ ശൂലം തറച്ചിരിക്കുകയല്ലേ. അതിനെക്കുറിച്ചു മിണ്ടുന്നില്ല. അപ്പോൾ യഥാർത്ഥത്തിൽ എന്താണ്? ശ്രീമാൻ ആര്യാടൻ മുഹമ്മദ് അഴിമതി കാണിച്ചു എന്ന് ഞാൻ ആരോപിക്കുന്നില്ല. പക്ഷേ ശ്രീമാൻ ആര്യാടനെപ്പോലെ ദീർഘമായ പൊതു ജീവിതത്തിന്റെ ചരിത്രമുള്ള ഒരാൾക്കെതിരായി ആരോപണം ഉണ്ടെന്നു പറയുകയും ആരോപണം ഉന്നയിക്കുകയും ചെയ്തതിനുശേഷം അതിന്റെ പുകമറയിൽ നിന്നുകൊണ്ട്...........

ശ്രീ. എം. എം. ഹസ്സൻ : ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട പി. സി. ചാക്കോ സംസാരിച്ച അവസരത്തിൽ ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി എഴുതിക്കൊടുത്ത ആരോപണങ്ങളെക്കുറിച്ചു ചെയറിൽ നിന്ന് വ്യക്തമായ ഒരു റൂളിംഗ് ഉണ്ടായി. ശ്രീ. ആര്യാടനെതിരായി ആരോപണങ്ങൾ ഈ സഭയിൽ ഉന്നയിച്ചിട്ടില്ലെന്ന് ചെയറിൽ നിന്ന് റൂളിംഗ് നൽകിയതിനു ശേഷവും ആര്യാടനെതിരായ അഴിമതി ആരോപണങ്ങളെക്കുറിച്ചു സംസാരിക്കുന്നത് ഓർഡറിലാണോ? അഴിമതിയാരോപണങ്ങളെന്നു പറയുന്നത് ഓർഡറിലാണോ? ഇവിടെ അവതരിപ്പിച്ചിട്ടില്ലാത്ത, ആര്യാടനെതിരായി അഴിമതിയാരോപണങ്ങളുന്നയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആര്യാടനെതിരായ അഴിമതിയാരോപണമെന്നു പറയുന്നത് ഓർഡറിലാണോ ?

മിസ്റ്റർ ചെയർമാൻ (ശ്രീ. ടി. എം. ജേക്കബ്) : അദ്ദേഹം അന്നത്തെ റൂളിംഗിനെ സംബന്ധിച്ചല്ല പറഞ്ഞത്. അന്നു നടന്ന ചില കാര്യങ്ങളെ സംബന്ധിച്ച് പരാമർശിക്കുകയാണ്. അന്നത്തെ റൂളിംഗിനെ ചോദ്യം ചെയ്തുകൊണ്ടല്ല അദ്ദേഹം സംസാരിക്കുന്നത്.

ശ്രീ. ജെ. ചിത്തരഞ്ജൻ : എന്തിനാണ് ശ്രീമാൻ കരുണാകരൻ അന്ന് ആരോപണം ഉന്നയിച്ചത്. സ്വാഭാവികമായും ബ്ലാക്ക് മെയിൽചെയ്യാൻ വേണ്ടിയായിരുന്നു അങ്ങനെ അന്നൊരാരോപണം ഉന്നയച്ചിതിന്റെ ഫലമായി ശ്രീമാൻ ആര്യാടൻ മാനസികമായി തളർന്ന് അദ്ദേഹം എതിരാളിക്ക് കീഴടങ്ങിക്കൊടുക്കാൻ നിർബന്ധിതനാവുകയും തന്റെ സ്വന്തം കക്ഷിയെ ഇന്ദിരാകോൺഗ്രസ്സിന്റെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടിക്കൊടുക്കുന്നതിനുവേണ്ടി അദ്ദേഹത്തെ പാകപ്പെടുത്തിയെടുക്കുന്നതിനു നടത്തിയ ഒരു ബ്ലാക്ക് മെയിലിംഗ് ആകണം. അല്ലെങ്കിൽ ശ്രീമാൻ കരുണാകരൻ ഇന്ന് ഒരന്വേഷണം ഏർപ്പെടുത്തേണ്ടതാണ്. അതല്ലാം എന്നുവരികിൽ സത്യസന്ധമായിട്ടാണ്

2/2356/S

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഉന്നയിച്ചതെങ്കിൽ ഇന്നതിനെ സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാകാതെ ഇരിക്കുന്നതെന്തുകൊണ്ടാണ്. തന്റെ ഭരണാധികാരം നിലനിറുത്താൻ ആര്യാടന്റെകൂടെ പിന്തുണ ആവശ്യമുള്ളതുകൊണ്ട് വളരെ സൗകര്യപൂർവ്വം മറച്ചുപിടിക്കുന്നു. അപ്പോൾ രാഷ്ട്രീയമായ ബ്ലാക്ക് മെയിലിംഗ് ഏററവും കൂടുതൽ നടത്തുന്ന ഒരു രാഷ്ട്രീയ കക്ഷിയല്ലേ ഇന്ദിരാകോൺഗ്രസ്സ്. പക്ഷേ എനിക്കു പറയാനുള്ളതു ദീർഘകാലമായി പൊതു ജീവിതത്തിന്റെ ഉടമയായിട്ടുള്ള ശ്രീമാൻ ആര്യാടൻ ഇത്തരത്തിൽ സംശയത്തിന്റെ പുകമറയിൽ കഴിഞ്ഞുകൂടാൻ എന്നും നിന്നുകൊടുക്കുന്നത് അങ്ങേക്ക് നല്ലതല്ലെന്നതാണ്. അതുകൊണ്ടു ഇതിൽനിന്നും രക്ഷനേടാനുള്ള വഴി അങ്ങ് കണ്ടുപിടിക്കേണ്ടതാണ്. അതു മാത്രമേ ഞാൻ ഇതിനെക്കുറിച്ചു പറയുന്നുള്ളു.

പിന്നെ ഇവിടെ കൊടി ആക്രമിച്ചു എന്നാണു പറയുന്നത്. നിങ്ങളുടെ മലപ്പുറത്തുള്ള ആഫീസിൽ കയറി കൊടിനശിപ്പിക്കുകയും അബ്ദുറഹിമാൻ സാഹിബിന്റെ ഫോട്ടോ നശിപ്പിക്കുകയും ചെയ്ത ആളുകളുമായി കൈകോർത്തുപിടിക്കുന്നതിൽ നിങ്ങൾക്കു തടസ്സമില്ലല്ലോ? 1975-76 കാലഘട്ടത്തിൽ ഒരുമിച്ചു നിൽക്കുന്ന സന്ദർഭത്തിൽ സ്വന്തം കക്ഷിയിൽപ്പെട്ട ആളുകൾക്ക് എതിരായി രാഷ്ട്രീയ അധികാരവും പോലീസിനെയും ഉപയോഗിച്ചുകൊണ്ട് ആക്രമണം നടത്തിയതിനെക്കുറിച്ച് നിങ്ങൾ നിലവിളികൾ നടത്തിയിട്ടുള്ളത് ഞങ്ങളെല്ലാം എത്ര കേട്ടിട്ടുള്ളതാണ്. അപ്പോൾ അതൊന്നും നിങ്ങൾക്ക് തടസ്സമില്ല. എന്നാൽ യഥാർത്ഥത്തിൽ നിങ്ങൾ രാഷ്ട്രീയമായ ആദർശപരമായ നിലപാടു് വലിച്ചെറിഞ്ഞുകൊണ്ട് അവസരവാദത്തിന്റെ കൊടിക്കൂറയേന്തി മുമ്പോട്ടുപോവുകയാണ്. നിങ്ങളെ നയിക്കുന്ന രാഷ്ട്രീയമായ ആദർശങ്ങളെക്കാൾ എവിടെയെല്ലാം എപ്പോഴെല്ലാം അവസരങ്ങൾ ലഭിക്കും സ്ഥാനമാനങ്ങൾ ലഭിക്കും അതാണ് നിങ്ങൾ നോക്കുന്നത്. ഒന്നാംതരം ഭാഗ്യാന്വേഷികൾ. എവിടെയാണ് കൂടുതൽ കൊയ്ത്തെന്നുനോക്കി അങ്ങനെ നടക്കുന്ന ഭാഗ്യാന്വേഷികളാണു നിങ്ങൾ ആദർശത്തെക്കുറിച്ച് അധികം പറയാതിരിക്കുകയാണ് ഭേദം.

ശ്രീ. എം. സി. ചെറിയാൻ: സർ, കഴിഞ്ഞ 14 വർഷമായിട്ട് ഞങ്ങൾ എവിടെയെല്ലാം, ഏതെല്ലാം രാഷ്ട്രീയ നിലപാട് എടുത്തിട്ടുണ്ടോ, അപ്പോഴെല്ലാം ഞങ്ങളോടൊപ്പം, ഞങ്ങളുടെ പുറകേ നടന്നിട്ടുള്ള സി. പി. ഐ. യിലെ ഒരു മെമ്പർ ഇപ്പോൾ ഞങ്ങൾ രാഷ്ട്രീയമായി എടുത്തിരിക്കുന്ന തീരുമാനം തെററാണെന്ന് ഈ സഭയിൽ പറയുന്നത് ശരിയാണോ ?

ശ്രീ. ജെ. ചിത്തരഞ്ജൻ: സർ, ഞങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ വളരെ വ്യക്തമാണ്. ക്രമസമാധാന വാഴ്ച പുന:സ്ഥാപിക്കാൻ വേണ്ടിയാണ് ഈ ഗവൺമെൻറ് അവരോധിക്കപ്പെട്ടത് എന്നാണ് അവകാശപ്പെടുന്നത്. സർ, എന്താണ് ഇവിടെ ക്രമസമാധാനം ഉണ്ടോ ? ഇവിടെ നിയമ വാഴ്ചയുണ്ടോ ? സർ, ഇവിടെ യഥാർത്ഥത്തിൽ നടന്നത് നിയമം ദൈനംദിനമെന്നോണം ലംഘിക്കപ്പെടുന്നു, നിമിഷംതോറും ലംഘിക്കപ്പെടുന്നു.

സർ, ഞാൻ ഒരു ഉദാഹരണം പറയാം. ഈ കഴിഞ്ഞ മാസം 24-ാം തീയതി അടൂർ ഉള്ള ചിന്നപുരം എസ്റേററിൽ ഒരു തൊഴിലാളി സമരം നടന്നു. 5 മാസമായി നടക്കുന്നതാണ്. തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടി ചെങ്കൊടിയുമേന്തി ഈ ഭരണ മുന്നണിയിൽ പോകുകയും അവിടെ മന്ത്രികസേര കണ്ടെത്തുകയും ചെയ്ത ശ്രീമാൻ ശിവദാസൻ മന്ത്രിയായതിനുശേഷവും ആ തൊഴിൽ തർക്കത്തിൽ ഒരു തീരുമാനം ഉണ്ടാക്കാൻ അദ്ദേഹം ഒരു ചെറുവിരൽ പോലും അനക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഒന്നര മാസക്കാലമായി നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. മാറി മാറി തൊഴിലാളി നേതാക്കൻമാർ സത്യാഗ്രഹം നടത്തുകയാണ്. അവിടെ നിരാഹാര സത്യാഗ്രഹം നടത്തിയിരുന്ന സഖാവ് ഗോപാലകൃഷ്ണനെ അർദ്ധ രാത്രിയുടെ നിശബ്ദതയിൽ പോലീസ് കടന്നു ചെന്ന് അദ്ദേഹത്തെ അദ്ദേഹം സത്യാഗ്രഹം കിടന്നിരുന്ന കിടക്കയിൽ നിന്ന് അറസ്റ്റു ചെയ്തു കൊണ്ടുപോയി. അദ്ദേഹത്തിനടുത്ത് അദ്ദേഹത്തിന്റെ സഹായിയായി നിന്നിരുന്നവരെ അറസ്റ്റു ചെയ്തു. അവിടെ വച്ച് പോലീസ് തല്ലി. അതിനുശേഷം കൊണ്ടുപോയത് ആശുപത്രിയിലേയ്ക്കോ പോലീസ് സ്റ്റേഷനിലേയ്ക്കോ അല്ല സർ, ചിന്നപുരം എസ്റ്റേറ്റിന്റെ ഉടമയുടെ ബംഗ്ലാവിലേയ്ക്കാണ് കൊണ്ടുപോയത്. അവിടെ കൊണ്ടുപോയി എല്ലാവിധ ഭീകര മർദ്ദനങ്ങളും നടത്തി. പോലീസുകാർ മർദ്ദിച്ചുവെന്നു മാത്രവുമല്ല, അതിന്റെ ഉടമയായിട്ടുള്ള എബ്രഹാം അവരെ തല്ലുകയും ചവിട്ടുകയും ചെയ്തു. സർ, 39 കൊല്ലക്കാലത്തെ രാഷ്ട്രീയ ജീവിതത്തിനിടയ്ക്ക് കേരളത്തിൽ നടത്തിയിട്ടുള്ള സംഭവങ്ങളെക്കുറിച്ച് അറിയാവുന്ന ഒരാളെന്ന നിലയിൽ ഞാൻ പറയുകയാണ് ഇത്തരത്തിൽ ഹീനമായ ഒരു സംഭവം, ഇത്രയും വലിയ ഒരു നിയമ ലംഘനം ഈ കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ നടന്നിട്ടില്ല സർ, മൂന്നു ദിവസമായി നിരാഹാരം നടത്തിക്കൊണ്ടിരുന്ന ഒരാളെ അറസ്റ്റു ചെയ്തു കൊണ്ടുപോയി. അതും മുതലാളിയുടെ ബംഗ്ലാവിൽ കൊണ്ടുപോയി തല്ലുക, മുതലാളിയെ കൊണ്ട് തല്ലിക്കുക, ഇങ്ങനെയൊരു സംഭവം കേരളത്തിൽ ഉണ്ടായിട്ടില്ല. നിരാഹാര സത്യാഗ്രഹം നടത്തുന്ന ആളുകളെ അറസ്റ്റു ചെയ്യാറുണ്ട്, ആശുപത്രിയിൽ കൊണ്ടുപോയി അവരെ രക്ഷിക്കാൻ ഗ്ലൂക്കോസ് കൊടുക്കാൻ ബലം പ്രയോഗിച്ച് എന്നു വരാം. പക്ഷെ മുതലാളിയ്ക്കു വീട്ടിൽ കൊണ്ടുപോയി തല്ലുന്നതിന് ഒരു ഗവൺമെൻറും ഒരു മർദ്ദക ഭരണാധികാരിയും നടപടി എടുത്തിട്ടില്ല. ഇത്രയും മര്യാദ രഹിതമായ ഇത്രയും നിയമം ലംഘിച്ചുകൊണ്ടുള്ള ഒരു നടപടി സ്വീകരിച്ച ഒരു ഭരണം ഈ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ സർ ?

സർ, രണ്ടാമത് ഞാൻ വേറൊരു ഉദാഹരണം പറയാം. ചവറയിൽ തെക്കുംഭാഗം എന്നു പറയുന്ന ഒരു സ്ഥലമുണ്ട്, കഴിഞ്ഞ മാസം 21-ാം തീയതി അവിടെ ഒരു കൊലപാതകം നടന്നു. രണ്ടുപേർ തമ്മിലുള്ള വാക്കുതർക്കത്തിൽ അങ്ങോട്ടുമിങ്ങോട്ടും സംസാരിച്ച് ഒരു കത്തികുത്തു നടത്തി ഒരാൾ മരിച്ചതാണ് നിർഭാഗ്യകരമായ ആ സംഭവം. പക്ഷെ അതിന് ആരാണ് ഉത്തരവാദി എന്നുള്ളതിനെ സംബന്ധിച്ച് നാട്ടുകാർക്കെല്ലാം അറിയാം. എന്നാൽ ഇന്ന് അവിടെ ഒരു പോലീസ് ക്യാമ്പാക്കി മാററിയിരിക്കുകയാണ്. അവിടെ ആണുങ്ങൾക്ക് ഒരുത്തർക്കും വീടുകളിൽ കഴിഞ്ഞുകൂടാൻ കഴിയുന്നില്ല. പത്രപ്രവർത്തകനായ മോഹനൻ എന്ന ഒരു ചെറുപ്പക്കാരനെ കല്ല്യാണം പറയാൻ ഒരു വീട്ടിൽ ചെന്ന് മടങ്ങുമ്പോൾ അയാളെ അറസ്റ്റു ചെയ്തു കൊണ്ടുപോയി ലോക്കപ്പിൽ ഇട്ടു തല്ലി ചതയ്ക്കുകയുണ്ടായി.

സർ, മൂന്നാമത് ഒരു കാര്യംകൂടി പറയട്ടെ. ഇവിടെ 19-ാം തീയതി ഒരു പണിമുടക്കം നടന്നു. ആ പണിമുടക്കം പരാജയപ്പെടുത്താൻ കഴിഞ്ഞുവെന്ന് ഉമ്മൻ ചാണ്ടി അഭിമാനപൂർവ്വം പറയുകയുണ്ടായി. സർ, ഈ 19-ാം തീയതിയിലെ പണിമുടക്കം കഴിഞ്ഞ ജൂൺമാസത്തിൽ ഐക്യട്രേഡ് യൂണിയൻ കൺവെൻഷന്റെ ദേശീയവകാശ പ്രഖ്യാപനത്തെ മുൻനിർത്തി ഉണ്ടായ ഒരു പണിമുടക്കമാണ്. സർ, ആ കൺവെൻഷനിലും അതിനുശേഷം കേരളത്തിൽ നടന്ന കൺവെൻഷനിലും അതിനെത്തുടർന്ന് നടന്ന ആലോചനായോഗങ്ങളിലും പങ്കെടുത്തിരുന്ന ഒരു രാഷ്ട്രീയ കക്ഷിയാണ് ആൻറണിയുടെ കക്ഷി. ഉമ്മൻചാണ്ടിയുടെ നേതാവ് ശ്രീമാൻ വരദരാജൻ നായർ ഞങ്ങളോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

ഇരുന്ന് ഈ പരിപാടികളെ സംബന്ധിച്ച് ആലോചിച്ച ആളാണ്. അവസാന മായി കാലുമാറി അവിടെയും, എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. അവരുടെ കുലത്തൊഴിലാണ്. അങ്ങനെ കാലുമാററം നടത്തിയെങ്കിൽപോലും ഇൻഡ്യയിൽ ഒരിക്കൽ അവർകൂടി അനുകൂലിച്ച ദേശീയാവശ്യത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഒരു പണിമുടക്കം. അതിനെ നേരിടുന്നത് ഇങ്ങനെയാണോ സർ ? നിരോധനം ഏർപ്പെടുത്താതെ പണിമുടക്കത്തെ നേരിട്ടു എന്നാണ് പറയുന്നത്. എന്തിനാണ് സർ നിരോധനം. മർദ്ദക ഭരണാധികാരികൾ സാധാരണ ചെയ്യാറുള്ള ഒരു കാര്യമുണ്ട്. ഒരു പണിമുടക്കത്തെ, ഒരു പൊതുയോഗത്തെ അടിച്ചുപൊളിക്കണമെങ്കിൽ അല്ലെങ്കിൽ ഒരു പ്രകടനത്തെ തല്ലിപ്പൊളിക്കണമെങ്കിൽ അതിനുവേണ്ടി നിരോധനം ഏർപ്പെടുത്തുന്ന ഒരു പതിവുണ്ട്. പക്ഷെ ഉമ്മൻ ചാണ്ടിയുടെ പുതിയ മോഡൽ അങ്ങനെയല്ല ; നിരോധനം പോലും ഏർപ്പെടുത്താതിരിക്കുക, എന്നിട്ടു തല്ലിച്ചതയ്ക്കുക. സമാധാന പരമായി നടന്ന പ്രകടനത്തെ തല്ലിച്ചതയ്ക്കുക, യോഗങ്ങൾ തല്ലിപ്പൊളിക്കുക, അതല്ലേ സർ ഈ കേരളത്തിൽ നടക്കുന്നത്. ഒരു സ്ഥലത്തല്ല, രണ്ടു സ്ഥലത്തല്ല, കേരളത്തിലുടനീളം നടക്കുന്നത് അതാണ്. ഞാൻ സ്ഥലങ്ങളെല്ലാം എടുത്തു പറയുന്നില്ല.

സർ, പോലീസ് മർദ്ദനത്തെക്കുറിച്ച് ഞാൻ മറെറാരു കാര്യം കൂടി പറയട്ടെ. എന്റെ നിയോജക മണ്ഡലത്തിൽ 19-ാം തീയതി കുറച്ചുപേരെ അറസ്ററു ചെയ്തു, ആറു പേരെ, 5 പേരെ ഊണുകഴിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തുനിന്ന്, മറെറാരാളെ റോഡിൽ നിന്നപ്പോൾ ഓട്ടിച്ചിട്ട് പിടിച്ച് ഏതു നിയമത്തിന്റെ അടിസ്ഥാനത്തിൽ അവരെ ലോക്കപ്പിൽ വച്ച് മർദ്ദിച്ചു. ഈ ഭീകര മർദ്ദനം നടത്താൻ നിങ്ങൾക്കെന്തവകാശം ? ഈ പോലീസിന് എന്തവകാശം ?

സർ, ശ്രീ. പി.കെ. വാസുദേവൻ നായർ ആലപ്പുഴയിൽ നടന്ന കാര്യം പറഞ്ഞു. 18-ാം തീയതി പ്രിവെൻറീവ് അറസ്ററ് എന്ന നിലയിൽ 150 പേരെ അറസ്ററു ചെയ്തു. പ്രിവെൻറീവ് അറസ്ററു കുററം ചെയ്തതുകൊണ്ടല്ല. കുററം ചെയ്തിട്ടില്ലാത്തവരെ ഒരു പക്ഷെ കുററം ചെയ്തേയ്ക്കും എന്നു സംശയിച്ചാണ് അറസ്ററ് ചെയ്തത്. അവരെ തല്ലേണ്ട കാര്യം എന്താണ് ? അവരെ തല്ലാൻ ഏതു നിയമം അനുവദിക്കുന്നു. അവരെയെല്ലാം തുണി ഊരിച്ച് അവരുടെ ജനനേന്ദ്രിയങ്ങളിൽ ലാത്തികൊണ്ട് അഭ്യാസമുറകൾ പ്രകടിപ്പിക്കുന്ന നടപടികൾ ആലപ്പുഴ നിയോജകമണ്ഡലത്തിൽ, ആലപ്പുഴ പോലീസ് സ്റേറഷനിൽ നടന്ന ഈ സംഭവങ്ങളെല്ലാം ഇവിടെ ഉന്നയിച്ചു.

ശ്രീ. പി. എസ്. ശ്രീനിവാസന്റെ വീട്ടിൽ കയറി അമ്മയെ അപമാനിച്ച കാര്യം പറഞ്ഞു. ഇതെല്ലാം പറഞ്ഞതിനുശേഷവും അല്പംപോലും മന:ചാഞ്ചല്യമില്ലാതെ, വിദ്യാർത്ഥികളെ നരനായാട്ടു നടത്തിയെന്നു പറഞ്ഞിട്ട് അതിനെക്കുറിച്ച് അല്പംപോലും മനം മടുപ്പില്ലാതെ, ദു:ഖമില്ലാതെ, അതിനെക്കുറിച്ച് ഒന്ന് അന്വേഷിക്കാൻപോലും തയ്യാറാകാതെ, ഈ ക്രൂരകൃത്യം ചെയ്ത പോലീസുകാരെ, അവരുടെ പിഞ്ചു രോമംപോലും ഉലയ്ക്കാൻ തയ്യാറാകാതെ ഈ രാജ്യം ഭരിക്കാമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി വിചാരിക്കുന്നത് എന്തിനാണെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്.

സർ, ഇന്ദിരാ കോൺഗ്രസ്സ് അത് ഒരു രാക്ഷസീയ ഭരണം ആഗ്രഹിക്കുന്നവരാണ്. അവരുടെ സർട്ടിഫിക്കററ് വാങ്ങാൻ ഇത്തരത്തിലുള്ള പൈശാചിക നടപടികൾ നിങ്ങൾക്ക് സ്വീകരിക്കേണ്ടിവരുമായിരിക്കാം. അവരുടെ ഒരു സർട്ടിഫിക്കററ് വേണം. രാജീവ് ഗാന്ധി പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലായൽററി ഇല്ലാത്തവരെയും ഇടയ്ക്കിടയ്ക്ക് ആദർശങ്ങൾ മാറുന്നവരെയും ഞങ്ങൾ സംശയ ദൃഷ്ടിയോടുകൂടി വീക്ഷിക്കുമെന്ന്. ഒരുപക്ഷേ ആ സംശയം ദൂരീകരിച്ച് സർട്ടിഫിക്കററ് വാങ്ങി അവരുടെ പാളയത്തിൽ കടന്നു ചെല്ലാൻവേണ്ടി ഇന്ദിരാ ഗാന്ധിയുടേയും മകൻ രാജകുമാരൻേറയും പാദുകം ചുമക്കാൻ വേണ്ടിയുള്ള, ആ അപമാനകരമായ പണിക്കുവേണ്ടിയല്ലേ നിങ്ങൾ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുപോലെ ഒരു കൊലയാളി ഭരണം, മർദ്ദനഭരണം കേരളം ഇതുവരെ കണ്ടിട്ടില്ല സർ.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം സർ. ഇന്ന് ശ്രീ. കരുണാകരൻ പറഞ്ഞിട്ടുണ്ട്, സർക്കാർ ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കുമെന്ന്. ഇൻഡ്യാ ഗവൺമെൻറ് എടുത്ത തീരുമാനം ഇന്നലെ പത്രത്തിൽ വന്നു. അവരുടെ ഡി. എ. ഇമ്പൗണ്ട് ചെയ്യാൻ തീരുമാനിച്ചുകൊണ്ട് കേരളത്തിലെ സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ കരുണാകരൻ എന്തു ചെയ്യാൻ പോകുന്നു. ഇൻഡ്യാ ഗവൺമെൻറിൻെറ ഈ നിലപാടിനെ ശ്രീമാൻ ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിൻെറ കക്ഷിയും അനുകൂലിക്കുന്നുണ്ടോ ? ഇവിടെ വ്യക്തമാക്കേണ്ട ഒരു കാര്യമാണ്.

സർ, സമയച്ചുരുക്കംകൊണ്ട് ഞാൻ നീട്ടുന്നില്ല. അവശ്യ സർവ്വീസിൽ പണിമുടക്കം നിരോധിച്ചുകൊണ്ട്, വാറണ്ടു കൂടാതെ അറസ്ററു ചെയ്യാനും വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാനും ഉള്ള ഉത്തരവ് പാസാക്കി. അതിനെക്കുറിച്ച് ശ്രീമാൻ ശിവദാസനും ഉമ്മൻ ചാണ്ടിയ്ക്കും എന്താണു പറയാനുള്ളത് ?

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. പള്ളിക്കൂടങ്ങൾ അനുവദിക്കുന്ന കാലമാണ്. അൺ എയ്ഡഡ് സ്കൂളുകൾക്ക് റെക്കഗ്നേഷൻ കൊടുക്കാൻ ആലോചിക്കുന്നു എന്നറിയുന്നു. ആയിരക്കണക്കിന് പള്ളിക്കൂടങ്ങൾ കൊടുക്കാൻ അങ്ങനെ ഒരു നടപടിയാണ് നിങ്ങൾ സ്വീകരിക്കുന്നതെങ്കിൽ ഈ രാജ്യത്തെ സ്വകാര്യ പള്ളിക്കൂടം മാനേജരൻമാരുടെ താൽപര്യങ്ങൾക്ക് കീഴടങ്ങി ഈ രാജ്യത്തെ ഖജനാവ് മുടിക്കാനുള്ള തീരുമാനമാണ് നിങ്ങൾ എടുക്കുന്നതെന്നുള്ളത് വളരെ വ്യക്തമാണ്.

സർ, ഞാൻ ഇനി നീട്ടുന്നില്ല. ഇത്തരത്തിൽ ജനവിരുദ്ധമായ മർദ്ദന ഏർപ്പാടുകളുടെ നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഇതിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്നെ വ്യക്തിപരമായി ബാധിക്കുന്ന ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർ ചിത്തരഞ്ജൻ ഇവിടെ പറഞ്ഞതുകൊണ്ട് ഒരു പേഴ്സണൽ എക്സ്പ്ലനേഷനുള്ള സമയം എനിക്കു തരണം.

മി. ചെയർമാൻ ; അദ്ദേഹത്തെ വ്യക്തിപരമായി ബാധിക്കുന്ന പരാമർശം ഉണ്ടായി. അതുകൊണ്ട് അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷന് സമയം അനുവദിക്കണമെന്നാണ്. ഈ സഭയിൽ അങ്ങനെ അനുവദിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. വാസുദേവൻ നായർ : ശ്രീ. ആര്യാടൻ വ്യക്തിപരമായി കഴിഞ്ഞ ദിവസവും ഇതേവിഷയത്തെക്കുറിച്ചു പറഞ്ഞു. ഈ സഭയിൽ അദ്ദേഹം ഒരുപാട് പ്രാവശ്യം ഇതു പറയേണ്ടി വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : പരാമർശം വ്യക്തിപരമായ ഉണ്ടായാൽ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കുമെന്ന് പറഞ്ഞു. ഒരു പേരു പറഞ്ഞു പോയാലോ മററുവിധത്തിലോ വന്നാൽ, അതൊരു ആക്ഷേപം അല്ലെങ്കിൽ നിയമസഭാചട്ടം അനുശാസിക്കുന്നില്ല പേഴ്സണൽ എക്സ്പ്ലനേഷന്.

മി. ചെയർമാൻ : അത് എന്താണെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്ക് അറിഞ്ഞുകൂടല്ലോ ? അദ്ദേഹത്തെക്കുറിച്ച് എന്താണ് പറഞ്ഞതെന്ന് അദ്ദേഹം വിശദീകരിക്കട്ടെ.

ശ്രീ. വി. കെ. രാജൻ : ഭരണപക്ഷത്തുള്ളവർ എന്തുപറഞ്ഞാലും അതിന് വിശദീകരണം കൊടുക്കുന്ന നടപടി ശരിയല്ല.

മി. ചെയർമാൻ ; പ്രതിപക്ഷത്തുള്ള ആളുകളെക്കുറിച്ച് ആക്ഷേപം ഉണ്ടായാലും ഭരണപക്ഷത്തുള്ള ആളുകളെക്കുറിച്ച് ആക്ഷേപം ഉണ്ടായാലും കൊടുക്കുന്ന പതിവുണ്ട്. ഇവിടെത്തന്നെ മുമ്പ് ശ്രീ. ബാലകൃഷ്ണ പിള്ളയെക്കുറിച്ച് ശ്രീ. അനിരുദ്ധന്റെ പരാമർശം ഉണ്ടായി. അദ്ദേഹത്തിനും അനിരുദ്ധനെക്കുറിച്ച് പരാമർശം ഉണ്ടായപ്പോൾ അനിരുദ്ധനും വിശദീകരണത്തിന് അവസരം കൊടുത്തു. ആരോപണം എന്ന് റൂൾ 288-ൽ പറയുന്നില്ല. പേഴ്സണൽ എക്സ്പ്ലനേഷന് കൊടുത്തിരിക്കുന്ന പ്രൊവിഷൻ 288 ആണ്. അതനുസരിച്ച് അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായ പരാമർശം ഉണ്ടായി. അദ്ദേഹത്തിന് എന്തോ പറയണമെന്നു പറഞ്ഞു. അദ്ദേഹത്തിന് അതിനുള്ള അവസരം കൊടുക്കുന്നു, ഈ സഭയിലുള്ള കീഴ്വഴക്കമനുസരിച്ചു മാത്രമേ ചെയ്തിട്ടുള്ളു. ആരെക്കുറിച്ചും വ്യക്തിപരമായ പരാമർശം ഉണ്ടായാലും ഈ സഭയിൽ അങ്ങനെ വിശദീകരണത്തിന് അവസരം കൊടുക്കുന്ന കീഴ്വഴക്കങ്ങൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. സി. ബി. സി. വാര്യർ : വെറും പരാമർശങ്ങൾക്ക് ഇങ്ങനെ എക്സ്പ്ലനേഷന് സമയം കൊടുക്കാറില്ല. റൂൾ ഇവിടെയുള്ള കീഴ്വഴക്കങ്ങളുമായി ബന്ധപ്പെട്ടാണ് വ്യാഖ്യാനിക്കുന്നത്. റൂളിൽ സ്പീക്കർക്ക് പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കാനുള്ള അധികാരം വളരെ വിപുലമാണ്. പക്ഷേ അതു പ്രയോഗിക്കപ്പെട്ടിട്ടുള്ളത്, ഏതെങ്കിലും ഒരു അംഗത്തെ സംബന്ധിച്ച് ആക്ഷേപകരമായ പരാമർശം ഉണ്ടായാൽ മാത്രമേ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിച്ചിട്ടുള്ളൂ. പരാമർശങ്ങൾക്കൊക്കെ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കാനാണെങ്കിൽ ഇവിടെ നടക്കുന്ന ചർച്ചകളിൽ പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും പേര് എപ്പോഴും പരാമർശിക്കപ്പെടാറുണ്ട്. ഓരോ പേരു പരാമർശിക്കുമ്പോഴും പേഴ്സണൽ എക്സ്പ്ലനേഷന് തുടങ്ങിയാൽ ഡിസ്കഷന് ടൈം ഉണ്ടാകുകയില്ല. ബഹുമാനപ്പെട്ട അങ്ങ് ആ രീതിയിൽ ഒരു കീഴ്വഴക്കം സൃഷ്ടിക്കാൻ ഒരുമ്പെടരുത് എന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. ജെ. ജോസഫ് : ആക്ഷേപകരമായ പരാമർശം എന്ന് ഒരു മെമ്പർക്ക് തോന്നി റിഫ്യൂസ്‌ററു ചെയ്യുന്ന അവസരത്തിൽമാത്രമാണ് സർ അനുവദിക്കുന്നത്. അങ്ങനെ ഒരു മെമ്പർക്ക് തോന്നിയാൽ അനുവദിക്കേണ്ടതാണ്.

മി. ചെയർമാൻ ; ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ പറഞ്ഞത് പ്രസക്തമായ സംഗതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ : ബഹുമാനപ്പെട്ട ജോസഫ് പറഞ്ഞത് ശരിയാണ്. അങ്ങനെ അഭ്യർത്ഥിക്കുകയും ചെയറിനു കൂടി അതു ആക്ഷേപകരമായ പരാമർശം ആണെന്ന് തോന്നുകയും ചെയ്താൽ മാത്രം അനുവദിക്കുകയാണ് ചെയ്യുക. അതല്ലാതെ എല്ലാ പരാമർശങ്ങൾക്കും ആണെങ്കിൽ .... ഞാൻ എന്റെ പ്രസംഗത്തിൽ മി. പി. ജെ. ജോസഫ് എന്നു പറഞ്ഞു പോയാൽ ആ നിമിഷം പി. ജെ. ജോസഫിന് പേഴ്സണൽ എക്സ്പ്ലനേഷൻ. പിന്നെ ഡിസ്ക്കഷന് സമയം ഇല്ലാതെ വരും.

മി. ചെയർമാൻ : ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ പറഞ്ഞതു പോലെ ഒരു നടപടിക്രമം അനുവർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഒരു വ്യക്തിയുടെ പേര് മറ്റൊരു വ്യക്തി പ്രസംഗത്തിൽ പരാമർശിച്ചാൽ ഉടനെ പേഴ്സണൽ എക്സ്പ്ലനേഷനു അവസരം കൊടുക്കുന്ന കീഴ്വഴക്കമില്ല. അങ്ങനെയൊരു കീഴ്വഴക്കം സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നതുമില്ല. ഇപ്പോൾ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് എഴുതിത്തന്നിരിക്കുന്നത്, ബഹുമാനപ്പെട്ട ചിത്തരഞ്ജന്റെ പ്രസംഗമദ്ധ്യേ അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായി ആക്ഷേപകരമായ പരാമർശങ്ങൾ ഉണ്ടായി. അതേക്കുറിച്ച് സംസാരിക്കുന്നതിന്, എക്സ്പ്ലനേഷന് അവസരം വേണം എന്നാണ്.

ശ്രീ. ജെ. ചിത്തരഞ്ജൻ : സർ, അദ്ദേഹത്തെ ആക്ഷേപിക്കുന്ന ഒരു പരാമർശവും ഞാൻ നടത്തിയിട്ടില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. സർ, ഈ റൂൾ 288-ൽ പറഞ്ഞിരിക്കുന്നത് വിവാദപരമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ മാത്രം അനുവദിക്കണം: ഡിബേററ് ആകരുത്. ഇവിടെ വന്നിരിക്കുന്നത് ഇതിനെ സംബന്ധിച്ച് ഇതിന് മുമ്പും ആര്യാടൻ മുഹമ്മദ് എക്സ്പ്ലനേഷൻ എന്ന നിലയിൽ ഈ വിഷയത്തെ സംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. ഇപ്പോൾ വീണ്ടും സമയം അങ്ങ് കൊടുക്കുകയാണെങ്കിൽ തീർച്ചയായും ഒരു ഡിബേററിന് അങ്ങ് സന്ദർഭം ഉണ്ടാക്കിക്കൊടുക്കുകയാണ് എന്ന് വിനീതപൂർവ്വം അറിയിക്കുകയാണ്. പേഴ്സണൽ എക്സ്പ്ലനേഷനു വേണ്ടി 588-ാം റൂൾ അനുസരിച്ച് അങ്ങ് അനുവാദം കൊടുക്കുന്നത് ഡിബേററ് ഉണ്ടാകാൻവേണ്ടി മാത്രമേ സഹായിക്കൂ.

മി. ചെയർമാൻ : ഡിബേററ് അനുവദിക്കുന്ന പ്രശ്നം ഇല്ല. ഇപ്പോൾ ചുരുക്കമായി ഒന്നോ രണ്ടോ വാക്കുകളിൽ ശ്രീ. ആര്യാടൻ മുഹമ്മദ് പറയാനുള്ളത് പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട ചിത്തരഞ്ജൻ സംസാരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു, എന്റെ പേരിൽ ചില ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട്, ബ്ലാക്ക്മെയിൽ ചെയ്തുകൊണ്ട് ശ്രീ. കരുണാകരനെ പിന്താങ്ങുന്ന സാഹചര്യം ഉണ്ടാക്കി ഇത് എത്രകാലം കൊണ്ടു പോകാൻ സാധിക്കും എന്ന്. ഇതു വളരെ ആക്ഷേപാർഹമായ പരാമർശമാണ്. ഇവിടെ എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ആ കാര്യത്തെക്കുറിച്ച് പറയേണ്ടി വന്നിരിക്കുന്നു. ഞാൻ കഴിഞ്ഞ പ്രാവശ്യം പേഴ്സണൽ എക്സ്പ്ലനേഷൻ നടത്തിയിട്ടില്ല. പോയിന്റ് ഓഫ് ഓർഡർ മാത്രമേ റയിസ് ചെയ്തിട്ടുള്ളു. ബഹുമാനപ്പെട്ട ശ്രീനിവാസൻ ഞാൻ മന്ത്രിയായിരുന്ന കാലത്ത് എന്നെ സംബന്ധിച്ച് ചില ആരോപണങ്ങൾ സഭയിൽ ഉന്നയിച്ചു. അതിനു സാക്ഷി ആ ഭാഗത്ത് ഇന്ന് ഇരിക്കുന്ന അന്നത്തെ സ്പീക്കർ ആയിരുന്ന ശ്രീമാൻ കുര്യൻ തന്നെയാണ്. അദ്ദേഹം കഴിഞ്ഞ പ്രാവശ്യം നിയമസഭയിൽ ആ കാര്യം പറഞ്ഞു. ആ ആക്ഷേപങ്ങൾക്കു ഞാൻ മറുപടിയും പറഞ്ഞു.

മി. ചെയർമാൻ : ഡീററയിൽസിലേക്ക് പോകേണ്ട ആവശ്യമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ ഡീററയിൽസിലേക്ക് പോകുന്നില്ല.

ശ്രീ. എം. വി. രാഘവൻ : ആര്യാടൻ മുഹമ്മദിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടിവരുമോ ? കാരണം എന്താണെന്നുവച്ചാൽ ആര്യാടൻ മുഹമ്മദിനെക്കുറിച്ച് ആരോപണം എഴുതിക്കൊടുത്തുവെന്ന് പഴയ സ്പീക്കർ പറഞ്ഞു. അതു കേട്ടിട്ടും ഒന്നും അനങ്ങാതെ ഇരിക്കുകയാണ്. എന്താ ശ്രീനിവാസാ ഇത് ? അതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടി വരും. കെ. കെ. ശ്രീനിവാസൻ എഴുതി കൊടുത്തതിനു ശേഷം ആ ആരോപണം പിൻവലിക്കാൻവേണ്ടി ആര്യാടൻ മുഹമ്മദ് കരുണാകരന്റെ കാലു പിടിച്ചത് കെ. കെ. ശ്രീനിവാസന് അറിയാം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട ചിത്തരഞ്ജൻ പരാമർശിച്ച കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് എന്തെങ്കിലും പറയാൻ ഉണ്ടെങ്കിൽ പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട ചിത്തരഞ്ജൻ പരാമർശിച്ച കാര്യത്തെസംബന്ധിച്ച് ഈ സഭയിൽ ഉന്നയിച്ചിരുന്നു എന്നുള്ള കാര്യത്തിൽ ശ്രീമാൻ കുര്യൻ ആണ് ഒരു സാക്ഷി. ആ കാര്യങ്ങൾ ഇവിടത്തെ മററുള്ള ആളുകളും പറഞ്ഞുകഴിഞ്ഞു സർ. ആ രൂപത്തിൽ ബ്ലാക്ക്മെയിൽ ചെയ്തുകൊണ്ട് എന്റെ രാഷ്ട്രീയാഭിപ്രായം മാററാൻ സാധിക്കുമെന്ന് ശ്രീ. ചിത്തരഞ്ജൻ വിശ്വസിക്കുന്നുവെങ്കിൽ അതു ശരിയല്ല. ശ്രീ. ചിത്തരഞ്ജൻ ഇന്ന് ഈ നിലയിൽ പരാമർശിക്കാൻ നിർബന്ധിതനായത് എന്തുകൊണ്ടെന്ന് ഇപ്പോൾ പരാമർശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചെയ്ത പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ഞാൻ റെയിസ് ചെയ്യുകയാണ്. സർ, അങ്ങ് ഈ ചെയറിൽ ഇരുന്നുകൊണ്ട് കഴിഞ്ഞ ദിവസം ഈ വിഷയത്തെ സംബന്ധിച്ച് പറഞ്ഞു. ഈ സഭയിൽ എഴുതിക്കൊടുത്ത ആരോപണം ഉന്നയിച്ചിരുന്നില്ല. അന്ന് ഞാൻ ഇടപെട്ട് പറഞ്ഞു അങ്ങനെ റിക്കാർഡ് നോക്കാതെ അങ്ങു പറഞ്ഞാൽ ഞങ്ങൾ അതു ഹാജരാക്കുമ്പോൾ അങ്ങയ്ക്ക് ബുദ്ധിമുട്ടാകുമെന്ന്. ശ്രീ. ആര്യാടൻ ആദ്യം പ്രസംഗം തുടങ്ങിയത് മി. ശ്രീനിവാസൻ അദ്ദേഹത്തിനെതിരായ ആരോപണം സഭയിൽ ഉന്നയിച്ചുവെന്നാണ്. ശ്രീ. ആര്യാടൻ ഇപ്പോൾ പറഞ്ഞ വാചകവും അതാണ്. അങ്ങ് ചെയറിൽ നിന്ന് കഴിഞ്ഞ ദിവസം പറഞ്ഞു ഉന്നയിച്ചില്ലാ എന്ന്. ഇതു രണ്ടും ഞാൻ ഈ സഭയുടെ മുമ്പിൽ സമർപ്പിക്കുന്നു. അതുകൊണ്ടാണ് കഴിഞ്ഞ ദിവസം ഞാൻ സ്നേഹപൂർവ്വം മുന്നറിയിപ്പ് നൽകിയത്, അങ്ങനെ അറുത്തുമുറിച്ച് ഉന്നയിച്ചിട്ടില്ല എന്ന് പറഞ്ഞേക്കരുത് എന്ന്. ഇപ്പോൾ ആര്യാടൻ തന്നെ പറഞ്ഞു.

മി. ചെയർമാൻ : ഇവിടെ ഉണ്ടായ പരാമർശം ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്നതാണ്. ശ്രീ. ചാക്കോയാണ് ഈ പ്രശ്നം പ്രസംഗമദ്ധ്യേ ഈ സഭയിൽ കൊണ്ടുവന്നത്. അപ്പോൾ അതേക്കുറിച്ചുള്ള പ്രതികരണങ്ങൾ ഉണ്ടായി. ബഹുമാനപ്പെട്ട മെമ്പറും അന്ന് അതിനെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞു. അതിനെത്തുടർന്നാണ് അങ്ങനെ ഒരു പരാമർശം നടത്തേണ്ടതായി വന്നത്. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ കാണുമെന്ന് അന്ന് പറഞ്ഞു. അത് പരിശോധിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടു. പരിശോധിക്കാവുന്നതാണെന്നും ചെയറിൽ നിന്നും പറയുകയുണ്ടായി. ഇപ്പോൾ ശ്രീ. ചിത്തരഞ്ജന്റെ പ്രസംഗമദ്ധ്യേ പരാമർശം വന്നപ്പോഴാണ അദ്ദേഹം ഇങ്ങനെ വിശദീകരണം നടത്തിയത്. ഇനി അതേക്കുറിച്ച് കൂടുതൽ ചർച്ച ആവശ്യമാണെന്ന് എനിക്ക് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ : അങ്ങയുടെ ബുദ്ധിമുട്ട് എനിക്ക് മനസ്സിലാകും. ഞാൻ അതുകൊണ്ട് പ്രസ് ചെയ്യുന്നില്ല. അന്ന് അങ്ങ് അറുത്തുമുറിച്ച് പറയരുതായിരുന്നു.

മി. ചെയർമാൻ : അന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന് ചെയറിൽ നിന്ന് റൂളിംഗ് തിരുത്തേണ്ടി വന്നിട്ടില്ലായെന്നു തന്നെയാണ് ചെയർ ഇപ്പോഴും അഭിപ്രായപ്പെടുന്നത്. ഞാൻ അന്ന് ഇവിടെ പരാമർശിച്ചത് സഭയിൽ ഉന്നയിക്കപ്പെടുന്ന കാര്യങ്ങൾ മാത്രമേ നിയമസഭയുടെ നടപടിക്രമങ്ങളിൽ വരാറുള്ളു എന്നാണ്. എന്തായാലും ആരോപണങ്ങൾ എഴുതിക്കൊടുത്തു. എഴുതിക്കൊടുത്ത ആക്ഷേപം പരാമർശിക്കപ്പെടുന്നു. അത് ഈ സഭയുടെ ബന്ധപ്പെട്ട ഫയലുകളിൽ കാണും. ഞാൻ അത് പരിശോധിക്കാമെന്നും പറഞ്ഞു. ഇപ്പോൾ അത് വീണ്ടും ഒരു ചർച്ചാവിഷയമാക്കേണ്ട ആവശ്യമില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ : ഞങ്ങൾ അത് സൗഹാർദ്ദപൂർവ്വം വിടുന്നു.

ശ്രീ. സിറിയക് ജോൺ : സർ, ശ്രീ. പി. കെ. വി. യെപ്പോലെയുള്ള ഒരു പാർട്ടി നേതാവ് ചെയറിന്റെ നിഷ്പക്ഷതയെ ഇങ്ങനെ പരിഹസിച്ചുകൊണ്ട് പറയുന്നത് ശരിയാണോ ?

മി. ചെയർമാൻ : ചെയറിന്റെ നിഷ്പക്ഷതയെ ഒന്നും ബഹുമാനപ്പെട്ട പി. കെ. വി. ചോദ്യം ചെയ്തിട്ടില്ല. അങ്ങനെ ചെയ്തതായി ചെയർ കരുതുന്നുമില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി പിന്താങ്ങുന്നു. ഈ നിയമസഭയിൽ ഭൂരിപക്ഷം ഇല്ല എന്ന അഭിപ്രായ ഗതിയുമായി ഏതാനും ചില നിയമസഭാ സാമാജികൻമാർ അപ്പുറത്തിരുന്നുകൊണ്ട് പലപ്പോഴും ചില ആക്രോശങ്ങൾ നടത്തുന്നത് കാണുമ്പോൾ എനിക്ക് അത്ഭുതം തോന്നുകയാണ് സർ.

ശ്രീ. സി. പി. മൂസാൻകുട്ടി : സർ, പോയിന്റ് ഓഫ് ഓർഡർ. സർ, ഇവിടെ 70 മെമ്പർമാർ ഇതിന് എതിരായി വോട്ടു ചെയ്തതിനു ശേഷവും ഏതാനും ചില മെമ്പർമാർ എന്നു പറയുന്നത് ഓർഡറിലാണോ സർ?

മി. ചെയർമാൻ : ഇതിനകത്തു ക്രമപ്രശ്നമൊന്നുമില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ. കുര്യൻ ഗവർണ്ണറെ ഇങ്ങോട്ട് ആനയിക്കുകയും ഈ നിയമസഭയുടെ വേദിയിൽ വന്നു അവർ പ്രസംഗിച്ചതിന് ശേഷം അദ്ദേഹം തിരിച്ച് ഗവർണ്ണറെ യാത്രയാക്കുകയും ചെയ്തിട്ട് ഈ നിയമസഭാവേദിയിൽ കയറി വായിച്ച നയപ്രഖ്യാപന പ്രസംഗത്തിന് എന്തെങ്കിലും അഭിപ്രായം പറയാൻ ഉണ്ടെങ്കിൽ പിറേറന്ന് ശനിയാഴ്ച രണ്ടുമണിക്ക് മുമ്പ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടതുതന്നെ ഭൂരിപക്ഷമുണ്ടെന്നുള്ളതിന്റെ വ്യക്തമായ തെളിവാണല്ലോ സർ. മാത്രമല്ല, സർ, ഇവിടെ സ്പീക്കർ ശ്രീ. കുര്യൻ രാജിവച്ച് ഒഴിഞ്ഞതുതന്നെ ഇപ്പുറത്ത് ഉള്ള വമ്പിച്ച ഭൂരിപക്ഷംകൊണ്ടാണ് എന്നുള്ള കാര്യത്തിൽ തർക്കത്തിന് അവകാശമുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഭൂരിപക്ഷം ഉണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയത്തിനും അവകാശമില്ല. ബഹുമാനപ്പെട്ട മുൻ സ്പീക്കർ തന്നെ അത് തെളിയിച്ചു കഴിഞ്ഞ നിലയ്ക്ക് ഇനി ഭൂരിപക്ഷം ഉണ്ടോ എന്ന ചോദ്യം ഈ നിയമസഭാവേദിയിൽ ഉന്നയിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുതന്നെ അപഹാസ്യമാണ്; നാണക്കേടാണ്. ഈ നിയമസഭയിൽ ഭൂരിപക്ഷം ഉണ്ട് എന്ന് തെളിയിക്കാൻ ശ്രീ. ഷൺമുഖദാസ് ഇവിടെ പ്രമേയം അവതരിപ്പിച്ചതിന് ഞാൻ അദ്ദേഹത്തിന് നന്ദി പ്രകാശിപ്പിക്കുകയാണ്.

ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ, കാലോചിതമായ മാററങ്ങളെക്കുറിച്ചും കഴിഞ്ഞ 21 മാസക്കാലം ഈ രാജ്യത്ത് ഉണ്ടായിരുന്ന കൊള്ളരുതാത്ത ഭരണത്തെക്കുറിച്ചും എടുത്തു പറഞ്ഞിട്ടുണ്ട്. ആഭ്യന്തര വകുപ്പിനെക്കുറിച്ചാണല്ലോ എല്ലാവരും പറയുന്നത്. കഴിഞ്ഞ 21 മാസക്കാലം കൊണ്ട് നമ്മുടെ നാട്ടിലെ രാഷ്ട്രീയമായ കയ്യാംകളിമൂലം ഈ രാജ്യത്ത് അനേകം ചെറുപ്പക്കാരെ കൊലചെയ്തത് നമുക്കറിയാവുന്നതാണ്. ശ്രീ. ടി. കെ. രാമകൃഷ്ണൻെറ കൊള്ളരുതാത്ത പോലീസ് ഭരണംകൊണ്ട് 1467 ചെറുപ്പക്കാരാണ് കഠാരമുനയ്ക്ക് ഇരയായി കൊല്ലപ്പെട്ടിട്ടുള്ളത്. 1467 ചെറുപ്പക്കാരെ ഇങ്ങനെ കൊല ചെയ്യാൻ പ്രേരിപ്പിച്ച ഒരു സർക്കാർ ഈ രാജ്യത്തുണ്ടായി. നിങ്ങൾക്കറിയാമോ കൈബോംബ്, കഠാര, കൈക്കോടാലി എന്നിവ കൊണ്ടുള്ള പ്രയോഗങ്ങളാണ് ഈ രാജ്യത്ത് മുഴുവൻ നടക്കുന്നത്. പതിനായിരത്തിൽപ്പരം ചെറുപ്പക്കാർ ജില്ലാ ആശുപത്രിയിൽ കൈയും കാലും മററ് അവയവങ്ങളുമില്ലാതെ മരണത്തോട് മല്ലിട്ടുകൊണ്ട് കിടക്കുകയാണ്. അവരെ സംരക്ഷിക്കാനുള്ള നടപടിപോലും അന്നത്തെ സർക്കാർ ചെയ്തില്ല. ഇതിനെല്ലാം കാരണം അന്നത്തെ ആഭ്യന്തരമന്ത്രിയുടെ കൊള്ളരുതാത്ത നയം മൂലമാണെന്ന് പറയാതെയിരിക്കുവാൻ നിവൃത്തിയില്ല. ഇന്ന് രാമകൃഷ്ണൻ എൻെറ പ്രസംഗം കേൾക്കാൻ അവിടെ ഇല്ല. അദ്ദേഹം ഇതിന് മറുപടി പറയേണ്ട ആളാണ്. അദ്ദേഹം എവിടെയോ മാറിയിരിക്കുകയാണ്. പതിനായിരക്കണക്കിന് കേസ് എടുക്കാത്ത സംഭവങ്ങൾ ഉണ്ട്. സംസ്ഥാനത്തെ ക്രമസമാധാനനില പലിക്കപ്പെടേണ്ട ഒരു സർക്കാർ ഒരു അക്രമിയുടെ പേരിലും കേസ് എടുക്കാത്ത സംഭവങ്ങൾ ഉണ്ട്.

ശ്രീ. പി. കെ. ശ്രീനിവാസൻ: പോയിൻറ് ഓഫ് ഓർഡർ. ഭരണപക്ഷത്തുള്ള ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഭരണപക്ഷത്തുള്ള ആഭ്യന്തരമന്ത്രിയെ വെല്ലുവിളിക്കുന്നതും കൊലയാളി എന്ന് വിളിക്കുന്നതും ശരിയാണോ സർ ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: ശ്രീനിവാസന് പഴയ ഓർമ്മ തോന്നിപ്പോയതാണ്. നമുക്കറിയാം സർ, അന്ന് ഈ രാജ്യത്തെ ജനങ്ങളുടെ സൈ്വരജീവിതം തകർത്ത ജനങ്ങൾക്ക് കിടക്കപ്പൊറുതി ഇല്ലാതാക്കി ഗ്രാമങ്ങളിലും കുടിലുകളിലും ഗ്രാമപ്രദേശത്തും കഴിഞ്ഞുകൊണ്ടിരുന്ന ജനങ്ങളുടെ ജീവിതം തകർത്തുകൊണ്ടിരുന്ന ഒരു സർക്കാർ ആയിരുന്നു ശ്രീ. ഇ. കെ. നായനാരുടെ സർക്കാർ. ആ നാണംകെട്ട സർക്കാർ പോയതിനുശേഷം ഇവിടെ ഇന്ന് ഈ രാജ്യത്തെ ജനങ്ങൾ സന്തോഷഭരിതരായി കഴിഞ്ഞുകൂടുകയാണ്. ഇന്ന് ആളുകളൊക്കെ എണ്ണതേച്ച് കുളിച്ച് കിടന്നുറങ്ങുകയാണ്. പണ്ട് അത് ഉണ്ടായിരുന്നില്ല. കാരണം കഠാര എപ്പോൾ വരുമെന്ന് എങ്ങനെ അറിയാം. എപ്പോൾ വീട് പൊളിക്കും, എപ്പോൾ ഭവനഭേദനം നടത്തുമെന്ന് കാത്തുകൊണ്ട് ഉറക്കംപിടിക്കാതെ തലയിണയുടെ കീഴിൽ വെട്ടുകത്തിയുമായി കിടന്നുറങ്ങിയ സാഹചര്യമായിരുന്നു അന്ന് ഈ രാജ്യത്ത് ഉണ്ടായിരുന്നത്. അത്രകണ്ടു ഭയാനകമായ സ്ഥിതിവിശേഷം ഈ സംസ്ഥാനത്തുണ്ടായിരുന്നു, നമുക്കറിയാം. തലശ്ശേരിയിൽ, നാട്ടികയിൽ, ഒല്ലൂരിൽ, മേലൂരിൽ കോണിച്ചിറയിൽ തുടങ്ങി സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ എത്രയെത്ര കർഷകരെ, എത്രയെത്ര പാവപ്പെട്ടവരെ, എത്രയെത്ര സാധാരണക്കാരെ കൊന്ന സർക്കാർ ആയിരുന്നു അപ്പുറത്തിരിക്കുന്ന ആളുകളുടെ ഭാഗത്ത് ഉണ്ടായിരുന്നത്. ശ്രീ. രാമകൃഷ്ണനും നായനാരും അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദികൾ ആയിരുന്നു സർ. ഇന്ന് എത്ര ശാന്തി, എത്ര സമാധാനം എത്ര നല്ല അന്തരീക്ഷമാണുള്ളത്. ഇന്ന് എവിടെ ചെന്നാലും പറയുന്നത് എന്താണെന്നറിയാമോ, ആ നാറിയ സർക്കാർ, പണ്ടാറടങ്ങിയ സർക്കാർ പോയല്ലോ എന്നാണ്. ഇന്ന് പാടശേഖരങ്ങളിൽ സമാധാനം, വ്യവസായ ശാലകളിൽസമാധാനം. എവിടെ നോക്കിയാലും സമാധാനം. കിടന്നുറങ്ങുന്നവർക്കെല്ലാം സമാധാനം. ഇങ്ങനെയൊരു സൽഭരണം ഈ ജനാധിപത്യ ഐക്യമുന്നണിയുടെ വേദിയിൽ നിന്നുകൊണ്ട് ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് ചെയ്യാൻ കഴിഞ്ഞുവെന്നുള്ളത്, ഈ രാജ്യത്തെ ജനങ്ങളെ ഒരു പ്രതിജ്ഞ എടുക്കാൻ നിർബന്ധിതരാക്കിയിരിക്കുകയാണ്. ഇനി ഒരു തെരഞ്ഞെടുപ്പ് വന്നാൽ ഈ മാർക്സിസ്റ്റ് കാപാലികൻമാരെയും അവരോടൊട്ടി നിൽക്കുന്ന സി. പി. ഐ. ക്കാരെയും ഈ സംസ്ഥാനത്തെ ജനങ്ങൾ തുടച്ചുമാററുമെന്ന് പ്രതിജ്ഞ എടുത്തിരിക്കുകയാണ്. അത്രകണ്ട് വിജയകരമായി ജനാധിപത്യമുന്നണി മുന്നോട്ടുപോകണമെന്നാഗ്രഹിച്ചുകൊണ്ടാണ് ഈ രാജ്യത്തെ ജനങ്ങൾ നിലകൊള്ളുന്നത്. തെരഞ്ഞെടുപ്പിനെ ഞങ്ങൾ ഭയപ്പെടുന്നില്ല. തിരഞ്ഞെടുപ്പിനെ നേരിടാനും ഞങ്ങൾ തയ്യാറാണ്. ഇപ്പുറത്തിരിക്കുന്ന മുഴുവൻ ആളുകളും തിരഞ്ഞെടുപ്പിനെ നേരിട്ട് ഈ നിയമസഭയിൽ തിരിച്ചു വരുമ്പോൾ അപ്പുറത്തിരിക്കുന്നവരിൽ പത്തു ശതമാനംപോലും തിരിച്ചുവരികയില്ല എന്ന കാര്യം വളരെ വ്യക്തമാണ്. അത്രകണ്ട് കൊള്ളരുതായ്മയും വൃത്തികേടും താന്തോന്നിത്വവും നടത്തിയവരാണ് അപ്പുറത്തിരിക്കുന്നവർ. അതുകൊണ്ട് അവർക്ക് തിരിച്ചുവരാൻ കഴിയുകയില്ല. ഈ സംസ്ഥാനത്തെ ഖജനാവു കൊള്ളയടിച്ചുകഴിഞ്ഞിരിക്കുകയാണ്. ഒരൊററ വികസനപദ്ധതിയും ഈ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. നമ്മുടെ രാജ്യത്തെ വികസനപദ്ധതിക്കുവേണ്ടി കോടിക്കണക്കിനു രൂപ ഇൻഡ്യാ ഗവൺമെൻറു അനുവദിച്ചിട്ട് ആ പണമെല്ലാം ധൂർത്തുപുത്രൻമാരായ മന്ത്രിമാർ ധൂർത്തടിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഭരണം നടത്തുന്നതിനു പണമില്ല. പണമില്ലാത്തതുകൊണ്ട് ഇന്ദിരാഗാന്ധിയെ കണ്ട് അൽപ്പം പണം വാങ്ങിച്ചിട്ടാണ് ഇപ്പോൾ ഭരണം നടത്തുന്നത്. നമ്മുടെ രാജ്യത്തെ സാമ്പത്തികശേഷിയെക്കുറിച്ച് നാം ആലോചിക്കണം. വരാൻപോകുന്ന പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. അനവധി കാര്യങ്ങൾ ഈ രാജ്യത്ത് ചെയ്തു തീർക്കേണ്ടതായി ഉണ്ട്. അതിനുവേണ്ട പണവുമായി നാം മുന്നോട്ടുപോകേണ്ട സാഹചര്യമാണ്. ഈ സംസ്ഥാനത്തിന്റെ കാര്യത്തിൽ കൂടുതൽ മുഖ്യമായ പങ്കുവഹിക്കുവാൻ വേണ്ടിയാണ് ഈ രാജ്യത്തെ ജനങ്ങളും ചിന്തകൻമാരും എല്ലാം ഒന്നിച്ച് നിൽക്കാൻപോകുന്നത്. നമ്മുടെ നായനാരെയും എം. കെ. കൃഷ്ണനെയും ഗൗരിയമ്മയെയുംപോലെയുള്ള ആളുകളെ വിശ്വസിക്കാൻ പററുമോ? ഒരിക്കലും വിശ്വസിക്കാൻ പററുകയില്ല. 1942-ൽ ഇൻഡ്യയിലെ ജനകോടികൾ സ്വാതന്ത്ര്യത്തിന്റെ അവസാന നാഴികകല്ല് കടന്ന് മുന്നോട്ടു പോയി. 'ക്വിററ് ഇൻഡ്യാ' പ്രമേയം അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു തുടങ്ങിയ ദേശീയ നേതാക്കൻമാർ വെള്ളക്കാർ ഇൻഡ്യ വിടുക എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോയപ്പോൾ അവിടെ ഇരിക്കുന്നവർ എന്താണ് ചെയ്തത് എന്നറിയാമോ? രണ്ടാം ലോകമഹായുദ്ധം 1939-ൽ ആരംഭിച്ചു. ജർമ്മനിയും അമേരിക്കയുമായി യുദ്ധം പ്രഖ്യാപിച്ചു. ജർമ്മനി കൊച്ചു രാജ്യമാണ്. ഫാസിസ്ററു രാജ്യമെന്നു പറഞ്ഞു മുദ്രയടിച്ചു. ആ കൊച്ചു രാജ്യത്തെ തകർക്കാൻ അമേരിക്കയോടൊപ്പം മുതലാളിത്ത രാജ്യങ്ങളും ചേർന്നു. അമേരിക്കയോടൊപ്പം ഫ്രാൻസും ഇംഗ്ലണ്ടും ചേർന്നു. ആ യുദ്ധം നടക്കുമ്പോൾ ആ യുദ്ധത്തെ സഹായിക്കാൻ അപ്പുറത്തിരിക്കുന്ന സോവിയററുകാർ തീരുമാനിച്ചു, സോവിയററു യൂണിയൻ യുദ്ധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിയായപ്പോൾ ഇൻഡ്യയിലെ കമ്മ്യൂണിസ്ററുകാർ അന്നു ആ യുദ്ധത്തിൽ സാമ്രാജ്യത്വത്തെ സഹായിക്കാൻ നടന്നവരാണ്. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിന്റെ പതാക തകർക്കാൻ അന്ന് ഇവർ നടന്നതാണ്. അന്നു പറഞ്ഞതു എന്താണെന്നറിയാമോ, ഈ യുദ്ധം ജനകീയ യുദ്ധം ആണെന്നാണ്. ഇൻഡ്യയിലെ ജനകോടികൾ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതുമ്പോൾ, മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും അതുപോലെയുള്ള നേതാക്കൻമാരും ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ ഈ സഖാക്കൾ അന്ന് ചെയ്തത്, ഈ യുദ്ധം, നമ്മുടെ യുദ്ധം ഈ യുദ്ധം ജനകീയ യുദ്ധം, എന്നു പറഞ്ഞ് ബ്രിട്ടീഷുകാരുടെ ചോററുപട്ടാളമായി പ്രവർത്തിക്കുകയായിരുന്നു. ബ്രിട്ടീഷുകാർക്കുവേണ്ടി വാദിച്ചിരുന്നവരാണ് ഇവർ. ബ്രിട്ടീഷുകാരിൽനിന്നു കൈക്കൂലി വാങ്ങിയവരാണ് ഇവർ. സ്വാതന്ത്ര്യത്തെ തകർക്കാൻ നടന്നിരുന്ന പാർട്ടിയാണ്. ഇൻഡ്യയിലെ കമ്മ്യൂണിസ്ററു പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇടതായാലും വലതായാലും രാജ്യത്ത് ശിഥിലീകരണം വളർത്തിയെടുക്കാൻ ശ്രമിച്ച ചരിത്രമല്ലാതെ ഉണ്ടായിട്ടില്ല. അങ്ങനെയുള്ള രാഷ്ട്രീയപ്പാർട്ടി എന്നും ഇൻഡ്യയെ അപമാനിച്ചിട്ടേയുള്ളു. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ തുരങ്കം വച്ചിട്ടുണ്ട്. അവർ എത്ര എതിർത്തിട്ടും 1947-ൽ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി. ആ സ്വാതന്ത്ര്യത്തിന്റെ പതാക ജവഹർലാൽ നെഹറു ചെങ്കോട്ടയിൽ നാട്ടുമ്പോൾ ഇവർ ചെയ്തത് കരിങ്കൊടി നാട്ടലായിരുന്നു. നിങ്ങൾക്കറിയാമോ കരിങ്കൊടിക്കാരാണ് ഇവർ. അങ്ങനെ 1947-ൽ ആരംഭിച്ച കരിങ്കൊടികാട്ടൽ ആണ് കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ നിങ്ങൾ ഇവിടെ കാണിച്ചത്. നിങ്ങൾ അതു തുടരുമെന്ന് ഞങ്ങൾക്കറിയാം. തുടർന്നോ. ഞങ്ങളുടെദേശീയപ്രസ്ഥാനം ഈ രാജ്യത്തുണ്ട്. ആ പ്രസ്ഥാനം ഇൻഡ്യൻജനാധിപത്യത്തിനുവേണ്ടി വളർത്തിയെടുത്തിട്ടുള്ളതാണ്. ജനാധിപത്യം എന്ന മൂല്യം സങ്കൽപ്പത്തിലല്ല. യാഥാർത്ഥ്യത്തിൽ കൊണ്ടുവന്നത് ഭാരതമാണ്; നിങ്ങളാരുമല്ല. ജനാധിപത്യം ചൈനയിലുണ്ടോ? റഷ്യയിലുണ്ടോ? അവിടെ പ്രസംഗിക്കാനുള്ള അവകാശമുണ്ടോ? പണിമുടക്കാനുള്ള അവകാശമുണ്ടോ? അവിടെ ആർക്കെങ്കിലും സ്വതന്ത്രമായി ഒരു പത്രം..........

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ എപ്പോഴും ഇങ്ങോട്ടു കൈകാണിച്ച് പ്രതിപക്ഷങ്ങളെ ഭീഷണിപ്പെടുത്തുന്നത് ഓർഡറിലാണോ ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു. അന്തർദ്ദേശീയകാര്യങ്ങളൊക്കെ പറയാൻ നമുക്കു സമയം കുറവാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: പോളണ്ട് ഒരു കമ്മ്യൂണിസ്ററു രാജ്യമാണ്. പോളണ്ടിൽ ഇപ്പോൾ നടക്കുന്നത് എന്താണ്? തൊഴിലാളികൾ തങ്ങൾക്ക് സ്വാതന്ത്ര്യം വേണമെന്നു പറഞ്ഞു. പട്ടാളത്തെ ഉപയോഗിച്ച് ആ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നു. പോളണ്ടിൽ, ഇവരുടെ രാജ്യത്തിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ചൈനയുടെ. ചെക്കോസ്ലോവാക്യയുടെ ഒക്കെ നടപടികൾ ഇതൊക്കെയാണ്. എന്നിട്ട് വേദാന്തം പറയുകയാണ്. നിങ്ങൾക്കെന്തോ ജനാധിപത്യം? യാതൊന്നുമില്ല. ജനാധിപത്യത്തെ കുറിച്ച് പറയാൻ നിങ്ങൾക്ക് ഒരവകാശവുമില്ല. നിങ്ങൾ മാതൃഭൂമിയെ വഞ്ചിക്കുന്നവരാണ്. നിങ്ങൾ മാതൃഭൂമിയോടു കൂറില്ലാത്തവരാണ്. ഈ രാജ്യത്തെ ധ്വംസിക്കാൻ ഈ രാജ്യത്തിന്റെ ജനാധിപത്യമര്യാദകളെ ലംഘിച്ചുകൊണ്ട് നിങ്ങൾ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. അതാണ് നിങ്ങളുടെ ജോലിയെന്ന് ഇവിടെ ചരിത്രം തെളിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങൾ നിങ്ങളെ പൊറുപ്പിക്കുകയില്ല. സർ, അതുകൊണ്ടു ഈ സംസ്ഥാനത്തിന്റെ ഭാവി ഈ രാജ്യത്തെ ജനാധിപത്യ ഐക്യകക്ഷികളുടെ മുന്നിലാണ് ജനങ്ങൾ അർപ്പിച്ചിരിക്കുന്നത്. അതിൽ ഭൂരിപക്ഷം വലിയ ഒരു പ്രശ്നമല്ല ഭൂരിപക്ഷം ഉണ്ട് ഇവിടെ. ആ ഭൂരിപക്ഷത്തിൽ നിന്നുകൊണ്ടുതന്നെ ഈ രാജ്യത്തെ ജനങ്ങളുടെ ക്രമസമാധാനം പാലിക്കും. ഈ ഒന്നരമാസക്കാലത്തിനുള്ളിൽ വലിയ സമാധാനമാണ് ഈ രാജ്യത്ത് ഉള്ളത് എന്നതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടിയെ വാനോളം പുകഴ്ത്തുകയാണ്. പോലീസ് എത്രയോ ക്രിയാത്മകമായി ഈ രാജ്യത്തെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. രാഘവൻ പൊഴക്കടവിന്റെ സമയം കഴിഞ്ഞു. ഒരു സെന്റൻസ് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുക.

ശ്രീ. രാഘവൻ പൊഴക്കടവിൽ: അനവധി കാര്യങ്ങൾ പറയാനുണ്ട്. ഈ കാപാലികരാഷ്ട്രീയത്തിന്റെ ചരിത്രം പറഞ്ഞാൽ കേരളത്തിന്റെ മക്കൾ അവരെ ഈ നിയമസഭയിൽനിന്നും പുറത്താക്കും. ഈ രാജ്യത്ത് ജനാധിപത്യം പുലരാനും ഈ രാജ്യത്ത് ജനാധിപത്യത്തെ ഉയർത്താനും നിങ്ങൾ ഈ വേദിയിൽ കാണാൻ വന്നിരിക്കുന്നവർ നിങ്ങളുടെ നാട്ടിൽച്ചെന്നു പറയണം, ഇവരെ ഇനി ഈ നിയമസഭയിലേക്ക് തിരിച്ചയയ്ക്കരുത് എന്ന്. ഈ രാജ്യത്തെ ജനങ്ങളുടെ വികാരം അതാണ്. ആ വികാരം ഉൾക്കൊണ്ടു കൊണ്ട് ഇവിടെ ജനാധിപത്യ ഭരണകൂടം ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ അനുസ്യൂതം തുടർന്നുകൊള്ളട്ടെ.

ശ്രീ. എ. വി. താമരാക്ഷൻ: പോയിന്റ് ഓഫ് ഓർഡർ. സർ, ബഹുമാനപ്പെട്ട ഒരംഗം പ്രസംഗിക്കുമ്പോൾ ഗ്യാലറിയിൽ ഇരിക്കുന്ന ആളുകളെ നോക്കിക്കൊണ്ടു പ്രസംഗിക്കുന്നത് ശരിയാണോ? അതിനു റൂളിംഗ് വേണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കേണ്ടത് ചെയറിനെ നോക്കിക്കൊണ്ട് ആണ്. അങ്ങോട്ടു നോക്കുകയാണെങ്കിൽ നോക്കേണ്ട എന്നു പറയാൻ പററുമോ? ചിലർ സംസാരിക്കുമ്പോൾ മുകളിലോട്ടൊക്കെ നോക്കി സംസാരിക്കും.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഗ്യാലറിയെനോക്കി പരാമർശിക്കാൻ പാടില്ലായെന്ന് സ്പെസിഫിക് റൂൾ ഉണ്ട്.

ശ്രീ. വൈക്കം വിശ്വൻ: സർ, ഇവിടെ വായിക്കപ്പെട്ടിരിക്കുന്നുവെന്ന് അവകാശപ്പെടുന്ന ഗവർണ്ണറുടെ ഈ പ്രസംഗത്തിന് ശ്രീമാൻ തച്ചടി പ്രഭാകരൻ അവതരിപ്പിച്ച പ്രമേയത്തെക്കുറിച്ചുള്ള ചർച്ച നടക്കുകയാണ്. പ്രമേയം അതിന്റേതായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് പ്രമേയം എന്നു പറയാൻ കഴിയുകയില്ല. എന്തായാലും പിന്താങ്ങേണ്ടതായ സമീപനത്തെ ഞാൻ എതിർക്കുകയാണ് ഈ സമീപനം തന്നെ ഈ ഗവൺമെന്റു വന്ന സമീപനത്തോടു ബന്ധപ്പെട്ടതാണ്. നമ്മുടെ രാജ്യത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തുന്നതിനും ജനാധിപത്യം തകർക്കുന്നതിനും, രാഷ്ട്രീയ വഞ്ചന നടത്തുന്നതിനും പൊതു ജീവിതത്തിൽ സദാചാര ബോധം കളങ്കപ്പെടുത്തുന്നതിനും കരുതിക്കൂട്ടി ഇറങ്ങിയ ഒരു പററം ആളുകളുടെ വിക്രിയകളാണ് ഇത്. ഉഷ്ണപ്പുണ്ണുള്ളവൻ അത് പട്ടുവസ്ത്രങ്ങൾ കൊണ്ട് മൂടി താൻ യോഗ്യനാണെന്ന് അവതരിപ്പിക്കുന്ന ശൈലിയുടെ സമർത്ഥനായ കഴിവുററവനാണ് ശ്രീ. തച്ചടി പ്രഭാകരൻ എന്നു തോന്നുന്ന രീതിയിൽ ആണ് ഇവിടെ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത് എന്ന് ആ പ്രമേയത്തിന്റെ രൂപത്തിലും ഭാവ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും കാണാൻ കഴിയും. ഒരു പരിപാടിയുടെ പ്രഖ്യാപനത്തിന്റെ അംഗീകാരത്തിനു വേണ്ടിയല്ല ഈ കൃതജ്ഞതാപ്രമേയത്തെ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്. കാരണം കഴിഞ്ഞകാല തെരഞ്ഞെടുപ്പിൽ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ സമീപിക്കാൻ ഒരു ഇടതുപക്ഷ ജനാധിപത്യമുന്നണി ഉണ്ടായിരുന്നു. അതിന്റെ ശക്തമായ കോട്ടകൊത്തളങ്ങൾ ഉയർന്നു കഴിഞ്ഞപ്പോൾ ഒരു പരിപാടി തന്നെ ഇല്ലാത്തവർ തങ്ങൾക്കിഷ്ടമുള്ള പേരിട്ട് അതിനെ ചെറുക്കാൻ ശ്രമിച്ചിരുന്നു. അവരെ ജനങ്ങൾ പുച്ഛരിച്ച് തള്ളി, പുറംകാലു കൊണ്ട് തൊഴിച്ച് തകർന്നു വീണ അവർ പിന്നീട് പിൻവാതിലിൽ കൂടി അധികാരത്തിൽ വരുന്നതിന് ഒരു പരിപാടി അവർക്കാവശ്യമില്ല. ജന നൻമയെക്കുറിച്ച് അവർക്ക് ആലോചിക്കേണ്ടയാവശ്യമില്ല. ജനങ്ങൾക്കു എന്തുചെയ്യണമെന്നാലോചിക്കാനുള്ള ബാദ്ധ്യത അവർക്കില്ല. കാരണം കീശ വീർത്തു കഴിഞ്ഞ മുതലാളിമാരുടെ താൽപ്പര്യത്തിനു വേണ്ടിയിട്ട് ഏതാനും ആളുകളെ കിട്ടാനിടയുണ്ടെങ്കിൽ എവിടെനും എന്തും കെട്ടിപ്പോകാൻ കഴിയും എന്ന മുതലാളിത്ത പൊതു ജീവിതത്തിന്റെ നാറിപ്പുളിച്ച ജീവിത പ്രത്യയ ശാസ്ത്രം ആയിരുന്നു അവർക്ക് ആവേശം നൽകിയത്. ചില ആളുകൾ പറഞ്ഞു ഡിസംബർ 26 വരെ എന്നെക്കാണാൻ ആരും വന്നില്ല എന്ന്, 26-ന് ശേഷം ചില ആളുകൾ വന്നു. സർ, നമ്മുടെ നാട്ടിൽ ചിലപ്പോൾ ചില ആടറവുകാരെ കാണാറുണ്ട്. മൃഗങ്ങളെക്കൊണ്ടുക്കൊടുക്കാൻ അവർക്ക് ഇഷ്ടപ്പെട്ടില്ലെങ്കിൽ അറവുകാരുണ്ടല്ലോ വാങ്ങാൻ വീട്ടിൽ ചെല്ലും അറവുകാരൻ വീട്ടിൽ ചെന്നാൽ വീട്ടുകാരൻ ഉടനെ പറയും ഇനി ഇവിടെ മുമ്പിൽ നിൽക്കേണ്ട, എന്റെ ആടിനെ നോക്കേണ്ട, കഷ്ടകാലത്തിനെങ്ങാനും ഈ അറവുകാരൻ ആടിനെ കയറിപ്പിടിച്ചാൽ ഉറപ്പാണ്, അറവുകാരൻ പറയുന്ന വിലയ്ക്ക് കൊടുത്തിരിക്കും. അതുപോലെ ബലി മൃഗങ്ങളെപ്പോലെ ജനപ്രതിനിധികളെ ഇറച്ചി വിലയ്ക്ക് തൂക്കിവാങ്ങിച്ചുകൊണ്ട് ജനാധിപത്യത്തെ കശക്കിയെറിഞ്ഞ ഒരു പററം ആളുകൾ നമ്മുടെ രാജ്യത്ത് അധികാരത്തിൽ വന്നിരിക്കുകയാണ്. അതുകൊണ്ട് അവർക്ക് ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ നേരിടാൻ കഴിയാത്ത സ്ഥിതി വിശേഷം ഉണ്ടായി കഴിഞ്ഞിരിക്കുന്നു. ഈ കഴിഞ്ഞ കാല ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്ന് ഇവിടെ നിന്നു കൂറു മാറിപ്പോയവർക്കു പറയാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. ശ്രീമാൻ മാണി എഴുന്നേററു നിന്നു പറഞ്ഞത് ഞാനും കൂടി ഉള്ളതു കൊണ്ടല്ലേ കാര്യങ്ങൾ ചെയ്തത് എന്ന്, ആർക്ക് തർക്കം? മാണിയും കൂടി ഉള്ളതു കൊണ്ടുതന്നെയാണ് കുറെ കാര്യങ്ങൾ ഇവിടെ ചെയ്തു തീർത്തത് എന്ന കാര്യത്തിൽ ആർക്കാണ് സംശയം. പക്ഷേ മാണി ഉണ്ടായിരുന്ന ഗവൺമെന്റുകളും കേരളത്തിൽ ഭരിച്ചിരുന്നു. മാണി ആഗ്രഹിക്കുന്ന, ലൂക്കോസ് ആഗ്രഹിക്കുന്ന കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിൽ പല ഗവൺമെന്റുകളിലും അവർ പങ്കാളികളായിരുന്നു. പക്ഷെ കൃഷിക്കാരുടെപലിശ കുറച്ചുകൊടുക്കാൻ, കൃഷിക്കാരുടെ നികുതി വെട്ടിക്കുറയ്ക്കാൻ കടാശ്വാസ സൗകര്യങ്ങൾ കൊടുക്കാൻ കൃഷിക്കാരെ കാണാൻ കഴിയുന്ന, കൃഷിക്കാരോട് ആഭിമുഖ്യമുള്ള ഒരു ഗവൺമെന്റ് കേരളത്തിൽ ഉണ്ടായത് അവർ ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ പങ്കാളികളായിരുന്നതിനു ശേഷം മാത്രമാണ്. അന്നു മാത്രമേ ആ രീതിയിൽ ചലിക്കാനും പ്രവർത്തിക്കാനും വേണ്ട കരുത്ത് അവരുടെ ഭാഗത്തു ഉണ്ടായിട്ടുള്ളു. ഇന്ന് മാറി നിൽക്കുമ്പോൾ അന്ന് എടുത്തിരുന്ന ഓരോ നടപടിയേയും തകർത്തുകൊണ്ടുവരുന്ന സാഹചര്യം വന്നുകഴിഞ്ഞിരിക്കുന്നു.

സർ, ഇവിടത്തെ ഇറക്കുമതി നയത്തിനെതിരായി ഞങ്ങൾ ഒരുമിച്ചിരുന്നപ്പോൾ ഇവിടത്തെ കേരളാകോൺഗ്രസ്സുകാർ പ്രസംഗിക്കുന്നതുകേട്ടു, ഇനി എന്താണ് മിസ്ററർ കരുണാകരൻ ഇവിടെ ഇറക്കുമതി ചെയ്യാനുള്ളത് എന്ന്?

LIBRARY ARCHIVES Kerala Legislative Assembly

വാഴപ്പിണ്ടിയും കൂഴച്ചക്കയും ഒഴിച്ച് മുഴുവൻതന്നെ ഇറക്കുമതി ചെയ്യിക്കുന്ന നയമല്ലേ നമ്മുടെ രാജ്യത്തുള്ളത് എന്ന ശ്രീ. ഒ. ലൂക്കോസിന്റെ പ്രസിദ്ധമായ സാഹിത്യശൈലി വേദനിക്കുന്ന കൃഷിക്കാരന്റെ ഹൃദയ പുടത്തിലോട്ട് കടന്നു ചെല്ലുന്നതായിരുന്നു. പക്ഷെ ഇന്ന് ആ കൂഴച്ചക്ക പഴുക്കുന്നതിനു മുമ്പ് ഇട്ടുകഴിഞ്ഞാൽ അതിൽ നിന്നും വരുന്ന അരക്ക് ലൂക്കോസ്സിന്റെ ചിറിയിൽ പററിപ്പിടിച്ചോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ വെളിച്ചണ്ണ ഇറക്കുമതി ചെയ്തപ്പോൾ ശ്രീ. കരുണാകരൻ പറഞ്ഞു ഇറക്കുമതി ചെയ്യുന്ന കരാറിൽ ഒപ്പിട്ടിട്ടില്ല, ഒപ്പിട്ടിട്ടുണ്ടെങ്കിൽത്തന്നെ ഇറക്കുമതി ചെയ്യുകയില്ല എന്ന്. ഇറക്കുമതി ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അത് വ്യാവസായികാവശ്യത്തിനല്ല. ഭക്ഷ്യാവശ്യത്തിനാണെന്നു പറഞ്ഞു. കോഴിക്കോട് അങ്ങാടിയിൽ വെളിച്ചെണ്ണ വരികയും വെളിച്ചെണ്ണയുടെ വില 1800-ൽ നിന്നും 900 ആയി ചുരുങ്ങുകയും ചെയ്തപ്പോൾ ഇന്ന് എവിടെപ്പോയി ആ ധാരണയെന്ന് എനിക്ക് അറിയാൻ സാധിക്കുകയില്ല. വെളിച്ചെണ്ണ വിലയ്ക്ക് കുഴപ്പം വരികയില്ല, കൃഷിക്കാരന് കുഴപ്പം വരികയില്ലെന്ന് പ്രണാബ് മുക്കർജിക്ക് അരങ്ങ് ഒരുക്കിക്കൊണ്ട് അർഘ്യ പാദ്യങ്ങളോടുകൂടി ശ്രീ. കരുണാകരനും പാണ്ടിയും കൊണ്ടു നടന്ന് പ്രസംഗിപ്പിച്ചുപോയപ്പോൾ വെളിച്ചെണ്ണയുടെ പ്രശ്നം എന്തായെന്ന് ഞാൻ ചോദിക്കുകയാണ്. എണ്ണകൊണ്ട് ശൗചം ചെയ്തവന്റെ സ്ഥിതിയിൽ അത് എത്തിച്ചേരേണ്ട സാഹചര്യത്തിലാണ് ആ കാര്യങ്ങൾ എത്തിച്ചേർന്നത്. നിങ്ങൾക്ക് നാണമുണ്ടെന്നു ഞാൻ പറയുന്നില്ല. നാണം നിങ്ങൾക്കില്ലാത്തതുകൊണ്ടുതന്നെ ഇവിടെ നിന്നും ഒളിച്ചോടിയപ്പോൾ ശ്രീ. ഹസ്സനും അദ്ദേഹത്തിന്റെ ആളുകൾക്കും വസ്ത്രം നഷ്ടപ്പെട്ടു എന്നു മാത്രമല്ല അധികാരം കയ്യിൽ കിട്ടിയപ്പോൾ വസ്ത്രം ഉള്ളവന്റെ വസ്ത്രാക്ഷേപത്തിനുവേണ്ടി അവർ തയ്യാറായി കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ലോക്കപ്പിൽ കൊണ്ടുചെല്ലുന്ന ആൾ അയാൾ എൻ. ജി. ഒ. ആയാലും തൊഴിലാളി ആയാലും അദ്ധ്യാപകനായാലും തങ്ങൾക്കെതിരാണെന്നു തോന്നിക്കഴിഞ്ഞാൽ അവരെയെല്ലാം ഉടുവസ്ത്രങ്ങൾ അഴിച്ചുവച്ച് അവരുടെ മേൽ മർദ്ദനഭേദ്യ മുറകൾ നടത്താൻ സാധിച്ചില്ലെങ്കിൽ തങ്ങൾക്ക് ഇഷ്ടപ്പെടാൻ സാദ്ധ്യമല്ല എന്ന സാഹചര്യത്തിലേക്ക് ഈ സുഹൃത്തുക്കൾ ചെന്ന് എത്തിക്കഴിഞ്ഞിരിക്കുകയാണ്, ഈ മർദ്ദനം കൊണ്ടുതന്നെ രക്ഷപ്പെട്ടു കളയാമെന്നുപറയുന്ന സാഹചര്യത്തിലേക്ക് ചില ആളുകൾ എത്തിക്കഴിഞ്ഞിരിക്കുകയാണ്. ഞങ്ങൾ നേരിട്ടുകളയുമെന്നാണ് പറയുന്നത്. നേരിട്ടവരെ എത്രപേരെ നമ്മൾ കണ്ടുകഴിഞ്ഞിരിക്കുന്നു. ക്രമവും സമാധാനവും സംരക്ഷിക്കലാണ്. നാഴി അരിക്കു മുട്ടിയാലും നാല് ഇടിക്ക് മുട്ടാതെ ഞങ്ങൾ ഇവിടെ നിൽക്കുമെന്ന അർത്ഥത്തിലാണ് അവരുടെ പോക്ക്.

പൊതുവിതരണ സമ്പ്രദായമാകെ തകരാറിലാക്കിക്കൊണ്ട് മാവേലി സ്റ്റോറുകൾ തച്ചു തകർത്ത് വാമനൻമാരെ പടുത്തുയർത്തുന്നതിനുവേണ്ടി ആവേശം പകർന്നു കൊടുത്തവരിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് കടന്നുവന്ന് പാവപ്പെട്ടവന് കോടിക്കണക്കിന് രൂപയുടെ വിലവർദ്ധനവിൽ നിന്നും മോചനം നേടിക്കൊടുത്ത ആ പദ്ധതി തകർത്തെന്നു മാത്രമല്ല, കഞ്ഞിക്ക് അരി പോലും മുട്ടുന്ന സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. ഏതാണ്ട് ഒരു ലക്ഷത്തിമുപ്പത്തയ്യായിരം ടൺ വരുന്ന നമുക്ക് കിട്ടിക്കൊണ്ടിരുന്ന അരിയുടെ സ്ഥാനത്ത് 90000 ആയി കുറഞ്ഞതിൽ ആർക്കും ദു:ഖമില്ല; ആർക്കും വേദനയുമില്ല. നമുക്കാവശ്യമായ റേഷനരി കിട്ടുന്നതിനുവേണ്ടി കിട്ടേണ്ട ലോണിന്റെ കവാടങ്ങളെല്ലാം കൊട്ടിഅടച്ചു. ഇവിടെ ഭക്ഷ്യമന്ത്രിയെ മാന്യമായി സൽക്കരിച്ച് പൈസ തരികയില്ലെന്നു പറയുമ്പോഴും മന്ത്രിസഭയിലെ അംഗങ്ങൾക്കു അവിടെ ഇരുന്നാൽ മതി നിങ്ങൾ ഏതാണ്ട് രക്ഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള ധാരണയിൽ തന്നെ നിന്നുകൊണ്ടാണ് ഇവിടെയുള്ള ജനങ്ങളെ അടിച്ച് അമർത്താൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നാഴി അരിക്ക് മുട്ടിയാലും നാല് ഇടിക്ക് മുട്ടുകയില്ലെന്ന്.

സർ, ലോക്കപ്പ് മർദ്ദനം അവസാനിപ്പിച്ച കാലഘട്ടം കേരളത്തിൽ ഉണ്ടായിരുന്നു. 57 ഉം 67 ഉം 80 ഉം കാലഘട്ടങ്ങളാണ് അത്. വേദനയോടു കൂടി ചില ആളുകൾ ലോക്കപ്പ് മർദ്ദനം അവസാനിപ്പിച്ചതാണ് കുഴപ്പമെന്നു പറഞ്ഞു. ഇന്ന് ലോക്കപ്പ് മർദ്ദനം ഉയർന്നു വന്നിരിക്കുകയാണ്. ലോക്കപ്പിൽകൊണ്ടുവന്ന് മനുഷ്യനെ അടിക്കാനും ഇടയ്ക്കു വെള്ളം ചോദിക്കുമ്പോൾ മൂത്രം ഒഴിച്ചു കൊടുക്കുമ്പോൾ ആവേശം കൊള്ളാനും കഴിയുന്ന സുഹൃത്തുക്കളോട് ഞങ്ങൾക്ക് പരാതിയില്ല. പക്ഷെ കാലം നിങ്ങളെക്കുറിച്ച് നോക്കി ചിരിക്കുന്ന സാഹചര്യം ഉണ്ടാകും. അൽപ്പ സുരക്ഷിതത്വത്തിന്റെ മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ജർമ്മനിയിലും ഇററലിയിലും ഫ്രാൻസിലും ഫാസിസ്ററ് തേർവാഴ്ചയ്ക്കെതിരായി അരങ്ങ് ഒരുക്കിയവരെ ചരിത്രം കണ്ടതാണ്. അൽപം സുരക്ഷിതത്വമെന്ന മുദ്രാവാക്യമുയർത്തിയവന്റെ തലയോടുകൾ ഹിററ്ലറുടെ മേശപ്പുറത്തെ ഒരു പേപ്പർ വെയിററായി മാറിയത് കാലം കണ്ടതാണ്. അതുകൊണ്ടു തന്നെ ഞങ്ങൾക്കാർക്കും അവരെപ്പററി മറെറാരു രീതിയിൽ ചിന്തിക്കേണ്ട ആവശ്യമില്ല. അത് കാലം തെളിയിക്കപ്പെടാൻ പോവുകയാണ്.

സർ, ഇവിടത്തെ മർദ്ദന മുറകൾ പല രീതിയിലായിരുന്നു. കോട്ടയം ജില്ലയിൽ ശ്രീ. ഉമ്മൻചാണ്ടി ജനിച്ചു വളർന്ന നമ്മുടെ ആഭ്യന്തര മന്ത്രി ജനിച്ചു വളർന്ന ജില്ലയിൽ നിന്നും വരുന്ന ആളാണ് ഞാൻ. ശ്രീ. ഉമ്മൻചാണ്ടിയുടെ മണ്ഡലത്തിൽ പാമ്പാടിയിൽ അദ്ദേഹം ഒരു പരിപാടിക്കു പോയി. പോലീസ് ആത്മ സംയമനം പാലിച്ചെന്നാണ് അദ്ദേഹം പറഞ്ഞത്, പോലീസ് ശ്രീ. ഉമ്മൻചാണ്ടി വരുന്നതിനുമുമ്പായി കരിങ്കൊടി പ്രകടനം നടത്താൻ നിന്ന ആളുകളോട് നിങ്ങൾക്ക് എന്താണ് പരിപാടി എന്നു ചോദിച്ചു. ഞങ്ങൾ മന്ത്രി വരുമ്പോൾ കരിങ്കൊടി കാണിക്കുമെന്നു പറഞ്ഞു. വേറെ ഞങ്ങൾക്ക് ഉദ്ദേശമൊന്നുമില്ലെന്ന് അവർ പറഞ്ഞു. എന്നാൽ ഞങ്ങൾ ഇവിടെ പോലീസിന്റെ ഒരു ബാരിക്കേട് ഉണ്ടാക്കും നിങ്ങൾ അതിനുള്ളിൽ നിൽക്കാൻ തയാറാകണമെന്ന് പറഞ്ഞു. അവർ സമ്മതിച്ചു. പോലീസ് അങ്ങനെ വളഞ്ഞു നിൽക്കുന്നു. അവരുടെ തൊട്ടുപുറകിൽ എക്സൈസുകാർ നിൽക്കുകയാണ്. മന്ത്രി വന്നു. ശ്രീ. ഉമ്മൻചാണ്ടി, ഞാൻ ശ്രീ. ഇ. എം. ജോർജ്ജിനെ പഠിപ്പിക്കേണ്ടി വരുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു പക്ഷേ ശ്രീ. ഉമ്മൻചാണ്ടിയോ ഞാനോ ഈ രാജ്യത്ത് ജനിക്കണമോ വേണ്ടയോ എന്ന് ഞങ്ങളുടെ രക്ഷകർത്താക്കൾ ആലോചിക്കുന്നതിനു മുമ്പ് ഈ രാജ്യത്തിന്റെ വിമോചന സമരത്തിൽ ഒരു അത്യുജ്ജ്വല പോരാളിയായി കടന്നുവന്ന ആളാണ് അദ്ദേഹം. ശ്രീ. ഉമ്മൻചാണ്ടി അദ്ദേഹത്തെ വണങ്ങി. ഉടൻ പോലീസ് അടി തുടങ്ങി. എന്താണ് അതിന്റെ അർത്ഥം. പണ്ട് പറഞ്ഞുകേട്ടിട്ടുണ്ട്. 30 വെള്ളിക്കാശു വാങ്ങിച്ചവർ ജൂതായുടെ മുഖത്തു നോക്കി. ആ ജൂതാ ഗുരുദേവൻ ഏതാണെന്നു കാണിച്ചുകൊടുക്കാൻ വേണ്ടി ഗുരുദേവനെ പ്രത്യേക രീതിയിൽ വണങ്ങി. അപ്പോൾ മനസ്സിലായി. ഇതാണ് ക്രിസ്തു, ഇവനെ ക്രൂശിക്കണം എന്ന അർത്ഥത്തിൽത്തന്നെ ആ എ. എസ്. പി. ചാടുകയും ശ്രീ. ഇ. എം. ജോർജ്ജിനെ അടിക്കുകയും ചെയ്തു. ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി, സർ, സി. പി. ക്കെതിരായി, ഈ രാജ്യത്തിന്റെ ശക്തി മുഴുവൻ ഉയർത്തിപ്പിടിച്ച് സടകുടഞ്ഞ് എഴുന്നേററ് അത്യുജ്ജ്വല പോരാളിയായി കടന്നുവന്ന ശ്രീ. ഇ. എം. ജോർജ്ജിനെ മർദ്ദിച്ച് ഒതുക്കിയാൽ കാര്യങ്ങളെല്ലാം തീർന്നു എന്നുള്ള ധാരണ

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ ആധാരണ മനസ്സിലിരിക്കട്ടെ എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അവിടെ സി പി.ഐ.യുടെ മണ്ഡലം സെക്രട്ടറി, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയാ ജോയിൻറ് സെക്രട്ടറി തുടങ്ങി എല്ലാ പ്രധാനപ്രവർത്തകരേയും അടിച്ചു. 141 പേരെ അടിച്ചു. 136 ആളുകളെ അവിടെ നിന്നും ആശുപത്രിയിലാക്കി. 42 പേർ ഗുരുതരമായ മർദ്ദനം ഏററിട്ടുള്ളവരാണ്. അതിനെക്കുറിച്ച് ഒരന്വേഷണത്തിന് ഉത്തരവിടാൻ ഇവർക്കു കഴിഞ്ഞോ ? വഴിയരുകിൽ നിന്ന് ഒരുത്തൻ മൂത്രമൊഴിച്ചാൽ ആ മൂത്രം ഒഴിക്കുന്നതിന് മുമ്പിൽ ഏതെങ്കിലും പടം വച്ചിട്ടുണ്ടെങ്കിൽ അത് ഇന്ദിരാഗാന്ധിയുടെ പടമാണെങ്കിൽ ഇന്ദിരാഗാന്ധിയെ തുണിപൊക്കി കാണിച്ചു, അതിനെപ്പററി അന്വേഷിക്കാൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ എന്തുകൊണ്ടു തയ്യാറാകുന്നില്ലെന്ന് ചോദിക്കുന്ന ശ്രീ. ഉമ്മൻചാണ്ടിയോട് നിങ്ങളുടെ മുമ്പിലിട്ട് പച്ച ജീവനുള്ള മനുഷ്യരെമൃഗ സമാനം അടിച്ചിട്ട് നിങ്ങളുടെ മന:സാക്ഷി കാശിക്ക് പോയിരുന്നോ എന്ന് വിശദീകരിക്കാനുള്ള ബാദ്ധ്യത ഉണ്ടാകുമെന്നഭ്യർത്ഥിക്കുകയാണ്.

സർ, 19-ാം തീയതിയിലെ പണിമുടക്കിനോട് നിരോധനത്തിൻെറ സമീപനം ഇല്ലെന്നു പറഞ്ഞു. കോട്ടയം ജില്ലയിൽ നിരോധനത്തിൻെറ പ്രഖ്യാപനം ഉണ്ടായി. പത്ത് പേർ ആരെങ്കിലും റോഡിലൂടെ നടന്നാൽ അവനെ അടിച്ചു മറിക്കണമെന്ന് പോലീസിന് നിർദ്ദേശം കൊടുത്തു. പത്ത് പേരിൽ കൂടുതൽ നടന്നുകൂടെന്ന് ഡി. എസ്. പി. പരസ്യമായി പത്രത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. ശ്രീ. ഉമ്മൻചാണ്ടി അറിയാതെയാണോ ഇത് നടന്നതെന്ന് അദ്ദേഹം സൂചിപ്പിക്കാൻ തയ്യാറാകണം. ഞാൻ ഉൾപ്പെടെയുള്ള ആളുകൾ കോട്ടയം പട്ടണത്തിൽ പ്രകടനം നടത്താൻ തയാറായപ്പോൾ എന്നോട് പോലീസ് ഓഫീസർ പറഞ്ഞു നിങ്ങളേയും നിങ്ങളുടെകൂടെ നിൽക്കുന്ന മൂന്നുനാലു പേരെയും അറസ്റ്റ് ചെയ്യും. ബാക്കിയുള്ളവരെ ഞങ്ങൾ അടിച്ച് പൊളിക്കുമെന്നു പറഞ്ഞു. പരസ്യമായി തെരുവിൽ നിന്നുകൊണ്ടാണ് ഇത് പറഞ്ഞത്. അടിച്ചു പൊളിക്കാൻ ആര് അനുവാദം കൊടുത്തെന്ന് ഞാൻ ചോദിക്കുകയാണ്. ആരുടെയെങ്കിലും തറവാടുവകയാണോ ഇതെന്നറിയണം. അതല്ല മററാരുടെയെങ്കിലും കുടുംബം ആണെങ്കിൽ അതറിയണം. ഞങ്ങൾ ഈ രാജ്യത്ത് കടന്നുവന്നത് എല്ലാവരുടേയും പാരമ്പര്യം പോലെ അല്ലായിരിക്കാം. സർ, സി. പി. രാമസ്വാമി അയ്യർക്ക് ഹലേലൂയ പാടാൻവേണ്ടി സ്വന്തം കുടുംബത്തിൽ നിന്നും എം. എൽ. സി. പദം നേടിയെടുത്ത പൈതൃകവും പാരമ്പര്യവും കൈമുതലാക്കിയല്ല ഞങ്ങൾ ഈ രാജ്യത്ത് ഇറങ്ങി നിൽക്കുന്നതെന്ന വസ്തുതയെങ്കിലും നമ്മുടെ ആഭ്യന്തരമന്ത്രിയെ പോലുള്ള ആളുകൾ മനസ്സിലാക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. വൈക്കത്ത് മർദ്ദനം നടന്നു. എന്തിനാണ് അവിടെ അടിച്ചത് എന്നുള്ളത് ശ്രീ. ഉമ്മൻചാണ്ടി ചോദിക്കണം. 'പരസ്യമായി സർക്കിൾ ഇൻസ്പെക്ടർ ഓടി വന്ന് അറിയപ്പെടുന്ന ഒരു പൊതുപ്രവർത്തകനായ സഖാവ് ഗോപിനാഥിൻെറ തലയിൽ അടിച്ചുകൊണ്ടാണ് അടി ആരംഭിക്കുന്നത്. അതിനുള്ള യാതൊരു പ്രകോപനവും അവിടെ ഉണ്ടായിരുന്നില്ല. ടി. വി. പുരത്ത് അവിടെ ഒരു കോളനിയിൽ പോയി ആക്രമിച്ചു. കോളനിയിൽ എന്തിന് ആക്രമിച്ചു എന്ന് ഞങ്ങൾക്കും അറിയുകയില്ല. അവിടെ സ്ത്രീകളെ ആക്രമിച്ചിട്ട് അന്ന് രാത്രി നിങ്ങളോടൊപ്പം നിങ്ങളുടെ പുരുഷൻമാരല്ല ഞങ്ങൾ ആയിരിക്കും കിടക്കുന്നതെന്ന് പറഞ്ഞു. പ്രസവിച്ച് 5 ദിവസം കഴിഞ്ഞ ഒരു സ്ത്രീയോട് എന്താടീ മലർന്നു കിടക്കുന്നതെന്ന് പോലീസുകാർ ചോദിച്ചു. എന്ത് ചെയ്യാൻ സാധിക്കും? വേറെ എന്തെങ്കിലും ആവശ്യത്തിന് മാത്രമാണ് സ്ത്രീകളെന്നു ധരിച്ചു വച്ചിട്ടുള്ള നിങ്ങളുടെ പോലീസിൻെറയും നിങ്ങളുടെ സമീപനത്തിൻെറയും ശൈലിയുടേയും പൊതു കാഴ്ചപ്പാടാണ് അവിടെ കാണാൻ

2/2356/S

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത്. ഇതുതന്നെയാണ് ആലപ്പുഴയിലും ഉണ്ടായത്. ഇത് തന്നെയാണ് മറ്റെല്ലാ രംഗങ്ങളിലും ഉണ്ടായത്. അവസാനം കരുണാകരൻ ചോദിച്ചു കണ്ണൂരിൽ ലാത്തിച്ചാർജ്ജ് നടത്താൻ ഇടവരുത്തുന്ന രീതിയിൽ എന്തിന് കരിങ്കൊടി പ്രകടനം നടത്തിയെന്ന്. മറിച്ച് അവിടെയുണ്ടായിരുന്ന പാവപ്പെട്ട വിദ്യാർത്ഥികളെ അടിച്ചമർത്താൻവേണ്ടി തൻേറടം കാണിക്കണമെന്ന കാഴ്ചപ്പാട് ആരുണ്ടാക്കിയെന്ന് വിശദീകരിക്കാൻ നമ്മുടെ ആളുകൾ തയ്യാറാകണം.

സർ, ഞങ്ങൾക്ക് ആരോടും ഒരു പരാതിയുമില്ല. കോൺഗ്രസുകാർ പോയിട്ടും യാതൊരു പരാതിയുമില്ല, ദുഃഖവുമില്ല. ലക്ഷ്മണോപദേശത്തിൽ ഒരു പദ്യം ഉണ്ട്. ആ പദ്യത്തിന്റെ അർത്ഥം മാത്രം ഞാൻ ഇവിടെ സൂചിപ്പിക്കാം. 'പാമ്പിന്റെ വായിൽ തവള ചെന്നിരിക്കും. അപ്പോൾ തവള ഭയങ്കരമായി കരഞ്ഞുകൊണ്ടിരിക്കും. ഇടയ്ക്ക് പാമ്പ് ഒന്ന് കടി വിടും. കടി വിടുന്നത് പാമ്പിന്റെ ഉള്ളിലോട്ട് ഇത് പോകുന്നതിനുവേണ്ടി മാത്രമാണ്. പക്ഷെ തവളയുടെ ധാരണ പാമ്പ് കടി വിട്ടിരിക്കുന്നു എന്നുള്ളതാണ്. ഈ അവസരത്തിൽ തവള തന്റെ നാക്കിട്ട് പുറത്തുകൂടി പോകുന്ന പ്രാണികളെ പിടിക്കാറുണ്ട്. അതുപോലെ ഇന്ദിരാകോൺഗ്രസ് എന്ന പാമ്പിൻവായിൽ കടന്നിരിക്കുന്ന ഈ ആന്റണി കോൺഗ്രസ് അതിനകത്തിരുന്നുകൊണ്ട് ഉമ്മൻചാണ്ടി എന്ന അതിന്റെ നാക്ക് നീട്ടി ഈ നാട്ടിലുള്ളവരെ മുഴുവൻ അടിക്കാൻ തീരുമാനിച്ചാൽ അത് നടക്കുകയില്ല, അവസാനം ആ പാമ്പിന്റെ ആമാശയത്തിലോട്ടുതന്നെ നിങ്ങൾ ചെന്നു വീഴാൻ പോവുകയാണ് എന്നുള്ളതിൽ സംശയമില്ല. അധികാരത്തിൽ നിന്നും പോയതുകൊണ്ട് ഞങ്ങൾക്ക് യാതൊരു ദുഃഖവുമില്ല. കോഴി താറാവിനും അട ഇരിക്കാറുണ്ട് എന്നുള്ളത് ഒരു വസ്തുത മാത്രമാണ്. താറാമുട്ടയും കോഴിമുട്ടയും അട വച്ചാൽ രണ്ടും കോഴി കൊത്തി വിരിക്കും. പക്ഷെ വളർന്നുവരുമ്പോൾ താറാവ് വെള്ളം കണ്ടാൽ പതുക്കെ നീന്തിപ്പോകും. പോററി വളർത്തിയ തള്ളക്കോഴിയോട് ഒരു നന്ദിപോലും പറയാതെയാണ് കടന്നുപോകുന്നത്. അപ്പോഴും താറാക്കുഞ്ഞുങ്ങൾ തൻേറടത്തോടുകൂടിയാണ് നീന്തിപ്പോകുന്നത്. പക്ഷെ കോഴി കൊക്കികൊണ്ടിരിക്കുമ്പോൾ താറാക്കുഞ്ഞുങ്ങളുടെ ധാരണ അമ്മയോ ഇവളോട് ഒരു നന്ദിവാക്കുപോലും പറയാതെ കടന്നു പോകുന്നല്ലോ എന്നുള്ളതായിരിക്കും. മറിച്ച് ഈ താറാക്കുഞ്ഞുങ്ങൾ നീന്തി കയത്തിലോട്ട് പോകുന്നല്ലോ എന്നുള്ള ധാരണയാണ് കോഴിക്കുള്ളത്.

സർ, ഇവിടെ ഹരിജനങ്ങളെക്കുറിച്ച് പറഞ്ഞു. ഹരിജനങ്ങൾക്കുവേണ്ടി ഒരു പ്രത്യേക സെൽ സെക്രട്ടേറിയററിൽ ആരംഭിക്കുമെന്നു പറഞ്ഞു. സെക്രട്ടേറിയററിൽ ആരംഭിക്കുന്ന ആ പ്രത്യേക സെൽ ഹരിജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻവേണ്ടി മുൻഗവൺമെന്റ് എടുത്ത നടപടികൾ പൂർത്തീകരിക്കുന്നതിനുമുമ്പ് ഇറങ്ങിപോകാൻ ഇടവന്നതുകൊണ്ട് ഇപ്പോൾ ഞങ്ങൾ ആണ് ഇതിന്റെ ആള് എന്ന വാദം ഉന്നയിക്കുന്ന ആ സമീപനം ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല.

സർ, ആദിവാസികളെപ്പററി പറയുമ്പോൾ ആദിവാസികളുടെ രക്തം സ്വന്തം മണ്ണിൽ വീണുകഴിഞ്ഞാൽ പിന്നെ അവിടെ നിൽക്കരുതെന്നുള്ളത് അവരുടെ വിശ്വാസമാണ്. ആ വിശ്വാസം മുതലെടുക്കുന്നതിനുവേണ്ടി ആദിവാസികളെ സ്വന്തം മണ്ണിൽ കുത്തി രക്തം ഒഴുക്കിച്ചുകൊണ്ട് താൻ ഭ്രാന്തനാണെന്നുള്ള സർട്ടിഫിക്കററ് വാങ്ങിച്ചു. ഭ്രാന്തന് സഹോദരൻമാരേയും സഹോദരിമാരേയും ഭാര്യമാരേയും കുഞ്ഞുങ്ങളേയും തിരിച്ചറിയാം. പക്ഷേ ആദിവാസികളെ മാത്രം തിരിച്ചറിയുവാൻ കഴിയാതെ പോയി. അതായത് തനിക്കാവശ്യമുള്ള മണ്ണിൽ താമസിക്കുന്ന ആദിവാസികളെ മാത്രമാണ് തിരിച്ചറിയുവാൻ കഴിയാതെ പോയത്. അതിന് അംഗീകാരം കൊടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന മനസ്സാക്ഷി ആരുടെ മനസ്സാക്ഷിയാണെന്ന് ആലോചിക്കേണ്ടതുണ്ട്. മാത്രമല്ല ഇപ്പോൾ പുരകെട്ടുകയാണ്. എപ്പോഴാണ് കാററത്ത് നിലത്ത് വീഴുന്നതെന്ന് അറിയുകയില്ല. അപ്പോൾ തന്നെ വാഴവെട്ടണം എന്ന കാഴ്ചപ്പാട് ഉന്നയിച്ചു കഴിഞ്ഞിരിക്കുകയാണ്.

ഫണ്ടു പിരിവിന്റെ കാര്യത്തെക്കുറിച്ച് പറയാനുമില്ല. ഫണ്ടുപിരിവോട് ഫണ്ടു പിരിവാണ്. ശ്രീ. പി. ജെ. ജോസഫിന്റെ പാർട്ടി ആണെങ്കിൽ തൃശ്ശൂരിൽച്ചെന്ന് എല്ലാ ഷോപ്പ് കോൺട്രാക്ടർമാരേയും വിളിച്ചുകൂട്ടി പത്ത് ലക്ഷം ഫണ്ടെന്നു പറഞ്ഞ് 25 ലക്ഷം ഫണ്ടാക്കി കഴിഞ്ഞിരിക്കുകയാണ്. മറുഭാഗത്ത് ശ്രീ. കെ. കരുണാകരൻ രാജകുമാരന്റെ തിരുവെഴുന്നള്ളത്ത് പ്രമാണിച്ച് ഉള്ള ഫണ്ടുപിരിവും ഭംഗിയായി നടത്തുകയും തിരുവെഴുന്നള്ളത്തും ഭംഗിയായി. സ്റ്റീഫൻജിയെയും ശ്രീ. റഹിമിനേയും പോലുള്ള കേന്ദ്ര മന്ത്രിമാർ വന്നു. അവിടെത്തന്നെ പോലീസ് ഉദ്യോഗസ്ഥൻമാർ കോൺഗ്രസ്-ഐ യുടെ ബാഡ്ജും ധരിച്ചുകൊണ്ട് നിൽക്കുകയാണ്; കെ. എസ്. യു. (ഐ) യുടെ സമ്മേളനം നടത്താൻ. യമുനാഹോട്ടലിൽ കയറി ഹോട്ടൽ ആകെത്തകർത്തു. ഭക്ഷണപദാർത്ഥങ്ങളൊക്കെ തീർന്നപ്പോൾ മദ്യം കിട്ടാത്തതുകൊണ്ട് ശ്രീ. കെ. കരുണാകരൻ പറഞ്ഞ പാററിലാണ് പാറിയിരിക്കുന്നത്. മദ്യം തന്നില്ലെങ്കിൽ നിങ്ങളേയും അടിക്കുമെന്ന് പറഞ്ഞ് ഹോട്ടലാകെ അടിച്ചമർത്തിയപ്പോൾ ക്രമസമാധാനം അത്യുഗ്രമായി ഉയർന്നുവന്നിരിക്കുന്നുവെന്ന വാർത്ത ആർക്കാണ് നിഷേധിക്കുവാൻ കഴിയാത്തത്. അതുപോലെ തന്നെ ഫണ്ടു പിരിവിന്റെ രംഗത്ത് ഓരോ പാർട്ടിയും നെട്ടോട്ടമാണ്. ഇന്ന് ശ്രീ. കെ. എം. മാണിയും അതുപോലുള്ള ചില ആളുകളും ശ്രീ. ജേക്കബിന്റെ ഭാഷയിൽ പറഞ്ഞാൽ എന്റെ ജോസഫിന്റെ ടിക്കററ് വാങ്ങിക്കൊണ്ട് മാത്രമേ കടന്നുചെല്ലാവുയെന്ന് പറഞ്ഞപ്പോൾ ടിക്കററ് കിട്ടിക്കാണുമെന്നാണ് എന്റെ വിശ്വാസം. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് കൂടി ഒരു ടിക്കററ് കൊടുക്കണം. 8 പേരുള്ള മന്ത്രിസഭയിൽ ഓരോരുത്തരെ വികസിപ്പിക്കുവാനില്ലാത്ത നാലുപേരും വികസിപ്പിക്കുവാനുള്ള 4 പേരും അങ്ങനെ നന്നാലുവീതം ആകുമ്പോൾ ആരെങ്കിലും ഒരാൾ കാസ്ററിംഗ് വോട്ട് നടത്തി രക്ഷപ്പെടുത്താൻ സൗകര്യമുണ്ടാക്കിക്കൊടുക്കണം. അങ്ങനെ ആ ടിക്കററ് ഒന്ന് കൊടുക്കണം. പക്ഷേ ടിക്കററ് എടുത്താലും ഈ കളിമുഴുവൻ കാണാൻമേല കറണ്ട തകരാറ് മൂലമോ യന്ത്രത്തകരാറ് മൂലമോ കളി മുഴുവൻ കാണാതെ പോയാൽ ഞങ്ങൾ ഉത്തരവാദികളല്ലെന്ന് പറയുന്നതുപോലെ കേരള കോൺഗ്രസ്സിന്റെ ഈ കളി മുഴുവൻ കാണാൻ കഴിയുകയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഈ കളിയെ സംബന്ധിച്ച് നമ്മുടെ രാജ്യത്ത് ഭൂരിപക്ഷ ന്യൂനപക്ഷത്തിൽ ന്യൂനപക്ഷമാണെന്നു തെളിഞ്ഞുവെന്നു മാത്രമല്ല, ജനാധിപത്യ താല്പര്യങ്ങളാകെ തകർത്തെറിഞ്ഞുകൊണ്ട് ആയിരക്കണക്കിന് ഹരിജൻ കൊലപാതകങ്ങൾ ഉയർത്തിക്കൊണ്ട് വന്ന ഹരിജനങ്ങൾക്ക് തോക്ക് കൊടുത്തുകൊണ്ട് ഹരിജനങ്ങൾ നിലനിൽക്കണമെന്ന നിലനിൽപ്പിന്റെ പ്രത്യയശാസ്ത്രം ഉയർത്തി രാജ്യമാകെ തകർത്തെറിഞ്ഞ ജനാധിപത്യ ധ്വംസകരായ, ചതിയൻമാരായ, വഞ്ചകരായ, പൊതുജീവിതത്തിന് അപമാനമായ, ഒരു കാലത്തും ഒരു ജനതയ്ക്കും അംഗീകരിക്കുവാൻ ആകാത്ത ഇത്തരം സമീപനത്തെ തച്ചുതകർക്കുവാനുള്ള ജനകീയ താൽപ്പര്യത്തിന്റെ അദമ്യമായ ആഗ്രഹപ്രകടനത്തിന്റെ പ്രതീകമായിട്ട് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ഏററവും കറുത്ത അദ്ധ്യായം എഴുതിച്ചേർക്കുന്നതിന് ഒരു ചട്ടുകമായിത്തീർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ വായിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

നന്ദിപ്രസംഗത്തിന് കൃതജ്ഞത രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നിയമസഭയ്ക്കുള്ളിൽ വച്ച് ചാക്കിട്ട് പിടിച്ചും കൂറുമാറിയും ഭൂരിപക്ഷമുണ്ടാക്കിക്കൊള്ളാമെന്ന് ഉറപ്പു പറഞ്ഞുകൊണ്ട് 44 ദിവസങ്ങൾക്ക് മുമ്പ് രൂപീകരിച്ച ശ്രീ. കെ. കരുണാകരന്റെ മന്ത്രിസഭയ്ക്ക് അന്നും ഭൂരിപക്ഷമുണ്ടായിരുന്നില്ല, ഇന്നും ഭൂരിപക്ഷമില്ലായെന്നുള്ള കാര്യം വ്യക്തമാക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ പ്രഖ്യാപിച്ച വിധിക്കെതിരായി കെട്ടി ഏൽപ്പിക്കപ്പെട്ട ഒരു ഗവൺമെന്റാണിവിടെയുള്ളത് എന്നുള്ളതിനെക്കുറിച്ച് ആരും തന്നെ തർക്കിക്കുമെന്ന് തോന്നുന്നില്ല. ഈ ഗവൺമെന്റിന് ഭൂരിപക്ഷമില്ലായെന്ന് കഴിഞ്ഞ അവിശ്വാസ പ്രമേയം വോട്ടിനിട്ടപ്പോൾ തെളിഞ്ഞ കാര്യമാണ്. ഗവൺമെന്റിന് അനുകൂലമായി 70 പേരും പ്രതികൂലമായി 70 പേരും വോട്ട് ചെയ്താൽ എങ്ങനെയാണ് 70 ഒരു ഭൂരിപക്ഷമായിത്തീരുന്നത്? രണ്ട് എഴുപതുകൾ വന്നാൽ ഒരു എഴുപത് ലേശം വലുതാണെന്ന് വ്യാഖ്യാനിച്ച് ഭൂരിപക്ഷം ഉണ്ടെന്ന് പ്രഖ്യാപിക്കുവാൻ കഴിയുമോ? ഈ ഗവൺമെന്റിന് ഭൂരിപക്ഷമില്ലായെന്ന് വ്യക്തമാക്കപ്പെട്ടുകഴിഞ്ഞിട്ടും ഈ ഗവൺമെന്റിനെ താങ്ങിനിറുത്തുന്നതിനുവേണ്ടി എല്ലാ ജനാധിപത്യ മര്യാദകളേയും പാരമ്പര്യങ്ങളേയും ഉപേക്ഷിച്ചുകൊണ്ട് സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തിയിട്ടാണ് ഈ ഗവൺമെന്റിനെ താങ്ങിനിറുത്തിയിട്ടുള്ളത് എന്ന കാര്യം അപമാനകരമാണ്. ഭൂരിപക്ഷമില്ലായെന്ന് തെളിഞ്ഞ ഒരു ഗവൺമെന്റിനെ സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടുകൊണ്ട് നിലനിറുത്തിയിരിക്കുന്ന അനുഭവം കേരള നിയമസഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല, ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ഉണ്ടായിട്ടില്ല. അതുപോയിട്ട് ഇൻഡ്യൻ ജനാധിപത്യത്തിന്റെ മാതൃസങ്കേതമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ള ബ്രിട്ടീഷ് പാർലമെന്റിൽപോലും നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിനിടയിൽ എപ്പോഴെങ്കിലും കാസ്റ്റിംഗ് വോട്ടുകൊണ്ട് ഒരു ഗവൺമെന്റിന് ഭരിക്കുവാൻ ആവശ്യമായ ഭൂരിപക്ഷമുണ്ടെന്ന് വ്യാഖ്യാനിച്ച് ഒരു ഗവൺമെന്റിനെ നിലനിറുത്തിയ അനുഭവം ഉണ്ടായിട്ടില്ല. അങ്ങനെ ജനാധിപത്യ ചരിത്രത്തിൽ തെറ്റായ വഴക്കങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇപ്രകാരം മുന്നോട്ടുപോകുന്നത് ശരിയല്ല. പലപ്പോഴും മററ് സംസ്ഥാനനിയമസഭകൾക്ക് മാതൃക കാണിച്ചുകൊടുക്കാറുള്ള കേരള നിയമസഭയാണ് ഇപ്പോൾ കാസ്റ്റിംഗ് വോട്ടിന്റെ അടിസ്ഥാനത്തിൽ നിലനിറുത്തുവാൻ പോകുന്നത്. ഇതൊരു കറുത്ത അദ്ധ്യായമാണ്, ആ കറുത്ത അദ്ധ്യായം എഴുതിച്ചേർക്കുന്നതിൽ നമ്മുടെ നിയമസഭയിൽ പങ്കാളിയാകേണ്ടതായി വന്നത് അപമാനകരമാണ്. സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട് കൊണ്ട് ഗവൺമെന്റ് രൂപീകരിക്കുന്ന സമീപനം തെറ്റാണെന്ന് ഇൻഡ്യയിലെ എല്ലാ ദേശീയപത്രങ്ങളും അന്തർദേശീയ പത്രങ്ങൾ പോലും തുടർച്ചയായി മുഖപ്രസംഗം എഴുതിക്കൊണ്ടിരിക്കുകയാണ്. ജനാധിപത്യത്തിൽ ലേശമെങ്കിലും വിശ്വാസമുണ്ടെങ്കിൽ തെറ്റായ രീതിയിൽ ഈ വയ്ക്കോൽത്തുരുമ്പിൽ തൂങ്ങിനിൽക്കുന്ന ഈ ഗവൺമെന്റ് രാജിവച്ചുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇടതുപക്ഷമുന്നണി ജനങ്ങളുടെ മുമ്പിൽ വച്ച പരിപാടിക്ക് പിന്തുണ നൽകി ജയിച്ചു വന്ന, എം. എൽ. എ. മാരായി ഇവിടെ വന്ന ആളുകൾ ഇന്ദിരാ കോൺഗ്രസിനെ അധികാരത്തിലേററാൻ അഭയം തേടി പോയിരിക്കുകയാണ് വലതുപക്ഷ പിന്തിരിപ്പൻ പാളയത്തിലേക്ക്. ഇവിടെ ജയിക്കുവാൻ ഒരു മുന്നണി, ഭരിക്കുവാൻ എതിർമുന്നണി. ഇത്ര അപഹാസ്യമായതും നാണംകെട്ടതുമായ ഒരനുഭവം വേറെ ഏതെങ്കിലും സംസ്ഥാനത്ത് ഇതിനു മുമ്പുണ്ടായിട്ടുണ്ടോയെന്ന് സംശയമുണ്ട്. മാർക്സിസ്ററ് വിരോധത്തിന്റെ പേരിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി പൊളിച്ച സുഹൃത്തുക്കളോട് എനിക്ക് ഒരു ചോദ്യമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി മാർക്സിസ്ററ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി അല്ല സംഘടിപ്പിച്ചത്; അതിന് രൂപം കൊടുത്തത്. അതിന്റെ പൈതൃകം മാർക്സിസ്റ്റ് പാർട്ടിക്കല്ല എന്നാണല്ലോ ഞങ്ങളുടെ മുൻ നേതാക്കൻമാർ പറഞ്ഞു നടന്നിരുന്നത്. ആ മുന്നണിക്കകത്ത് മാർക്സിസ്റ്റ് പാർട്ടിയെ കൂടാതെ മററ് ഇടതുപക്ഷ ജനാധിപത്യപാർട്ടികളും ഉണ്ടായിരുന്നു. മാർക്സിസ്റ്റ് പാർട്ടിയുമായി അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നുവെങ്കിൽ, ആ മന്ത്രിസഭയിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിൽ അത് നേരിടുന്നതിന് മററ് പുരോഗമന ഇടതുപക്ഷ പാർട്ടികളെ ഒന്നിച്ചുനിറുത്തി ഈ മുന്നണി മുമ്പോട്ടു കൊണ്ടുപോകുന്നതിന് എന്തുകൊണ്ട് നിങ്ങൾ ശ്രമിച്ചില്ലായെന്നുള്ളതിനെക്കുറിച്ച് ഒരു വിശദീകരണം നൽകുവാൻ പഴയ നേതാക്കൻമാർക്ക് കഴിയാതെ പോയത് ലജ്ജാകരമാണ്. എറണാകുളം പ്രമേയത്തിന്റെ രാഷ്ട്രീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുന്നണി മുമ്പോട്ടുകൊണ്ടു പോകുന്നതിന് പകരം കിട്ടിയ സന്ദർഭത്തിൽ ആ മുന്നണി പൊളിച്ച് തനി പിന്തിരിപ്പൻ പാളയത്തിലേക്ക് അഭയം തേടിയ പഴയ നേതാക്കൻമാരെക്കുറിച്ച് ഓർക്കുമ്പോൾ ഞങ്ങൾക്ക് സഹതാപമുണ്ട്. കോൺഗ്രസ് എസ്, ലോക്ദൾ ജനത ഇതെല്ലാം ലയിക്കുവാൻ പോവുകയാണ് അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ കൂടെ വരിൻ എന്ന് ചില ആളുകൾ പ്രചരണം നടത്തുന്നുണ്ട്. ലയനം എന്നത് കെട്ടുകഥയാണെന്ന് ഇപ്പോൾ സംശയരഹിതമായി തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ഇന്നലെയും മിനിഞ്ഞാന്നും വന്ന പത്രവാർത്തകൾ ഈ കെട്ടുകഥ പ്രചരിപ്പിക്കുവാൻ കഴിയാത്ത രീതിയിൽ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നുവെന്നുള്ളത് സന്തോഷകരമാണ്. ലയനം എന്ന കെട്ടുകഥയെ കുറിച്ച് ഒരിക്കലും ആലോചിക്കുവാൻ പാടില്ലെന്ന് പ്രതിപക്ഷകക്ഷികളുടെ ഏകോപനസമിതി തന്നെ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. സോഷ്യലിസ്റ്റ് കോൺഗ്രസ് അതിനെ എതിർക്കുന്നതുകൊണ്ടാണ് അത്തരമൊരു ആലോചന ഇപ്പോൾ നടത്താത്തതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. നാളെ മുതൽ എന്ത് പറഞ്ഞ് പഴയ നേതാക്കൻമാർ നടക്കുമെന്നുള്ള കാര്യം ഇപ്പോഴും ദുരൂഹമാണ്. ലയനമില്ലെങ്കിലും പ്രതിപക്ഷമുന്നണിയിൽ ഞങ്ങൾ ഇപ്പോഴും തുടരുകയാണ്. പ്രതിപക്ഷ മുന്നണി ഇൻഡ്യയുടെ ഒരാവശ്യമാണ്. ഭരണപക്ഷത്തിലിരിക്കുന്ന ആളുകൾക്ക് എതിർക്കുവാൻ കഴിയാത്ത ചില ആശയങ്ങൾക്ക് വേണ്ടിയാണ് പ്രതിപക്ഷ മുന്നണി രൂപം കൊണ്ടിട്ടുള്ളത്. വിലവർദ്ധനവിനെതിരായി, തൊഴിലില്ലായ്മയ്ക്ക് എതിരായി, ഹരിജൻ മർദ്ദനത്തിനെതിരായി പ്രവർത്തിക്കുവാൻ അത്തരമൊരു മുന്നണി ആവശ്യമാണ്. ഇന്ന് പത്രങ്ങളിൽ വായിച്ചുകാണും. കേന്ദ്ര ഗവൺമെൻറ് അവശ്യസർവ്വീസുകളിൽ പണിമുടക്ക് നിരോധിച്ച കാര്യത്തെക്കുറിച്ച്. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ മൗലികമായ ട്രേഡ് യൂണിയൻ അവകാശങ്ങൾ ഉപയോഗിക്കുന്നത് ദേശരക്ഷാ നിയമപ്രകാരം നിരോധിച്ചിരിക്കുകയാണ്. വിചാരണകൂടാതെ തടങ്കലിൽ വയ്ക്കാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്.

ഇത്തരം ജനാധിപത്യപരമായ സ്വേച്ഛാധിപത്യപരമായ ജനദ്രോഹകരമായ നടപടികളെ എതിർത്ത് പരാജയപ്പെടുത്തുന്നതിന് ഇൻഡ്യയിലെ പ്രതിപക്ഷം യോജിച്ച് ഒററക്കെട്ടായി പ്രവർത്തിക്കണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അത്തരം നടപടി എടുത്തിട്ടുള്ളത്. ഈ ഗവൺമെൻറിന്റെ നയപ്രഖ്യാപനത്തിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സംവരണത്തെ പററിയുള്ള ഈ ഗവൺമെൻറിന്റെ നയം എന്താണെന്ന് വ്യക്തമാക്കണം. ശ്രീ. സുന്ദരേശൻ നായർ സാമ്പത്തികസംവരണം വേണം അത് നടപ്പാക്കുകയാണ് ഗവൺമെൻറിന്റെ നയമെന്ന് പറഞ്ഞിട്ടുണ്ട്. സാമ്പത്തികസംവരണമാണ് ഗവൺമെൻറിന്റെ നയമെങ്കിൽ അത് പ്രഖ്യാപിക്കണം. സാമ്പത്തിക പരാധീനത പരിഹരിക്കാനുള്ള പരിപാടിയാണ് സംവര

LIBRARY ARCHIVES Kerala Legislative Assembly

ണമെങ്കിൽ അത് പറയണം. അല്ലെങ്കിൽ സാമൂഹ്യമായ അവശത പരിഹരിക്കാനുള്ള പരിപാടിയായിട്ടാണ് സംവരണത്തെ കാണുന്നതെങ്കിൽ അത് പറയാനും തെററായ നയത്തിൽ ഈ രാജ്യത്തെ വലിച്ചുകൊണ്ടുപോകുന്ന ശ്രമത്തിൽ നിന്ന് അവരെ പിൻതിരിപ്പിക്കുകയും ചെയ്യണം. ശ്രീ. ഉമ്മൻചാണ്ടി പോലീസ് ഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. പോലീസ് ഭരണത്തെ സംബന്ധിച്ച് ഇവിടെ പലരും പറഞ്ഞതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. പോലീസ് വകുപ്പിനെപ്പററി പല ആരോപണങ്ങളും ഉന്നയിച്ചുകഴിഞ്ഞിട്ടുണ്ട്. എനിക്ക് ഈ അവസരത്തിൽ ഒരു കഥയാണ് ഓർമ്മ വരുന്നത്. നമ്മുടെ നാട്ടിൽ കടത്ത് ഇറക്കുന്ന ഒരാൾ ഉണ്ടായിരുന്നു. അച്ഛന്റെ പേര് നന്നാക്കിയ മകൻ എന്നാണ് ആളുകൾ അയാളെപ്പററി പറയുന്നത്. അച്ഛൻ കടത്ത് ഇറക്കുമ്പോൾ ഒരിക്കലും കരയ്ക്ക് അടുപ്പിക്കുകയില്ല ചെളി വെള്ളത്തിലേ ഇറക്കുകയുള്ളു. ആളുകൾ ആ വെള്ളത്തിൽ ഇറങ്ങി നീന്തി നീന്തി പോകണം. ആളുകൾ ഇതിൽ പ്രതിഷേധിച്ചു, അഭ്യർത്ഥിച്ചു. ഒരു പ്രയോജനവും ഉണ്ടായിട്ടില്ല. കുറച്ചു കാലം കഴിഞ്ഞപ്പോൾ അയാൾ മരിച്ചു. ജനങ്ങൾ ആശ്വാസമായിയെന്ന് വിചാരിച്ചു. മകൻ കടത്ത് ഇറക്കാൻ തുടങ്ങി. മകൻ കടത്ത് ഇറക്കിയപ്പോൾ എന്താണുണ്ടായത്? അച്ഛൻ കടത്ത് ഇറക്കിയപ്പോൾ രണ്ടടി അകലെയാണ് നിർത്തിയതെങ്കിൽ മകൻ മിക്കവാറും പകുതി കഴിഞ്ഞാൽ അവിടെ ഇറക്കും. ഈ മകനെക്കാൾ എത്രയോ ഭേദമായിരുന്നു അച്ഛൻ എന്ന് ആളുകൾ പറയാൻ തുടങ്ങി. അതുപോലെ ഈ രാജ്യത്ത് കുപ്രസിദ്ധിയാർജ്ജിച്ച പോലീസിന്റെ ഭരണം നടത്തിയിട്ടുള്ള കരുണാകരന്റെ പോലീസ് ഭരണത്തെ പററിയാണ് എപ്പോഴും പറയാറുണ്ടായിരുന്നത്. ഇന്ന് കരുണാകരൻ എത്രയോ ഭേദമായിരുന്നുവെന്ന് ആളുകൾ പറയത്തക്കവിധത്തിൽ ഉമ്മൻചാണ്ടിയുടെ പോലീസ് ഭരണം അധഃപതിച്ചത് ഉമ്മൻചാണ്ടി കരുണാകരന്റെ പേര് നന്നാക്കാൻവേണ്ടി ചെയ്തതാണോയെന്ന് എനിക്ക് സംശയമുണ്ട്. അത്രമാത്രം അധഃപതിച്ച പോലീസ് ഭരണം പാർട്ടിക്ക് വേണ്ടി ദുരുപയോഗപ്പെടുത്തുന്നു. ഞങ്ങളുടെ പാർട്ടി ആഫീസ് പോലീസിനെക്കൊണ്ട് പിടിച്ചെടുക്കുന്നു. പള്ളുരുത്തിയിലെ പാർട്ടിആഫീസ് പോലീസ് യാതൊരു കാരണവും കൂടാതെ പൂട്ടി താക്കോൽ കൊണ്ടുപോയിരിക്കുകയാണ്. ആററിങ്ങലിലെ മണ്ഡലം പ്രസിഡന്റായ ചന്ദ്രന്റെ ആഫീസ് പിടിച്ചെടുത്തിട്ട് ഇന്ന് പോലീസിനെ കാവൽ ഇട്ടിരിക്കുകയാണ്. പോലീസിനെ ഉപയോഗിച്ചുകൊണ്ട് അവിടത്തെ ഐ. എൻ. ടി. യു. സി. ആഫീസ് ബലാൽക്കാരമായി പിടിച്ചെടുത്തു. പാർട്ടിക്ക് ശക്തിയില്ലാത്ത സ്ഥലങ്ങളിൽ പോലീസിനെ ഉപയോഗിച്ചുകൊണ്ട് പാർട്ടിയെ ശക്തിപ്പെടുത്താനുള്ള ശ്രമത്തിലാണ് ശ്രീ. ഉമ്മൻചാണ്ടി ഏർപ്പെട്ടിരിക്കുന്നത്. പോലീസിനെ ഉപയോഗിച്ച് പാർട്ടി ഉണ്ടാക്കാൻ ശ്രമിച്ചവർക്ക് ആർക്കും ആ പാർട്ടിയെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ. ഉമ്മൻചാണ്ടിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പാർട്ടിയെ രക്ഷിക്കണമെന്ന ആഗ്രഹമില്ല. കോൺഗ്രസൈയിലേക്ക് മാററുകയെന്നുള്ളതാണ് ഉദ്ദേശം. ആ വ്യഗ്രതയിൽ ഈ രാജ്യത്തെ ജനാധിപത്യമര്യാദയും നിയമവാഴ്ചയും തകരാറിലാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. തൊഴിലില്ലായ്മാ വേതനത്തെ കുറിച്ച് ഗവർണറുടെ പ്രസംഗത്തിൽ ഒരു വാചകം പോലും പറഞ്ഞിട്ടില്ല. ഈ രാജ്യത്ത് തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ചെറുപ്പക്കാരുണ്ട്. അവർക്ക് ആശ്വാസം നൽകുന്ന ഒരു പരിപാടി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് ഏർപ്പെടുത്തിയിരുന്നു. അതുപോലെ തന്നെ പതിനായിരക്കണക്കിന് മൽസ്യത്തൊഴിലാളികളുടെ ജീവിതമോചനത്തിനുവേണ്ടി മൽസ്യക്ഷേമഗ്രാമസഹകരണസംഘങ്ങൾ ഉണ്ടാക്കാനുള്ള നടപടി എടുത്തിരുന്നു. അതെപ്പററി ഇതിനകത്ത് ഒന്നും പറഞ്ഞിട്ടില്ല. ഇത് വളരെ ഖേദകരമാണ്. അദ്ധ്യാപകർക്ക് വേണ്ടി സഹകരണാടിസ്ഥാനത്തിൽ ഒരു ഭവനനിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ആസൂത്രണം ചെയ്തിരുന്നു. അതെ പററി ഇതിനകത്ത് ഒന്നും പറഞ്ഞിട്ടില്ല. ഈ രാജ്യത്തെ തൊഴിലാളികൾക്കാവശ്യമായ, സാധാരണജനങ്ങൾക്ക് ആവശ്യമായ പല പരിപാടികളും ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി തകരുന്നതിന് ഒരാഴ്ചയ്ക്കുമുമ്പ് ടേക്കോവർ നടത്തിയ ബിന്നി കമ്പനി നാലുമാസമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി എടുക്കുന്നില്ല. ആ കമ്പനിയിലെ നാന്നൂറ് തൊഴിലാളികൾ പട്ടിണി കിടക്കുകയാണ്. ട്രേഡ് യൂണിയൻ കൗൺസിലിന്റെ പ്രക്ഷോഭണത്തിന്റെ അടിസ്ഥാനത്തിലും എറണാകുളം ജില്ലയിലെ എം.എൽ.എ. മാർ അന്നത്തെ ഗവൺമെന്റിന് നിവേദനം നടത്തിയതിന്റെ അടിസ്ഥാനത്തിലും ഏറെറടുത്ത കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാത്തത് ജനദ്രോഹമാണ്. ഇത്തരം തെററായ നടപടികൾ ഉൾക്കൊള്ളാൻ മാത്രം അധികാരത്തിൽ കടന്നുകൂടിയിരിക്കുന്ന ഭൂരിപക്ഷമില്ലാത്ത ഈ ഗവൺമെന്റ് രാജി വച്ച് തെരഞ്ഞെടുപ്പ് നടത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ഇട്ടൂപ്പ്:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപംകൊണ്ട അവസരത്തിൽ വളരെ പ്രതീക്ഷയോടുകൂടിയാണ് അതിനു രൂപംകൊടുത്തതും ഭരണം ആരംഭിച്ചതും എന്ന് നമുക്കെല്ലാവർക്കും അറിയാം. ഗവർണ്ണർ പ്രസംഗം വായിച്ചെന്നും വായിച്ചില്ലെന്നും തർക്കമുണ്ടെങ്കിലും ഇന്ന് നടന്ന ചർച്ചയിൽ ഗവർണ്ണറുടെ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ പ്രസംഗത്തിൽ രണ്ടു കാര്യങ്ങൾ ഊന്നി പറഞ്ഞത് ഞാൻ ഓർത്തുപോവുകയാണ്. ഒന്ന്, നമ്മുടെ നാട്ടിൽ നിലനിൽക്കേണ്ട നിയമവാഴ്ചയും ക്രമസമാധാനപാലനവും എങ്ങനെ ആയിരിക്കണമെന്നത് വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രണ്ടാമത്തേത് നമ്മുടെ ഇന്നത്തെ ഭരണസംവിധാനത്തിൽ കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്രീകരണം ഒഴിവാക്കികൊണ്ട് വികേന്ദ്രീകരണം വരുത്തുന്നതിനുംവേണ്ടി ഭരണസൗകര്യത്തെ കണക്കിലെടുത്തുകൊണ്ടും റവന്യൂ യൂണിററുകളെ വിഭജിച്ചുകൊണ്ട് ആവശ്യമായ ജില്ലകളും താലൂക്കുകളും രൂപപ്പെടുത്തുന്നതു സംബന്ധിച്ച് ഗവൺമെന്റ് പരിഗണിക്കുമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇത് ഇന്നു മുതലുള്ള ആവശ്യമല്ല. വളരെ മുമ്പുതന്നെ അതിനുവേണ്ട ആവശ്യം ഉന്നയിച്ചെങ്കിലും അത് നടന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി, നായനാരുടെ ഗവൺമെന്റ് താഴെ ഇറങ്ങാനുള്ള സാഹചര്യം ഉണ്ടായത് ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടി അവരോട് പറയാതെ ഇറങ്ങിപോയതുകൊണ്ടാണെന്നും വഞ്ചിച്ചതുകൊണ്ടാണെന്നും ഇവിടെ ആക്രോശിക്കുന്നത് കേട്ടു. ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷം ആ മുന്നണിയിലെ ഘടകകക്ഷികളോടുള്ള മാർക്സിസ്ററു പാർട്ടിയുടെ സമീപനം എന്തായിരുന്നുവെന്ന് പിൻതിരിഞ്ഞുനോക്കിയാൽ മനസ്സിലാക്കാൻ കഴിയും. അന്ന് നടപ്പാക്കിയ പോലീസ് നയം എന്തായിരുന്നുവെന്ന് ആലോചിക്കുന്നത് നന്നായിരിക്കും. ഭരണഭാരം ഏറെറടുത്ത ശ്രീ. ടി. കെ. രാമകൃഷ്ണൻ പോലീസ് അസോസിയേഷന് അംഗീകാരം കൊടുത്തു. എതിർപ്പ് ഉണ്ടായിരുന്നെങ്കിലും ഘടകകക്ഷികളെന്നനിലയിൽ മററുള്ളവരും അനുകൂലിച്ചു. ശ്രീ. നായനാർക്കും ശ്രീ. രാമകൃഷ്ണനും പോലീസ് സേനാംഗങ്ങൾ സിന്ദാബാദ് വിളിച്ചു. അവസാനം പോലീസുകാരോടുള്ള നയം എന്തായിരുന്നുവെന്ന് ഓരോ സംഭവങ്ങളും വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ കഴിയും. എന്റെ സ്നേഹിതൻ കണ്ണൻ തൃശ്ശൂരിൽ നടന്ന സംഭവം മനസ്സിലാക്കണം. പോലീസിനെ നിർവീര്യമാക്കികൊണ്ട് ആ സ്ഥാനത്ത് സി.ഐ.ടി.യു. ഗുണ്ടകൾക്കും സാമൂഹ്യദ്രോഹികൾക്കും റൗഡികൾക്കും മുൻതൂക്കം കൊടുത്തുകൊണ്ട് പ്രവർത്തിക്കാനുള്ള അവസര

LIBRARY ARCHIVES Kerala Legislative Assembly

മാണ് കൊടുത്തിരുന്നത്. തൃശിവപേരൂരിലെ വ്യാപാരികളും തൊഴിലാളികളും തമ്മിൽ സമരം നടത്തിയപ്പോൾ പോലീസുകാർക്കു അരി വാങ്ങിക്കാൻ വന്ന പോലീസുകാർ മററു ആരുടേയും സഹായം ലഭിക്കാത്തതുകൊണ്ട് അവർ തന്നെ വാനിൽ കയററിയ അരി അവരെകൊണ്ട് ഇറക്കിപ്പിച്ച് അവരെ നിർവീര്യമാക്കികൊണ്ട് പോലീസിനെ ചട്ടുകങ്ങളായി പ്രവർത്തിച്ചുവെന്നുള്ളത് ആർക്കെങ്കിലും നിഷേധിക്കാൻ പററുമോ ? സി.ഐ.ടി.യു. വരുമ്പോൾ അതുപോലെ മാർക്സിസ്ററുകാരെ സഹായിക്കുന്ന സാമൂഹ്യദ്രോഹികൾ വരുമ്പോൾ, റൗഡികൾ വരുമ്പോൾ അവർക്ക് സംരക്ഷണം കൊടുക്കുന്ന രീതിയായിരുന്നില്ലേ ആ സമയത്ത് അനുകരിച്ചതെന്ന് ആലോചിക്കണമെന്ന് പറയാനാഗ്രഹിക്കുകയാണ്. ഘടകകക്ഷികൾ ഇത്തരത്തിലുള്ള പോലീസ് നയത്തിന്റെ വൈകല്യങ്ങളെപ്പററി ചൂണ്ടിക്കാണിക്കുമ്പോൾ എല്ലാം ശരിയാക്കുമെന്ന് സമാശ്വസിപ്പിച്ചുകൊണ്ടായിരുന്നു സംസ്ഥാന ലെയ്സാൺ കമ്മിററിയിലും താഴെ കിടയിലുള്ള ലെയ്സാൺ കമ്മിററിയിലും പ്രവർത്തിച്ചിരുന്നത്. പക്ഷെ ഫലം എന്തായിരുന്നു ? ശ്രീ. പി. കെ. വി. തുടങ്ങിയുള്ള ആളുകൾ ഇവിടെ ആക്രോശിക്കുന്നതുകേട്ടു. മുറിവൈദ്യന്റെ കയ്യിൽ രോഗിയെ ചികിൽസിക്കാൻ കൊടുത്തരീതിയിൽ ശ്രീ. ടി. കെ. രാമകൃഷ്ണൻ പോലീസിനെ നിർവ്വീര്യമാക്കികൊണ്ട് എല്ലാം സാമൂഹ്യദ്രോഹികൾക്കും വേണ്ടത്ര പ്രോൽസാഹനം നൽകികൊണ്ടു മററുള്ളവരെ അടിച്ചമർത്തുന്ന നടപടികളുമായി മുന്നോട്ടുപോയതുകൊണ്ടാണ് ഇടതുപക്ഷജനാധിപത്യമുന്നണി തകർന്നത്.

വേലൂരിൽ എന്തു നടന്നുവെന്ന് ആലോചിക്കണം. അവിടെ രണ്ട് കൊലപാതകങ്ങൾ നടന്നു. നായനാർ ഗവൺമെന്റ് താഴെ വീണതിനുശേഷമാണെങ്കിൽകൂടി, ആ പ്രദേശത്ത് മാർക്സിസ്ററ് പാർട്ടിയെ സഹായിക്കുന്നതിനുവേണ്ടി അവരുടെ പിണിയാളുകൾ സാമൂഹ്യദ്രോഹികളേയും റൗഡികളേയും നിരത്തിലിറക്കി മററുള്ളവരെ ദ്രോഹിക്കുന്ന പരിപാടികളുമായി മുന്നോട്ടുപോകുമ്പോൾ ഞാനടക്കമുള്ള ആളുകൾ അവിടെ സമാധാനം പുനഃസ്ഥാപിക്കണമെങ്കിൽ, ജനങ്ങൾക്ക് സുരക്ഷിതത്വം വേണമെങ്കിൽ, മാർക്സിസ്ററ് പാർട്ടി സഖാക്കൾ ഇത്തരത്തിലുള്ള റൗഡികൾക്ക് പ്രോൽസാഹനം നൽകരുതെന്ന് ആവശ്യപ്പെട്ടു. പക്ഷേ ഫലമെന്തായിരുന്നു ? കൈബോംബും തോക്കുമായി ഒരു സംഘട്ടനത്തിന് തയ്യാറായികൊണ്ട് മാർക്സിസ്ററ് പാർട്ടിയുടെ പിണിയാളുകൾ അവിടെ നടത്തിയ നരനായാട്ട് വളരെ പ്രസിദ്ധമാണ്. അങ്ങനെയുള്ള നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ, വളരെ പ്രതീക്ഷയോടു കൂടി അധികാരത്തിൽ കയറിയ സർക്കാർ, തകരാൻ കാരണമായത്. അതിന് ശ്രീ. മാണിയെ കുററം പറഞ്ഞിട്ടോ മററാരേയെങ്കിലും കുററം പറഞ്ഞിട്ടോ പ്രയോജനമില്ല. ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടി ഈ വസ്തുതകളെല്ലാം അതാത് സമയത്ത് ചൂണ്ടികാണിച്ചിട്ട് അതിനെതിരായി ഒരു ചെറുവിരലനക്കാൻ ശ്രീ. രാമകൃഷ്ണനോ ശ്രീ. നായനാരോ തയ്യാറായിരുന്നോ എന്നുള്ളത് അവർ നെഞ്ചിൽ കൈവച്ച് പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പല നല്ല കാര്യങ്ങളും ചെയ്ത ഗവൺമെന്റാണ്. പക്ഷേ, വയറ് നിറച്ച് ആഹാരം കൊടുത്തിട്ട് സൈര്യമായി ഉറങ്ങാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിച്ചാൽ എതിനാണ് മുൻതൂക്കം കൊടുക്കാൻ ജനങ്ങൾ തയ്യാറാവുക എന്നുള്ളത് മനസ്സിലാക്കണം. രാജ്യത്ത് ശാശ്വതമായിട്ടുള്ള സമാധാനാന്തരീക്ഷം സൃഷ്ടിക്കണം. ഇവിടെ നിയമവാഴ്ച നടക്കണമെങ്കിൽ തലപ്പത്തിരിക്കുന്ന ആളുകൾ വൻപാർട്ടി മേധാവിത്വം മാററിക്കൊണ്ട് ഘടകകക്ഷികളെ ഒരുപോലെ സമീപിച്ചുകൊണ്ട് അവർക്കും സംരക്ഷണ നൽകുന്ന രീതിയിലുള്ള നടപടികൾക്ക് രൂപംകൊടുക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ ഒരു ഗവൺമെന്റും നിലനിൽക്കുകയില്ല എന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്—

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും നായനാർ ഗവൺമെന്റ് താഴെ വീണതിനുശേഷം ഈ സംസ്ഥാനത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അൽപമെങ്കിലും സുരക്ഷിതത്വബോധം വന്നുചേർന്നിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയെ എത്രതന്നെ കുററം പറഞ്ഞാലും, എന്തുതന്നെ പരാമർശനങ്ങൾ ഇവിടെ നടത്തിയാലും, ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഗവൺമെന്റിന്റെ പോലീസ് നയത്തിൽ നിന്നും വ്യത്യസ്തമായ ഒരു നയം ഇവിടെ സ്വീകരിച്ചിട്ടുണ്ട്.

ഇവിടെ പലരും ആക്ഷേപിച്ചു. കലാലയങ്ങളിൽ കയറി പോലീസ് കൈകാര്യം ചെയ്യുന്നത് ശരിയാണോയെന്ന് ചോദിച്ചു വിദ്യാർത്ഥികളെ ച്ചതയ്ക്കുന്നത് ശരിതല്ലിയാണോയെന്ന് ചോദിച്ചു. ഇവിടെ നടക്കുന്ന കാര്യങ്ങൾ എന്താണെന്ന് ആലോചിക്കണം. കലാലയങ്ങളിൽ റൗഡികളും സാമൂഹ്യ ദ്രോഹികളും കയറി കലാലയങ്ങളിലെ പ്രിൻസിപ്പാൾമാരേയും വൈസ് ചാൻസലറെ പോലെയുള്ള ആളുകളേയും കൊലചെയ്യുന്നതിനുള്ള ഗൂഢാലോചനകളുമായി മുന്നോട്ടു പോകുമ്പോൾ പോലീസ് കൈയും കെട്ടി നിൽക്കണമെന്നാണോ മറു ഭാഗത്തിരിക്കുന്നവർ പറയുന്നത്? അത്തരത്തിലുള്ള നടപടികൾ നടക്കുമ്പോൾ, പോലീസിനെ നിർവീര്യമാക്കി കൊണ്ട് എന്തും ചെയ്യാൻ റൗഡികൾക്ക് അനുവാദം കൊടുക്കുന്ന നിലപാടിന് മാററം വരുത്തികൊണ്ട്, മുഖം നോക്കാതെ, ഇത്തരത്തിലുള്ള നടപടികൾ വരുമ്പോൾ, ഇത്തരത്തിലുള്ള പ്രവണതകൾ അവസാനിപ്പിക്കുന്നതിനുവേണ്ടി, പോലീസിനെ വീര്യമുള്ളവരാക്കിത്തീർക്കണം, ശരിയായ നിയമപാലനത്തിന് സഹായകരമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയുള്ള ഒരു ഗവൺമെന്റ് നിലനിന്നു വരുമ്പോൾ—ആ ഗവൺമെന്റിനെ മാർക്സിസ്ററ് പാർട്ടി പുച്ഛിക്കുന്നത് മനസ്സിലാക്കാം— സി. പി. ഐ. യും ആർ. എസ്. പി. യും പോലുള്ള പാർട്ടികൾ എന്തിനാണ് ഇതിനെ എതിർക്കുന്നതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഘടകകക്ഷികളായിരുന്ന കാലത്ത് അവർക്ക് അനുഭവപ്പെട്ട കാര്യങ്ങൾ അവരൊന്ന് മനസ്സിരുത്തി ചിന്തിക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ശ്രീ. ഷൺമുഖദാസിനെപ്പോലെയുള്ള ആളുകൾ പ്രതിപക്ഷത്തിരിക്കാമെന്ന് പറഞ്ഞ്, പ്രതിപക്ഷത്തേക്ക് എന്തിന് വന്നു എന്ന് ഞാൻ ചോദിക്കുകയാണ്. ശ്രീ. ഷൺമുഖദാസും, ശ്രീ. ചാക്കോയും 22 പേർ ഒന്നിച്ച് ഇറങ്ങിപ്പോന്നപ്പോൾ മാർക്സിസ്ററ് പാർട്ടിയോട് കൂട്ടുചേർന്നുകൊണ്ട് പ്രതിപക്ഷത്തിരിക്കാമെന്ന് എപ്പോഴെങ്കിലും പറഞ്ഞോയെന്ന് ഞാൻ ചോദിക്കുകയാണ്. പുറത്തുവന്നതിനുശേഷം നല്ല കൂട്ട് അതാണെന്ന് തോന്നിയതുകൊണ്ട് അങ്ങോട്ട് മാറിയതിന് മററാരേയും പഴിച്ചിട്ട് കാര്യമില്ല. ഈ ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി നയപ്രഖ്യാപനം നടത്തിക്കൊണ്ട് മുന്നോട്ടു പോകുമ്പോൾ വിഷമമുണ്ടാകുമെന്ന് എനിക്കറിയാം. എങ്കിലും ഈ ഗവൺമെന്റ് ധൈര്യപൂർവ്വം മുന്നോട്ടു പോകുമെന്നും, കൃഷിക്കാരുടേയും സാധാരണക്കാരുടേയും, ചെറുകിടക്കാരുടേയും താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാൻ പ്രതിജ്ഞാബദ്ധമായിട്ടുള്ള ഒരു ഗവൺമെന്റാണിതെന്നും പറഞ്ഞുകൊണ്ട്, ഇവിടെ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ ഒന്നുകൂടി അനുകൂലിക്കുന്നു.

ശ്രീമതി പി. ദേവൂട്ടി: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിഗവൺമെന്റ് ക്രമസമാധാനം തകർത്തു എന്നു പറഞ്ഞുകൊണ്ട്, അത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട്, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ മറിച്ചിടുകയും ജനാധിപത്യ വിരുദ്ധമായി അധികാരത്തിൽ ഉയർന്നുവരുകയും ചെയ്തിട്ടുള്ള ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ അച്ചടിച്ച് വിതരണം

2/2356/S.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളത്. എനിക്ക് പറയുവാനുള്ളത്, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അല്ലെങ്കിൽ ഗവർണ്ണറുടെ നേരിട്ടുള്ള ഭരണം തുടങ്ങി ഇങ്ങോട്ടെടുത്ത് പരിശോധിച്ചുനോക്കിയാൽ നമ്മുടെ രാജ്യത്തുള്ള ക്രമസമാധാനം ഏതു തലത്തിലാണ് മെച്ചപ്പെട്ടതെന്ന് കാണാൻ സാധിക്കുമെന്നാണ്. യു. പി. യിലും മററ് വടക്കൻ സംസ്ഥാനങ്ങളിലും മാത്രം കേൾക്കാൻ സാധിച്ചിരുന്ന തരത്തിലുള്ള കൈയേററങ്ങളും, ആക്രമണങ്ങളും, ബലാൽ സംഗങ്ങളും, ലോക്കപ്പ് മർദ്ദനങ്ങളും നമ്മുടെ രാജ്യത്ത് ഇന്ന് സാധാരണ സംഭവങ്ങളായി മാറിയിരിക്കുകയാണ്. നമുക്കറിയാം ഇന്ദിരാഗാന്ധിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ കേരളാ ഗവർണ്ണർ ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ് ഇൻഡ്യ കാണാനെത്തിയ രണ്ട് ജർമ്മൻ യുവതികളെ കേരള മണ്ണിൽവച്ച്, കോവളത്തുവച്ച് അപമാനിച്ച സംഭവമുണ്ടായത്. അഞ്ജലാത്രേസ്യ എന്ന യുവതി അവരുടെ സഹോദരിയുമൊത്ത് കേരളത്തിൽ വന്നപ്പോൾ അവരെ കൈയേററം ചെയ്യാനും അപമാനിക്കാനും മുതിർന്ന സംഭവം കക്ഷിഭേദമന്യേയുള്ള പത്രങ്ങളെല്ലാം തന്നെ വിവരിച്ച അവസരത്തിൽ സാംസ്കാരിക കേരളത്തിന് തല കുനിക്കേണ്ടിവന്നു. മായാത്യാഗി ഭർത്താവിനോടൊപ്പം പോകുമ്പോൾ അപമാനിച്ചുവിട്ട സംഭവം ഉണ്ടായത് വടക്കേ ഇൻഡ്യയിലാണെങ്കിൽ ഭർത്താവിനോടൊപ്പം വന്ന ഭാര്യയെ അപമാനിക്കുന്ന സംഭവം ഇന്ന് കേരളത്തിൽ ഉണ്ടാവുകയാണ്. ഇങ്ങനെ എത്രയെത്ര സംഭവങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്:

നായനാർ ഗവൺമെൻറിനെ മറിച്ചിട്ടുകൊണ്ട് ആഹ്ളാദപ്രകടനം നടത്തിയ ദിവസം, പാവപ്പെട്ട ഒരു കർഷകത്തൊഴിലാളിയായ 'കുറുമ്പ' എന്ന ഹരിജൻ സ്ത്രീയെ അങ്കമാലിയിൽ കൊല ചെയ്തുകൊണ്ടാണ് ആഹ്ളാദപ്രകടനം നടത്തിയത്. അതിനുശേഷം ഇങ്ങോട്ടുള്ള ഓരോ സംഭവങ്ങളും ഞാൻ ഇപ്പോൾ വിവരിക്കുന്നില്ല. ഈ സഭയിൽ ഇതുപോലുള്ള നിരവധി സംഭവങ്ങൾ എണ്ണിയെണ്ണി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗിച്ചുകഴിഞ്ഞിട്ടുണ്ട്.

ജനുവരി 30-ാം തീയതി യുവജനങ്ങൾ പ്രതിഷേധപ്രകടനങ്ങൾ നടത്തി. നമ്മുടെ രാജ്യത്തെ ജനാധിപത്യ സംവിധാനമനുസരിച്ച് അംഗീകരിക്കപ്പെട്ട സമരമുറകളിൽ ഒന്നാണ് കരിങ്കൊടി പ്രകടനം അങ്ങനെ കരിങ്കൊടി പ്രകടനം നടത്തിയ യുവജനങ്ങളെ തല്ലിച്ചതച്ച അവസരത്തിൽ എത്ര സ്ത്രീകളെയാണ് തല്ലിച്ചതച്ച് ആശുപത്രിയിലാക്കിയത്? ഒരു സ്ത്രീയെന്നുള്ള നിലയിൽ എനിക്കറിയാം, ഒരിക്കലും സ്ത്രീകൾ കൈയേററത്തിന് മുതിരുകയില്ല. സമാധാനപരമായ ജീവിതം ആഗ്രഹിക്കുന്നവരാണ് സ്ത്രീകൾ. ആലപ്പുഴ ജില്ലയിൽ മുപ്പതിൽപ്പരം യുവതികളെ തല്ലി എല്ലൊടിച്ച് ആശുപത്രിയിലാക്കിയതാണോ ക്രമസമാധാനം? അതുപോലെതന്നെ തൃശൂർ ജില്ലയിൽ 'പുഷ്പ' എന്നു പറയുന്ന 17 വയസുള്ള ഒരു പെൺകുട്ടിയെ ബലാൽസംഗം ചെയ്തു. ആ സംഭവം അറിഞ്ഞ ആ കുട്ടിയുടെ അച്ഛൻ ഹൃദയംപൊട്ടി മരിച്ചു. ഇതാണോ നമ്മുടെ രാജ്യത്തെ ക്രമസമാധാനം? അതുകൊണ്ട്, എനിക്ക് ചോദിക്കുവാനുള്ളത്, കരിങ്കൊടി പ്രകടനത്തെ ഈ ഗവൺമെൻറ് എന്തിന് ഭയപ്പെടുന്നു എന്നാണ്. കരിങ്കൊടി കാട്ടുന്ന അവസരത്തിൽ എന്തിന് പോലീസിനെ കൊണ്ട് ആളുകളെ തല്ലിച്ചതയ്ക്കുന്നു?

നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികളെ, അവരുടെ പാവപ്പെട്ട കുടുംബങ്ങൾ കഷ്ടപ്പെട്ടുകൊണ്ടാണ് സ്കൂളുകളിലും കോളേജുകളിലും അയയ്ക്കുന്നത്. ആ കുട്ടികൾ സ്കൂളുകളിലും കോളേജുകളിലും പോയാൽ തിരിച്ചുവരുമെന്ന് ഉറപ്പുണ്ടോ? നീതിയ്ക്കുവേണ്ടി പോരാടുന്ന വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുന്നു, ക്രൂരമായി കൊല ചെയ്യുന്നു. കൊല്ലം ജില്ലയിൽ നമുക്ക് കാണാൻ സാധിച്ചതെന്താണ്? കൊല്ലം ജില്ലയിൽ ഒരു വിദ്യാർത്ഥിയെ

LIBRARY ARCHIVES Kerala Legislative Assembly

ക്രൂരമായി കൊല ചെയ്തു. പോലീസ് നിർവ്വികാരമായി നോക്കിനിൽക്കുകയാണ് ചെയ്തത്. പോലീസിന്റെ വീര്യം രക്ഷിക്കാൻവേണ്ടിയാണ് അധികാരത്തിൽ വന്നത് എന്നാണ് നിങ്ങൾ പറഞ്ഞത്.

എറണാകുളത്ത് കഴിഞ്ഞ ജനുവരി 19-ാം തീയതി പണിമുടക്കിനോടനുബന്ധിച്ച് തൊഴിലാളികൾ പ്രകടനം നടത്തി. അങ്ങനെ പ്രകടനം നടത്തിയ തൊഴിലാളികളെ പോലീസ് പിടിച്ചുകൊണ്ടുപോയി ലോക്കപ്പിലിട്ട് തല്ലിച്ചതച്ചു. ക്ഷീണിതരായ അവർ വെള്ളം ചോദിച്ച അവസരത്തിൽ അവരുടെ വായിൽ പോലീസ് മൂത്രമൊഴിച്ചുകൊടുത്തു എന്നു പറഞ്ഞാൽ തീർച്ചയായും നമ്മുടെ പോലീസ്‌വകുപ്പുമന്ത്രി ലജ്ജിച്ച് തലതാഴ്ത്തണം. എന്തുകൊണ്ടാണ് ഭരണപക്ഷത്തിരിക്കുന്ന നമ്മുടെ മന്ത്രിമാർ മ്ലാനവദനരായി ഇരിക്കുന്നത്? അവരുടെ മുഖത്ത് രക്തപ്രസാദമില്ല എന്തുകൊണ്ടില്ല? അവർക്ക് ലജ്ജിക്കാനല്ലാതെ സാദ്ധ്യമല്ല. ക്രമസമാധാനത്തിന്റെപേരിൽ അല്ലേ നിങ്ങൾ ഇറങ്ങിത്തിരിച്ചത്? ചമ്പൽ താഴ്‌വരയിൽ നമ്മൾ കൊള്ളക്കഥകൾ കേട്ടത്. എന്നാൽ ഇന്ന് എന്താണ് ഇവിടെ നടക്കുന്നത്? ശബരിമലയിൽ തമിഴ്‌നാട്ടിൽനിന്ന് രണ്ട് ബസുകൾ വന്നു. ആ ബസിൽ സ്ത്രീകളുമുണ്ടായിരുന്നു. ആ ബസ് കൊള്ള ചെയ്തു. സ്ത്രീകളെ അപമാനിച്ചു. ഒരു കേസെടുക്കാൻപോലും നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ ? ഇതാണോ നിങ്ങളുടെ ക്രമസമാധാനം ? അങ്ങനെ ജനാധിപത്യത്തെ കൊല ചെയ്തതുകൊണ്ടാണ് ഈ നന്ദി പ്രമേയത്തെ എതിർക്കേണ്ടിവന്നത്. കാലുമാററവും കൂറുമാററവും നടത്തുന്നതിനുവേണ്ടി രണ്ടുമാസക്കാലം നിങ്ങൾ കാത്തുനിന്നു കാലുമാററം നടത്തി. എനിക്ക് ആശ്ചര്യം തോന്നുകയാണ്. ഒരവസരത്തിൽ ഞാൻ ഓർക്കുകയാണ്, കമലേടത്തിയും, ഞാനും സംസ്ഥാനവ്യാപകമായി നടത്തിയ ഒരു സമ്മേളനത്തിൽ, എൻ. ജി. ഒ മഹിളാ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് ഇന്ദിരാഗാന്ധിയുടെ സ്വജനപക്ഷപാതത്തിനെതിരായി, അതുപോലെ കുടുംബവാഴ്ചക്കെതിരായി കമലേടത്തി ചെയ്ത ആവേശകരമായ പ്രസംഗം ഞാൻ ഇന്നും ഓർക്കുകയാണ്. ഇന്ന് ചാക്കിട്ടു പിടിത്തത്തിൽ കമലേടത്തിയും കുടുക്കിയിരിക്കുകയാണ് ശ്രീമാൻ കരുണാകരൻ. ഇവിടെ ചില സംഭവങ്ങൾ നടന്നു. ഈ ഭരണത്തിൻകീഴിൽ എം. എൽ. എ ഹോസ്റ്റലിൽ താമസിക്കുന്നതിനുപോലും സംരക്ഷമില്ലെന്ന് ഭരണകക്ഷിയിൽ ഇന്ന് ചേർന്നിട്ടുള്ള കമലേടത്തിയ്ക്കടക്കം തോന്നിയിരിക്കുകയാണ്. എം. എൽ. എ. ഹോസ്റ്റലിലുള്ള സെക്യൂരിററിയിൽ അവർക്ക് വിശ്വാസമില്ല. അവർ ഇന്ന് മറെറാരു ഹോട്ടലിൽ പോയി താമസിക്കുകയാണ്. ആ ഹോട്ടലിൽ താമസിച്ചു എന്നുള്ളതിനെ സംബന്ധിച്ചുതന്നെ ഇവിടെ പല പ്രശ്നങ്ങളും വന്നു. സഖാവ് കുര്യൻ ചില പരാമർശനങ്ങൾ നടത്തി. തീർച്ചയായും ആ പരാമർശനങ്ങൾ നടത്തിയ രീതിയോട് എനിക്ക് യോജിപ്പില്ല. പക്ഷേ നമ്മുടെ രാജ്യത്ത് സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ കടന്നുവന്നിട്ടുള്ള, സ്ത്രീകൾക്ക് ആക്രമണം അപമാനം വരുത്തിവയ്ക്കുന്ന രീതിയിലാണ് കമലേടത്തി ജനാധിപത്യത്തെ കൊല ചെയ്യുന്നതിനുവേണ്ടി എം. എൽ. എ. ഹോസ്റ്റലിൽ നിന്നും ഇറങ്ങിപ്പോയതെന്നുള്ള വസ്തുത ഈ രാജ്യത്തുള്ള സ്ത്രീകൾ മറക്കുകയില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ പുരോഗമന നടപടികൾ ഉണ്ടെന്നാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ ഏതൊരു ഗവൺമെന്റിനെ സംബന്ധിച്ച എടുത്തു പരിശോധിച്ചുനോക്കിയാലും ജനകീയ പങ്കാളിത്തം ആണ് ഗവൺമെന്റിന്റെ ഏററവും വലിയ സമ്പത്ത്. നമ്മുടെ രാജ്യത്ത് ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ജില്ലാ ഭരണബിൽ നടപ്പാക്കി നമ്മുടെ രാജ്യത്ത് എല്ലാ നിസ്സാര കാര്യങ്ങൾക്കും ആളുകൾ തിരുവനന്തപുരത്ത് വരുന്നതൊഴിവാക്കിക്കൊണ്ട് കൂടുതൽ ജനകീയ പങ്കാളിത്തം കൈവരുത്തുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെൻറ് പ്രഖ്യാപിച്ചതായിരുന്നു ജില്ലാഭരണബിൽ. അതെവിടെ പോയി എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറ് ആരുടെ സഹായംകൊണ്ട്, എങ്ങനെയാണ് ഭരിക്കുന്നത്. ജനകീയ പങ്കാളിത്തത്തിന് എന്താഹ്വാനമാണ് ഈ ഗവൺമെൻറ് നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ നയപ്രഖ്യാപന പ്രസംഗത്തിൽ തൊഴിലില്ലായ്മ വേതനത്തെ സംബന്ധിച്ചൊക്കെ പറയാത്തതിനെ സംബന്ധിച്ച് ഇവിടെ ചില ആളുകൾ പറഞ്ഞു. എന്തു പുരോഗമന നയപരിപാടികളാണ് ഈ നയപ്രഖ്യാപനത്തിൽ ഉള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. തൊഴിലില്ലായ്മ വേതനം കൊടുക്കാൻ പോകുന്നില്ല. നമ്മുടെ രാജ്യത്ത് യുവജനങ്ങൾ അല്പം ആശ്വാസമെന്ന നിലയിൽ കണ്ടതായിരുന്നു തൊഴിലില്ലായ്മ വേതനം. കഴിഞ്ഞ ഗവൺമെന്റ് അതു പ്രഖ്യാപിച്ചപ്പോൾ തന്നെ ശ്രീമാൻ കരുണാകരൻ അന്നതിനെ ശക്തിയായി എതിർത്തകാര്യം ഞാനീയവസരത്തിൽ അനുസ്മരിക്കുകയാണ്.

അതുപോലെതന്നെ നമ്മുടെ നാട്ടിൽ തുടങ്ങിയ മാവേലി സ്റ്റോറുകളുടെ കാര്യം ; വിലക്കയററം കൊണ്ട് നമ്മുടെ രാജ്യത്തുള്ള ജനങ്ങൾ പൊറുതി മുട്ടുകയാണ്. അങ്ങനെ വിലക്കയററംകൊണ്ട് പൊറുതിമുട്ടുന്ന രാജ്യത്തു കഴിഞ്ഞ ഗവൺമെന്റ് ആശ്വാസമെന്ന നിലയിൽ വിലക്കയററം തടയുന്നതിനു വേണ്ടി ചില നടപടികൾ സ്വീകരിച്ചതാണ്. അന്നുതന്നെ നടപടികൾ സ്വീകരിച്ചു മാവേലി സ്റ്റോററ് ഈ രാജ്യത്ത് നടപ്പിലാക്കി ജനങ്ങൾക്ക് ആശ്വാസം പകരുമ്പോൾ തീർച്ചയായും അതിനെതിരായി വാമനൻ സ്റ്റോറർ ഈ രാജ്യത്തു വന്നു. ഇന്നെന്താണ് മാവേലി സ്റ്റോററിന്റെ സ്ഥിതി. നല്ല സാധനങ്ങൾ കിട്ടാനില്ല. ഉള്ള സാധനങ്ങൾക്ക് ഭയങ്കര വിലയാണ്. അങ്ങനെ ഈ രാജ്യത്ത് മാവേലി സ്റ്റോറർ, വാമനൻ സ്റ്റോററിന് വഴിയൊരുക്കിക്കൊടുക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് ജനാധിപത്യവിരുദ്ധമായിട്ടാണ് അധികാരത്തിൽ വന്നത്. ജനവിധി ലംഘിച്ചുകൊണ്ടാണ് അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റിന് യാതൊരു തരത്തിലും ഇവിടെ ഭരിക്കാൻ അർഹതയില്ല. ജനങ്ങളെ ക്രൂരമായി തല്ലിച്ചതച്ചുകൊണ്ട് ഒരു ഗവൺമെന്റിനും ഭരണത്തിൽ തുടരാൻ സാദ്ധ്യമല്ല.

സർ, കണ്ണൂരിൽ നടന്ന സംഭവം ഞാനോർക്കുകയാണ്. സംസ്ഥാന വ്യാപകമായി നടന്ന യുവജനോൽസവത്തിൽ എത്ര ആഗ്രഹത്തോടുകൂടിയായിരുന്നു കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾ കടന്നുവന്നത്. നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തിരുന്നു. എല്ലാവരേയും യുവജനോൽസവത്തിന് ക്ഷണിച്ചു. പക്ഷേ അവിടെ വന്നപ്പോൾ ആർക്കും അകത്തുകടക്കാൻ പററുകയില്ല. എല്ലാ ആളുകളേയും തടഞ്ഞുനിറുത്തി അകത്തുകടത്താതെ പോലീസ് കാവൽ നിൽക്കുകയായിരുന്നു. മഫ്ററി പോലീസുകാരെ ആയിരക്കണക്കിന് കൊണ്ടു നിറുത്തി. പിഞ്ചുകുഞ്ഞുങ്ങളുടെ കലാപരിപാടികൾ കാണുന്നതിനുവേണ്ടി രക്ഷിതാക്കൾ കടന്നുവന്നു. പക്ഷേ ഹാളിനകത്തേക്ക് പ്രവേശനമില്ല. എന്നാൽ ഏതാനും സ്ത്രീകളെയാണ് ആദ്യം കടത്തിയത്. പിന്നെ ചില ആളുകൾ അകത്തു കടക്കുന്നതിനുവേണ്ടി വലിയ ബഹളവും തിരക്കുമായി. അപ്പോൾ ലാത്തിച്ചാർജ്ജ് നടത്തി ടിയർഗ്യാസ് ഉപയോഗിച്ചു. നാലുപാടും ആളുകൾ ഓടി. പിഞ്ചുകുഞ്ഞുങ്ങൾ ചതഞ്ഞരഞ്ഞു. പത്തൊൻപതോളം യുവജനങ്ങൾ ആശുപത്രിയിലായി. എന്റെ സഹപ്രവർത്തകരായ സ്ത്രീകളെയടക്കം ക്രൂരമായി മർദ്ദിച്ചു. സത്രീകൾ അവിടെ കൈയേററം നടത്തിയെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ ? ക്രൂരമായ മർദ്ദനമാണ് സ്ത്രീകളെ അടക്കം നടത്തിയത്. വനിതാപോലീസുകാരെക്കൊണ്ട് റോഡിൽകൂടി വലിച്ചിഴച്ചു കൊണ്ടുവന്ന കാഴ്ച ഞങ്ങളെല്ലാം നേരിൽ കണ്ടതാണ്. ഇങ്ങനെ സ്ത്രീകളുടെ നേരെയടക്കം ക്രൂരമായ കൈയേററമാണ് ഈ ഭരണത്തിൽ നടക്കുന്നത്. ശ്രീമാൻ കുട്ട്യാലി മിനിഞ്ഞാന്നു കുറെ കാര്യങ്ങൾ പറഞ്ഞു, വാസ്തവത്തിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷേ നടന്ന കാര്യങ്ങളായിരിക്കണം. ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്. ജനുവരി 19-ന് പണിമുടക്കുദിവസം ഈ മർദ്ദനം നടത്തിയിട്ട് കൊല്ലം ജില്ലയിൽ നാലു സ്ത്രീകളെ ക്രൂരമായി മർദ്ദിച്ചില്ലേ? അവരെ ക്രൂരമായി മർദ്ദിച്ചതിൽ നിങ്ങൾക്ക് ന്യായീകരിക്കാൻ എന്തുപകാശമാണുള്ളത്. കാരണം വെറും പ്രകടനമാണ് അവിടെ നടത്തിയത്. പണിമുടക്കിയാൽ തൊഴിലാളികൾ പ്രകടനം നടത്തിയാൽ അവരെ ക്രൂരമായി മർദ്ദിക്കുന്ന സംഭവം നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ എനിക്ക് പറയാനുള്ളത് ഈ രാജ്യത്തെ ജനങ്ങളെ മർദ്ദിച്ചവശരാക്കിക്കൊണ്ട് നിയമസഭാസ്ഥാനം ഉറപ്പു വരുത്താൻ നിങ്ങൾക്ക് സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ ഈ രാജ്യത്തുള്ള ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തിനു വിധേയമായിട്ടുള്ള ഒരു ഗവൺമെൻറാണ് ഇന്നു നിലനിൽക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെൻറ് രാജി വച്ചു പുതിയ ജനവിധി തേടുകയാണാവശ്യം. എന്തിനാണ് നിങ്ങൾ ഭയപ്പെടുന്നത്? പുതിയ ജനവിധി തേടുമ്പോൾ തീർച്ചയായും ഞങ്ങൾ പ്രതിപക്ഷത്തിരിക്കേണ്ടിവരുകയാണെങ്കിൽ പ്രതിപക്ഷത്തിരിക്കും. ഭരണപക്ഷത്തിരിക്കേണ്ടിവരികയാണെങ്കിൽ ഭരണപക്ഷത്തിരിക്കും. ഈ രാജ്യത്ത് കഴിഞ്ഞ ഗവൺമെൻറ് നടപ്പിൽ വരുത്തിയിട്ടുള്ള പുരോഗമന നടപടികൾ പലതും ഇന്നു നിറുത്തിവയ്ക്കും എന്നുള്ള ആശങ്കയാണ് ഞങ്ങൾക്കുള്ളത്. ഈ നയപ്രഖ്യാപനപ്രസംഗം വായിച്ചാൽ വളരെ വ്യക്തമായി ആ കാര്യങ്ങൾ എല്ലാം തന്നെ മനസ്സിലാകും.

എനിക്കൊരു പ്രത്യേക കാര്യം എടുത്തുപറയുവാനുള്ളത് നമ്മുടെ രാജ്യത്ത് പാവപ്പെട്ട കുട്ടികളുടെ സ്വഭാവരൂപവൽക്കരണം മുതൽ അവരുടെ സംരക്ഷണം വരെ ഏറ്റെടുത്തുകൊണ്ട് ആയിരക്കണക്കിന് ബാലവാടി അദ്ധ്യാപകർ ഇന്നു പ്രവർത്തിക്കുന്നുണ്ട്. 25 ഉറുപ്പിക ആയിരുന്നു കഴിഞ്ഞ കാലത്തെ അവരുടെ ശമ്പളം. ആ 25 ഉറുപ്പിക 100 ഉറുപ്പികയാക്കി ഉയർത്തിയത് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെൻറാണ്. അവർ ഇന്നും നിരന്തരമായി സർക്കാരിനോടാവശ്യപ്പെടുകയാണ്, അവർക്കെന്തെങ്കിലും ആശ്വാസം, എന്തെങ്കിലും വർദ്ധനവ് കൊടുക്കണം, ജീവിക്കാനാവശ്യമായ സ്ഥിതി ഉണ്ടാക്കണമെന്ന്. ഈ ഗവൺമെൻറിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ട പിഞ്ചുകുഞ്ഞുങ്ങളുടെ സ്വഭാവ രൂപവൽക്കരണമടക്കം, സംരക്ഷണമടക്കം ഏറ്റെടുത്ത് പ്രവർത്തിക്കുന്ന, സാമൂഹ്യസേവനരംഗത്തു പ്രവർത്തിക്കുന്ന അവർക്കുവേണ്ടി ഒരക്ഷരം പറയാൻ നിങ്ങൾക്കു സാധിച്ചോ? നിങ്ങൾ എന്തു സാമൂഹ്യക്ഷേമമാണ് പറയുന്നത്.

ഈ ഗവൺമെൻറ് എല്ലാ പുരോഗമന നടപടികളും സാമൂഹ്യക്ഷേമ പരിപാടികളും നിറുത്തിവച്ചിരിക്കുകയാണ്. അതോടൊപ്പം തന്നെ മർദ്ദന നടപടികളും കൈയേററങ്ങളും ഈ രാജ്യത്ത് ക്രൂരമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്കുപോലും ഇറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥ ഡൽഹിയിൽ നിന്നും യു. പി. യിൽ നിന്നും ഇന്ന് കേരളത്തിലേക്ക് കടന്നു വന്നിരിക്കുകയാണ്. സമാധാനാന്തരീക്ഷം ആഗ്രഹിക്കുന്നത്, കുടുംബജീവിതത്തിൽ സമാധാനം ആഗ്രഹിക്കുന്നത് ഈ രാജ്യത്തെ പകുതിയിലധികം വരുന്ന സ്ത്രീകളാണ്. അതുകൊണ്ടെനിക്കഭ്യർത്ഥിക്കാനുള്ളത് ഈ ഗവൺമെൻറ് ഭരണാധികാരത്തിൽ തുടരുകയാണെങ്കിൽ കുടുംബജീവിതം നഷ്ടപ്പെടും. അതുകൊണ്ടുതന്നെ നിങ്ങൾ രാജി വച്ചു പുറത്തുപോകണം. നിങ്ങൾ ജനവിധി തേടണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഒന്നുകൂടി ശക്തിയായി എതിർത്തു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നായർ : സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഏതാനും ചില നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ മുമ്പിൽ സമർപ്പിക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

സർ, 1981 വികലാംഗ വർഷമായിരുന്നു. വികലാംഗ വർഷത്തിൽ ഗവൺമെൻറ് പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കുകയുണ്ടായി. ആ കൂട്ടത്തിൽ ഗവൺമെൻറ് സർവ്വീസിൽ താൽക്കാലികമായി നിയമിക്കപ്പെട്ടിരുന്ന ആളുകാംക്ക് ഡിസംബർ 31 വരെ കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് ആ ഗവൺമെൻറ് അന്ന് പ്രഖ്യാപിക്കുകയുണ്ടായി. അതിനുശേഷം ഗവർണ്ണർ ഭരണത്തിൻകീഴിൽ അവരെ തൽക്കാലം പിരിച്ചുവിടേണ്ടന്നു തീരുമാനിക്കുകയുണ്ടായി. എന്നാൽ അവരെ സ്ഥിരമായ സർവ്വീസിൽ അബ്സോർബ് ചെയ്യാൻ ഉള്ള ഉത്തരവ് ഈ ഗവൺമെൻറ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മററൊന്ന് ഈ രാജ്യത്ത് 10 വർഷത്തിലേറെ പാർട്ട്ടൈം ജീവനക്കാരായി ജോലിനോക്കിയിട്ടുള്ള ആളുകളെ ഫുാംടൈം ആയി സ്ഥിരപ്പെടുത്തി കൊണ്ട് അവരുടെ കുടുംബത്തിൻെറ ജീവസന്ധാരണ ഉറപ്പുവരുത്തണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

സർ, ഇനി മററൊന്ന് കാർഷിക രംഗത്ത് സമാധാനം നിലനിർത്തുന്നതിനെക്കുറിച്ചാണ്. ഇന്ന് ഈ നിയമസഭയിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാരെക്കുറിച്ച് വളരെയധികം സംസാരിക്കപ്പെടുന്നുണ്ട്. വളരെ വർഷക്കാലമായി അവരുടെ ജീവിതരീതി നന്നാക്കാൻവേണ്ടി പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ അവരുടെ ജീവിതരീതിക്കോ അവരുടെ സാമ്പത്തിക ഭദ്രതക്കോ കാര്യമായ മാററം ഈ രാജ്യത്ത് വന്നിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് അതു പരിഹരിക്കാൻ വേണ്ടി ഒരു നിർദ്ദേശം ഗവൺമെൻറിൻെറ മുമ്പിൽ സമർപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതായത് ഈ ഗവൺമെൻറ് ഒരു പഞ്ചായത്തിൽ 100 കർഷകരെങ്കിലും സംഘടിപ്പിച്ചുകൊണ്ട്, 20-നും 30-നും ഇടയ്ക്കു പ്രായമുള്ള പുരുഷൻമാരേയും സ്ത്രീകളെയും സംഘടിപ്പിച്ചുകൊണ്ട് ഒരു ലക്ഷത്തോളം കർഷകത്തൊഴിലാളികാംക്ക് അവരുടെ തൊഴിലിനും വേതനത്തിനും സുരക്ഷിതത്വം പ്രഖ്യാപിച്ചുകൊണ്ട് ഒരു ലേബർ സർവ്വീസ് ഡിപ്പാർട്ടുമെൻറ് സൃഷ്ടിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു അപ്പർ ഡിവിഷൻ ക്ലാർക്കിൻെറയെങ്കിലും വരുമാനം ആവർക്ക് ഉറപ്പു ചെയ്തുകൊണ്ട് ഈ ഒരു ലക്ഷം കുടുംബത്തെ, കുടുംബത്തിലെ രക്ഷിതാവിനെയെങ്കിലും അതിനകത്ത് റിക്രൂട്ട് ചെയ്തുകൊണ്ട്, ഒരു ലക്ഷം പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകളെ സാമ്പത്തിക സുരക്ഷിതത്വത്തിൻെറ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ ഈ ഗവൺമെൻറ് തയ്യാറാവണം. അതിനാവശ്യമായ തുക, ഒരുകോടി രൂപയെങ്കിലും, ഒരു ടോക്കണായിട്ടെങ്കിലും അടുത്ത ബഡ്ജററിൽ ഉൾക്കൊള്ളിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. പി. ആർ. ശിവൻ : സർ, സ്പീക്കറുടെ കാസ്ററിംഗ് വോട്ട് എന്ന പ്രാണവായുവിനെ മാത്രം ആശ്രയിച്ച് ദിനം എണ്ണി കഴിഞ്ഞുകൂടുന്ന ആസന്ന മരണമായ ഈ ഗവൺമെൻറിനുവേണ്ടി നമ്മുടെ ബഹുമാന്യയായ ഗവർണ്ണർ നടത്തിയെന്നു പറയപ്പെടുന്ന നയവും പ്രഖ്യാപനവും ഇല്ലാത്ത പ്രസംഗത്തിന് വഞ്ചീശമംഗളം ആലപിക്കുന്ന ശ്രീ. തച്ചടി പ്രഭാകരൻെറ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, എങ്ങനെയെങ്കിലും, എന്ത് നാണംകെട്ട രീതിയിലും എന്തു താങ്ങു വില കൊടുത്തും ഭരിക്കുക എന്ന ഒരു നയവും ആ ഭരണത്തെ വാമൊഴിയിലോ വരമൊഴിയിലോ എതിർക്കുന്നവരെ അടിച്ചമർത്തുകയെന്ന ഒരു പ്രഖ്യാപനവും ഒഴിച്ച് മറെറാന്നും ഈ മുന്നണിക്ക് ഉണ്ടെന്ന് ഞാൻ കരുതുന്നില്ല സർ; രാഷ്ട്രീയ അവസരവാദികളുടേയും കാലുമാററക്കാരുടേയും കുതികാൽ വെട്ടികളുടേയും ഒരു "തല്ലിപ്പൊളി മുന്നണി" യാണ് ഈ ഭരണത്തിന് നേതൃത്വം കൊടുക്കുന്നത്. 1980 ജനുവരി മാസം 22-ാം തീയതി കേരളത്തിലെ ജനങ്ങൾ നൽകിയ ഭൂരിപക്ഷവിധി ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതാക്കൻമാരുടെ സൗന്ദര്യം കണ്ടുകൊണ്ടായിരുന്നില്ല. ശ്രീമാൻ എ. കെ. ആൻറണി കല്ല്യാണം കഴിക്കാത്തത് കൊണ്ടോ, ശ്രീമാൻ ഇ. കെ. നായനാർ കല്ല്യാണം കഴിച്ചതുകൊണ്ടോ അല്ല ജനങ്ങൾ ആ വിധി നൽകിയത്. മറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുമ്പോട്ട് വച്ച പരിപാടികളുടെ അടിസ്ഥാനത്തിൽ ഉള്ള അംഗീകാരമാണ്. ആ അംഗീകാരത്തെ "പാറുപൊട്ടിയ ചെരിപ്പ്" പോലെ വലിച്ചെറിഞ്ഞുകൊണ്ട് മലയാള ഭാഷയിൽ പറഞ്ഞാൽ "അപ്പനെ ഔസേഫു ചേട്ടാ എന്നു വിളിച്ചു" കൊണ്ട് അങ്ങേ വശത്തേക്ക് പോയിട്ടുള്ള ചില മാന്യൻമാർ ആദർശധീരതയെക്കുറിച്ച് സംസാരിക്കുന്നത് കേൾക്കുമ്പോൾ ഞങ്ങൾക്ക് നാണമാകുന്നു. ബഹു: എ. കെ. ആൻറണിയുടെ ആദർശ ധീരത "അന്തിച്ചന്തയിലെ അയിലച്ചെതുമ്പൽ" പോലെ വില കുറവായിരിക്കുന്നു. അതിന് ഘനം കുറവാണ്, ദുർഗന്ധമാണ്. വില കുറവുമാണ് ആ അയിലച്ചെതുമ്പലിന്. ആ രീതിയിലേക്ക് അധ:പതിച്ചിരിക്കുന്നു. എന്താണ് ന്യായം പറയുന്നത് ? പറയുന്ന ആളുകളുടെ ന്യായത്തെക്കുറിച്ച് കേൾക്കണാണ് ബഹുരസം. സർ, സാധാരണ കഥാ പ്രാസംഗികർ ഒരു പരസ്യം നൽകാറുണ്ട്. സാമൂഹ്യ-രാഷ്ട്രീയ പുരാണ കഥാപ്രസംഗം. വായനശാലകളിൽ ചെല്ലുകയാണെങ്കിൽ സാമൂഹ്യ കഥാപ്രസംഗം രാഷ്ട്രീയ വേദികളിൽ രാഷ്ട്രീയ കഥാപ്രസംഗം അമ്പലങ്ങളിൽ, ദേവാലയങ്ങളിൽ പുരാണ കഥാപ്രസംഗം. എന്തിനും കാഥികൻ ഫിററാണ്. ബഹുമാന്യനായ ഹസ്സൻെറ പ്രസംഗം കേട്ടപ്പോൾ അത്ഭുതം തോന്നി. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി അറഞ്ഞു തുള്ളി പ്രസംഗിച്ച അതേ നാക്കുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തള്ളിപ്പറയുന്നു. ചർമ്മബലം അപാരം തന്നെ സർ, അപാര ചർമ്മബലം ഉണ്ടെങ്കിലേ ഈ തറവേല കാണിക്കാൻ പററൂ.

സർ, പിന്നെ മറെറാരു പാർട്ടി ശ്രീ. കെ. എം. മാണിയുടേതാണ്. ഞാൻ ഒന്നും പറയുന്നില്ല. നേരത്തെ ഇവിടെ പരാമർശിച്ച ശ്രീ. ററി. എം. ജേക്കബ്ബിൻെറ പ്രബുദ്ധമായ ചെങ്ങന്നൂർ പ്രസംഗം. "പി. ജെ. ജോസഫിൻെറ ടിക്കററ് വാങ്ങിക്കാതെ ഐക്യമുന്നണിയിലേക്ക് മാണിക്ക് കടന്നുവരാൻ പററുമോ ?" ബഹുമാന്യനായ മാണി പണ്ഡിതനാണ്, വിവരമുള്ളവനാണ്. പി. ജെ. ജോസഫിൻെറ അടുത്തുപോയില്ല. നേരെ കറുപ്പയ്യാ മൂപ്പനാരുടെ അടുത്തുപോയി. ബ്ലാക്കിന് ഒരു ടിക്കററ് വാങ്ങി അദ്ദേഹം കയറി വന്നു. ഓരോ വാചകം മാത്രം ഞാൻ പറയുന്നു.

"അനന്തമജ്ഞാത മവർണ്ണനീയം
ഈ മാണി ഗോളം തിരിയുന്ന മാർഗ്ഗം"

നിർത്തുന്നു അവിടെ.

സർ, പിന്നെ വേറെ ഉണ്ട് ചിലർ, 30-ഉം 35-ഉം വർഷക്കാലം രാഷ്ട്രീയ പ്രവർത്തനം നടത്തി അവസാനം നൈമിഷികമായ പ്രലോഭനങ്ങളുടേയും പ്രകോപനങ്ങളുടേയും വലയിൽ വീണ ആണും പെണ്ണും ഒരുമിച്ച് കാലുമാറിയവർ. പേരു പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ എന്റെ സ്നേഹിതൻ "കെ. കെ. നായർ സർ അദ്ദേഹം: അദ്ധ്യാപകൻ ആയതുകൊണ്ടാണ് സർ എന്നു വിളിക്കുന്നത്.. അദ്ദേഹം ഇവിടെ പ്രസംഗിച്ചപ്പോൾ കഴിഞ്ഞ ദിവസം പറഞ്ഞു, രണ്ടു കാരണങ്ങളാലാണ്, ഈ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി നിന്നത്. ഒന്ന് "കഴിഞ്ഞ ഡിസംബർ 26-ാം തീയതി വരെ ഞാൻ നിന്നു, ആരും എന്നെ സമീപിച്ചില്ല. 27-ാം തീയതി കരുണാകരൻ വന്നു, കൂടെപ്പോയി". സർ, പട്ടണ പ്രദേശങ്ങളിലെ തെരുവ് വേശ്യകൾ ഇത്തരത്തിലാണ്. അവർ വൈകുന്നേരം അണിഞ്ഞൊരുങ്ങി നിൽക്കും. 5 രൂപ കൊടുത്താൽ ആരു വിളിച്ചാലും പോകും. കരുണാകരൻ വിളിച്ചു, പോയി. അങ്ങനെ ആരു വിളിച്ചാലും പോകുന്ന നട്ടെല്ല് ഊരിവയ്ക്കുന്ന ഒരു രാഷ്ട്രീയ പ്രവർത്തന പാരമ്പര്യമാണ് അദ്ദേഹത്തിനുള്ളത്. ഇന്ദിരാ കോൺഗ്രസ്സിനെ അദ്ദേഹത്തിനറിയില്ല. രണ്ടു പ്രാവശ്യം നിയമസഭാംഗമായിരുന്നു. കാലുമാററത്തിനും ന്യായീകരണം. സർ, അദ്ദേഹം വേറൊരു കാര്യവും പറഞ്ഞു, ജനാധിപത്യചേരി വെള്ളത്തിന് വറുക്കാതിരിക്കാൻ വേണ്ടി, റിട്ടയാർഡ് ഐ. എ. എസ്., ഐ. സി. എസ്., കൊടിവെച്ച കാറിൽ സഞ്ചരിക്കാതിരിക്കാൻ വേണ്ടി ജനാധിപത്യം സംരക്ഷിക്കാൻ വേണ്ടി, "പനയപ്പള്ളിക്കാരൻ ദാമോദര ഷേണായ് കരിമീൻ തിന്നുന്നതുപോലെ" അല്ലേ ? പനയപ്പള്ളിക്കാരൻ ദാമോദര ഷേണായ് സസ്യഭുക്കായിരുന്നു. അദ്ദേഹം മൽസ്യവും, മാംസവും, മുട്ടയും ഒന്നും കഴിക്കുകയില്ല. ഒരു ദിവസം കൂട്ടുകാർ ചെന്നപ്പോൾ ഷേണായ് കരിമീൻ വറുത്തത് തിന്നുന്നു. എന്താണ് ഷേണായ് കാര്യമെന്ന് ചോദിച്ചു. "നിങ്ങൾ കോപിക്കാതെ താഴോട്ടുനോക്കൂ". താഴോട്ടു നോക്കിയപ്പോൾ ഒരു മെലിഞ്ഞ പൂച്ച ഇരിക്കുന്നു. "ഈ പൂച്ച എന്റെ അപ്പൻ 50 രൂപയ്ക്ക് പോണ്ടിച്ചേരിയിൽ നിന്ന് വാങ്ങിയതാണ് . ഈ പൂച്ചയ്ക്ക് പ്രധാന ആഹാരം മീനിന്റെ മുള്ളാണ്. ഇതിന് മുള്ള് കൊടുക്കാൻവേണ്ടി ഞാൻ ഈ മീനിന്റെ ഇറച്ചി തിന്നുകയാണ്". അതുപോലെ, ഇഷ്ടമുണ്ടായിട്ടല്ല, ജനാധിപത്യ ചേരിയെ രക്ഷിക്കാൻവേണ്ടി കെ. കെ നായർ അങ്ങോട്ട് കാലുമാറിയത്. നല്ലത്. ഏതായാലും അങ്ങ് ചെന്ന് ഈ "തല്ലിപ്പൊളി മുന്നണിക്കു" വേണ്ടി ഒരു പ്രസംഗം നടത്തി. അതിലേക്കൊന്നും ഞാൻ പോകുന്നില്ല.

സർ, ഇന്ദിരാ കോൺഗ്രസ്സ് മുന്നണിയിലേക്ക് പോയ ബഹുമാന്യനായ ആൻറണി മേയ്ക്കുന്ന കോൺഗ്രസ്സിനോട് എനിക്കുള്ള ഒരു അഭ്യർത്ഥന, നിങ്ങൾ ഒരു നാടകം കാണണം. കലാനിലയം തീയേറേറഴ്സ് അവതരിപ്പിക്കുന്ന "രക്തരക്ഷസ്" എന്ന നാടകം ഉണ്ട്; തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത്. സുധീരൻ പോയാൽ പ്രത്യേകം കാണാം. ആ നാടകത്തിൽ സുന്ദരിയായ ഒരു കഥാപാത്രമുണ്ട്. സാഹിത്യകാരൻമാരുടെ ഭാഷയിൽ പറഞ്ഞാൽ പനംകുലപോലെ ചുരുണ്ട് നീണ്ട തലമുടി, തൊണ്ടിപ്പഴം പോലുള്ള അധരം, മുല്ലമൊട്ടുകൾ പോലുള്ള പല്ലുകൾ, എള്ളിൻ പൂവ് പോലുള്ള മൂക്ക്, താമരത്തണ്ട് പോലുള്ള കഴുത്ത്, ചന്ദ്രക്കലപോലുള്ള നെററി, ജീരകച്ചമ്പാവിന്റെ നിറം, അങ്ങനെ എല്ലാ സുന്ദരഗുണങ്ങളും ഒത്തിണങ്ങിയ സുന്ദരിയായ ഒരു കഥാപാത്രമുണ്ട് അതിനകത്ത്. ആ സ്ത്രീയെ കണ്ട് ആ സ്ത്രീയാൽ ആകർഷിക്കപ്പെട്ട് ആരെങ്കിലും അങ്ങോട്ട് ചെന്നാൽ നിമിഷം കഴിയുമ്പോൾ ആ സ്ത്രീ തോളത്ത് ഒന്ന് കൈവയ്ക്കും; നിമിഷത്തിനുള്ളിൽ ആ സ്ത്രീ ഭീകര രൂപിണിയായ ഒരു രക്തരക്ഷസായി രൂപാന്തരപ്പെട്ട് ചെല്ലുന്ന ആളുടെ ചോര വലിച്ച് കുടിച്ച് ശവം വഴിയിൽ തള്ളും. ഇന്ദിരാ കോൺഗ്രസ്സിന്റെയും അതിന്റെ നേതാവ് കരുണാകരന്റെയും പാളയത്തിലേക്ക് ശ്രീമാൻ സി. എം. സ്റ്റീഫൻ വിരിച്ച പരവതാനിയിൽ ചവിട്ടി വാദ്യ

LIBRARY ARCHIVES Kerala Legislative Assembly

ഘോഷങ്ങളുടെ അകമ്പടിയോടുകൂടി കടന്ന് ചെന്ന ബഹുമാനപ്പെട്ട ഹസ്സൻ, സുധീരൻ, ഉമ്മൻചാണ്ടി ആ സുന്ദരിയായ സ്ത്രീയാൽ ആകർഷിക്കപ്പെട്ടു ചെല്ലുന്ന വഴിയാത്രക്കാരന്റെ അനുഭവമായിരിക്കും നിമിഷങ്ങൾക്കകം നിങ്ങൾക്ക് ഉണ്ടാകുന്നത്.

1976-ൽ സ്വന്തം നേതാവ് എ. കെ. ആന്റണി വീക്ഷണം ഫണ്ട് ശേഖരിക്കാൻ പെരുമ്പാവൂരും, പുല്ലുവഴിയിലും വന്നപ്പോൾ ശ്രീമാൻ കരുണാകരൻ നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിലെ ആളുകൾ ആനയും അമ്പാരിയുമായിട്ടാണോ സ്വീകരിച്ചത്, അതോ അടിയും ഇടിയുമായിട്ടാണോ സ്വീകരിച്ചത് ? ഒരു മീററിംഗ് നടത്താൻ നിങ്ങൾക്ക് കഴിഞ്ഞോ ? ഇന്ന് നിങ്ങൾക്ക് തരുന്ന ഈ നൈമിഷിക സുഖം, അത് ദീർഘമായ ഒരു ദുരന്തത്തിന് വഴിയൊരുക്കലായിരിക്കുമെന്ന് ചിന്തിക്കാൻ കഴിയുമെങ്കിൽ അത് എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നിപ്പോൾ പ്രായപൂർത്തിയായവർക്ക് മാത്രം എന്ന് പറഞ്ഞ് ഒരു സിനിമ വരുന്നുണ്ട്. "പറങ്കിമല, അവളുടെ രാവുകൾ" വലതുവശത്ത് ഒരു വലിയ 'A' ആന്റണി കോൺഗ്രസ്സ് (എ) എന്ന ഒരു വലിയ അക്ഷരം കണ്ടാൽ പ്രായപൂർത്തിയായവർക്കുള്ളതായതു കൊണ്ട് എന്തെങ്കിലും കാണണമെന്ന് വിചാരിച്ച് ചെറുപ്പക്കാർ വരുമെന്ന് അടിസ്ഥാനത്തിൽ ഒരു വലിയ (എ) ഉം തൂക്കി നടക്കുന്ന നിങ്ങളോട് ഞങ്ങൾക്കുള്ള അഭ്യർത്ഥന—തീർച്ചയായും വസ്ത്രം എന്നേ നഷ്ടപ്പെട്ടു അതു പോകട്ടെ. ആ വലയിലൊന്നും ചെറുപ്പക്കാർ വീഴാൻ പോകുന്നില്ല. അതുകൊണ്ട് 'എ' ക്ക് വലിയ വില്പനയുണ്ടാകുന്ന ലക്ഷണമില്ല.

വളരെ വ്യക്തമായി എനിക്ക് പറയാനുള്ള ഒരു കാര്യം നിങ്ങൾ ചെന്നിരിക്കുന്ന തറവാട് ഏതാണ് ? വെറും പാർലമെന്റ് അംഗമായ രാജീവ് ഗാന്ധിയുടെ പെട്ടിയും കിടക്കയും ചുമക്കാൻ ഒരു ക്യാബിനററ് മന്ത്രി, ട്രാൻസിലേററ് ചെയ്യാൻ ഒരു കേന്ദ്ര ക്യാബിനററ് മന്ത്രി ശ്രീ. സി. എം. സ്ററീഫൻ. ഹൈക്കോടതിയിൽ കേസ്സ് ജയിച്ചാൽ പിന്നെ മുൻസിഫ് കോടതിയിൽ അപ്പീൽ കൊടുക്കാറുണ്ടോ ; ആരെങ്കിലും? അതല്ലേ നടക്കുന്നത്. ക്യാബിനററ് മന്ത്രി എ. പി. ക്ക് അകമ്പടി സേവിക്കുകയാണ്. എന്തൊരു കുടുംബ വാഴ്ച. അതിനെക്കുറിച്ച് ലജ്ജിക്കാൻ അറിയാത്തവർ. അതിന് പററിയ സമയമാണ് ഇനി വരുന്ന ഒന്നു, രണ്ട് മണിക്കൂർ. ഏതായാലും അതിന് കഴിയുമെങ്കിൽ നല്ലത്. ഇല്ലെങ്കിലും ഞങ്ങൾക്ക് വിരോധമൊന്നുമില്ല.

പിന്നെ മറെറാരു കാര്യം ഉള്ളത്, ബഹുമാന്യനായ ആന്റണി ഇടതുപക്ഷ ജനാധിപത്യ മുന്നണി വിട്ടുപോയപ്പോൾ ഒരു പിരാക്ക് ഞങ്ങളോട്. "മാർക്സിസ്ററുകാർ 100 കൊല്ലം വെയിൽ കൊണ്ട് നടക്കും" എന്ന്. പൊന്നേ, ഇത് കേട്ടാൽ തോന്നും വെയിൽ കൊള്ളാത്തവരാണ് ഞങ്ങളെന്ന്. വെയിൽ മാത്രമല്ല വെയിൽ, മഞ്ഞ്, മഴ, തല്ല് ഇതെല്ലാം കൊണ്ടിട്ടാണ് ഞങ്ങൾ ഇവിടെ നിൽക്കുന്നത്; ഈ രാജ്യത്ത്. നേരെമറിച്ച് വേളിയിൽ തീരുമാനമെടുത്ത് 9 ദിവസം പ്രതിപക്ഷത്തേക്ക് പോകാൻ ഇടയായി, വെയിൽ കൊണ്ടപ്പോൾ പൂവൻ വാഴക്കൂമ്പുപോലെ വാടി അവസാനം എവിടെ നിന്ന് ചവിട്ടി ഇറക്കിവിട്ടോ, അവിടേക്ക് പെട്ടിയും ഭാണ്ഡവുമായി മുടിയനായ പുത്രൻ തിരിച്ച് ചെന്നതുപോലെ ചെന്ന നിങ്ങൾ ആദർശധീരതയെക്കുറിച്ചൊന്നും ആളുകളോട് പറയരുത്. മാലോകർ ലജ്ജിക്കും. അപ്പോൾ അതുകൊണ്ട് ഞങ്ങളോട് വേണ്ട, വേറെ ആരെയെങ്കിലും ഉപദേശിക്കുക. സ്വന്തം അണികളെ ഈ കാര്യം പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചാൽ വിജയിക്കുമെങ്കിൽ നല്ലതെന്ന് മാത്രമേ പറയാനുള്ളു.

2/2356/S.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോഠം ജനാധിപത്യ മുന്നണി താവളങ്ങളിൽ എല്ലാ ദിവസവും വൈകുന്നേരം കൃത്യമായി ഒരു പ്രാർത്ഥന. ആ പ്രാർത്ഥന ഞാൻ കേട്ടതാണ്.

"നൻമ നിറഞ്ഞ കാസ്ററിംഗ് വോട്ടേ നിനക്കു സ്വസ്തി,
എന്തെന്നാൽ, നിലയില്ലാക്കയത്തിൽ കിടന്ന്
കൈ കാലിട്ടടിച്ചുകൊണ്ടിരിക്കുന്ന ഞങ്ങഠംക്ക്
ആശയുടെ അൽത്താര തീർത്തുതന്ന കാസ്ററിംഗ് വോട്ടേ
നിനക്ക് സ്വസ്തിയായിരിക്കട്ടെ! "

പരീശൻമാരും, ചുങ്കക്കാരും, പാപികളും മററ് രാജാക്കൻമാരുമാണ് നിന്നെ സൃഷ്ടിച്ചതെങ്കിലും നിൻെറ സാന്നിദ്ധ്യം കൊണ്ട് ഞങ്ങഠം പുളക മണിയുന്നു. ആകാശത്ത് നടക്കുന്ന ഉറുമ്പുകളും മററ് പക്ഷി പ്രാണികളും—ഉറുമ്പും ആകാശത്ത് ഭൂമിയിൽ നടക്കുന്ന അലവലാതികളും നിൻെറ പേര് കേഠംക്കുന്ന മാത്രയിൽ രോമാഞ്ചകഞ്ചുകിതരാകുന്നു. അതുകൊണ്ട് ആകാശത്തും ഭൂമിയിലുമുള്ള സകല പക്ഷി പ്രാണികളും ആദരവോടുകൂടി ഓർക്കുന്ന കാസ്ററിംഗ് വോട്ടേ നിനക്ക് സ്വസ്തി. ആമേൻ.

ഇതാണ് പുതിയ പ്രാർത്ഥന. മഹോന്നതജനാധിപത്യമൂല്യം തകർത്തെറിഞ്ഞുകൊണ്ട് കുതിരക്കച്ചവടവും കാലുവാരലും നടത്തുന്ന രാഷ്ട്രീയ വിശദീകരണം നടത്തുന്നത് ആരെ ബോദ്ധ്യപ്പെടുത്താനാണ് ബഹുമാന്യനായ ഉമ്മൻചാണ്ടി ? ഇങ്ങനെയൊരു പോലീസ് നയമുണ്ടോ ? ഇത്രയും ചുരുങ്ങിയ ദിവസംകൊണ്ട് ഇതുപോലൊരു റിക്കാർഡ് സൃഷ്ടിച്ച ആഭ്യന്തരമന്ത്രിയെ കേരളം മുൻപു കണ്ടിട്ടേയില്ല. ചോരമണക്കുന്ന കലാലയങ്ങളും തെരുവുകളും പോലീസ് സ്റേറഷനുകളും ലോക്കപ്പുകളുമാണ് ഇപ്പോഴുള്ളത്. ബഹുമാന്യനായ ഉമ്മൻചാണ്ടി ഇത്രയും വലിയ ശിക്ഷ ബഹുമാന്യനായ കരുണാകരൻ നിങ്ങഠംക്കു തരേണ്ടിയിരുന്നോ ? ഈ ലാത്തി നിങ്ങളെ ഏൽപ്പിച്ചപ്പോഠം നിങ്ങഠംക്ക് നാട്ടിലുണ്ടെന്നു പറയുന്ന ജനസ്വാധീനം തകർക്കുക എന്നുള്ള ദുഷ്ടബുദ്ധിയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അത് നിങ്ങഠംക്കു ബോധ്യപ്പെടുമെന്നാണ് ഞങ്ങഠം കരുതിയത്. ചോരമണക്കുന്ന തെരുവുകളും കലാലയങ്ങളും പോലീസ് ലോക്കപ്പുകളുമായി എത്രനാഠം മുന്നോട്ടു പോകാൻ കഴിയുമെന്നാണ് ആഗ്രഹം ? ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനാണല്ലോ നന്ദിപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. പച്ചടിയോ കിച്ചടിയോ എന്നു ബോധ്യമില്ലാത്ത നയപ്രഖ്യാപന പ്രസംഗത്തിന് തച്ചടി തന്നെവേണം നന്ദിപ്രമേയം അവതരിപ്പിക്കാൻ. നയപ്രഖ്യാപന പ്രസംഗം വായിച്ചതിനെപ്പററിത്തന്നെ വലിയ തർക്കമാണ്. വായിച്ചു എന്നൊരുകൂട്ടർ. വായിച്ചില്ലെന്ന് മറെറാരുകൂട്ടർ. നിയമസഭാ റിക്കാർഡു പരിശോധിച്ചാൽ അതു മനസ്സിലാകും. അതെപ്പററിത്തന്നെ നിയമപ്രശ്നത്തിൻെറ വലിയൊരു ബഹളമാണ് നടന്നത്. വായിച്ചു എന്നൊരു കൂട്ടർ, വായിച്ചില്ലെന്ന് ഒരു കൂട്ടർ. ആകാശവാണിക്കെതിരായി അവകാശ ലംഘനപ്രമേയം—എന്നുവേണ്ട ഒരു ബഹളംതന്നെ. ആവണക്കെണ്ണകൊണ്ട് കടവിറങ്ങിയതുപോലെയുള്ള ഒരു നയപ്രഖ്യാപന പ്രസംഗവും വ്യക്തമല്ലാത്ത പരിപാടികളും കൊണ്ട് എത്രനാഠം ഉന്തിക്കൊണ്ടുപോകാനാണ് ആഗ്രഹം ? തീർച്ചയായും ഇതു നിങ്ങഠംക്കുകഴിയുമെന്നു എനിക്കു വിശ്വാസമില്ല. ഈ മുന്നണിയെക്കുറിച്ചും അതിൻെറ ഘടനയെക്കുറിച്ചുമൊക്കെ ഞാൻ പറഞ്ഞു. ഒരിക്കലും യോജിക്കാൻ കഴിയാത്ത, പരസ്പരവൈരുദ്ധ്യമുള്ള താല്പര്യങ്ങഠം തമ്മിൽ ഏററുമുട്ടുന്ന ഒരു തല്ലിപ്പൊളി മുന്നണിയാണിത്. സർ, സാമ്പത്തിക സംവരണത്തെക്കുറിച്ച് ശ്രീമാൻ സുന്ദരേശൻ നായർ നോൺസ്റേറാപ്പു പ്രസംഗമാണ് നടത്തുന്നത്. ജാതി സംവരണം തുടരണമെന്ന് ഇന്നലെ കൊരമ്പയിൽ അഹമ്മദുഹാജി പ്രസംഗിച്ചു. ഏതു നയമാണ് നിങ്ങളുടെ ഗവൺമെൻറി

LIBRARY ARCHIVES Kerala Legislative Assembly

നുള്ളത് ? ഒന്നുകിൽ ആണായിരിക്കണം അല്ലെങ്കിൽ പെണ്ണായിരിക്കണം. ഇതങ്ങനെയല്ല. ആണുംപെണ്ണുംകെട്ട നയമാണിത്, ഈ നയം തുടരാൻ നിങ്ങൾക്കു കഴിയുമോ ? ജനങ്ങളുടെ വിധിയെ അങ്ങനെയങ്ങ് അവഗണിക്കാനൊന്നും സാധിക്കുകയില്ല. ഒരു തിരഞ്ഞെടുപ്പ് എന്നു പറയുമ്പോൾ നിങ്ങൾക്കെന്തിനാണീ അഞ്ചാംപനി ? ബഹുമാന്യനായ സീതിഹാജി പ്രസംഗിച്ചപ്പോൾ പറഞ്ഞത് 127 എന്ന സംഖ്യയാണ്. 13 എണ്ണം ഒഴിവാക്കിയതെന്തിനാണ് ? കൃത്യമായി കണക്കുകൂട്ടി 127 എന്നു വ്യാഖ്യാനിക്കുന്നതെന്തിനാണ് ? എന്തിനാണിങ്ങനെ ഭയപ്പെടുന്നത് ? ജനങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറുണ്ടെങ്കിൽ ഭയപ്പെടാതെ മുന്നോട്ടുവരൂ. നൂറുപേരിൽ അറുപത്തിരണ്ടു പേർക്കും എഴുത്തും വായനയും അറിയാവുന്ന ഈ സംസ്ഥാനത്ത് സോപ്പുകുമിളയിലധിഷ്ഠിതമായ ഈ ഭരണ സംവിധാനം തുടരാൻ നിങ്ങൾ ശ്രമിച്ചാൽ അതു ബുദ്ധിമുട്ടായിരിക്കും. അക്കാര്യം ഞാൻ ഇവിടെ നിറുത്തുകയാണ്. നിരവധി കക്ഷികളുടെ കൂട്ടുകെട്ടുകൾ കണ്ടിട്ടുള്ള സംസ്ഥാനമാണ് കേരളം. ഒരു കൂട്ടുകെട്ടിൽ അഭിപ്രായ വ്യത്യാസമുണ്ടായി പിരിഞ്ഞുപോയപ്പോൾ നാല്മാലോകരോട് ഇന്നകാരണംകൊണ്ടാണ് പോകുന്നതെന്നുപറയണം. ആ മാന്യതപോലും കാണിക്കാതെ ജനവിധിയെ മാനിക്കാതെ പിൻകാലുകൊണ്ട് ചവിട്ടിത്തള്ളി കടന്നു പോയവർക്ക് ജനങ്ങൾ നൽകുന്ന ശിക്ഷ എന്തായിരിക്കുമെന്ന് ഇന്നെല്ലെങ്കിൽ നാളെ നിങ്ങൾക്കു മനസ്സിലാകും. തിരഞ്ഞെടുപ്പു വയ്ക്കുമ്പോൾ കാണാം ജനങ്ങളുടെ വിധിയെഴുത്ത്. സർ, ശതമാനം എന്നു പറയുന്നത് ഏതു സംഖ്യയുടേയും അങ്ങേവശത്തും ഇങ്ങേവശത്തും ഉണ്ടാവുന്നതാണ്. ആർക്കനുകൂലമായി ശതമാനം വരുന്നു എന്നത് കണ്ടറിയാനുള്ളതല്ലേ? കാണാൻ പോകുന്ന പൂരം പറഞ്ഞുകേൾക്കുന്നതെന്തിനാണ് ? അതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. ഏതായാലും ഗവർണർ നടത്തി എന്നു പറയുന്ന നയവും പ്രഖ്യാപനവും ഇല്ലാത്ത പ്രസംഗത്തിന് തച്ചടി പ്രഭാകരൻ അവതരിപ്പിച്ച കൃതജ്ഞതാപ്രമേയത്തെ അനുകൂലിക്കാൻ എനിക്കു മനസ്സില്ല, മനസ്സില്ല, മനസ്സില്ല.

ശ്രീ. ജോസ് താന്നിക്കൽ : മി. സ്പീക്കർ സർ, ഈ ഗവൺമെൻറിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം പൂർണ്ണമായി വായിക്കാത്ത പ്രസംഗമാണെന്നും അതുകൊണ്ട് അതിനു നന്ദിപ്രമേയം അവതരിപ്പിച്ചതു ശരിയായില്ലെന്നുമൊക്കെ പ്രതിപക്ഷത്തു നിന്നും അഭിപ്രായങ്ങൾ വന്നു. ബഹുമാന്യയായ ഗവർണർക്ക് ശാരീരികമായ എന്തെങ്കിലും അസ്വസ്ഥതകളുള്ളതുകൊണ്ടായിരിക്കാം പൂർണ്ണമായി വായിക്കാതെ വായിച്ചതായി പരിഗണിക്കണമെന്നു സഭയോടഭ്യർത്ഥിച്ചിട്ടു പോയത്. അക്കാര്യം എല്ലാവർക്കും അറിവുള്ളതാണ്. എന്നിട്ടും ഇതു വായിക്കാത്ത പ്രസംഗമാണെന്നു പറഞ്ഞ് പ്രതിപക്ഷം ആരോപണമുന്നയിക്കുന്നത് ശരിയല്ല. ഇന്നു സംസ്ഥാനം ഭരിക്കുന്ന ഗവൺമെൻറിന്റെ ആഗ്രഹങ്ങളെന്തൊക്കെയാണെന്നുള്ളത് ഈ പ്രസംഗത്തിൽ പ്രതിഫലിക്കുന്നുണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽ വരാനുണ്ടായ സാഹചര്യം നമുക്കെല്ലാമറിവുള്ളതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള നായനാർ മന്ത്രിസഭ രാജിവച്ച സാഹചര്യത്തിൽ കേരളത്തിൽ ഒരു പുതിയ ഐക്യമുന്നണി രൂപംകൊണ്ടു. ആ ഐക്യ ജനാധിപത്യ മുന്നണി ഭൂരിപക്ഷം ലഭിച്ചതിനുശേഷം മാത്രമാണ് ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഉണ്ടാക്കാൻ തീരുമാനിച്ചത്. ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റെടുക്കുന്ന സമയത്ത് വ്യക്തമായ ഭൂരിപക്ഷമുണ്ടായിരുന്നു. കഴിഞ്ഞദിവസങ്ങളിൽ ഇവിടെനടന്ന ചർച്ചയിലുയർന്നുവന്ന അഭിപ്രായങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു തന്നെ ആ കാര്യം വ്യക്തമായതാണ്. അതുകൊണ്ട് ഇനിയാർക്കും സംശയം അവശേഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. മന്ത്രിസഭയ്ക്കു ഭൂരിപക്ഷമുണ്ടെന്നു തെളിയിക്കപ്പെട്ടതിനുശേഷവും ഇതു ന്യൂനപക്ഷ ഗവൺമെൻറാണ് എന്ന് പറഞ്ഞു പരത്താൻ പ്രതിപക്ഷം നടത്തുന്ന ശ്രമങ്ങൾ വിജയിക്കാൻ പോകുന്നില്ല. ഒരു കാര്യം തീർച്ചയാണു സർ. ഈ ഗവൺമെൻറ് അധികാരം ഏറ്റെടുത്തതിനുശേഷം ഇവിടെ ജനങ്ങൾക്ക് വലിയ ആശ്വാസമാണ്. ക്രമസമാധാനപാലനത്തിൻെറ കാര്യത്തിലും ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുന്ന കാര്യത്തിലും ഈ ഗവൺമെൻറ് വിജയിച്ചിരിക്കുകയാണെന്നതാണ് ആ ആശ്വാസത്തിനു കാരണം. കള്ള കർക്കടകമാസത്തിലെ പേമാരിക്ക് ശേഷമുള്ള ആശ്വാസമാണ് ഈ ഗവൺമെൻറ് വന്നതിനുശേഷം ഇവിടത്തെ ജനങ്ങൾക്കുണ്ടായിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ കാലത്തുള്ള അരാജകത്വവും ക്രമസമാധാനത്തകർച്ചയുമൊക്കെ നമുക്കറിയാം. ഇവിടത്തെ ജനങ്ങളുടെ സമാധാനജീവിതത്തിനു ഭീഷണിയുയർത്തിയ ഒരു ഭരണമായിരുന്നു അവരുടെ നേതൃത്വത്തിലിവിടെ നടന്നത്. ഇടതുപക്ഷ ഗവൺമെൻറിൻെറ ഈപോക്കു നല്ലതല്ല എന്ന് എത്രയോതവണ ഞങ്ങളുടെ പാർട്ടി പ്രസിഡൻറ് ശ്രീ. എ. കെ. ആൻറണിയും ഉമ്മൻചാണ്ടിയുമൊക്കെ പറഞ്ഞിട്ടുണ്ട്! കോ-ഓർഡിനേഷൻ കമ്മിററിയോഗങ്ങളിലും മററുതലങ്ങളിലുമെല്ലാംവച്ച് ഈ പോക്ക് അപകടമാണെന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഈ രാജ്യത്തുള്ള പ്രശ്നം മുഴുവൻ പരിഹരിക്കാൻ ഞൊടിയിടകൊണ്ട് ഒരു ഗവൺമെൻറിനും സാധിക്കുകയില്ല. മാന്ത്രിക വിദ്യകൊണ്ടും അതു സാധിക്കുകയില്ല. ഒരു സംസ്ഥാനത്തുള്ള ജനങ്ങൾക്ക് നിരവധിനിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. അതെല്ലാം ഒരു കുറഞ്ഞ സമയത്തിനുള്ളിൽ പരിഹരിക്കപ്പെടാൻ സാധിക്കുകയില്ലെന്നു നമുക്കറിയാം. എന്നാൽ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു ഗവൺമെൻറിന് പരമപ്രധാനമായ ഒരു ചുമതല നിർവ്വഹിക്കാനുണ്ട്. അതായത് ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുകയും ക്രമസമാധാനലംഘനം ഇല്ലാതാക്കുകയും ചെയ്യുക എന്നത്. അതിൽ പരാജയപ്പെട്ട ഒരു ഗവൺമെൻറ് എത്ര പുരോഗമന നടപടികൾ സ്വീകരിച്ചാലും ശരി ജനങ്ങളുടെ ഭാഗത്തുനിന്നും പിൻതുണ ലഭിക്കുകയില്ല. കഴിഞ്ഞ ഇരുപത്തൊന്നുമാസക്കാലം ഇവിടെ ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന് എന്തെങ്കിലും കാതലായ പുരോഗമന പരിപാടികൾ നടപ്പാക്കിയതായി ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ആകെക്കൂടി അവകാശപ്പെടാൻ കഴിയുന്നത് ചില സാമൂഹ്യക്ഷേമ പരിപാടികൾ നടപ്പാക്കി എന്നതാണ്. കർഷകത്തൊഴിലാളി പെൻഷൻെറ കാര്യം നമുക്കെല്ലാമറിവുള്ളതാണ്. കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെൻറ് വ്യക്തമായി ഒന്നും പറയുന്നില്ലെന്ന് ഇന്നുസംസാരിച്ച പ്രതിപക്ഷ സുഹൃത്തുക്കൾ ആക്ഷേപിച്ചു. കർഷകത്തൊഴിലാളി പെൻഷൻ താൽക്കാലികമായി നിറുത്തിവച്ചത് ഈ ഗവൺമെൻറാണോ കൃത്രിമങ്ങൾ നടന്നു എന്നും അനർഹരായവർക്കു പെൻഷൻ കൊടുത്തു എന്നുമൊക്കെ പറഞ്ഞ് അതു താൽക്കാലികമായി നിറുത്തിവച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിൻെറ കാലത്താണ്. അന്നത്തെ തൊഴിൽ മന്ത്രിയായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദുതന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. അനർഹരായ കർഷകത്തൊഴിലാളികൾക്കു പെൻഷൻ കൊടുത്തിട്ടുണ്ടോ എന്നും മററുമുള്ളകാര്യം പരിശോധിച്ചശേഷം മാത്രമേ ഇനി കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുകയുള്ളൂ എന്ന് ഇടതുപക്ഷ ഗവൺമെൻറിൻെറ കാലത്താണ് തീരുമാനമെടുത്തത്. ആ തീരുമാനം ഈ ഗവൺമെൻറ് പുനഃപരിശോധിക്കുമെന്നും അർഹരായവർക്ക് പെൻഷൻ കൊടുക്കുന്നകാര്യം ആലോചിക്കുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു സംശയവും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട. പീതാംബരൻ മാസ്റ്ററെപ്പോലെയുള്ള സുഹൃത്തുക്കൾക്ക് തൊഴിലില്ലായ്മ വേതനത്തെക്കുറിച്ച് ഒരു സംശയവും വേണ്ട. അതുപോലെതന്നെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് യുക്തമായ നടപടി സ്വീകരിക്കും. അതുപോലെതന്നെ അവർക്കാശ്വാസം കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. ഈ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളിൽ കഴിഞ്ഞ ഗവൺമെൻറിനുണ്ടായ പരാജയം ഈ ഗവൺമെൻറിനുണ്ടാകരുതെന്ന് നിർബന്ധമുണ്ടാകണം. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് മാർക്സിസ്റ്റുപാർട്ടി ക്ഷേമപ്രവർത്തനങ്ങളിൽ താല്പര്യമെടുത്തതിന് അതീൻേറതായ താല്പര്യങ്ങൾ ഉണ്ടായിരുന്നു. സ്വന്തം പാർട്ടിയുടെ വികസനത്തിൽ താല്പര്യമുണ്ടായിരുന്നതുകൊണ്ടാണ് ക്ഷേമപ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലുമൊക്കെ മാർക്സിസ്റ്റുപാർട്ടി താല്പര്യമെടുത്തിരുന്നത്. ഇതൊക്കെയാണെങ്കിലും കഴിഞ്ഞ കാലത്ത് ഇവിടത്തെ വികസന പ്രവർത്തനങ്ങൾ വളരെവളരെ പുറകോട്ടു പോയിരുന്നു എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഈ സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾക്കു മുൻതൂക്കം കൊടുക്കണമെന്നാണ് ഈ ഗവൺമെൻറിനോടു ഞാൻ അഭ്യർത്ഥിക്കുന്നത്. യാത്രാ ക്ലേശം, ശുദ്ധജല ദൗർലഭ്യം, ആശുപത്രികളിലെ അസൗകര്യം ഇവയുടെയെല്ലാം പേരിൽ ഇന്ന് സംസ്ഥാനത്തെ ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. സർ, ഈ സംസ്ഥാനത്തെ ജനങ്ങളുടെ കണ്ണിലുണ്ണിയായ ആദർശധീരനായ ആൻറണിയെ പലരും അപഹസിക്കുന്നതു കേട്ടു. അദ്ദേഹത്തിൻെറകൂടെ നടന്ന് അദ്ദേഹത്തിൻെറ സ്നേഹവും വാൽസല്യവും അനുഭവിച്ചു വളർന്ന് വലിയ പ്രമാണിമാരായ ആളുകളാണ് ഇപ്പോൾ അദ്ദേഹത്തെ ആക്ഷേപിക്കുന്നത്. അവരോട് ബൈബിളിലെ നോഹിൻെറ കഥയാണ് പറയാനുള്ളത്. മഹാനായ, സത്യസന്ധനായ, ജനങ്ങൾക്കിഷ്ടപ്പെട്ട നോഹയും അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളും ദൈവത്തിൽ വിശ്വസിച്ചു ജനങ്ങൾക്കും ദൈവത്തിനും ഇഷ്ടപ്പെട്ട സത്യസന്ധമായ പ്രവൃത്തിയാണദ്ദേഹം ചെയ്തിരുന്നത്. ജനങ്ങൾ പാപം ചെയ്യുന്നതും അക്രമംചെയ്യുന്നതുംകണ്ട് ഇവരോടുപൊറുക്കേണമേ എന്ന് ദൈവത്തോട് നോഹ പ്രാർത്ഥിച്ചിരുന്നു. അനീതികൾകണ്ട് വേദനിച്ച് ദൈവം ലോകജനതയെ മുഴുവൻ പ്രളയത്തിൽ മുക്കിക്കൊല്ലണമെന്നു തീരുമാനിച്ചു. ഈ പ്രളയത്തിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗം പ്രവാചകൻമാർവഴി നോഹയ്ക്ക് ഉപദേശിച്ചുകൊടുത്തു. ഒരു ഉരുക്കുപെട്ടകം ഉണ്ടാക്കി ലോകം നിലനിറുത്തുന്നതിനാവശ്യമായ എല്ലാം അതിൽ സംരക്ഷിക്കാൻ പ്രവാചകൻമാർ നോഹയോടുപദേശിച്ചു. അങ്ങനെ നോഹ എല്ലാം തയ്യാറാക്കി. പ്രളയംവന്നു. എങ്കിലും ദൈവത്തിൻെറവാക്കു കേട്ട നോഹ രക്ഷപ്പെടുകയും ലോകം നിലനിൽക്കുകയും ചെയ്തു. അതുപോലെ മാർക്സിസ്റ്റു പാർട്ടിയുടെ കിരാതവാഴ്ചയിലും അക്രമ വാഴ്ചയിലും കഷ്ടപ്പെട്ട ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി നായനാർ മന്ത്രിസഭ വഴികണ്ടു. പ്രളയത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ആൻറണിയാകുന്ന നോഹ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാകുന്നഉരുക്ക് പെട്ടകത്തിലൊതുക്കി സംരക്ഷിച്ചെടുക്കുകയാണുചെയ്തത്. അങ്ങനെയുള്ള സത്യസന്ധനായ നേതാവിനെക്കുറിച്ച് എന്തിനാണ് ഈ ആറ് സ്നേഹിതൻമാർ കുററംപറയുന്നത്? ഇവരോടു പൊറുക്കേണമേ എന്നാണെൻെറ പ്രാർത്ഥന. ഈ ഗവൺമെൻറിനുവേണ്ടി ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. ജെ. സക്കറിയാസേട്ട്:</u> സർ, ജനാധിപത്യവിരുദ്ധവും കുൽസിതവും അവിശുദ്ധവുമായ മാർഗ്ഗങ്ങളിൽക്കൂടി ബലാൽക്കാരമായി അധികാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിലേറിയ ഒരു ഗവൺമെൻറിൻെറ അപൂർണ്ണമായ നയപ്രഖ്യാപനത്തിൻെറ വികലമായ ഒരു ദൃശ്യമാണ് ഈ 29-ാം തീയതി സഭയിൽ കണ്ടത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തള്ളിപ്പറഞ്ഞുകൊണ്ട് ഒരു വിഭാഗം ആളുകൾ അപ്പുറത്തേക്ക് പോയിട്ടുണ്ട്. അവരുടെ ഉദ്ദേശശുദ്ധി കഴിഞ്ഞ നാലഞ്ചു ദിവസത്തെ ചർച്ചകളിൽനിന്ന് വ്യക്തമായതാണ്. അവരെ കുററം പറയാൻ ഞാനീയവസരം വിനിയോഗിക്കുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണിയിൽ നിന്നും കിട്ടാവുന്നിടത്തോളം ആനുകൂല്യങ്ങൾ വാങ്ങിയെടുത്തശേഷം ഒരു സുപ്രഭാതത്തിൽ അവർ മറുഭാഗത്തേക്കു പോകുകയാണുണ്ടായത്. കേരള കോൺഗ്രസ് (മാണി ഗ്രൂപ്പ്) ൻെറ നേതാവായ ശ്രീമാൻ ഒ. ലൂക്കോസ് ഇടതുപക്ഷജനാധിപത്യമുന്നണിയെ അന്നും ഇന്നും വിശേഷിപ്പിച്ചത് ഒരു സങ്കര വർഗ്ഗച്ചെടിയായിട്ടാണ്. ആ സങ്കരവർഗ്ഗച്ചെടിക്ക് ഇപ്പോൾ മുഞ്ഞബാധയും കീടബാധയും ഏററിരിക്കുന്നു. ഇടതുപക്ഷജനാധിപത്യമുന്നണിയാകുന്ന സങ്കരവർഗ്ഗച്ചെടിക്കാവശ്യമായ കീടനാശിനി ഞങ്ങൾ യഥാവിധി തളിച്ചിട്ടുണ്ട്. അത് നല്ല നിലയിൽ വളർന്നിട്ടുമുണ്ട്. ഞങ്ങൾ ഏല്പിച്ച കീടനാശിനി ചെടിയിൽ തളിക്കാതെ ഉമ്മൻചാണ്ടിയും ലൂക്കോസുംകൂടി കരുണാകരനു വിററു കാശുവാങ്ങിക്കുകയാണുണ്ടായതെന്ന് ഞങ്ങൾക്ക് പിന്നീടാണ് ബോദ്ധ്യമായത്. കല്യാണം കഴിച്ചും കല്യാണം കഴിക്കാതെയും ഒരേ അനുഭവമെടുക്കുന്ന ആളുകൾ നമ്മുടെ രാജ്യത്തുണ്ട്. അതുപോലെ ഇടതുപക്ഷജനാധിപത്യമുന്നണി പരീക്ഷണമായാലും കൊള്ളാം ഐക്യജനാധിപത്യമുന്നണി പരീക്ഷണമായാലും കൊള്ളാം ഭരണം എന്ന അനുഭവം കടഞ്ഞെടുക്കണമെന്നുള്ളതിൽക്കവിഞ്ഞ തത്വശാസ്ത്രമൊന്നും ശ്രീമാൻ ആൻറണി ഇതഃപര്യന്തം വച്ചുപുലർത്തിയിട്ടില്ല. ശ്രീമാൻ ആൻറണിയെ നന്നായി അറിയാവുന്നവരോട് ഞാൻ അത് ആവർത്തിച്ച് പറയാനാഗ്രഹിക്കുന്നില്ല. സർ, ഇടതുപക്ഷജനാധിപത്യമുന്നണിയെ ഞങ്ങൾ ഒരു കല്പവൃക്ഷമായിട്ടാണ് കാണുന്നത്. ഇതിൻെറ തേങ്ങയും ഇളനീരും എന്തിനധികം പറയുന്നു, ഇതിൻെറ മച്ചിങ്ങവരെ പറിച്ചെടുത്തശേഷമാണ് മാണിയും ഉമ്മൻചാണ്ടിയും ആ ഭാഗത്തേക്കു പോയത്.

അങ്ങനെ പുരയിടം അനാഥമായി നശിക്കുന്ന സ്ഥിതിവിശേഷമുണ്ടായപ്പോൾ ഈ ഭാഗത്തുനിന്ന് ഉറച്ചുനില്ക്കാൻതന്നെ തീരുമാനിച്ചു; ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രസക്തി നഷ്ടപ്പെട്ടുവെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഇതിനു ബഹുജനപിൻതുണയില്ലെന്നും ഞങ്ങൾക്കു തോന്നുന്നില്ല. സ്വാഭാവികമായും ഐക്യമുന്നണികൾക്കുണ്ടാകാവുന്ന ന്യൂനത ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും ഉണ്ടായിരുന്നു. ആ ന്യൂനത അപരിഹാര്യമാണെന്ന് ഇന്നും ഞങ്ങൾക്കഭിപ്രായമില്ല സർ. അത് പരിഹരിക്കാവുന്നതായിരുന്നു. ദൗർഭാഗ്യവശാൽ ആ ന്യൂനതയെക്കുറിച്ചു വിലയിരുത്താനും അതു പരിഹരിക്കാനും ശ്രീമാൻ ഉമ്മൻ ചാണ്ടിയും ശ്രീമാൻ കെ. എം. മാണിയും ശ്രമിച്ചില്ലെന്നുള്ളതാണ് വസ്തുത. ഒരു കാര്യം ഇവിടെ സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സാഹചര്യത്തെളിവുകളുടെയടിസ്ഥാനത്തിൽ പ്രതിയെ തൂക്കിക്കൊല്ലാൻവരെ കോടതി വിധിക്കാറുണ്ട്. ഇവിടെ സാധാരണഗതിയിൽ ഒരു അപകടം, ഒരത്യാഹിതം, സംഭവിക്കാനിരിക്കുകയാണെന്നതിൻെറ മുൻസൂചനയാണ് യൂത്തു കോൺഗ്രസ്സുകാരുടെയും കെ. എസ്. യു. ക്കാരുടെയും പ്രസ്താവനകൾ. യൂത്ത് കോൺഗ്രസ്സുകാരുടെ നേതാവ് കെ. സി. ജോസഫ്, നിയമസഭ പിരിച്ചുവിട്ടു തെരഞ്ഞെടുപ്പു നടത്തണമെന്നു പറഞ്ഞു. ഈ ഗവൺമെൻറിന് അധികാരത്തിൽ തുടരാനർഹതയില്ലെന്നു വളരെ വ്യക്തമായും അസന്നിഗ്ദ്ധമായും അവർ പ്രഖ്യാപിച്ചിരിക്കുന്നു. ശ്രീമാൻ ആൻറണി കരുണാകരൻെറ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭയ്ക്ക് വളരെ നേരത്തെതന്നെ കുഴിവെട്ടിവച്ചിരിക്കുന്നുവെന്ന് യൂത്ത് കോൺഗ്രസ്സിൻെറയും കെ. എസ്. യു. വിൻെറയും പ്രസ്താവനകളിൽനിന്ന് വ്യക്തമാണ്

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുകൊണ്ട്, ന്യൂനപക്ഷമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ ഗവൺമെൻറ് ജനാധിപത്യത്തിൻെറ യഥാർത്ഥമായ സ്വഭാവത്തിൽ അധികാരത്തിലേറാത്ത ഈ ഗവൺമെൻറ്, ഒരു കാരണവശാലും തുടരാനവകാശമുള്ളതല്ല. ഇപ്പുറത്തിരുന്നിരുന്ന ശ്രീമാൻ ജോസഫും ഭരണപക്ഷത്തിരുന്നിരുന്ന ശ്രീമാൻ കെ.എം.മാണിയും ഇന്നു ശൃംഗാരലഹരിയിൽ അപ്പുറത്തിരിക്കുന്നതു ഞാൻ കണ്ടു സർ. ദീർഘകാലത്തെ വിരഹത്തിനുശേഷം വാർദ്ധക്യത്തിൻെറ ദൗർബല്യത്തിൽ കണ്ടുമുട്ടിയ ദമ്പതികളുടെ വികാരപാരവശ്യത്തെപ്പററിയാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മവരുന്നത്. എന്തിനാണു സർ, ഈ കൂട്ടുകെട്ട്? ശ്രീമാൻ മാണിയും ശ്രീമാൻ ജോസഫും ഇവിടെ പ്രസംഗിച്ച കാര്യങ്ങളൊന്നും ഞാനാവർത്തിക്കുന്നില്ല. നിയമസഭയുടെ പ്രൊസീഡിംഗ്സിൽ അതിന്നും ജീവിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ കാസ്ററിംഗ് വോട്ടിലാണ് ഈ മന്ത്രിസഭ നിലനില്ക്കുന്നതെന്നുള്ളത് അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ്. കാസ്ററിംഗ് വോട്ടു ചെയ്യാൻ സ്പീക്കർക്ക് അവകാശമുണ്ടെന്നും ഇല്ലെന്നുമുള്ള നിയമപരമായ വാദത്തിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ എത്രമാത്രം കാസ്ററിംഗ് വോട്ടിൽ ഈ മന്ത്രിസഭ നിലനില്ക്കുമെന്നത് ആലോചിക്കേണ്ടതാണ്. വളരെ ഗുരുതരമായ രോഗം ബാധിച്ച് ഒരു ഡോക്ടർക്കും ചികിൽസിച്ചു രക്ഷപ്പെടുത്താൻ കഴിയാത്ത സ്ഥിതിയിലേക്ക് ഒരു രോഗി ചെന്നെത്തുമ്പോൾ അയാളെ മരിക്കാനനുവദിക്കണമെന്ന്, ദയാവധത്തിനു നിയമസാധുത്വം നല്കണമെന്ന്, ഇന്നു ലോകം ആവശ്യപ്പെടുകയാണ് സർ. ഈ മന്ത്രിസഭ സ്പീക്കറുടെ കാസ്ററിംഗ് വോട്ടായ ഓക്സിജനിൽ ആണ് ഇന്നു നിലനില്ക്കുന്നത്. ആസന്നനിലയിൽ കിടക്കുന്ന ഈ മന്ത്രിസഭയെ ഒരു വിധത്തിലും രക്ഷപ്പെടുത്താൻ സാദ്ധ്യമല്ലാത്തതുകൊണ്ട് മെഴ്സി കില്ലിംഗ് (ദയാവധം) അനുവദിക്കാൻവേണ്ടി ബഹുമാനപ്പെട്ട ചെയറിൽനിന്ന് അനുവദിച്ചിട്ടുള്ള കാസ്ററിംഗ് വോട്ട് എന്ന ഓക്സിജൻ സിലിണ്ടർ എടുത്തുമാററണമെന്ന് വളരെ വിനയപൂർവ്വം ഞാനപേക്ഷിക്കുകയാണ്. വളരെ വ്യക്തമായിത്തന്നെ ഈ വസ്തുത നമുക്ക് ബോദ്ധ്യപ്പെടുന്നുണ്ട്. മറെറാരു കാര്യം ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ വളരെ പ്രതീക്ഷയോടുകൂടിയാണു സർ, ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പാലം വലിച്ചത്. ശ്രീമാൻ തച്ചടി പ്രഭാകരനും തിരുവമ്പാടിക്കാരനായ ശ്രീമാൻ സിറിയക് ജോണും ഇതിനെ തുരങ്കംവയ്ക്കാൻ കളിച്ച കളിയുടെ കാര്യമൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അവരിന്നു രണ്ടാംനിരയിലേക്കും മൂന്നാം നിരയിലേക്കും മാറി. അടുത്തുതന്നെ മന്ത്രിയാകുമെന്ന പ്രതീക്ഷയിൽ പലതും ചെയ്തുവച്ചപ്പോൾ തെങ്ങുംചാരി നിന്നവൻ പെണ്ണും കൊണ്ടുപോയ അനുഭവമാണു സർ ഉണ്ടായത്. എനിക്ക് അത്ഭുതം തോന്നുന്നില്ല. ഈയിരിക്കുന്ന ശ്രീമാൻ ഷൺമുഖദാസിനെയും എൻെറ പിന്നിൽ ഇരിക്കുന്ന ശ്രീമാൻ പി. സി. ചാക്കോയേയും ആര്യാടൻ മുഹമ്മദിനെയും ശ്രീമാൻ വക്കം പുരുഷോത്തമനെയും മന്ത്രിയാക്കി ഒരു ലീഡർ സ്ഥാനം കൊണ്ട് തൃപ്തിപ്പെട്ട ശ്രീമാൻ ഉമ്മൻ ചാണ്ടി ഇന്ന് ഈ രാജ്യത്ത് ആഭ്യന്തര മന്ത്രിയാണു സർ. ആൻറണി പഠിപ്പിച്ച പാഠം ശ്രീമാൻ ഉമ്മൻ ചാണ്ടി ആവർത്തിക്കുന്നതിൽ എന്താണ് അത്ഭുതം സർ? ഈ രാജ്യത്തെ ഒരു പൊതുവായ ചിത്രമാണിത്. ഇവിടെ പലരും ഇന്നും പ്രതീക്ഷകളിൽത്തന്നെ കഴിയുന്നു; മന്ത്രിസഭയുടെ വികസനം എന്ന പ്രതീക്ഷയിൽ. പക്ഷേ ശ്രീമാൻ കരുണാകരൻ മന്ത്രിസഭയ്ക്ക് ലൂപ്പിട്ടിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു. ശ്രീ. കരുണാകരൻ മന്ത്രിസഭയെ വന്ധ്യംകരണശസ്ത്രക്രിയയ്ക്കുതന്നെ വിധേയമാക്കിയിരിക്കുകയാണ്. ഇനി രക്ഷയില്ല. ഇനി അടുത്ത നിയമസഭാസമ്മേളനം കൂടുമ്പോൾ എന്തായിരിക്കും, ഇതിന് എത്രമാത്രം ആയിസ്സുണ്ട്, എന്ന ഉൽക്കണ്ഠയാണ് പലർക്കും. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പ്രസക്തിയെ ചോദ്യംചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ഇൻഡ്യയിൽ വളർന്നുവരുന്ന ഒരു പ്രതിപക്ഷവിശാലഐക്യനിരയെക്കുറിച്ച് ബോധപൂർവ്വം വിസ്മരിക്കുന്നു. സർ, സ്വേച്ഛാധിപത്യത്തിനെതിരായി, ഇന്ദിരാഗാന്ധി പ്രതിനിധാനം ചെയ്യുന്ന കുടുംബവാഴ്ചയ്ക്കെതിരായി, രൂപംകൊണ്ട ഈ ഇടതുപക്ഷമുന്നണിപ്രസ്ഥാനത്തെ വാനോളം വാഴ്ത്തിയ ചിലർ ഇന്നു മാറി ചിന്തിക്കാൻ തക്ക കാരണമെന്താണ്? ടി. കെ. രാമകൃഷ്ണൻ ആഭ്യന്തരമന്ത്രിയായതുകൊണ്ട് ക്രമസമാധാനം തകർന്നു എന്നാണ് പറയുന്നത്. ഇപ്പോൾ ക്രമസമാധാനം ഭദ്രമാണെന്നു തെളിയിക്കാൻ ശ്രീമാൻ ഉമ്മൻ ചാണ്ടിക്ക് സാധിക്കുകയില്ല സർ. ജനുവരി 19-ാം തീയതിയിലെ പണിമുടക്കിന് ആരെയും ഇവിടെ അറസ്റ്റു ചെയ്തിട്ടില്ലെന്നു ശ്രീമാൻ ഉമ്മൻ ചാണ്ടി പറഞ്ഞു. 331 കേസുകളിലായി 6800 പേർ പ്രതികളാണു സർ. 3-2-1982-ൽ ശ്രീമാൻ ലോനപ്പൻ നമ്പാടന്റെ ചോദ്യത്തിന് ശ്രീമാൻ ഉമ്മൻചാണ്ടി എഴുതിക്കൊടുത്ത ഉത്തരത്തിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട് സർ.

ചെയർമാൻ (ശ്രീ. സി. എസ്. നീലകണ്ഠൻനായർ): രണ്ടു മിനിട്ട് കൂടുതലായി.

ശ്രീ.എം.ജെ.സക്കറിയസേട്ട്: ഒരു വാചകംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ക്രമസമാധാനം തകർന്നുവെന്നു പറഞ്ഞുകൊണ്ട് അപ്പുറത്തേയ്ക്കു പോയവർ ഈ രാജ്യത്തു ക്രമസമാധാനം ഭദ്രമാക്കാനുള്ള ബാദ്ധ്യത നിറവേററിയിട്ടുണ്ടോ? പത്തനാപുരത്തും ഏലൂരിലും ആലക്കോട്ടുമൊക്കെ എന്താണ് സംഭവിച്ചത്? ഇന്നു ജോസഫും മാണിയും തമ്മിൽ കൂട്ടുപിണഞ്ഞിരിക്കുന്നു. ജോസഫ് കേരള കോൺഗ്രസ്സിന്റെ ഒരു നേതാവിനെ മാണിക്കേരള കോൺഗ്രസ്സുകാരൻ ഈ മധുവിധുവിന്റെ മാദകലഹരിയുടെ സുദിനത്തിൽപ്പോലും ആലക്കോട്ട് കൊലചെയ്തു. ഇത് മനസ്സിലാക്കാനുള്ള ദീർഘദൃഷ്ടി അപ്പുറത്തിരിക്കുന്നവർക്കുണ്ടാകുമെന്നുമാത്രം പ്രത്യാശിച്ചുകൊണ്ട് നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീമതി കെ.ആർ.സരസ്വതിഅമ്മ: സർ, ഞാൻ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനവതരിപ്പിച്ചനന്ദിപ്രമേയത്തെ സർവാത്മനാ അനുകൂലിക്കുകയാണ്. ഈ സഭയിൽ, പ്രത്യേകിച്ച് അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്ന്, ഒരു വാദഗതിയുണ്ടായി—സുന്ദരേശൻനായരുടെ സാമ്പത്തിക സംവരണം എന്നു പറഞ്ഞുകൊണ്ട്. ഇന്നലെയും ഇന്നും ഇത് ഈ സഭയിൽ മുഴങ്ങിക്കേൾക്കുകയുണ്ടായി. എനിക്ക് അത്ഭുതമാണുണ്ടായത്. 'സുന്ദരേശൻനായരുടെ സാമ്പത്തിക സംവരണവാദ'മല്ല സർ, ഇവിടെയുള്ളത്. ഇൻഡ്യൻ ഭരണഘടന മൂന്നാം വിഭാഗത്തിൽ സംവരണാനുകൂല്യങ്ങളെക്കുറിച്ചൊക്കെപ്പറയുന്ന ഭാഗമുണ്ട്. 14, 15, 16 ഈ വകുപ്പുകളിലാണിതിനെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളത്. ആദ്യകാലഘട്ടത്തിൽ കുറെയാളുകൾക്ക് സംവരണം നൽകിയിട്ടുണ്ട്; ജാതിയുടെ അടിസ്ഥാനത്തിൽ കുറച്ചു സംവരണം നല്കിയിട്ടുണ്ട്. പക്ഷേ ഈ കാര്യത്തെക്കുറിച്ചു പഠിച്ചിട്ടില്ലാത്ത ഒരു വിഭാഗം ജനത ഇതിനെക്കുറിച്ച് എന്തെങ്കിലും പറയാൻ ഇതുവരെ സന്നദ്ധരായിരുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥമാണ്. എന്നാൽ എൻ. എസ്. എസ്. എന്ന സാമുദായിക സംഘടനയുണ്ടായപ്പോഴും കേരള കോൺഗ്രസ് എന്ന രാഷ്ട്രീയ സംഘടനയുണ്ടായപ്പോഴും സാമ്പത്തിക സംവരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ചു പറയുകയുണ്ടായിട്ടുണ്ട്. അതുകൊണ്ട് 'സുന്ദരേശൻനായരുടെ സാമ്പത്തിക സംവരണവാദ'മല്ല ഇതെന്ന് എടുത്തുപറയാൻ ഞാനീയവസരമുപയോഗിക്കുകയാണ്. സർ, ഭരണഘടനയിലെ Chapter 3, 15, 16 വകുപ്പുകളിൽ, ഈ രാജ്യത്ത് സാമൂഹ്യമായും വിദ്യാഭ്യാസപരമായുമൊക്കെ പിന്നോക്കം നില്ക്കുന്ന ആളുകൾക്ക് പ്രത്യേക സംവരണ വ്യവസ്ഥിതി അംഗീകരിച്ചിട്ടുണ്ട്, അതോർത്തു കൊണ്ടുതന്നെ ഞാൻ പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ചില നിശ്ചിത പരിധിക്കുള്ളിലൊക്കെയാണ് അതനുവദിച്ചിട്ടുള്ളത്. 16(4), 15(4) ഈ വകുപ്പുകൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്, അതുവരുമ്പോഴും 335-ാം വകുപ്പുപ്രകാരം, ഈ രാജ്യത്തിന്റെ ഭരണരംഗത്തിലോ സർവ്വീസിലോ ഉള്ള കാര്യക്ഷമതയ്ക്ക് അതു ബാധകമാകരുതെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഞങ്ങളാരും ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം വേണമെന്നാവശ്യപ്പെടുന്ന ആളുകളല്ല. മുന്നോക്കവിഭാഗമെന്നും പിന്നോക്ക വിഭാഗമെന്നും തിരിച്ചുകൊണ്ട് ഈ രാജ്യത്ത് ന്യായമായിട്ട് ആനുകൂല്യമർഹിക്കുന്ന വിഭാഗത്തിനെല്ലാം കൊടുക്കണമെന്നു മാത്രമേ ഞങ്ങൾ പറയുന്നുള്ളു. ക്രിസ്ത്യാനിയായാലും നായരായാലും ഈഴവനായാലും മറ്റേതു ജാതിവിഭാഗത്തിൽപ്പെട്ടയാളായാലും കൊള്ളാം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ആളുകൾക്ക് ആനുകൂല്യം കൊടുക്കണം എന്നുമാത്രമേ ഞങ്ങൾ പറയുന്നുള്ളു. പിന്നോക്ക വർഗ്ഗത്തിൽപ്പെട്ട ഏറ്റവും സമ്പന്നരായിട്ടുള്ള ആളുകൾക്ക് ആനുകൂല്യം കൊടുക്കുന്നതിനെ ഞങ്ങളെതിർക്കുന്നുണ്ട്. അതേസമയം ദരിദ്രലക്ഷങ്ങൾക്ക് ആനുകൂല്യം കൊടുക്കണമെന്നു മാത്രമേ ഞങ്ങൾ പറയുന്നുള്ളു. ഇതെല്ലാംകൂടി ഒരു സുപ്രഭാതത്തിൽ സാധിക്കാമെന്നു ഞങ്ങൾ വിചാരിക്കുന്നുമില്ല. ഞങ്ങളുടെ വാദത്തിൽ നിന്നു ഞങ്ങൾ പിൻമാറാനും പോകുന്നില്ല. ഭരണഘടനാനുസൃതമായിട്ടുള്ള ആ അവകാശങ്ങൾ എല്ലാവർക്കും കൊടുക്കണമെന്നു മാത്രമേ ഞങ്ങൾ പറയുന്നുള്ളു. ഞാൻ അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റു പാർട്ടിയെ വെല്ലുവിളിക്കുന്നു--നിങ്ങൾ ജാതിസംവരണത്തിൽ വിശ്വസിക്കുന്നുവോ ? ശ്രീ. വി. ആർ. കൃഷ്ണയ്യരുടെ ഒരു സുപ്രീംകോടതി ജഡ്ജ്മെന്റ് ഞാൻ വായിച്ചു ; ജാതിസംവരണം ഈ രാജ്യത്ത് അതിന്റെ ആനുകൂല്യങ്ങളനുഭവിക്കുന്ന ജാതിക്ക് ഏറ്റവും ദോഷം ചെയ്യുന്നതാണെന്നും അതിന്റെ സമ്പന്നവിഭാഗത്തിനു മാത്രമാണ് പ്രധാനമായി ഇന്ന് അതു പ്രയോജനപ്പെടുന്നതെന്നും ജാതി സംവരണം ചൂഷണമാണെന്നും അതിൽ പറഞ്ഞിട്ടുണ്ട്. ഞാൻ ഇവിടെ കുറിച്ചുവച്ചിട്ടുണ്ട് ആ ജഡ്ജ്മെന്റ് അതുകൊണ്ട് സാമ്പത്തിക സംവരണമെന്നത് ആർക്കും വിഷമമുണ്ടാക്കുന്ന കാര്യമല്ല. അർഹരായ ആളുകൾക്ക് കിട്ടണമെന്നു മാത്രമേ പറയുന്നുള്ളു. ജാതിയുടെ അടിസ്ഥാനത്തിൽ പാടില്ലെന്നും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ദരിദ്രലക്ഷങ്ങൾക്കു കിട്ടണമെന്നും മാത്രമേ പറയുന്നുള്ളു. സർ, ഇവിടെ ഒരു ജില്ലാവാദം ഉന്നയിക്കുകയുണ്ടായി. മദ്ധ്യതിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ജില്ലകൾ വേണമെന്നുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിനുവേണ്ടി ഒരു കമ്മിഷനെ നിയമിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചു. ആ കമ്മിഷനെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. പക്ഷെ റാന്നി, കോന്നി, പത്തനംതിട്ട, ചെങ്ങന്നൂർ, തിരുവല്ല, അടൂർ തുടങ്ങിയ വിവിധ ഭാഗങ്ങളിൽ നിന്നും ജില്ലാവാദം ഉന്നയിക്കുമ്പോൾ ആ ന്യായമായ ആവശ്യങ്ങൾ തീരുമാനിക്കുന്നതിനുവേണ്ടി ഒരു കമ്മിഷനെവയ്ക്കുന്നതിനോട് അനുകൂലിക്കാൻ കഴിയും. അല്ലാതെ പത്തനംതിട്ടയ്ക്ക് മാത്രമായി ഒരു കമ്മിഷനെ നിയമിക്കുന്നതിനോട് അനുകൂലിക്കാൻ സാധിക്കുകയില്ല. ആലപ്പുഴ ജില്ലയുടെ കിഴക്കൻ ഭാഗമായ ചെങ്ങന്നൂരിൽ ഒരു ഡിസ്ട്രിക്റ്റിന് അനുകൂലമായ സാഹചര്യങ്ങൾ ഇന്നുതന്നെ ഉണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്നും ജില്ല വേണമെന്നുള്ള വാദം ഉന്നയിക്കുമ്പോൾ എല്ലാ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ജില്ല അനുവദിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ രാജ്യത്ത് നിയമവാഴ്ചയുടെ നേരിയ കിരണങ്ങൾ കാണാൻ സാധിച്ചു എന്നുള്ളതുകൊണ്ടു കൂടിയാണ് ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നത്. ഏതായാലും നിയമവാഴ്ച അവസാനിച്ച ഒരു ഘട്ടത്തിൽ നിന്നു.

2/2356/S

LIBRARY ARCHIVES Kerala Legislative Assembly

നിയമവാഴ്ചയുടെ നേരിയ കിരണങ്ങൾ ഭിന്നചക്രവാളങ്ങളിൽ ശോഭിക്കുന്നത് കാണുമ്പോഴാണ് ശ്രീ. ഉമ്മൻചാണ്ടിയെ അനുമോദിക്കാൻ ആഗ്രഹിക്കുന്നത്. ഈ രാജ്യത്ത് നിയമവാഴ്ച നഷ്ടപ്പെട്ടപ്പോൾ നിയമം കൈയിലെടുത്തുകൊണ്ട് ജനത ആഭ്യന്തരസംഘട്ടനത്തിൽ ഏർപ്പെട്ടപ്പോൾ ആണ് ഈ രാജ്യത്ത് നിയമവാഴ്ച അവസാനിച്ചത്. ആ നിയമവാഴ്ചയെ നശിപ്പിച്ചുകൊണ്ട് ഈ രാജ്യത്തെ ആളുകൾ സംഘട്ടനത്തിൽ ഏർപ്പെട്ടപ്പോഴാണ് നിരോധനാജ്ഞകൾ നാനാഭാഗത്തും ഉണ്ടായത്. എന്റെ ഒരു സുഹൃത്ത് നിരോധനാജ്ഞ പോലുമില്ലാതെ പോലീസിനെക്കൊണ്ടു തല്ലുന്നു എന്നു പറഞ്ഞു. നിരോധനാജ്ഞയുടെ ആവശ്യം ഈ രാജ്യത്ത് വന്നു ചേർന്നിട്ടില്ല. നിരോധനാജ്ഞയുടെ ആവശ്യം വന്നത് നിങ്ങളുടെ കാലഘട്ടത്തിലാണെന്നുള്ള വസ്തുത ഞാൻ ഓർമ്മിപ്പിക്കുകയാണ്.

സർ, ഈ രാജ്യത്ത് ക്രൂരമായ പോലീസ് മർദ്ദനം നടന്നതിനെക്കുറിച്ച് പറഞ്ഞതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അങ്കമാലി, ചന്ദനത്തോപ്പ്, പുല്ലുവിള തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടായ സംഭവങ്ങൾ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ സ്ത്രീകളെ മർദ്ദിക്കുന്നു എന്നു പറഞ്ഞു. ഈ നിയമസഭ ആദ്യം തുടങ്ങിയ അവസരത്തിൽ അവശക്രൈസ്തവ വിഭാഗത്തിന്റെ സെക്രട്ടറിയായ അഭ്യസ്തവിദ്യയായ ഒരു അഭിഭാഷക അവരുടെ ഭർത്താവിനോടുകൂടി തമ്പാനൂരിൽ ബസ്സ് കയറാൻ നിന്നപ്പോൾ അവരെ കൈയേറിയ സംഭവത്തെ സംബന്ധിച്ച് ഒരു അടിയന്തിരപ്രമേയം കൊണ്ടുവരാൻ പോലും ഒരു സ്ത്രീയായ എന്നെ അനുവദിക്കാത്ത സാഹചര്യമാണ് മുമ്പ് ഇവിടെ ഉണ്ടായിരുന്നതെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

സർ, ഇവിടെ പാവപ്പെട്ട ഹരിജനങ്ങളെ കൊന്നൊടുക്കിയ കഥകൾ എന്റെ നിയോജക മണ്ഡലത്തിൽത്തന്നെ വെൺമണിയിലും ആറൻമുളയിലുമെല്ലാം ഉണ്ടായിട്ടുണ്ട്. പാവപ്പെട്ട പ്രഭാകരനെയും മററും കൊന്ന കഥയിലേക്കൊന്നും ഞാൻ കടക്കുന്നില്ല. എനിക്ക് നിങ്ങളോടൊന്നു ചോദിക്കാനുള്ളത് കാഞ്ഞിരപ്പള്ളിയിൽ രണ്ട് മാർക്സിസ്ററുകാരെ പോലീസ് നോക്കിനിൽക്കുമ്പോൾ കൊന്നൊടുക്കിയ സാഹചര്യത്തിൽ

> 'കൊല്ലാതെ കൊള്ളാഞ്ഞതെന്തവർ തന്നെ നീ
> കൊല്ലിക്കയല്ലോ നിനക്കു രസമേടോ'

എന്ന് ഞാൻ നിങ്ങളോടു ചോദിക്കാൻ ആഗ്രഹിക്കുകയാണ്. നന്ദിപ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ചന്ദ്രശേഖരൻ:</u> സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. അതിനെപ്പററി വിശദീകരിക്കുന്നതിനു മുമ്പ് രണ്ടു വസ്തുതകൾ ഇന്നലെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ലെന്നു പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം കൽദാത്തെ ഫോർമുലയുടെ വെളിച്ചത്തിൽ പാർട്ടിയുടെ പ്രസിഡൻറും ഞാനുംകൂടി ഗവർണ്ണറെ കണ്ടിട്ടുണ്ടായിരുന്നു എന്നു പറഞ്ഞത് ശരിയല്ല. കൽദാത്തെ ഫോർമുലയുടെ വെളിച്ചത്തിൽ ഞങ്ങൾ രണ്ടുപേരും കൂടി ഗവർണ്ണറെ കണ്ടിട്ടില്ല. കൽദാത്തയുടെ പ്രഖ്യാപനം വന്നത് നവംബർ 5-ാം തീയതിയാണ്. നവംബർ 5-ാം തീയതി മുതൽ ഡിസംബർ 22-ാം തീയതിവരെ ഞങ്ങൾ രണ്ടുപേരും കൂടി ഗവർണ്ണറെ കണ്ടിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ ഗവർണ്ണറെ ഞങ്ങൾ ഒന്നും അറിയിച്ചിട്ടുമില്ല. 21-ാം തീയതി കോഴിക്കോട്ട് പാർട്ടിയുടെ തീരുമാനമുണ്ടായി. ആ തീരുമാനം അവിശ്വാസ പ്രമേയത്തിൽ പങ്കു കൊള്ളേണ്ടതില്ലെന്നും നിഷ്പക്ഷത പാലിക്കണമെന്നും ആയിരുന്നു. ആ തീരുമാനം ഗവർണ്ണറെ അറിയിക്കാനായി ഡിസംബർ 22-ാം

LIBRARY ARCHIVES Kerala Legislative Assembly

തീയതി ഞങ്ങൾ രണ്ടു പേരുംകൂടി ഗവർണ്ണറെ കണ്ടിട്ടുണ്ട്. ആ തീരുമാനവും ആ തീരുമാനത്തിന്റെ വ്യാഖ്യാനവുമെല്ലാം തന്നെ സൗഹൃദപൂർവം മററ് രാഷ്ട്രീയ കക്ഷികളിലെ നേതാക്കൻമാരേയും അറിയിച്ചിട്ടുണ്ടായിരുന്നു. വ്യക്തമായും ഞങ്ങൾ ഗവർണ്ണറുടെ അടുത്ത് പറഞ്ഞിട്ടുണ്ടായിരുന്നു ജനതാ പാർട്ടിയിൽ നിന്നും നിയമസഭാ ഭൂരിപക്ഷം കിട്ടുകയില്ലെന്ന്. അതുതന്നെ മററ് കക്ഷി നേതാക്കൻമാരോടും പറഞ്ഞിട്ടുണ്ടായിരുന്നു. ആ നിലയിൽ ഞങ്ങൾ രണ്ടുപേരും കൂടി ഒരു ഗവൺമെൻറ് ഉണ്ടാക്കുകയാണെങ്കിൽ ആ ഗവൺമെൻറിനെ—കാരണം 22-ാം തീയതി ഈ ഗവൺമെൻറില്ല. 28-ാം തീയതിയാണ് ഈ ഗവൺമെൻറ് വന്നത്. 22-ാം തീയതി സംസാരിക്കുമ്പോൾ ഈ ഗവൺമെൻറ് എന്നു പറയാൻ സാധിക്കുകയില്ല–മറിച്ച് ഇടുകയില്ല, പരാജയപ്പെടുത്തുകയില്ല എന്നെല്ലാം പറഞ്ഞെന്നു പറയുന്നത് ശുദ്ധമേ അസംബന്ധം ആണ്, അവാസ്തവമാണ്. അത്തരത്തിൽ ഞങ്ങൾ പറഞ്ഞിട്ടില്ല. ഞങ്ങൾ പറഞ്ഞത് എന്താണെന്ന് ഞാൻ ആദ്യം തന്നെപറയുകയുണ്ടായി. ഞങ്ങളുടെ കോഴിക്കോട് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭാ ഭൂരിപക്ഷം ജനതാ പാർട്ടിയിൽ നിന്നും കിട്ടുകയില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം വോട്ടിനിടുമ്പോൾ കാസ്ററിംഗ് വോട്ടിന്റെ പ്രശ്നം വരും. കാരണം നിലവിലുള്ളതായ സ്ഥിതി നിലനിറുത്താൻ ആണെന്നാണ്. ഞാൻ ആകാംക്ഷയോടുകൂടി കാത്തിരിക്കുകയാണ് അങ്ങ് എന്താണ് കാരണം പറയുന്നതെന്ന് അറിയാൻവേണ്ടി. ഇന്ന കാരണം പറയണമെന്നു ഞാൻ സൂചിപ്പിക്കുന്നില്ല. അതേ സമയം നിലവിലുള്ള വ്യവസ്ഥിതി നന്ദി പ്രമേയം പാസ്സാകാതിരുന്നാൽ നിലവിലുള്ള മന്ത്രിസഭ രാജിവയ്ക്കുകയെന്നുള്ളതാണ്. ആ നിലവിലുള്ള വ്യവസ്ഥിതി നിലനിറുത്തണമോ വേണ്ടയോ യെന്നുള്ള കാര്യം ആലോചിക്കേണ്ട സ്ഥാനത്തു നിന്നും ആലോചിക്കേണ്ടതാണ്. ഇത് ഏച്ചുകെട്ടിയിട്ടുള്ള മുന്നണിയാണ്. എന്നിട്ടും ഭൂരിപക്ഷമില്ല. ഭൂരിപക്ഷം കിട്ടിയിട്ടുള്ളതുതന്നെ ഒരു പാർട്ടിയെ വഞ്ചിച്ചിട്ടുള്ളവരിൽ നിന്നും ആണ്. ഞാൻ ഈ നിയമസഭയിലെ അഖിലേന്ത്യാ രാഷ്ട്രീയകക്ഷി നേതാക്കൻമാരോടും അംഗങ്ങളോടും ഹൃദയം തൊട്ട് പറയാൻ ആവശ്യപ്പെടുകയാണ്. ഇത് നിങ്ങളുടെ പാർട്ടിയിൽ നടക്കാൻ നിങ്ങൾ അനുവദിക്കുമോ ? ഇത് നിങ്ങളുടെ പാർട്ടിയിൽ നടക്കുന്നത് ഭൂഷണമാണോയെന്ന് നിങ്ങൾ ആലോചിക്കണം. അത് അവർക്ക് ഭൂഷണമാണെങ്കിൽ അത് അവർക്ക് സംഭവിക്കുമ്പോൾ അതിനെപ്പററി രസിച്ചിട്ടുണ്ടെങ്കിൽ പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കുന്നതുപോലെ ആണെന്നു മാത്രമേ എനിക്കു പറയാനുള്ളു.

സർ, ഈ രാജ്യം ഇന്ന് എങ്ങോട്ട് നീങ്ങുന്നു. ഈ രാജ്യം ഇന്ന് ഇരുട്ടിലേയ്ക്ക് നീങ്ങുകയാണ്. ഇരുട്ടിലേക്ക് നീങ്ങുന്നുവെന്നുള്ളതിന്റെ പ്രഖ്യാപനമാണ് ഇന്ന് രാവിലെ പത്രങ്ങളിൽ നിന്നും കാണാൻ കഴിഞ്ഞത്. ഈ രാജ്യത്തെ തൊഴിലാളികളുടെ അവകാശങ്ങൾ എല്ലാം തന്നെ ഇല്ലാതായിപ്പോവുകയാണ്. അവർക്ക് പണിമുടക്കുവാനുള്ള അധികാരങ്ങളെല്ലാം എടുത്തുകളയുന്നു. ജനതാപാർട്ടി അധികാരത്തിൽ വന്നപ്പോൾ അത്തരത്തിലുള്ള നിയന്ത്രണങ്ങളെല്ലാം എടുത്തുകളഞ്ഞു അതിന്റെ ഫലമായി ഏററവും കുറഞ്ഞ മാൻഡെയിസ് നഷ്ടപ്പെട്ടത് 1978-79 കാലഘട്ടത്തിലായിരുന്നു. അതുപോലെ തന്നെ പ്രൊഡക്ഷൻ വർദ്ധിച്ചതും ആ കാലഘട്ടത്തിലായിരുന്നു. ഇപ്പോൾ വരുത്തിയിരിക്കുന്ന ഈ നിയന്ത്രണം കൊണ്ട് ഉൽപ്പാദനത്തെ സാരമായി ബാധിക്കും ഉൽപ്പാദനക്കുറവ് ഉണ്ടാകും. സാമ്പത്തിക ഭദ്രതക്കുറവുണ്ടാകും. രണ്ടുകൊല്ല കാലത്തെ ഇടതുപക്ഷ ജനാധിപത്യത്തിന്റെ നേട്ടങ്ങളെക്കുറിച്ച് ശ്രീ. മാണി എന്നെപ്പോലും പേടിപ്പിക്കുന്ന രീതിയിൽ പറഞ്ഞു കേട്ടു ഞാൻ ഈ രാഗത്ത് ഇരിക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്താണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

എന്നെ പഠിപ്പിച്ചു തരാനായിട്ട് അദ്ദേഹം മുതിർന്നു. ഞാൻ അദ്ദേഹത്തോട് വിനയപൂർവ്വം ചോദിക്കട്ടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒക്കുന്ന തരത്തിലാണോ ഇന്നത്തെ പ്രഖ്യാപനം. അതിനെക്കുറിച്ച് പലരും ആലോചിക്കേണ്ടതുണ്ട്. നാലഞ്ചു ദിവസം മുമ്പ് ഈ സംസ്ഥാനത്ത് കണ്ടത് എന്താണ്? നമ്മുടെ പ്രധാനമന്ത്രിയുടെ മകൻ ഈ സംസ്ഥാനത്ത് വന്ന് യാത്ര ചെയ്തപ്പോൾ നമുക്ക് കാണാൻ സാധിച്ചത് ഇൻഡ്യൻ പ്രസിഡണ്ടിനും പ്രധാനമന്ത്രിക്കും കൊടുത്തതായ ആദരവും സംരക്ഷണവും ആഡംബരവും ആണ്. ശ്രീ. എ. കെ ആന്റണി ഇതിനെ അല്ലേ എതിർത്തത്. ശ്രീ. സഞ്ജയ് ഗാന്ധിയെ സംസ്ഥാനത്തേയ്ക്ക് വരുത്താതിരുന്നത് എന്റെ ബലം കൊണ്ടാണെന്ന് അഹങ്കരിച്ച ശ്രീ. എ. കെ. ആന്റണി നാലുദിവസം മുമ്പ് എറണാകുളം മുതൽ തൃശ്ശൂർ വരെ നടന്നാൽ ആ കാര്യം ഓർത്തുകൊണ്ട് ന്യായീകരിക്കുവാൻ സാധിക്കുമോ എന്നാലോചിക്കണം. ഇന്ന് ഈ സംസ്ഥാനത്ത് രണ്ട് അഖിലേന്ത്യാ രാഷ്ട്രീയ കക്ഷികൾ തമ്മിൽ അവരുടെ ഘടകകക്ഷികൾ തമ്മിൽ ഒരു പുതിയ സമീപനം. ഒരു പുതിയ ഐക്യനിര കെട്ടിപ്പടുക്കുവാനുള്ള പരിപാടി ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയത്തിൽ ഒരു പുതിയ ധ്രുവീകരണമായി കാണുകയാണ്. ജനതാ പാർട്ടിയും കോൺഗ്രസ് എസും ഈ സംസ്ഥാനത്ത് എടുക്കുന്നതായ പ്രത്യേകത എന്ന നിലക്ക് ഈ രണ്ടു കക്ഷികളും കൂടി ഒരു വിശാല ജനാധിപത്യ വേദി ഈ സംസ്ഥാനത്തും ഇൻഡ്യയിലും കെട്ടിപ്പടുക്കുവാൻ ശ്രമിക്കുമ്പോൾ സ്വേഛാധിപത്യ പ്രവണതകളെ എതിർക്കുക മാത്രമായിരിക്കും ആ ജനാധിപത്യവേദിയെ ഉപയോഗിക്കുക. അതിനുവേണ്ടി ജനതാപാർട്ടിയും കോൺഗ്രസ് എസും ഒന്നിച്ചു പ്രവർത്തിക്കുമെന്ന് മാത്രമേ ഞാൻ പ്രതീക്ഷിക്കുന്നുള്ളു. എന്റെ പാർട്ടി അത്തരത്തിൽ പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥമാണ്. അത്തരം ജനാധിപത്യത്തെ അങ്ങേയററം സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനം മാത്രമേ ജനതാ പാർട്ടി സ്വീകരിക്കുകയുള്ളു. ഈ പ്രമേയത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഒ. ലൂക്കോസ്: സർ, ഞാൻ ഈ കൃതജ്ഞതാ പ്രമേയത്തെ അനുകൂലിക്കുകയാണ്. പുസ്തകം വായിക്കാതെ പരീക്ഷയ്ക്ക് എഴുതുവാൻ പോകുന്ന ചില ഉഴപ്പൻ കോളേജ് വിദ്യാർത്ഥികളെ പോലെ പ്രതിപക്ഷത്തെ പല ആളുകളും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഒരാവർത്തി കണ്ണോടിച്ചുനോക്കുവാൻ പോലും തയ്യാറാകാതെ ഇവിടെ വന്ന് വളരെയേറെ ജൽപ്പനങ്ങൾ നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട ശിവനും ഇ. കെ. പിള്ളയും വിശ്വനും എല്ലാം കേരളാ കോൺഗ്രസിന്റെ ക്ഷേമൈശ്വര്യ കാര്യങ്ങളിലാണ് ഏററവും കൂടുതൽ ഉൽക്കണ്ഠ പ്രകടിപ്പിച്ചു കണ്ടത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ പങ്കാളിയായിരുന്ന ഞങ്ങളുടെ ക്ഷേമൈശ്വര്യ കാര്യങ്ങളിൽ ഇന്ന് അപ്പുറത്ത് നിൽക്കുന്ന ആളുകൾ പ്രകടിപ്പിക്കുന്ന ഔൽസുക്യത്തിനും താൽപര്യത്തിനും ഞങ്ങൾക്ക് വളരെ നന്ദിയുണ്ട്. ഒരു കാര്യം വളരെ വ്യക്തമായും വെട്ടിത്തുറന്നും പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഞങ്ങൾക്ക് ഇപ്പോൾ യാതൊരു ബുദ്ധിമുട്ടുമില്ല. മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന യാത്രക്കാരൻ ഒയാസിസ് കണ്ട്, മരുപ്പച്ച കണ്ടു സന്തോഷിക്കുന്ന പോലെ ശ്രീ. പി. ജെ. ജോസഫും ശ്രീ. കെ. എം. മാണിയും നടത്തിയ പ്രസ്താവനകൾ കണ്ട് നിങ്ങൾ വളരെ സന്തോഷിക്കുന്നുണ്ട്. ഒന്നുകൂടി അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ പറയുകയാണ് ഐക്യജനാധിപത്യമുന്നണിയുമായി ബന്ധപ്പെട്ടുപോകുന്ന കേരളാ കോൺഗ്രസ് പാർട്ടിയെ വഴിയരികിൽ നിന്ന് ആരെങ്കിലും ഒളിക്കണ്ണിട്ടു നോക്കുകയോ കൈകാണിച്ചു വിളിക്കുകയോ ചെയ്താൽ വഞ്ചന കാണിച്ച പാരമ്പര്യം ഇല്ലായെന്ന് പണ്ട് പറഞ്ഞതുപോലെ ഇപ്പോഴും തറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രതീക്ഷക്ക് യാതൊരു വകയുമില്ല. ഞങ്ങളുടെ പ്രസ്ഥാനം ഞങ്ങളുടെ രാഷ്ട്രീയ അഭിപ്രായങ്ങൾ പറയും. പക്ഷേ രാഷ്ട്രീയാഭിപ്രായം പറയുന്നതോടൊപ്പം വിശാല ജനാധിപത്യമുന്നണിയുടെ ലൈസാൺ കമ്മിററിയുടെ തീരുമാനമനുസരിച്ച് കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോവുകയും മററും ചെയ്തെന്ന് വ്യക്തമായി പറയാൻ ഞങ്ങൾ മറന്നുപോയിട്ടില്ല. ശ്രീ. വൈക്കം വിശ്വൻ ഉൾപ്പെടെയുള്ള ആളുകൾ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കൃഷിക്കാർക്ക് വേണ്ടി സാധാരണക്കാർക്കുവേണ്ടി, അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്കു വേണ്ടി എന്ത് പറഞ്ഞിട്ടുണ്ട് അതിനെക്കുറിച്ച് കേരളാ കോൺഗ്രസ് എന്തു പറയുന്നുവെന്ന് ചോദിച്ചു. ക്രമസമാധാനത്തെക്കുറിച്ചും ഈ രാജ്യത്തെ പാവപ്പെട്ട ഹരിജനങ്ങളുടെ ഉന്നമനത്തെക്കുറിച്ചും പറഞ്ഞതിനു ശേഷം ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ ബഹുഭൂരിപക്ഷവും ഗ്രാമീണ കാർഷിക മേഖലയിൽ കൃഷി ചെയ്യുന്ന കൃഷിക്കാരുടെ ഉന്നമനത്തിനുവേണ്ടി നിരത്തിവച്ചിട്ടുള്ള പദ്ധതികൾ ആണെന്നുള്ള സത്യം നിങ്ങൾ വിസ്മരിക്കരുതെന്ന് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. കെ. അനിരുദ്ധന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ ഒരു കാര്യം ഓർത്തുപോയി. മാനം മര്യാദയായി വഴിയേ നടന്ന ഒരാളെ നേരിട്ട് തെറിപറയാൻ പുലഭ്യം പറയാൻ വൈമുഖ്യം തോന്നുമ്പോൾ ചില ആളുകൾ കവലച്ചട്ടമ്പിമാർക്ക് കള്ളുവാങ്ങിക്കൊടുത്ത അവരെക്കൊണ്ട് തെറി പറയിപ്പിക്കാറുണ്ട്. മാർക്സിസ്ററ് പാർട്ടി ശ്രീ. കെ. അനിരുദ്ധനെക്കൊണ്ട് ആ രീതിയിൽ തെറി പറയിപ്പിച്ചുവെന്ന് ഞാൻ പറയുന്നില്ല. ഒരു പൊതുപ്രവർത്തകനായ ശ്രീ. അനിരുദ്ധൻ ഗവർണ്ണറുടെ പ്രസംഗത്തിലേക്ക് കടന്ന് ഒരു വാക്കുപോലും പറയാതെ ഏതോ ഓടയിൽനിന്നും കിട്ടിയ വാറോലകൊണ്ടുവന്ന് വായിച്ചു പത്ത് പന്ത്രണ്ടരക്കോടി രൂപയുടെ അഴിമതിയുടെ ചരിത്രം നിരത്തി വയ്ക്കുവാൻ ശ്രമിച്ചത് നിർഭാഗ്യകരമായിപ്പോയിയെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് പല കുററങ്ങളും കുറവുകളും ഉണ്ടായിരിക്കാം. പക്ഷേ അദ്ദേഹം ഒരു അഴിമതിക്കാരനാണെന്ന് അദ്ദേഹത്തിന്റെ പൊതുപ്രവർത്തനത്തിനിടയിൽ ആരും തന്നെ പറഞ്ഞു കേട്ടിട്ടില്ല. അത് അനിരുദ്ധൻ പോലും സമ്മതിക്കും എന്നാണ് എന്റെ വിശ്വാസം. ശ്രീ. അനിരുദ്ധന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് ഒന്നാണ് തോന്നുന്നത്. കാട്ടരുവി കളകള ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ഒഴുകുന്നത് കാണുമ്പോൾ മാൻകിടാവും ആട്ടിൻ കുഞ്ഞുങ്ങളും ശുദ്ധമായ വെള്ളം കുടിച്ച് സംതൃപ്തി അടയാൻ ആഗ്രഹിക്കുന്നു. എന്നാൽ കാട്ടുപന്നിയെക്കുറിച്ച് പറയുകാണെങ്കിൽ ആനയും കാട്ടുപോത്തുമെല്ലാം ചവുട്ടിക്കുഴച്ച ചെളി വെള്ളത്തിലേക്ക് കാട്ടുപന്നി ഇറങ്ങിനിന്ന് വാല് പൊക്കിപ്പിടിച്ച് മുള്ളുക കൂടി ചെയ്തിട്ട് അതിനകത്ത് കുളിച്ച് ആത്മ സംതൃപ്തി അടയാൻ ശ്രമിക്കാറുണ്ട്. ശ്രീ. അനിരുദ്ധനും അതുപോലെ ആയിപ്പോയിയെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു.

ക്രൈസ്തവ പ്രാർത്ഥനയിൽ വളരെ നിഷ്ണാതനായ ശ്രീ. പി. ആർ. ശിവൻ ഇവിടെ ഒരു പ്രാർത്ഥന ചൊല്ലി. അത് കാസ്ററിംഗിന് സ്വസ്തി പറഞ്ഞുകൊണ്ടുള്ളതായിരുന്നു. ക്രൈസ്തവ പ്രാർത്ഥനയിൽ വിശ്വാസമുള്ളവനായി മാറിയിരിക്കുന്ന ശ്രീ. പി. ആർ. ശിവനുവേണ്ടി ഞാനും ഒരു പ്രാർത്ഥന ചൊല്ലി കൊടുക്കുവാനാഗ്രഹിക്കുകയാണ്. അത് മന:സ്ഥാപത്തിന്റെ പ്രകടനമാണ്. കുമ്പസരിക്കുവാൻ പോകുന്നതിന് മുമ്പ് ചൊല്ലുന്ന കൃസ്ത്യാനികളുടെ മന:സ്ഥാപ പ്രകടനം. മുഴുവൻ ദേശത്തിന്റെ പ്രകാരം എല്ലാ വസ്തുക്കളെക്കാൾ സ്നേഹിക്കപ്പെടാൻ യോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

രായിരിക്കുന്ന കേരളത്തിലെ പ്രിയപ്പെട്ട ജനങ്ങളേ, നിങ്ങളോട് മറുത്ത് ഞങ്ങൾ പിഴച്ചതിനാൽ മന:സ്ഥാപപ്പെടുന്നു. ഞങ്ങളുടെ പാപങ്ങളാൽ ഞങ്ങളുടെ ആത്മാവിനെ അശുദ്ധമാക്കി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ നഷ്ടമാക്കി അട്ടിമറിക്കാരെ യോഗ്യരാക്കിയതുകൊണ്ട് ഞങ്ങൾ ഖേദിക്കുന്നു, നിങ്ങളുടെ ഇഷ്ടപ്രസാദത്തിന്റെ സഹായത്താൽ ഇനി മേലാൽ പിഴയ്ക്കുകയില്ലെന്ന് ഉറച്ച്, പിഴപ്പാനുള്ള ഹേതുക്കളെ ഉപേക്ഷിച്ച് വല്ല ഒരു ദോഷവും ഇനി ചെയ്യുന്നതിന് മുമ്പ് ഞങ്ങൾ മരിപ്പാൻ ആസ്തമായിരിക്കുന്നു എന്ന പ്രാർത്ഥന ശ്രീമാൻ ശിവൻ കൂടെക്കൂടെ ചൊല്ലുന്നത് നന്നായിരിക്കുമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ കൃതജ്ഞതാ പ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങുന്നു, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>പ്രൊഫസർ ഉമ്മൻ മാത്യു :</u> ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തികൊണ്ട് ശ്രീ. തച്ചടിപ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. രണ്ടുമൂന്നു ദിവസമായ ഈ സഭയിൽ നടന്നുകൊണ്ടിരുന്ന വാദപ്രതിവാദത്തിനിടയിൽ ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തെകുറിച്ച് അതിലുള്ള നല്ല കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പറയുന്നതിന് പ്രതിപക്ഷത്തു നിന്ന് ആരും തയ്യാറായില്ലെന്നത് ഖേദകരമാണ്. ഈ ഗവൺമെന്റിന് ഭൂരിപക്ഷമില്ല, ഇത് ന്യൂനപക്ഷ ഗവൺമെന്റാണ് എന്നുള്ള വാദഗതിയാണ് അവർക്കുള്ളത്. ഈ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. മറ്റൊരു ആരോപണം ഈ രാജ്യത്ത് വ്യാപകമായ പോലീസ് മർദ്ദനം നടക്കുന്നുവെന്നുള്ളതാണ്. എനിക്ക് അപ്പുറത്തിരിക്കുന്ന ആർ. എസ്. പി. യോടും ഷൺമുഖദാസിന്റെ കക്ഷിയോടും ചന്ദ്രശേഖരനോടും ഒക്കെ ചോദിക്കാനുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്രമസമാധാനം തകർന്നിരുന്നില്ലെന്നും നിയമവാഴ്ച തകർന്നിരുന്നില്ലെന്നും ആത്മാർത്ഥമായി നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ കഴിയുമോയെന്നാണ്. ക്രമസമാധാനം തകർന്നിരുന്നുവെന്ന് അപ്പുറത്തിരിക്കുന്ന മിക്ക ആളുകളും കഴിഞ്ഞ കാലഘട്ടത്തിൽ പറയാറുണ്ടായിരുന്നു. കേരള യൂണിവേഴ്സിറ്റി വൈസ്ചാൻസലറെ വധിക്കാൻ ശ്രമിക്കുകയും അദ്ദേഹം സഞ്ചരിച്ച കാറിനുനേരെ കല്ലെറിയുകയും ചെയ്താൽ മന്ത്രിമാർ പങ്കെടുക്കുന്ന യോഗങ്ങളിൽ മന്ത്രിമാർക്കുനേരെ കല്ലെറിഞ്ഞാൽ കവലച്ചട്ടമ്പികളെപ്പോലെ എന്തും ചെയ്യാം എന്നുള്ള ധാരണയിൽ ആളുകൾ ഈ രാജ്യത്തെ ക്രമസമാധാനം തകർത്താൽ അവർക്കെതിരായി പോലീസ് നിഷ്ക്രിയമായി നിൽക്കണമെന്ന് പറയുന്നതിൽ അർത്ഥമില്ല. പല സ്ഥലങ്ങളിലും ക്രമസമാധാനം പൂർണ്ണമായും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന അഭിപ്രായമാണുള്ളത്. മാർക്സിസ്റ്റ് പാർട്ടിപ്രവർത്തകർ അവർക്ക് സ്വാധീനമുള്ള സ്ഥലങ്ങളിൽ നിയമം കൈയ്യിലെടുത്ത് ക്രമസമാധാനം തകർത്തുകൊണ്ടിരിക്കുകയാണ്. അതിനെതിരായി ശക്തമായ നടപടി സ്വീകരിക്കണം. പ്രതിപക്ഷങ്ങൾ പലതും പറയും. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്

Let the dogs bark

The caravans will more on

കുട്ടനാടൻ പ്രദേശങ്ങളിൽ ഒരു വള്ളപ്പാട്ടുണ്ട്

കൊമ്പനാന തലവൻമാർ പാഞ്ഞടുത്തുവരുമ്പോൾ

കൊമ്പ് ഒടിഞ്ഞ പോത്ത് അതിനോടെന്തു ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

എന്ന ഒരു പാട്ടുണ്ട്. ശ്രീ. കരുണാകരനും, ശ്രീ, സി. എച്ച്.മുഹമ്മദു കോയയും, ശ്രീ. കെ. എം. മാണിയും ശ്രീ. ജോസഫുമൊക്കെ ആകുന്നു കൊമ്പനാന തലവാൻമാർ ജനപിൻതുണയോടുകൂടി മുന്നോട്ടു പോകുമ്പോഴും അതിനെതിരായി കൊമ്പ് ഒടിഞ്ഞ നായനാരും ശ്രീ. ടി. കെ. രാമകൃഷ്ണനും ആകുന്ന കാട്ടുപോത്തുകൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഹരിജന മർദ്ദനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ രാജ്യത്ത് ഏററവും കൂടുതൽ ഹരിജൻ മർദ്ദനം നടന്നിട്ടുള്ളത്, ഹരിജനങ്ങളെ കശാപ്പ് ചെയ്തിട്ടുള്ളത്. സഖാവ് ടി. കെ രാമകൃഷ്ണൻ ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്തിരുന്ന സമയത്തായിരുന്നു. അന്ന് നിരവധി ഹരിജനങ്ങളെ കൊന്നിട്ടുണ്ട്. ഹരിജൻ പോലീസ് സബ് ഇൻസ്പെക്ടറെ അദ്ദേഹമിരുന്ന കസേരയിൽ വച്ച് വെടി വച്ചു കൊന്നതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ക്രമസമാധാനം കഴിഞ്ഞകാലങ്ങളിൽ തകർന്നിരുന്നത് ടി. കെ. രാമകൃഷ്ണന്റെ കാലത്തായിരുന്നു. ടി. കെ. രാമകൃഷ്ണന്റെ നേതാവ് സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടുപോലും പറഞ്ഞു, ജനങ്ങൾ സ്വയരക്ഷയ്ക്കുവേണ്ടി ആയുധം കയ്യിലെടുക്കേണ്ടി വരുമെന്ന്. അതിനെതിരായി ഒരു നിലപാട് ഇന്നത്തെ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോവുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ നിരവധി നല്ല കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്ത് കോളേജ് അദ്ധ്യാപകരെ കൊണ്ട് മാർക്സിസ്ററു പാർട്ടി യൂണിയൻ ഉണ്ടാക്കി. മാർക്സിസ്ററു പാർട്ടിയുടെ നേതാവ് ആർ. രാമചന്ദ്രൻനായരെ അവരുടെ നേതാവായി മാററിക്കൊണ്ട് തെരുവിലിറക്കി മുദ്രാവാക്യം വിളിപ്പിച്ച് യു.ജി.സി. ഗ്രേഡ് വേണം അല്ലെങ്കിൽ ഫസ്ററ് ഗ്രേഡ് പ്രൊഫസർഷിപ്പ് വേണം, ജൂനിയർ ലക്ചറർ തസ്തിക അബോളിഷ് ചെയ്യണം എന്നൊക്കെ. അന്നൊന്നും ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോളേജ് അദ്ധ്യാപകരുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് ഫസ്ററ് ഗ്രേഡ് പ്രൊഫസർഷിപ്പ് നൽകുകയും ജൂനിയർ ലക്ചറർ തസ്തിക അബോളിഷ് ചെയ്യുകയും ചെയ്തു. മാർക്സിസ്ററുപാർട്ടിയ്ക്ക് അതേപ്പററി ഒരു നല്ലവാക്കുപോലും പറയാൻ കഴിയാത്തതിൽ ഖേദിക്കുന്നു. റെക്കഗ്നൈസ്ഡ് സ്കൂളുകൾ കൊടുക്കുന്നതിനെക്കുറിച്ച്പറഞ്ഞു. അപ്പുറത്തിരിക്കുന്ന വിപ്ലവകാരികളുടെ മക്കൾ തലയിൽ തുണിയിട്ടുകൊണ്ട് പഠിക്കുന്നത് നല്ല നിലയിൽ പ്രവർത്തിക്കുന്ന റെക്കഗ്നൈസ്ഡ് സ്കൂളുകളിലാണ്. റെക്കഗ്നൈസ്ഡ് സ്കൂളുകൾ അംഗീകരിക്കുന്നതുകൊണ്ട് ഗവൺമെന്റിന് യാതൊരുവിധ നഷ്ടവും ഉണ്ടാകുന്നില്ല. ഈ രാജ്യത്തെ നിരവധി കുഞ്ഞുങ്ങൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാക്കുന്ന സ്കൂളുകൾ അനുവദിച്ചതിനെകുറിച്ചു പറഞ്ഞു. ഒരു കാര്യം വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. പണം വാങ്ങിച്ചുകൊണ്ട് ഈ സ്കൂളുകൾ അനുവദിക്കാൻ ആരെയും അനുവദിക്കുകയില്ല. അഴിമതിയ്ക്ക് അതീതമായി സത്യസന്ധമായി ജനങ്ങളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട് സ്കൂളുകൾ അനുവദിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകും. സ്കൂളുകൾ അനുവദിക്കുമ്പോൾ കഴിഞ്ഞകാലങ്ങളിൽ നടന്ന ചില കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അതേക്കുറിച്ചൊന്നും പറയുന്നില്ല. ഈ ഗവൺമെന്റ് നല്ല നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടു പോകുമ്പോൾ അതിനെതിരായി മാർക്സിസ്ററു പാർട്ടിയും അവരുടെ ആളുകളും സ്വരം ഉയർത്തുന്നത് ഭംഗിയല്ല, ശരിയല്ല എന്നാണ് എനിയ്ക്ക് പറയാനുള്ളത്. കർഷകരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം നിരവധി പരാതികളുണ്ട്. ആ പരാതികൾക്ക് പരിഹാരം ഉണ്ടാക്കേണ്ട കടമ ഈ ഗവൺമെന്റിന് ഉണ്ടെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കാലഘട്ടത്തിൽ കേരളത്തിൽ കേരവികസനം എന്ന പേരിൽ നടത്തിയ കാര്യങ്ങൾ നമുക്കെല്ലാവർക്കും അറിയാം. തെങ്ങില്ലാത്ത ചില സ്ഥലങ്ങൾ മാർക്സിസ്റ്റു പാർട്ടിയുടെ പ്രവർത്തകൻമാർ പഞ്ചായത്തു പ്രസിഡൻറായിട്ടുള്ള സ്ഥലങ്ങൾ രാഷ്ട്രീയ വിവേചനം കാണിച്ച് തെരഞ്ഞെടുത്തു. ആ സ്ഥലങ്ങളിൽ തെങ്ങുരോഗം വന്നുവെന്ന് പറഞ്ഞുകൊണ്ട് തെങ്ങ് വെട്ടിമാററി പകരം തെങ്ങു വയ്ക്കുന്നതിന് തൈകൾ കൊടുക്കുകയും അതോടൊപ്പം 75 രൂപ കൊടുക്കുകയും ചെയ്യുന്ന പദ്ധതിയനുസരിച്ച് രാഷ്ട്രീയമായ അഴിമതിയും തട്ടിപ്പും നടത്തിയിട്ടുണ്ടെന്ന് ഞാൻ ആരോപിക്കുകയാണ്. ഈ ഗവൺമെൻറ് അത്തരം കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ കൃഷിക്കാരുടെ താല്പര്യം കണക്കിലെടുത്തു കൊണ്ട് കാർഷികമേഖലയിൽ ശാശ്വതമായ സമാധാനം കൈവരുത്തി കൊണ്ട് ഈ ഗവൺമെൻറ് മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യത്ത് കാർഷികമേഖല നന്നാകണമെങ്കിൽ ഏററവും അത്യാവശ്യമായിട്ട് വേണ്ടത് കാർഷികമേഖലയിൽ ക്രമസമാധാനം പാലിക്കുകയെന്നുള്ളതാണ്. ആ ക്രമസമാധാനം പാലിക്കുന്നതിനുവേണ്ടി മാർക്സിസ്ററ് പാർട്ടി പ്രവർത്തകരുടെ അക്രമരാഷ്ട്രീയം അവസാനിപ്പിക്കുന്നതിനുവേണ്ടി കാർഷികമേഖല അവരുടെ അക്രമരാഷ്ട്രീയത്തിന് വേദിയാക്കി മാററാതിരിക്കുന്നതിനുവേണ്ടി ഗവൺമെൻറ് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കുറെ മാസങ്ങൾക്കുശേഷം കുട്ടനാടൻ മേഖലയിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന മേഖലയിൽ കാർഷിക സീസൺ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇവിടെ ഇപ്പോൾതന്നെ അങ്ങുമിങ്ങും ചട്ടമ്പിരാഷ്ട്രീയം കൈമുതലായി എടുത്തുകൊണ്ട് മാർക്സിസ്റ്റു പ്രവർത്തകൻമാർ അഴിഞ്ഞാട്ടം നടത്തുന്നുണ്ട്. സമാധാനപരമായി വയലുകളിൽ പോകുന്നതിനും കൃഷി ചെയ്യുന്നതിനും അനുകൂലമായ സാഹചര്യം കൃഷിക്കാർക്ക് ഉണ്ടാക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ അവികസിതമായ കുട്ടനാടൻ പ്രദേശത്തിൻെറ നാനാമുഖമായ അഭിവൃദ്ധി കണക്കിലെടുത്തുകൊണ്ട് കുട്ടനാട് ഡെവലപ്പ്മെൻറ് പ്രോഗ്രാം ഉണ്ടാക്കണം, കുട്ടനാട് ഡെവലപ്പ്മെൻറ് പ്രോജക്ടിന് രൂപം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിററി രൂപീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിററികൊണ്ടു മാത്രമേ കുട്ടനാട്ടിലെ ജനങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാവുകയുള്ളു. ഈ ഗവൺമെൻറ് അതിന് തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി എം. കമലം : സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ആ നയപ്രഖ്യാപനത്തിലുള്ള ചില പോരായ്മകൾ ചൂണ്ടിക്കാണിക്കാനാണ് ഞാൻ പ്രധാനമായും ഉദ്ദേശിക്കുന്നത്.

പുതുതായി രൂപംകൊണ്ട വയനാട് ജില്ല നിലവിൽ വന്നതിനുശേഷം ആ ജില്ലയിൽ അതുവരെ ഉണ്ടായിരുന്ന 'വയനാട് ഡവലപ്പ്മെൻറ് സ്കീം' നിറുത്തലാക്കുകയും ഏററവും പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയിലെ ബഹുജനങ്ങൾക്ക് വികസനത്തിൻെറ പാതയിലേക്ക് ചെന്നെത്തുന്നതിനുള്ള സാമ്പത്തിക സഹായം പൂർണ്ണമായി നിലച്ചുപോവുകയുമാണുണ്ടായിട്ടുള്ളത്. റോഡുകളാണെങ്കിലും, ആശുപത്രികളാണെങ്കിലും, വിദ്യാലയങ്ങളാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ വയനാട്ടിൻെറ സ്ഥിതി വളരെ വളരെ പരിതാപകരമാണ്. ഈ കാര്യം വളരെ പ്രധാനമായി ശ്രദ്ധിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അനുസ്മരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ വയനാട് ജില്ലയുടെ പശ്ചിമഘട്ടത്തിൽ, ഗിരിശിഖരങ്ങളിൽ താമസിക്കുന്ന മൊത്തം ജനസംഖ്യയിൽ ആറിലൊന്ന് എന്ന തോതിലുള്ള ആദിവാസികളുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഈ ആദിവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ കുടിലുകൾ കത്തിക്കുന്നത് അടുത്തകാലത്തായി പതിവാക്കിയിട്ടുണ്ട്. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ഈ കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഈ സഭയിൽ വച്ച് ഒരു പ്രഖ്യാപനം ഉണ്ടാവുകയും, ഈ നടപടി പരിപൂർണ്ണമായി നിറുത്തലാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. വീണ്ടും തുടങ്ങിയ ഈ സംഭവങ്ങളെക്കുറിച്ച് ചില ഉദ്യോഗസ്ഥൻമാർ പറഞ്ഞതായി അറിയുന്നത്, ഇന്ന് നിലവിലിരിക്കുന്ന പുതിയ മന്ത്രിസഭയുടെ ഉത്തരവുപ്രകാരമാണ് ആദിവാസികളുടെ കുടിലുകൾ കത്തിച്ചുകളയുന്നതെന്നാണ്. അത് സത്യമാണോ എന്ന് പരിശോധിച്ച്, അത് നിറുത്തലാക്കാൻ ശക്തമായ നടപടികളെടുത്തുകൊണ്ട് ഒരു പ്രഖ്യാപനമുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വയനാട്ടിൻെറ മക്കളാണ് ആദിവാസികൾ. അവർ ഈ നാട്ടിൻെറ മക്കളാണ്. അവർക്ക് നീക്കിവയ്ക്കുന്ന സംഖ്യയും അവർക്ക് നീക്കിവയ്ക്കുന്ന എല്ലാവിധ സൗകര്യങ്ങളും അവർക്കായിത്തന്നെ ചെലവാക്കാൻ ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വയനാട്ടിൻെറ പല ഭാഗത്തും ഈ നിയമസഭയിൽത്തന്നെ ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലുള്ള കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്. ആദിവാസി മക്കളെ കൊന്നിട്ടുണ്ട്. ഈ യാഥാർത്ഥ്യങ്ങളൊന്നും ആർക്കും മറച്ചുവയ്ക്കാൻ സാധിക്കുകയില്ല. ഇതെല്ലാം ചരിത്രസത്യങ്ങളാണ്. സരോജിനി കൊലക്കേസ് ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 'ആൾ പാർട്ടി ആക്ഷൻ കമ്മിററി' ഉണ്ടാക്കിയിട്ട് നാട്ടുകാർ ഒന്നടങ്കം പ്രകടനങ്ങൾ നടത്തിയിട്ടുണ്ട്; സ്ത്രീകൾ പ്രകടനം നടത്തിയിട്ടുണ്ട്. രണ്ട് പ്രാവശ്യം ഞാൻ ആ സ്ഥലം സന്ദർശിച്ചു. എൻെറ നാട്ടിൽ നടക്കുന്ന സംഭവങ്ങൾ ഞാൻ അറിയുന്നില്ല, ഞാൻ അവിടെ പോകുന്നില്ല എന്ന് ഇവിടെ പറഞ്ഞു. അത് സത്യവിരുദ്ധമാണ്. അവർ നിവേദനം തരുകയും ഞാൻ അത് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയും ആക്ഷൻ കമ്മിററിയുടെ തീരുമാനമനുസരിച്ചുള്ള നടപടികളെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ കമ്മിററി നിലവിലില്ലേ, എന്താ കൊലപാതകങ്ങൾ തെളിഞ്ഞില്ലേ എന്ന് ഉദ്യോഗസ്ഥൻമാർ ചോദിക്കുന്നു. മാർക്സിസ്ററു പാർട്ടിയടക്കമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും അടങ്ങുന്ന ആക്ഷൻ കമ്മിററിയാണ് ഇതൊന്നും ആർക്കും മറച്ചുവയ്ക്കാൻ സാദ്ധ്യമല്ല. പോലീസ് ഉദ്യോഗസ്ഥൻമാർ ഏതെങ്കിലും തരത്തിൽ ദുരുപദിഷ്ടമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിനെതിരായി കർശനമായ നടപടികൾ കൈക്കൊള്ളണമെന്ന് ബന്ധപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കുന്നതിന് യാതൊരു മന:സാക്ഷിക്കുത്തും എന്നെസംബന്ധിച്ചിടത്തോളമില്ല. പ്രത്യയ ശാസ്ത്രപരമായും, രാഷ്ട്രീയമായും എൻെറ കാഴ്ചപ്പാടിലും എൻെറ പാർട്ടിയുടെ കാഴ്ചപ്പാടിലും ഞാൻ അടിയുറച്ചു നിൽക്കുകയാണ്. എൻെറ പഴയ സുഹൃത്ത് ശ്രീമാൻ ചന്ദ്രശേഖരൻ ചൂണ്ടിക്കാണിച്ച, പാർട്ടിയുടെ പ്രതിസന്ധി വന്നതിനു ശേഷമുള്ള ഓരോ സംഭവവും ഈ സഭയിൽ പറയാൻ എനിക്ക് സമയമില്ലാത്തതിൽ ഞാൻ ഖേദിക്കുകയാണ്.

കോഴിക്കോട് East Hill-ൽ വെച്ച് ഒരു പൊതുയോഗത്തിൽ സംസാരിക്കുമ്പോൾ ശ്രീ. നായനാർ ഗവൺമെൻറ് രാജിവയ്ക്കാൻ പോകുന്ന അവസാനനിമിഷത്തിലാണ്—'ഒരാളുടെ ഭൂരിപക്ഷമേ ഉള്ളൂവെങ്കിലും ശ്രീ. നായനാരെ

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കാൻ അനുവദിക്കണം, അദ്ദേഹം ഭരിക്കാൻ തയ്യാറാണെങ്കിൽ അനുവദിക്കുകയാണാവശ്യം എന്നുള്ളതാണ് എന്റെ പാർട്ടിയുടെ ദേശീയനയമെന്ന് ഞാൻ പറഞ്ഞപ്പോൾ അതേ ദിവസം മറെറാരു യോഗത്തിൽ ശ്രീമാൻ ചന്ദ്രശേഖരൻ, നയനാർ ഗവൺമെൻറ് ഉടനെ രാജിവച്ച് പിരിഞ്ഞുപോകണം, പിരിഞ്ഞുപോയില്ലെങ്കിൽ അവരെ പിരിച്ചയയ്ക്കാനുള്ള സമരങ്ങൾ പാർട്ടി ആവിഷ്ക്കരിക്കണമെന്ന് പറഞ്ഞു. പാർട്ടിയുടെ സംസ്ഥാന കമ്മിററിയോഗത്തിൽ ഇത് വളരെ വാദപ്രതിവാദവിഷയമായി. പാർട്ടി ലീഡർ ഇങ്ങനെ പറയുന്നു, ഡെപ്യൂട്ടി ലീഡർ ഇങ്ങനെ പറയുന്നു എന്നുള്ളത് വാദപ്രതിവാദവിഷയമായി. അങ്ങിനെയുള്ള ശ്രീ. ചന്ദ്രശേഖരൻ ഇന്ന് നായനാരുടെ പാളയത്തിലാണ്".

കൊച്ചിൻ ടൂറിസ്ററ് ഹോമിൽവച്ച് ബാപ്പു കൽദാത്തെയുടെ സാന്നിദ്ധ്യത്തിൽ കൂടിയ സംസ്ഥാന കൗൺസിലിൽ, 95% ആളുകളുടെ പിന്തുണയോടുകൂടി ഒരു പ്രമേയം വോട്ടിനു വന്നപ്പോൾ 'കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയുമായി നിങ്ങൾ എന്തെങ്കിലും ബന്ധം ഉണ്ടാക്കുകയാണെങ്കിൽ അത് എന്റെ ശവശരീരത്തിൽ ചവിട്ടിക്കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ', എന്ന് ശ്രീ. ചന്ദ്രശേഖരൻ സിംഹഗർജ്ജനം നടത്തി. ടൂറിസ്ററ് ഹോമിന്റെ ചുമരുകളെ ഭേദിച്ച പ്രസംഗമായിരുന്നു അത്. പിന്നീട് അദ്ദേഹം ശ്രീ. ഗോപാലന്റെ ബാഗ് തൊട്ടുകൊണ്ട് 'ഇവിടെ ഒരു മന്ത്രിസഭ ഉണ്ടാക്കുകയാണെങ്കിൽ ആ മന്ത്രിസഭയുടെ താക്കോൽ ഈ കൊച്ചു മനുഷ്യനായ ഗോപാലന്റെ ഈ ബാഗിലായിരിക്കുമെന്ന്' വളരെ ആവേശഭരിതനായി പ്രസംഗിച്ച ശ്രീ. ചന്ദ്രശേഖരന് ഈ മന:പരിവർത്തനം എങ്ങനെ വന്നു എന്ന് ഞാൻ അൽഭുതപ്പെട്ടുപോവുകയാണ്. ഇതുപോലുള്ള അനേകം പ്രസ്താവനകൾ അദ്ദേഹം ഇറക്കിയിട്ടുണ്ട്. ശ്വാസത്തിലും, പ്രവൃത്തിയിലും, ചിന്തയിലും വിചാരത്തിലും അദ്ദേഹത്തിന് യോജിക്കാൻ കഴിയാത്ത ഒരു വാദമുഖമാണ് നിർഭാഗ്യവശാൽ അദ്ദേഹം അവിടെ പറഞ്ഞതെന്ന് വളരെ ദു:ഖത്തോടുകൂടി ഞാൻ സ്മരിക്കുകയാണ്, ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കാനോ വേദനിപ്പിക്കാനോ ആഗ്രഹിക്കുന്നില്ല. മന:സാക്ഷി പിടഞ്ഞുകൊണ്ടാണ് ഈ വാക്കുകൾ അദ്ദേഹം പറയുന്നത് എന്നുള്ളതിന് യാതൊരു സംശയവുമില്ല.

ഞാൻ വെല്ലുവിളിക്കുന്നു, എന്നെ ചോദ്യം ചെയ്യുന്ന ആളുകൾ, സാരാനാഥ് റസലൃൂഷൻ, അഹമ്മദാബാദ് റസലൃൂഷൻ വച്ചുകൊണ്ട് നിങ്ങൾ സംസാരിക്കാൻ തയ്യാറാണോ?' ഇരു കമ്മ്യൂണിസ്ററ് പാർട്ടികളെയും മാററി നിറുത്തിക്കൊണ്ട്, ജനാധിപത്യപാർട്ടികളെ കൂട്ടുപിടിച്ചുകൊണ്ടുമാത്രമേ ജനതാപാർട്ടിക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇന്ന് കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയുടെ പാളയത്തിൽനിന്നുകൊണ്ട് ഞങ്ങളെ പാർട്ടിയിൽനിന്ന് പുറത്താക്കിയെന്ന് യാതൊരു മടിയും കൂടാതെ പ്രസ്താവിക്കുന്ന ശ്രീ. ചന്ദ്രശേഖരൻ ഏത് ഭരണഘടനയനുസരിച്ചാണ് ഈ പ്രഖ്യാപനം ഉന്നയിച്ചതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ പാർലമെൻററി ബോഡി യോഗം ചേർന്നിട്ടില്ല. പാർലമെൻററി ബോഡിയിലെ ഒന്നോ രണ്ടോ അംഗങ്ങൾ മാത്രമാണ് ഇത് പ്രസ്താവിച്ചത്. സഖാവ് ശങ്കരൻ നമ്പൂതിരിപ്പാടിന്റേയും, സഖാവ് രാമമൂർത്തിയുടേയും, ശരദ്പവാറിന്റേയും വാലിൽ തൂങ്ങുന്ന ഒരു നേതൃത്വം ഒരു വ്യക്തി എന്നെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതനുസരിക്കേണ്ട ബാദ്ധ്യത ജനതാപാർട്ടി പ്രവർത്തകൻമാർക്കില്ല. ഈ സംസ്ഥാനത്തെ ജനതാപാർട്ടി പ്രവർത്തകൻമാരുടെ നൂറു ശതമാനം വികാരത്തേയും മാനിച്ചുകൊണ്ടും, ജനതാപാർട്ടിയുടെ അന്തസിനെ ഉയർത്തിപ്പിടിച്ചുകൊണ്ടും മാത്രമേ ഞങ്ങൾ പ്രവർത്തിക്കുകയുള്ളു. ഞങ്ങൾ വഞ്ചകരാണെങ്കിൽ അവർ നയവഞ്ചകൻമാരിൽ വഞ്ചകൻമാരാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി:—സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഈ നന്ദിപ്രമേയം അവതരിപ്പിക്കാൻ സർവ്വഥാ യോഗ്യനാണ് ശ്രീ. തച്ചടി പ്രഭാകരൻ. അദ്ദേഹത്തെ ഈ കാര്യത്തിന് നിയോഗിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അനുമോദിക്കാതിരിക്കാൻ നിർവ്വാഹമില്ല. 'ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപീകരിച്ച നാളുതൊട്ട് ഒരു കാര്യം തുറന്നു പറയാൻ മടിയില്ലാത്ത എന്റെ സുഹൃത്താണ് ശ്രീ. തച്ചടി ' പ്രഭാകരൻ. ഇടതുപക്ഷ ജനാധിപത്യ മുന്നണി രാഷ്ട്രീയം എനിക്ക് ബോദ്ധ്യമായി, അത് തുടരുന്നതിൽ ഞാൻ അസംതൃപ്തനാണ്, ഇത് തുടരുന്നത് ശരിയല്ല,. ഇത് പരസ്യമായി പറയാൻ മടിയില്ലാത്ത ആളാണ് ശ്രീ. തച്ചടി. ഗവർണ്ണർ ഭാഗികമായി നടത്തിയ പ്രസംഗത്തെ സംബന്ധിച്ചുള്ള നന്ദിപ്രമേയം അവതരിപ്പിക്കാൻ അദ്ദേഹം ആ കാരണത്താൽതന്നെ സർവ്വഥാ യോഗ്യനാണ്. പക്ഷേ എനിക്ക് ഒരു പ്രതീക്ഷ ഉണ്ടായിരുന്നു. അതായത് ഇങ്ങനെയൊരു സമ്മേളനത്തിൽ ശ്രീ. തച്ചടി മുൻബെഞ്ചിലെവിടെയെങ്കിലും കാണുമെന്നായിരുന്നു എന്റെ പ്രതീക്ഷ. ആ കാര്യത്തിൽ അൽപം ഖേദമുണ്ട്.

ഈ ഗവൺമെന്റിന് ഒരു നയമുണ്ടോ? ഗവർണ്ണർ ഇവിടെ ചെയ്തു എന്നു പറയപ്പെടുന്ന പ്രസംഗം ഒരു നയപ്രഖ്യാപനപ്രസംഗമാണോ? ഈ ഗവൺമെന്റ് രൂപീകൃതമായതിനുശേഷം നിയമസഭാ സമ്മേളനം എന്നു കൂടും, ഭൂരിപക്ഷം എന്നു തെളിയിക്കും, എങ്ങനെ തെളിയിക്കും, ഭൂരിപക്ഷമുണ്ടോ എന്നു ചോദിച്ച പത്രപ്രതിനിധികളോട്, 'നിയമസഭാ സമ്മേളനം കൂടാൻ അൽപം കഴിയും, നയപ്രഖ്യാപന പ്രസംഗമൊക്കെ തയ്യാറാക്കാൻ അൽപം സമയംവേണം, അതുകൊണ്ട് കുറെ കഴിഞ്ഞുകൂടും' എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അങ്ങനെ വളരെ സമയമെടുത്ത് തയ്യാറാക്കിയ ഒരു നയപ്രഖ്യാപനമാണിത്.

ഗവർണ്ണറുടെ ഈ നയപ്രഖ്യാപന പ്രസംഗം ഞാൻ നല്ലതുപോലെ വായിച്ചു. ശ്രീ. ഒ. ലൂക്കോസ് പറഞ്ഞതുപോലെയല്ല, ഞാൻ നല്ലതുപോലെ വായിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നകാലത്ത് ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിന്റെ എല്ലും തോലും ഇതിനകത്തുണ്ട്. അതിന്റെ മജ്ജയും മാംസവും എടുത്തുകളഞ്ഞിരിക്കുന്നു. ആ ഗവൺമെന്റിന്റെ സാമൂഹ്യവീക്ഷണവും, ഈ രാജ്യത്തെ കൃഷിക്കാരോടും, കർഷകത്തൊഴിലാളികളോടും, സാധാരണക്കാരോടും, തൊഴിലാളികളോടുമൊക്കെ ആ ഗവൺമെന്റ് സ്വീകരിച്ചിരുന്ന നയസമീപനത്തിന്റെ മജ്ജയും മാംസവും എടുത്തുകളഞ്ഞ് എല്ലും തോലും മാത്രമാക്കിയിരിക്കുന്നു. അതിനുപുറമേയുള്ള ഒരു കാര്യം ഇരുപതിനപരിപാടിയാണ്. അതിനപ്പുറത്ത് ഇതിനകത്ത് യാതൊന്നും ഇല്ല.

ഈ രാജ്യത്ത് ഭീകരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു. ഈ നിയമസഭയുടെ ചരിത്രത്തിൽ ഒരു ഗവർണ്ണറും ഒരു രാജപ്രമുഖനും ഈ നിയമസഭയിൽ ചെയ്തിട്ടില്ലാത്തതുമായ ഒരു കാര്യം ഈ നയപ്രഖ്യാപനപ്രസംഗത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ രാജ്യത്തെ സംഘടിത തൊഴിലാളി വർഗ്ഗത്തിന്, ഭരണഘടന നൽകിയിട്ടുള്ള സംഘടിക്കാനുള്ള അവകാശം ഇല്ലാതാക്കുന്ന ഒരു നയം ഗവർണ്ണറുടെ ഈ പ്രസംഗത്തിലുണ്ട് . വ്യാവസായികരംഗത്ത് അനാശാസ്യമായ വ്യവസായഭംഗം വരുത്താൻ ഈ ഗവൺമെന്റ് അനുവദിക്കുകയില്ലയെന്ന് പ്രത്യേകം എഴുതിവച്ചിട്ടുണ്ട്. ഇന്ന് പത്രത്തിൽ വാർത്തവന്നു. കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നടപടി കൂടിയായപ്പോഴാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഈ വാചകം എഴുതിവച്ചതിന്റെ അർത്ഥം പൂർണ്ണമായി. കരുതൽ തടങ്കൽ നിയമത്തോട് അപ്പുറത്തിരിക്കുന്ന ശ്രീ. കരുണാകരനോട് ഞാൻ ചോദിക്കുന്നില്ല—ശ്രീ. സി. എച്ച്. മുഹമ്മദ്കോയയും ശ്രീ. ഉമ്മൻചാണ്ടിയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണിയും—ശ്രീ. സുന്ദരേശൻ നായരോട് ചോദിക്കുന്നതിൽ വലിയ അർത്ഥമുണ്ടെന്ന് തോന്നുന്നില്ല—ശിവദാസനോട് ചോദിക്കുന്നില്ല—യോജിക്കുന്നുണ്ടോ? കരുതൽ തടങ്കൽ നിയമം കേരള സംസ്ഥാനത്ത് നടപ്പിലാക്കി ഇവിടെയൊരു ഭരണം നടത്താമെന്ന് നിങ്ങൾ ഈ സഭയിൽ പറയുമോ? അത്യാവശ്യ സർവ്വീസിൽ പണിമുടക്ക് നിരോധിക്കുന്ന നിയമത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഇതൊരു പ്രശ്നമാണ്.

ഭരണഘടനയിൽ തൊഴിലാളികൾക്ക് സംഘടിക്കാൻ അനുവദിച്ചിട്ടുള്ള അവകാശം അവർക്ക് കൂട്ടായി വിലപേശാൻ അവർ നേടിയെടുത്ത സ്വാതന്ത്ര്യം, അതു തടഞ്ഞുകൊണ്ട്, അതു നിയന്ത്രിക്കുമെന്നു പറഞ്ഞുകൊണ്ട് ഒരു ഗവർണ്ണരും പ്രസംഗിച്ചിട്ടില്ല. ഇവിടെ ആദ്യമായി പ്രസംഗിച്ചിരിക്കുന്നു. അത് വളരെ അർത്ഥവത്താണ്, ഇങ്ങനെയൊരു കാര്യം ഇതിനകത്ത് കൂട്ടിച്ചേർത്തത്. ഞാൻ ചോദിക്കുന്നു ഈ ഗവൺമെൻറിന് ഒരു കൂട്ടായ നയം ഉണ്ടോ? ഈ നയത്തോട് ഈ ഗവൺമെൻറിന് ഉത്തരവാദിത്വമുണ്ടെന്ന് അവർ പോലും പറയരുതെന്നാണ് എനിക്ക് അവരോട് അപേക്ഷിക്കാനുള്ളത്. ഈ സഭയോട് അവർക്ക് ഉത്തരവാദിത്വമുണ്ടെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഈ സഭയിൽ ഭൂരിപക്ഷം വേണമെന്നാണ്. ഭരണഘടനയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല.ഈ സഭയിലെ ഭൂരിപക്ഷത്തിനനുസരണമായ ഒരു നയം ആവിഷ്ക്കരിക്കാനും നടപ്പാക്കാനും അവർക്ക് കഴിയുകയില്ല. കണക്കു കള്ളം പറയുകയില്ല. ശ്രീമാൻ കരുണാകരന് കള്ളം പറയാം. എനിക്കൊരുപക്ഷേ കള്ളം പറയണമെന്നാഗ്രഹമുണ്ടെങ്കിൽ ഒരു പക്ഷേ പറഞ്ഞേക്കാം. പക്ഷേ കണക്കിന് കള്ളം പറയാൻ സാദ്ധ്യമല്ല. സൂര്യന് താഴെ ലോകത്ത് കള്ളം പറയാൻ സാദ്ധ്യമല്ലാത്ത ഏക സാധനം കണക്കാണ്.കണക്ക് ശാസ്ത്രപ്രകാരം ഇവർക്ക് ഭൂരിപക്ഷമുണ്ടോ? സഭയോടുത്തരവാദിത്തമുണ്ടോ? അവർക്ക് കൂട്ടായ ഉത്തരവാദിത്തമുണ്ടോ? കൂട്ടായ ഉത്തരവാദിത്തമില്ലെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഒരുപാട് ഉദാഹരണങ്ങളൊന്നും പറയുന്നില്ല. സമയച്ചുരുക്കംകൊണ്ട് ഒരു കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. ചോറു വെന്തോ എന്നു നോക്കാൻ ഒരുപാട് ചിക്കണ്ടല്ലോ. ശ്രീ. ഉമ്മൻചാണ്ടിക്ക് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പങ്കുണ്ടോ? ശ്രീമാൻ ഉമ്മൻചാണ്ടിയുടെ അഭിപ്രായം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ എവിടെയെങ്കിലുമുണ്ടോ? ഇല്ലെന്നാണ് ഞാൻ പറയുന്നത്. ഈ രാജ്യത്ത് തൊഴിലില്ലായ്മവേതനം നടപ്പാക്കി. ഇപ്പോൾ സാളഗ്രാമപരുവം ആക്കുകയാണ്; ശ്രീ. എ. കെ. ആന്റണിയെ. അദ്ദേഹം എന്റെ സുഹൃത്താണ്. അദ്ദേഹത്തെ ആരും സാളഗ്രാമം ആക്കരുതെന്നാണ് എന്റെ ആഗ്രഹം. ഏകാധിപത്യത്തെയും വ്യക്തിമാഹാത്മ്യത്തെയും ഒക്കെ പ്രകീർത്തിച്ചു ആളുകളെ പൂജിച്ച് കുഴപ്പം ഉണ്ടാക്കരുത്, അദ്ദേഹത്തെ സാളഗ്രാമം ആക്കരുത്.ശ്രീമാൻ എ. കെ. ആന്റണിക്ക് പ്രത്യേക താൽപര്യം ഉണ്ടായിരുന്ന ഒരു പരിപാടിയാണ് തൊഴിലില്ലായ്മ വേതനം. കൂട്ടുത്തരവാദിത്വത്തോടു കൂടി തയ്യാറാക്കിയ ഒരു പ്രസംഗമായിരുന്നു ഇതെന്നുണ്ടെങ്കിൽ ആ കാര്യങ്ങളെക്കുറിച്ച് എങ്ങനെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഇല്ലാതെ പോയെന്നു ഞാൻ ഉമ്മൻ ചാണ്ടിയോട് ചോദിക്കുകയാണ്.

ധനകാര്യമന്ത്രി (ശ്രീ. കെ. എം. മാണി) : ഒരു ചോദ്യം. നടപ്പിലായ കാര്യങ്ങൾ ഓരോ വർഷവും നയപ്രഖ്യാപന പ്രസംഗത്തിൽ എടുത്തെടുത്തു പറയണമെന്നില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : ശ്രീ. മാണിയോട് ഞാൻ ചോദിക്കുന്നു അങ്ങനെയാണെന്നുണ്ടെങ്കിൽ മുൻഗവൺമെന്റ് തുടർന്നു വന്ന നയമാണോ ഈ ഗവൺമെന്റ് അനുവദിക്കാൻ പോകുന്നത്. അങ്ങനെയാണെങ്കിൽ അതീ സഭയോടു പറയണം. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അപ്പുറത്തിരുന്ന പലരും

LIBRARY ARCHIVES Kerala Legislative Assembly

കൂടി അന്നത്തെ ജനാധിപത്യ മുന്നണിക്ക് കൂട്ടായി ജനങ്ങളുടെ മുമ്പിൽ ഒരു പരിപാടി അവതരിപ്പിക്കാനുണ്ടായിരുന്നില്ല. അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഒരു പരിപാടി ഉണ്ടായിരുന്നു. അതിന് ജനങ്ങൾ അംഗീകാരം നൽകി. അവർ ഇവിടെ ഗവൺമെൻറുണ്ടാക്കി. ഈ സഭ അന്ന് അംഗീകരിച്ച പലതും ആ പരിപാടിയുടെ അടിസ്ഥാനത്തിൽ ഗവർണ്ണർ ചെയ്ത പ്രസംഗം, അതിനെത്തുടർന്നു വന്ന ബഡ്ജററ് പ്രസംഗം ഇതിലൊക്കെ ഈ സഭ അംഗീകരിച്ച പലതും ഇതിൽ നിന്നെടുത്തുകളയാൻ നിങ്ങൾക്കെന്താണവകാശം എന്നു ഞാൻ ചോദിക്കുകയാണ്.

തൊഴിലാളി ക്ഷേമത്തെപ്പററി ശ്രീമാൻ മാണി അവതരിപ്പിച്ച ബഡ്ജററിൽ ഈ സഭ അംഗീകരിച്ച ബഡ്ജററിൽ ഒരു കോടി രൂപ പട്ടിണി കിടക്കുന്ന കശുവണ്ടിത്തൊഴിലാളികൾക്ക്, കയർത്തൊഴിലാളികൾക്ക് ക്ഷേമനിധിക്കുവേണ്ടി ഇവിടെ പാസ്സാക്കിയിട്ടുളളതാണ്. ഇന്ന് തൊഴിലാളികൾ പട്ടിണിയിലാണ്. കശുവണ്ടിത്തൊഴിലാളിക്ഷേമ പദ്ധതി കഴിഞ്ഞ ഒക്ടോബർ മാസം രണ്ടാം തീയതി പ്രഖ്യാപിച്ചതാണ്. അതു നടപ്പാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതുവരെ സൗജന്യറേഷൻ കൊടുത്തിട്ടില്ല. ആ പദ്ധതിയിലെ പ്രധാനപ്പെട്ട ഇനം പട്ടിണികിടക്കുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിലില്ലാത്ത കാലത്തേക്ക് സൗജന്യറേഷൻ നല്കുന്നതാണ്.

ശ്രീ. കെ. എം. മാണി : ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു വർഷത്തെ ബഡ്ജററിൽ ഒരു പ്രോജക്ററ് അല്ലെങ്കിൽ ഒരു സ്കീം അനൗൺസ് ചെയ്തുകഴിഞ്ഞാൽ ആ കാലഘട്ടത്തിൽ നടപ്പിലാക്കാമായിരുന്നു. ആ സ്കീം ആവർത്തിച്ചാവർത്തിച്ച് ഓരോ വർഷവും പറയണമെന്നനുശാസിക്കുന്നത് ഓർഡറിലാണോ ? അങ്ങനെ ഈ പ്രസംഗത്തിൽ പറഞ്ഞിട്ടില്ലെങ്കിൽ എന്തു പോരായ്മയാണ് ?

ശ്രീ. ബേബി ജോൺ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ചുളള ക്ഷേമനിധിയിൽ വിഭാവനം ചെയ്ത പരിപാടി നടപ്പിലാക്കിയിട്ടില്ല. പട്ടിണികിടക്കുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് സൗജന്യമായി റേഷൻ കൊടുത്തിട്ടില്ലെന്നാണ് പറഞ്ഞത്.

ശ്രീ. കെ. എം. മാണി : കഴിഞ്ഞ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ കഴിഞ്ഞവർഷം മുന്നണി ഗവൺമെൻറിനുവേണ്ടി ഞാൻ അവതരിപ്പിച്ച ബഡ്ജററിൽ ആ സ്കീം അനൗൺസ് ചെയ്തെങ്കിൽ അത് നിങ്ങളുടെയും എൻേറയും, എൻെറ പാർട്ടിയുടെയും, നമ്മൾ ഇരുന്ന കാലഘട്ടത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ കൊല്ലം ജില്ലയെ പ്രതിനിധീകരിക്കുന്ന ബേബി ജോണിന് അതിൽ ഉത്തരവാദിത്വമില്ലേ എന്ന് ഞാൻ ചോദിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ഈ പദ്ധതി പ്രഖ്യാപിച്ചത്, നായനാർ മന്ത്രിസഭ തീരുമാനിച്ചു പ്രഖ്യാപിച്ചത് കഴിഞ്ഞ ഒക്ടോബർ മാസം 2-ാം തീയതിയാണ്. ഒക്ടോബർ മാസം 2-ാം തീയതി പ്രഖ്യാപിച്ച് നടപ്പാക്കേണ്ടതാണ്. കശുവണ്ടി വ്യവസായത്തിൽ തൊഴിലില്ലാത്ത കാലത്തേക്ക് തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുക്കണം. ഒക്ടോബർ മാസത്തിൽ കശുവണ്ടി വ്യവസായത്തിൽ വിശേഷിച്ചും പൊതുമേഖലയിൽ തൊഴിലുണ്ടായിരുന്നു. ഇപ്പോൾ തൊഴിലില്ല. പട്ടിണിയാണ്. അതു നടപ്പാക്കേണ്ട സമയമാണ്. ഇവിടെ അഡ്വൈസർ ഭരണം നിലവിലിരുന്ന കാലത്ത് തൊഴിലാളികളെ പ്രധിനിധീകരിച്ച് ഞാൻ ഗവർണ്ണറെക്കണ്ടു സംസാരിച്ചു. അവർ സമ്മതിച്ചതാണ്. അഡ്വൈസർമാരെ ഞാൻ കണ്ടതാണ്. ഉടനടി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ഇതു വിതരണം ചെയ്യുന്നതാണെന്നും

LIBRARY ARCHIVES Kerala Legislative Assembly

അവർ സമ്മതിച്ചതാണ്. അതു നടപ്പാക്കാൻ ഇന്നുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല കശുവണ്ടിത്തൊഴിലാളികളുടെ പിച്ചച്ചട്ടിയിൽ കൈയിട്ടു ഈ ഗവൺമെൻറ് അവരെ വഞ്ചിക്കാൻ പോകുന്നു എന്നു പറയാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു. അവർക്ക് സൗജന്യറേഷൻ കൊടുക്കാൻവേണ്ടി നീക്കിവച്ചിട്ടുള്ള ഒരുകോടി രൂപ റവന്യൂ മന്ത്രിയും ഈ ഗവൺമെൻറും ചെലവഴിക്കുകയില്ല എന്ന് ഞാൻ ഭയപ്പെടുന്നു. അവർ പട്ടിണിയിലാണ്. അവർക്ക് സൗജന്യറേഷൻ കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഇവിടത്തെ ക്രമസമാധാനത്തെപ്പററി എനിക്ക് വലുതായൊന്നും പറയാനില്ല. ഉമ്മൻചാണ്ടിയോട് എററിക്കൊരഭ്യർത്ഥനയുണ്ട്, എനിക്കൊരു ഖേദവുമുണ്ട്. സഖാവ് പി. എസ്. ശ്രീനിവാസൻെറ കുടുംബം എനിക്കറിയാം. ശ്രീനിവാസൻ ഇവിടെ ഒരു കാര്യം പറഞ്ഞു. അത് 19-ാം തീയതി നാടാകെ നടന്ന മർദ്ദനത്തെപ്പററിയാണ്. ശ്രീ. പി. എസ്. ശ്രീനിവാസൻെറ അമ്മയെ വീട്ടിൽച്ചെന്ന് പോലീസുകാർ അധിക്ഷേപവചനങ്ങൾ ചൊരിഞ്ഞതിനെപ്പററി ഇവിടെപറഞ്ഞു. ശ്രീമാൻ പി. എസ്. ശ്രീനിവാസൻെറ കുടുംബവും അദ്ദേഹവും ഈ രാജ്യത്ത് അറിയപ്പെടുന്നതാണ്. ഈ രാജ്യത്ത് രാഷ്ട്രീയമായി ഒരുപാടു മാററങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരുപാടു ഗവൺമെൻറുകൾ വന്നു. പക്ഷേ എല്ലാ കാലത്തും ആദരിക്കപ്പെടുന്ന ഒരു രാഷ്ട്രീയ കുടുംബം, അതിലെ ഒരു പൊതുപ്രവർത്തകൻെറ അമ്മയെ പോലീസുകാർ അധിക്ഷേപം പറഞ്ഞതിനെപ്പററി ഒരു വാചകം ഈ നിയമസഭയിൽ പറയാനുള്ള സൗമനസ്യം കാണിക്കാത്ത ഉമ്മൻചാണ്ടിയോട് എന്താണ് അദ്ദേഹത്തിൻെറ നീതിബോധം. എന്തു സമചിത്തതയാണ് പോലീസ് കാണിച്ചത്..........

(ബഹളം)

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഞാൻ അതിനു മറുപടി പറഞ്ഞു കഴിഞ്ഞതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ഇവിടെ വന്ന് അസഭ്യം പറയണമോ സർ, എൻെറ നിയോജകമണ്ഡലത്തിൽ ഉമയനല്ലൂരിൽ വീട്ടിൽ കുത്തിയിരുന്ന സ്ത്രീകളേയും കുഞ്ഞുങ്ങളേയും വീട്ടിൽക്കയറി പോലീസുകാർ മർദ്ദിച്ചു. അവർക്ക് പ്രതിഷേധപ്രകടനം നടത്തി സമാധാനിക്കേണ്ടിവന്നു. അങ്ങനെ ഈ രാജ്യത്ത് നാടാകെ മർദ്ദനം നടന്ന ഒരു സംഭവം ഉണ്ടായി. മററാരോ പറഞ്ഞതുപോലെ ഇത്ര ചുരുങ്ങിയ സമയം കൊണ്ട് ഇത്ര കൂടുതൽ മർദ്ദനം, അതും ഇത്രയും നിഷ്ഠൂരമായ മർദ്ദനം ഈ രാജ്യത്തിൻെറ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ല. സ്വാതന്ത്ര്യത്തിനു മുമ്പും അതിനു ശേഷവും പൊതുരംഗത്ത് പ്രവർത്തിച്ചിട്ടുള്ള ഒരാളാണ് ഞാൻ, ഇന്നിവിടെ നടക്കുന്നത് സാക്ഷാൽ കരുണാകരൻെറ ഭരണംതന്നെയാണ്. മന്ത്രിമാർക്ക് അവരുടെ ഡിപ്പാർട്ടുമെൻറുകളിൽ അവർ തീരുമാനിക്കുന്ന കാര്യം നടപ്പാക്കാൻ സാധിക്കുന്നില്ല. ഇന്ന് കൂട്ടുത്തരവാദിത്വമില്ല. ഉദ്യോഗസ്ഥൻമാർ വെററയും പാക്കും, ഫയലുമായി മുഖ്യമന്ത്രിയുടെ പടിക്കൽ കാത്തുനിൽക്കണം; ഉത്തരവുകൾ പ്രതീക്ഷിച്ച്. മുഖ്യമന്ത്രി പറയുന്നത് നടക്കും. മുഖ്യമന്ത്രി പറയുന്നത് ചെയ്യും. എല്ലാം ഒരാളുടെ മേശപ്പുറത്ത്, എല്ലാം ഒരാൾ കണ്ട് എല്ലാം ഒരാളുടെ ആജ്ഞാനുസരണം നടക്കുന്ന ഒരു ഭരണമാണ് ഇവിടെ ഉള്ളത്. നിയമസഭയോട് ഉത്തരവാദിത്വമില്ലെന്നു മാത്രമല്ല അവർക്ക് തമ്മിൽ തമ്മിൽതന്നെ ഉത്തരവാദിത്വമില്ല. ഈ ഗവൺമെൻറ് തൊഴിലാളി വിരുദ്ധ ഗവൺമെൻറാണ്. ഈ ഗവൺമെൻറ് സാധാരണക്കാരൻെറ താല്പര്യങ്ങൾക്ക് വിരുദ്ധമായ ഗവൺമെൻറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിൻെറ സംവരണനയം എന്താണ്? ജനങ്ങൾക്ക് താല്പര്യമുള്ള ജനങ്ങൾക്ക് അഭിപ്രായമുണ്ടാകേണ്ട കാര്യങ്ങളെ സംബന്ധിച്ച് മൗനം ഭൂഷണമാക്കുന്ന ഒരു ഗവൺമെൻറാണ്, ഒരൊററയാൻ ഭരണമാണ് ഈ രാജ്യത്ത് നടക്കുന്നത്. ഈ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ എതിർക്കുന്നു.

മിസ്ററർ സ്പീക്കർ: സഭ ഏതാനും നിമിഷനേരത്തേക്ക് പിരിയുന്നതാണ്. ലഘുഭക്ഷണം ഏർപ്പാട് ചെയ്തിട്ടുണ്ട്, ലഘുഭക്ഷണമാണ്, അതുകഴിഞ്ഞതിനുശേഷം പത്തുപതിനഞ്ചു മിനിട്ടു കഴിഞ്ഞു വീണ്ടും കൂടാം. ബഹുമാനപ്പെട്ട പത്രപ്രതിനിധികളെയും ലഘുഭക്ഷണത്തിൽ പങ്കു ചേരാൻ ക്ഷണിക്കുന്നു.

(1.30-ന് സഭ ലഘുഭക്ഷണത്തിനായി പിരിയുകയും 1.50-നു വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

മി. സ്പീക്കർ: ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏററവും കൂടുതൽ അംഗസംഖ്യയുള്ളത് കമ്മ്യൂണിസ്ററ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്ററ്) ആണ്. അതിനാൽ റൂൾ 2 (1) അനുസരിച്ച് പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. ഇ. കെ. നായനാരെ ഈ സഭയുടെ പ്രതിപക്ഷനേതാവായി ഞാൻ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: മിസ്ററർ സ്പീക്കർ സർ, കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷകളുടേയും പ്രത്യാശകളുടേയും പ്രതീകമായ ഈ ജനാധിപത്യ മുന്നണി ഗവൺമെൻറിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ ചെയ്ത പ്രസംഗത്തിനു നന്ദി പ്രകാശിപ്പിക്കുന്ന ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ഇന്ത്യൻ ജനാധിപത്യത്തിൻെറ ദീപശിഖ ഉയർത്തിപ്പിടിക്കാനുള്ള ഭാഗ്യം കേരള നിയമസഭയ്ക്കുണ്ടായി എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. യഥാർത്ഥ ജനാധിപത്യത്തിൻെറ എല്ലാം തികഞ്ഞ ഒരു രംഗം നമുക്കിവിടെ കാണാൻ സാധിക്കും. ഏതാനും മാസങ്ങൾക്കുമുമ്പ് മുഖ്യമന്ത്രി പദത്തിലിരുന്നിരുന്ന ബഹുമാനപ്പെട്ട നായനാർ ഇന്നു പ്രതിപക്ഷനേതാവിൻെറ സ്ഥാനം അലങ്കരിയ്ക്കുന്നു. ആ സ്ഥാനം അലങ്കരിച്ചിരുന്ന ബഹുമാനപ്പെട്ട കരുണാകരൻ ഇന്നു മുഖ്യമന്ത്രിയുടെ സ്ഥാനം അലങ്കരിക്കുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ ചിന്തയ്ക്കനുരൂപമായ രാഷ്ട്രീയ മാററങ്ങൾ ഇവിടെ നടക്കുകയാണ്. ഈ രാഷ്ട്രീയ മാററങ്ങളെല്ലാം നമ്മുടെ ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുണ്ട് സർ, രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കുമ്പോൾ അതിനെ ഇഷ്ടപ്പെടാത്ത ആളുകൾ കാലുമാററമെന്നു പറയും. ഇഷ്ടപ്പെടുന്ന തീരുമാനം എടുക്കുന്നവരെ രാഷ്ട്രീയ മാററക്കാരെന്നു പറയും. അത് ഓരോരുത്തരുടേയും ഭാവനാവിലാസത്തിനനുസരിച്ചാണ്. ഇവിടെ ഇൻഡ്യക്ക് ഒരു ഭരണഘടനയുണ്ട്. ആ ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ നമ്മളെല്ലാം ബാദ്ധ്യസ്ഥരാണ്. ഈ സഭയിൽ അംഗമായി വന്ന എല്ലാ ആളുകളും ആ ഭരണഘടനയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടവരാണ്. കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ പ്രസംഗിച്ചുകൊണ്ടിരുന്ന.................

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഭരണഘടനയുടെ അന്തസത്തയെയാണോ അതോ അതിലെ പുറത്തെ അക്ഷരങ്ങളെയാണോ മാനിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: രണ്ടിനേയും മാനിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ശ്രീനിവാസനെപ്പോലുള്ള ആളുകളോട് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനാപരമായ ഈ ഉത്തരവാദിത്വം നിർവഹിക്കാനായി സ്റേററിന്റെ തലവിയായ ഗവർണ്ണർ ഇവിടെ വന്നപ്പോൾ ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവഹിക്കാൻ അവരെ അനുവദിക്കാതിരുന്ന ബഹുമാനപ്പെട്ട ശ്രീനിവാസനെപ്പോലുള്ള ആളുകൾ ഭരണഘടനയുടെ അന്തഃസത്തയെ ഇടിച്ചുതാഴ്ത്തുകയല്ലേ ചെയ്തതെന്ന് ഞാൻ ചോദിക്കുകയാണ്. വാസ്തവത്തിൽ ഈ സംസ്ഥാനത്തിലാണ് ഇതുണ്ടായത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: മുമ്പ് ഗവർണ്ണർ വന്നപ്പോൾ നിങ്ങൾ എന്തൊക്കെയോ കഴുത്തിൽ തൂക്കി ഇവിടെ ഇരുന്നത് അന്തഃസ്സത്തയെ മാനിക്കലാണോ ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ശ്രീനിവാസനെപ്പോലുള്ള ആളുകൾ ഗവർണ്ണറോട് പ്രതിഷേധസ്വരം ഉയർത്തി പ്രസംഗിക്കാൻ തുടങ്ങിയത് വളരെ ഖേദകരമായിപ്പോയി എന്നുമാത്രം ഞാൻ പറയുന്നത് മിതമായ ഭാഷയിലാണ്. ഇവിടെ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ചന്ദ്രശേഖരൻ നായർ വെള്ളിയാഴ്ച പ്രസംഗിക്കുമ്പോൾ കാസ്ററിംഗ് വോട്ടിനെ സംബന്ധിച്ച് പറയുകയുണ്ടായി. ഭരണഘടനാപരമായി ആധികാരികമായി പറയാനുള്ള ഒരു അർഹതയും എനിക്കില്ല. പക്ഷേ ഒരു സാധാരണ നിയമസഭാസാമാജികൻ എന്ന നിലയ്ക്ക് ഭരണഘടനയിൽ നോക്കുമ്പോൾ കാണുന്ന വളരെ പ്രധാനപ്പെട്ട സംഗതി ഇന്ത്യയിലെ ഭരണഘടനയാണ്. സഭാനാഥനായ സ്പീക്കറുടെ നിഷ്പക്ഷതയെ ഏററവും അധികം അരക്കിട്ടുറപ്പിച്ചിട്ടുള്ളത് എന്നതാണ്. സർ, ഇന്ത്യൻ ഭരണഘടനയിൽ മാത്രമാണ് സ്പീക്കറുടെ അവകാശങ്ങളെപ്പററിയും സ്പീക്കറുടെ സ്ഥാനത്തെപ്പററിയും സ്പീക്കറെ തെരഞ്ഞെടുക്കുന്നതിനെപ്പററിയും സ്പീക്കറെ നീക്കുന്നതിനെപ്പററിയും സ്പീക്കറുടെ അധികാരങ്ങളെപ്പററിയും പറഞ്ഞിട്ടുള്ളത്. ലോകത്തിൽ മററ് ഭരണഘടനകളിലൊന്നും അധികമില്ല. ബ്രിട്ടനിൽ ഒരു ലിഖിത ഭരണഘടനയില്ലെന്ന് ബഹുമാനപ്പെട്ട ബേബിജോണിനെപ്പോലുള്ള ആളുകൾക്ക് നല്ലതുപോലെ അറിയാം; എല്ലാവർക്കും അറിയാവുന്നതുമാണ്. അതേസമയത്ത് കനേഡിയൻ ഭരണഘടനയും ആസ്ട്രേലിയൻ ഭരണഘടനയും സ്പീക്കറെപ്പററി ഒന്നും പറയുന്നില്ല. സ്പീക്കറെപ്പററി പറയുന്നത് ഇന്ത്യൻ ഭരണഘടനമാത്രമാണ്. ഞാൻ ഇത് പറയാൻ കാരണം ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ ഇതേപ്പററി പ്രസംഗിച്ചതുകൊണ്ടാണ്. സ്പീക്കർ ഭരണകക്ഷിയുടെ വിപ്പിനനുസരിച്ചായിരിക്കുമോ തീരുമാനിക്കുക എന്നുള്ള തരത്തിലുള്ള ഒരു നിഗമനത്തിലൂടെ അദ്ദേഹം പ്രസംഗിച്ചത് തെററാണ്. അദ്ദേഹത്തിനറിയാം ഭരണകക്ഷിയുടെ വിപ്പിനനുസരിച്ചല്ല സ്പീക്കർ പ്രവർത്തിക്കുക എന്ന്.

ഇന്ത്യൻ ഭരണഘടനയിലെ 189-ാം ഖണ്ഡിക ശരിക്ക് വായിക്കുന്ന ഒരാൾക്ക് മനസ്സിലാക്കാം, ഫസ്ററ് ഇൻസ്ററൻസിൽ സ്പീക്കർക്ക് വോട്ട് ചെയ്യാൻ പാടില്ല എന്ന്. ഫസ്ററ് ഇൻസ്ററൻസിന് വോട്ടു ചെയ്യാൻ പാടില്ല എന്ന് പറഞ്ഞതുകൊണ്ട് സ്പീക്കറുടെ നിഷ്പക്ഷതയെ ഇന്ത്യൻ ഭരണഘടന അരക്കിട്ടുറപ്പിക്കുന്നു എന്ന് വ്യക്തമാണ്. ഇങ്ങനെയുള്ള ഒരു ഭരണഘടനയെ സംബന്ധിച്ച് തെററായ രീതിയിൽ വ്യാഖ്യാനം നടത്തിയത് ശരിയല്ല. എനിക്ക് ബഹുമാനപ്പെട്ട ശ്രീനിവാസനോടാണ് ചോദിക്കാനുള്ളത് ഗവർണ്ണർ വന്നപ്പോൾ ഇവിടെ എന്തൊക്കെയാണ് ചെയ്തത്......

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട ശ്രീനിവാസനെ പോലുള്ള, ബഹുമാനപ്പെട്ട പി. കെ. വി. യെപ്പോലുള്ള ഭരണഘടനയെ ആദരിക്കുന്നുയെന്ന് ഞാൻ കരുതുന്ന ആളുകളോട് എനിക്ക് പറയാനുള്ളത്........

ശ്രീമതി കെ ആർ. ഗൗരി : അറിഞ്ഞുകൂടാത്തതു കൊണ്ട് ചോദിക്കുകയാണ്. എനിക്കറിയാനുള്ളത് എതെല്ലാം രാജ്യത്ത് ഭരണഘടനയുണ്ട് ? അതിൽ ഇങ്ങനെ നിഷ്പക്ഷത പറഞ്ഞിരിക്കുന്ന എത്ര സ്ഥലത്ത് സ്പീക്കർമാർ ഉണ്ട് ? അതുകൂടി ഒന്ന് പഠിപ്പിച്ചു തരാമോ ?

ശ്രീ. ഇ. അഹമ്മദ് : നമ്മൾ ഇന്ത്യയിൽ ജീവിക്കുന്നവരാണ്. ഇന്ത്യൻ ഭരണഘടനയുടെ നിഷ്പക്ഷതയെക്കുറിച്ച് മാത്രം പറഞ്ഞാൽ മതി. ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ പാർട്ടിയിലേയും പ്രതിപക്ഷത്തുള്ള മററ് മെമ്പറന്മാരും ഇന്ത്യൻ ഭരണഘടന ഉദ്ധരിച്ചുകൊണ്ട് സ്പീക്കർ ചെയ്ത കാസ്ററിംഗ് വോട്ടിനെ ചോദ്യം ചെയ്തത് ശരിയല്ലെന്ന് സ്ഥാപിക്കാനാണ് ഞാൻ ശ്രമിച്ചത്.

സർ, മറെറാന്ന് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ പ്രസംഗിക്കാനായി വന്നു. അപ്പോൾ ഇവിടെ കാണിച്ച സ്വാതന്ത്ര്യം എന്താണ് ? ഭരണഘടന അനുസരിച്ചുള്ള ഉത്തരവാദിത്വം നിർവഹിക്കാനാണ് അവർ വന്നത്. ആ ഉത്തരവാദിത്വം നിർവഹിക്കാൻ വന്ന അവരെ തടസ്സപ്പെടുത്തിയത് ഭരണഘടനാപരമാണോ ?

ഡാക്ടർ എ. സുബ്ബറാവു: സർ, പോയിൻറ് ഓഫ് ഓർഡർ

ನಾನು ಈ ಕ್ರಮ ಪ್ರಶ್ನೆ ಕೇಳುತ್ತಾ ಇರುವುದು ಸಂವಿಧಾನದ ಯಾವ ಕ್ಲಾಜ್ ಪ್ರಕಾರ ಮಾನ್ಯ ಸದಸ್ಯರು ಈ ಹೇಳಿದ ಪ್ರಶ್ನೆ ಕೇಳುತ್ತಿರುವುದು. ಸ್ಪೀಕರ್ ಪಕ್ಷ-ಪಾತಪರವಾಗಿ ಅವರು ಓಟು ಕೊಡಬಹುದು ಎನ್ನುವುದು ಯಾವ ರೂಲ್ ಪ್ರಕಾರ ಎಂಬುದನ್ನು ವಿವರವಾಗಿ ಹೇಳಬೇಕೆಂದು ಕೇಳಿಕೊಳ್ಳುತ್ತೇನೆ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ ഇ. അഹമ്മദ് അതിൻെറ ഇംഗ്ലീഷ് കൂടി പറയട്ടെ.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട എൻെറ സ്നേഹിതൻ ഡോക്ടർ സുബ്ബറാവുവിന് മാതൃഭാഷയോട് സ്നേഹം തോന്നിയത് മന്ത്രി സ്ഥാനത്തുനിന്നും മാറിയിരുന്നപ്പോഴാണ്. അദ്ദേഹം ഇവിടെ ഇരുന്നപ്പോൾ ആ ഭാഷയെ സംബന്ധിച്ച് സംസാരിക്കാൻ തോന്നിയില്ല.

ശ്രീ. ഇ. കെ. നായനാർ : കേരള അസംബ്ലിയിൽ റൂൾസ്പ്രകാരം ഇംഗ്ലീഷിലും, മലയാളത്തിലും, കർണ്ണാടകത്തിലും, തമിഴിലും ഭാഷ ഉപയോഗിക്കാമെന്ന് റൂൾസിലുണ്ട്. അതനുസരിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ കർണ്ണാടകത്തിൽ പറഞ്ഞത്. അതിൽ ഞഞ്ഞാമുഞ്ഞ എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ ശരിയാവുകയില്ല.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ഇ. കെ. നായനാർ, ആ പറഞ്ഞത് ഒന്നു ട്രാൻസിലേററ് ചെയ്തു തരാമോ ? ഞങ്ങൾക്ക് മനസ്സിലായില്ല. അങ്ങേയ്ക്ക് മനസ്സിലായല്ലോ ?

ശ്രീ. ഇ. അഹമ്മദ് : സർ, ഇവിടെ ഗവർണ്ണർ അവരുടെ ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കാൻ വന്നു. ആ ഭരണഘടനാപരമായ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വം നിർവ്വഹിക്കാൻ ഗവർണ്ണറോടു കാണിക്കേണ്ട സാമാന്യ ബഹുമാനംപോലും കാണിക്കാതെ ഈ ഭരണഘടനയെ ആദരിക്കുവാൻ വേണ്ടി പ്രതിപക്ഷത്തുള്ള എന്റെ സ്നേഹിതൻമാരായ ശ്രീ. പി. കെ. വാസുദേവൻ നായരെപ്പോലുള്ള ആളുകൾ സമ്മതിക്കാത്തതിൽ ഖേദമുണ്ട്. എന്നിട്ട് ഇവിടെ ഭരണഘടനയിലെ കാര്യങ്ങളും കോടതിവിധികളും പറഞ്ഞു. എന്താണ് വാസ്തവത്തിൽ കൽക്കത്താ ഹൈക്കോടതി പറഞ്ഞത് എന്ന് ബഹുമാനപ്പെട്ട വാസുദേവൻ നായർക്ക് അറിയില്ലെങ്കിൽ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരോട് ചോദിച്ചാൽ അറിയാവുന്നതാണ്. കോടതി പറഞ്ഞത് ഭരണഘടനാപരമായി കർത്തവ്യ നിർവ്വഹണമുള്ളവർക്കെതിരായി കുഴപ്പങ്ങളും ബഹളങ്ങളും സൃഷ്ടിച്ചുകൊണ്ട് അതിനെ മുതലെടുക്കാൻവേണ്ടി നിയമക്കോടതിയിൽ വന്നാൽ അതിനു സമ്മതിക്കുകയില്ലെന്നാണ് കൽക്കത്താ ഹൈക്കോടതി പറഞ്ഞത്. അതുകൊണ്ട് ഭരണഘടനയെ സംബന്ധിച്ച് സാമാന്യമായ ബഹുമാനമെങ്കിലും ഉണ്ടെങ്കിൽ ആ ഭരണഘടനാപരമായ കാര്യങ്ങൾ സ്വയം നിർവ്വഹിക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളു. സർ, ഇവിടെ ജനാധിപത്യപരമായ ഒരു ഗവൺമെൻറാണ് ഉള്ളത്. എന്താണ് പ്രതിപക്ഷം പറഞ്ഞത് ഗവർണ്ണർ ഭരണം മതിയെന്ന്, ഇന്ദിരാഗാന്ധിയുടെ ഭരണത്തിന് ഞങ്ങൾ എതിരാണ് എന്നാണ്. പക്ഷെ ഗവർണ്ണറുടെ ഭരണം വേണം. ഗവർണ്ണർ ഭരിക്കുമ്പോൾ ഇവിടെ ആരാണ് ഭരിക്കുക എന്ന് എന്റെ സ്നേഹിതൻ ശ്രീ. കെ. കെ. നായർ പറഞ്ഞു. സർ, ഈ രാജ്യത്തെ ജനങ്ങൾ ഒരു ജനാധിപത്യ ഗവൺമെൻറിനു വേണ്ടി കേഴുകയായിരുന്നു. ആ സന്ദർഭത്തിലാണ് ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ജനാധിപത്യ മുന്നണിയിൽ ചേർന്ന കക്ഷികൾ ഇവിടെ ഒരു ഗവൺമെൻറ് രൂപീകരിച്ചത്. വിശന്നുവലയുന്ന ഒരു കുഞ്ഞിന് മുല കൊടുക്കുന്ന അമ്മയെ നോക്കി ആളുകളെ മാടിവിളിക്കുന്നതിന് മാർവ്വിടം തുറന്നിടുന്ന വേശ്യ എന്നു പറയുന്നത് എത്രമാത്രം അർത്ഥശൂന്യമാണോ, അപഹാസ്യമാണോ, അതുപോലെയാണ് കേരളത്തിലെ ജനങ്ങൾക്ക് ഒരു ജനാധിപത്യ ഗവൺമെൻറിനെ സംഭാവന ചെയ്ത ശ്രീമാൻ കരുണാകരനെ നോക്കി ഭരണഘടന അനുസരിച്ചില്ല എന്നു പറയുന്നത് എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. സർ, ഇവിടെ എനിക്കു പറയാനുള്ളത് നിങ്ങൾ ഭരണത്തിലിരുന്നപ്പോൾ ഉണ്ടായിരുന്ന സ്ഥിതിയെല്ലാം ഞങ്ങൾക്കറിയാം. എന്നാൽ സർ, ഇവിടെ അവർ ഇരുന്നപ്പോഴുണ്ടായിരുന്ന സംഗതികൾ. ബഹുമാനപ്പെട്ട പി. കെ. വി. ഇവിടെ ശ്രീമാൻ ഉമ്മൻചാണ്ടിയെപ്പററിയും, പോലീസ് ഭരണത്തേപ്പററിയും പറഞ്ഞു. സർ, പോലീസിനു തെററുണ്ടെങ്കിൽ അതു പരിഹരിക്കേണ്ടതാണ്. അതു ശ്രീ. ഉമ്മൻചാണ്ടിതന്നെ ഇവിടെ പ്രസ്താവിച്ചതാണ്; സമ്മതിച്ചതുമാണ്. ആഭ്യന്തരമന്ത്രി അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പറഞ്ഞു തെററുണ്ടെങ്കിൽ അതു തിരുത്താമെന്ന്. പക്ഷേ ഞാൻ ശ്രീ. പി. കെ. വാസുദേവൻ നായരോട് ചോദിക്കട്ടെ, എന്താണ് ശ്രീ. വാസുദേവൻ നായർ അങ്ങ് 16 മാസത്തിനുമുമ്പ് ഈ നിയമസഭയിൽ ചെയ്ത പ്രസംഗം ? എന്താണെന്ന് അറിയാമോ ? പ്രസംഗം അറിയുകയില്ലെങ്കിൽ അദ്ദേഹത്തിന്റെ ഓർമ്മയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്, അദ്ദേഹം പറഞ്ഞത് അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നത് ശരിയാണെന്ന് എനിക്കു തോന്നുകയാണ്. ‘‘ഇക്കഴിഞ്ഞ 16 മാസത്തിനുള്ളിൽ ആദ്യമായി ഞങ്ങളുടെ പാർട്ടി സെക്രട്ടറി പരസ്യമായി ഒരു പത്രപ്രസ്താവന ചെയ്യുകയുണ്ടായി. സംഭവങ്ങൾ മുമ്പ് ഉണ്ടാകാഞ്ഞിട്ടല്ല. അന്നൊന്നും ഞങ്ങൾ അതിനു മുതിർന്നില്ല. എന്നാൽ ഇന്ന് അത് ചെയ്യേണ്ടിവന്നു. ഞാൻ അത് പറയുമ്പോൾ സഖാവ് ശ്രീധരൻ നായരുടെ കൊലപാതകം മാത്രം വച്ചുകൊണ്ട് പറയുകയാണെന്ന് ധരിക്കരുത്. പലതുമുണ്ട് എന്റെ മനസ്സിൽ. പണ്ട് ഇതൊന്നും ഇവിടെ പറഞ്ഞിട്ടില്ല. ഇന്നും പറയാൻ ആഗ്രഹിച്ചതല്ല. എന്നാൽ ഇന്ന് ഇവിടെ പറഞ്ഞേ മതിയാകൂ എന്ന് കരുതി.’’ 16 മാസം ഒന്നിച്ചിരുന്ന് സഖാവ് സി. എം. ഗോപാലനെയും, മററു പാർട്ടി സഖാക്കളെയും കൊന്നത് ആരാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ തുടർന്നു പറഞ്ഞു വരുകയാണ്. "എന്തിന്റെ പേരിലാണ് ആ കൊല നടന്നതെന്ന് ഞാൻ എത്ര ആലോചിച്ചിട്ടും എനിക്ക് അതിന് ഒരു കാരണം കണ്ടുകിട്ടിയില്ല. ആ കൊല നടത്തിയതും കുറച്ചു മാർക്സിസ്റ്റു പ്രവർത്തകരാണ്. ഇപ്പോൾ നടന്ന കൊലപാതകങ്ങളുടെ ഉത്തരവാദിത്വവും ചില മാർക്സിസ്റ്റു പ്രവർത്തകൻമാർക്കാണ് എന്ന് തൊണ്ടയിടറിക്കൊണ്ടു പറഞ്ഞ പി. കെ. വി. യോടു ഞാൻ ചോദിക്കട്ടെ. 16 മാസക്കാലം കൊണ്ടുള്ള നിങ്ങളുടെ അനുഭവമാണ് നിങ്ങളിവിടെ പറഞ്ഞത്. എന്നിട്ട് വീണ്ടും നിങ്ങൾ അവിടെ ചടഞ്ഞുകൂടി ? നിങ്ങളുടെ സഹപ്രവർത്തകൻമാരെയും സഖാക്കളെയും കൊല ചെയ്യാൻവേണ്ടി സി. ഐ. റ്റി. യു. ക്കാർക്കും മററു ആളുകൾക്കും വിട്ടുകൊടുത്തു. എന്നാൽ നിങ്ങളുടെ കൂടെയുണ്ടായിരുന്ന ഞങ്ങളുടെ മാന്യ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണി ചെയ്തത് എന്താണെന്ന് അറിയാമോ ? അദ്ദേഹം അതിന് ഒരു പ്രവർത്തന പഥം ഉണ്ടാക്കി. കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് ആ ഗവൺമെന്റ് അധികാരത്തിൽ തുടരാൻ പാടില്ലെന്ന് പറഞ്ഞ് ഇറങ്ങിപ്പോരുകയാണ് ശ്രീമാൻ ആന്റണി ചെയ്തത് എന്നുകൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ.

(ബഹളം)

ധാർമ്മികബോധത്തെക്കുറിച്ചൊക്കെയാണ് നിങ്ങൾ പറയുന്നത് ഈ ഗവൺമെൻറിന് നിലനിൽക്കാൻ എന്ത് ധാർമ്മികഅധികാരമെന്ന്. ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. നായനാരോടു ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇവിടെ നിയമസഭയിൽ വന്നത് അന്നത്തെ സ്പീക്കറടക്കം 94 പേർ ആയിരുന്നു. അതിൽ ഒരാൾ സ്പീക്കർ ആയി മാറിപ്പോയി. ആ സ്പീക്കർ മാറിപ്പോയതിനുശേഷം നിങ്ങൾക്കു 93 പേരുടെ പിൻബലം മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ 93 പേരുടെ പിൻബലമുണ്ടായിരുന്ന നിങ്ങളുടെ മുന്നണിയിൽനിന്ന് നിങ്ങൾ ശ്രീ. ശിവദാസനെ പുറത്താക്കി. പിന്നെ എത്രപേർ അവിടെയുണ്ടായിരുന്നു ? 93 പേർ സ്പീക്കറടക്കം. എന്നിട്ട് അതിൽനിന്നും 22 പേർ പോയപ്പോൾ സ്പീക്കറടക്കം 71 പേർ ഉണ്ടായിട്ട് നിങ്ങൾ നിയമസഭ പിരിച്ചു വിടാതിരുന്നത് നിയമപരമായി ഭരിക്കാമെന്നു കരുതിയിട്ടല്ലേ, സ്പീക്കറടക്കം 71 പേർക്ക് ഇവിടെ ഭരിക്കാമെന്നു പറഞ്ഞ ശ്രീ. ഇ. കെ. നായനാർ അതേപോലെ 70 അംഗങ്ങൾ ഇപ്പുറമുള്ള ഞങ്ങൾ ഭരിക്കാൻ പാടില്ലായെന്നു പറയുന്നത്, ഇതെന്താ രണ്ടുതാപ്പ് ? അങ്ങനെയല്ലെങ്കിൽ നിങ്ങൾക്ക് എന്തുകൊണ്ട് തിരിച്ചു വരാൻ വയ്യായിരുന്നോ ? ശ്രീ. കെ. കെ. നായർ ഇവിടെ പറഞ്ഞു. ഞങ്ങൾക്ക് അദ്ദേഹത്തിന്റെ പിൻതുണ ഉണ്ടെന്ന്. എനിക്ക് ഇ. കെ. നായനാരോടു പറയാനുള്ളത് മൊറാർജി ദേശായിയുടെ വിവരം അറിയാമോ ? പ്രധാന മന്ത്രിയായിരുന്ന അദ്ദേഹത്തിന്റെ മന്ത്രിസഭയിൽനിന്ന് കുറെയാളുകൾ പോയപ്പോൾ, അന്ന് അദ്ദേഹത്തിന്റെ ചീഫ് വിപ്പ് ആയിരുന്ന രവീന്ദ്രവർമ്മ കുറെ പേരുകൾ എഴുതിക്കൊടുത്തപ്പോൾ അതു അസത്യമാണെന്ന് പിന്നെ ബോദ്ധ്യമായി. അദ്ദേഹം (ശ്രീ. മൊറാർജി) സജീവ രാഷ്ട്രീയ രംഗത്തുനിന്ന് മാറി നിൽക്കുമെന്നാണ് പറഞ്ഞത്. നായനാർക്ക് മൊറാർജിയെപ്പോലെയാകാൻ സാദ്ധ്യമല്ലെന്ന് എനിക്കറിയാം. പക്ഷെ, ഈ ധാർമ്മിക ആവശ്യത്തെക്കുറിച്ച് സംസാരിക്കുന്നതു നിർത്തണം. കാരണം നിങ്ങളുടെ ആളുകൾ എല്ലാം പോയി 70 ആളുകളുണ്ടായിട്ടും നിയമസഭ പിരിച്ചുവിട്ടില്ല. എന്നിട്ട് ശ്രീമാൻ മാണിയും സഹപ്രവർത്തകൻമാരും നിങ്ങളെ കൈ ഒഴിയുന്നതുവ ര നിങ്ങൾ കാത്തുനിന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇനി ഇത് ന്യൂനപക്ഷമെന്ന് നിങ്ങൾ പറയേണ്ട. നിങ്ങൾ കൊണ്ടുവന്ന അവിശ്വാസപ്രമേയം ഈ സഭ തള്ളിക്കളഞ്ഞു. ആ വസ്തുത നിങ്ങൾക്ക മറക്കാൻ സാദ്ധ്യമല്ല. അവിശ്വാസപ്രമേയം തള്ളിയ സ്ഥിതിക്ക് നിയമപരവും ഭരണഘടനാപരവും ആയുള്ള ഒരു ഗവൺമെൻറ് ഇവിടെയുണ്ട്. ഞങ്ങൾ ഭരിക്കുന്ന കാലത്ത് നിങ്ങൾക്ക് അത് സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് ഈ രാജ്യത്ത് ഒന്നും ചെയ്യാൻ കഴിയുകയില്ല. പ്രതിപക്ഷം എന്ന നിലയ്ക്ക് എങ്കിലും നിങ്ങൾ പെരുമാറണമെന്നാണ് എനിക്കു പറയാനുള്ളത്. എനിക്കു ബഹുമാനപ്പെട്ട ചന്ദ്രശേഖരനോട് ചോദിക്കാനുള്ളത് ഞാനും ബഹുമാനപ്പെട്ട ചന്ദ്രശേഖരനുമെല്ലാം ഇവിടെ ഇരുന്നുകൊണ്ട് അന്ന് ഇവിടെ നടന്ന ഗവൺമെൻറ് നിയമവിരുദ്ധമായ ജനാധിപത്യ വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ചവരാണ്. ഇപ്പോൾ പറയുകയാണ് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടത്തെ ഇടതുജനാധിപത്യ മുന്നണി മത ന്യൂനപക്ഷങ്ങളുടെ പിൻതുണയില്ലാതെ എന്തു മുന്നണിയാണ് നിങ്ങൾ രൂപീകരിക്കാൻ പോകുന്നത് എന്ന്.

<u>ശ്രീ. ചന്ദ്രശേഖരൻ</u> : ഞാൻ ഇടതു ജനാധിപത്യമുന്നണി എന്നു പറഞ്ഞില്ല. ഇടതു ജനാധിപത്യമുന്നണി എന്ന വാക്ക് ഞാൻ സശ്രദ്ധം ഒഴിവാക്കി. (ഭരണ കക്ഷി ബെഞ്ചുകളിൽ ഹർഷാരവം.) ഒഴിവാക്കിയ കാര്യം പറഞ്ഞതേയുള്ളു. അതിനു കൊട്ടൽ ഒന്നും വേണ്ട.

<u>ശ്രീ. കെ.ഇ. അഹമ്മദ്</u> : ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ അങ്ങനെ മുന്നോട്ടു വന്നതിൽ എനിക്ക് അദ്ദേഹത്തോടു ബഹുമാനമുണ്ട്. എനിക്ക് അദ്ദേഹത്തോടു പറയാനുള്ളത്, അദ്ദേഹം ചെയ്ത എല്ലാ നല്ല കാര്യങ്ങളെയും കലവറ കൂടാതെ ഹർഷാരവത്തോടെ സ്വീകരിച്ചവരാണ് ഞങ്ങൾ. അദ്ദേഹം നല്ല കാര്യം പറയുമ്പോൾ ഞങ്ങൾക്ക് അതിൽ സന്തോഷമുണ്ട് സർ. അതുകൊണ്ടാണ് ഞങ്ങൾ മേശക്കിടിച്ച് സന്തോഷിപ്പ് പ്രകടിപ്പിച്ചത്. അത് ഞങ്ങളുടെ ഹൃദയാന്തർഭാഗത്തുനിന്നുള്ള സംതൃപ്തിയുടെ ഒരു പ്രതികരണമായി മാത്രം അങ്ങ് കരുതിയാൽ മതി. പക്ഷേ ബഹുമാനപ്പെട്ട ചന്ദ്രശേഖരനോടു ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്, എന്താണ്, സർ ഈ പ്രതിപക്ഷങ്ങൾ ഇതുവരെ ചെയ്തത്. ഈ രാജ്യത്ത് പി. കെ. വി.യും ശ്രീനിവാസനുമെല്ലാം പോലീസിൻെറ ചില അക്രമങ്ങളെപ്പററി പറയുകയുണ്ടായി. പക്ഷെ പ്രതിപക്ഷത്തുള്ള ആളുകൾക്ക് ജനങ്ങളോടുള്ള കർത്തവ്യം ഇല്ലേ ? കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ചോദിക്കുകയാണ് സർ. കണ്ണൂരിൽ യുവജനോൽവം നടന്നപ്പോൾ സംഭവിച്ചത് എന്താണെന്ന് നിങ്ങൾക്കറിയാം. പിഞ്ചുകുഞ്ഞുങ്ങൾ അവരുടെ കഴിവും മിഴിവും പ്രകടിപ്പിക്കാൻ അവിടെ വന്നപ്പോൾ എല്ലാ വിഭാഗക്കാരായ ആളുകളും അംഗത്വം വഹിച്ചിരുന്ന ഇത്രയും നല്ല രാഷ്ട്രീയേതരമായ അവിടെ എന്താണ് നടന്നത്. കറുപ്പുകൊടി കാണിക്കാനായി എൻെറ സ്നേഹിതൻ ശ്രീ. എം. വി. രാഘവൻെറ അനുയായികൾ അവിടെ വന്ന് കണ്ണീർവാതകം പൊട്ടിക്കേണ്ട ഗതികേട് ഉണ്ടാക്കി യാഗം മുടക്കാൻ വന്ന അസുരൻമാരെപ്പോലെ അവർ പ്രവർത്തിച്ചു. പിഞ്ചു കുഞ്ഞുങ്ങളെ കാണാതെ അവരുടെ അമ്മമാർ കരഞ്ഞപ്പോൾ എൻെറ സ്നേഹിതൻ പി. കെ. വാസുദേവൻ നായർ, നിങ്ങളുടെ അഭിമാനം എന്തായിരുന്നു ; നിങ്ങളുടെ ഹൃദയം എവിടെയായിരുന്നു, നിങ്ങളുടെ കൊച്ചുകുഞ്ഞിനെ ഈ രാജ്യത്തെ ആളുകൾ ഒരു യോഗത്തിൽ പോകുമ്പോൾ ചവിട്ടി മെതിച്ചാൽ, നിങ്ങളുടെ ഹൃദയം തുടിക്കുകയില്ലേ ? ശ്രീ. പി. കെ. വാസുദേവൻ നായർ, അതുകൊണ്ട് എനിക്ക് ശ്രീ. പി. കെ. വാസുദേവൻ നായരോടു പറയാനുള്ളത്, ഈ രാജ്യത്ത് പ്രതിപക്ഷത്തിരുന്നുകൊണ്ട്, കറുപ്പുകൊടി കാണിക്കാം. വേണമെങ്കിൽ അത് നിങ്ങൾക്ക് കണ്ണൂർ റെയിൽവേ സ്റേറഷനിൽ കാണിക്കാമായിരുന്നു. കണ്ണൂർ സിററിയിലെ പൊതുയോഗത്തിൽ കാണിക്കാമായിരുന്നു. നിങ്ങൾ കാണിച്ചില്ല, എന്നിട്ട് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പിഞ്ചുകുഞ്ഞുങ്ങൾ പങ്കെടുത്ത ഒരു സ്ഥലത്തു കരിങ്കൊടി കാണിക്കുകയാണ് നിങ്ങൾ ചെയ്തത്, നിങ്ങൾക്ക് നാണമില്ലേ, എന്നാണ് ഞാൻ ചോദിക്കുന്നത്. അതുകൊണ്ട് ഈ ആളുകളോട് ഞാൻ ചോദിച്ചുപോകുകയാണ്, ഇങ്ങനെയുള്ള

ആളുകളുടെകൂടെ എന്റെ സ്നേഹിതൻ ശ്രീമാൻ ചന്ദ്രശേഖരൻ ഇരുന്നുപോകുമ്പോൾ ഞാൻ പറയുകയാണ്, കേഴുക എൻ പ്രീയനാടെ, എന്ന്. എങ്ങനെ അദ്ദേഹത്തിന് അത് സാധിക്കുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് നിങ്ങൾ പ്രതിപക്ഷത്തിരുന്നുകൊണ്ട് സാമാന്യ മര്യാദ കാണിക്കണം. പി. കെ. വാസുദേവൻ നായർക്ക് വേണമെങ്കിൽ ഗവൺമെൻറിനെ വിമർശിക്കാം. പക്ഷേ ആ വിമർശനം ഒരിക്കലും നിർഭാഗ്യകരമായി പോകരുതെന്ന് മാത്രം. ശ്രീമാൻ എം. വി. രാഘവൻപോലും അതിനെ ന്യായീകരിച്ചുകൊണ്ട് പ്രസംഗിക്കാൻ സാദ്ധ്യമല്ല എന്നേ ഞാൻ പറയുന്നുള്ളു. അതുകൊണ്ട് എനിക്കു ഒന്നു മാത്രമേ പറയാനുള്ള. ഈ രാജ്യത്തു നടക്കുന്ന സംഭവങ്ങളെ സംബന്ധിച്ച് നിങ്ങൾ ഒരിക്കലും തന്നെ മറക്കരുത്. ഈ അവസരത്തിൽ ഒരു കാര്യംകൂടി പറയാൻ ആഗ്രഹമുണ്ട്. ഇവിടെ ഗവൺമെൻറിന്റെ നയപരമായ കാര്യങ്ങളെപ്പററി മുഖ്യമന്ത്രി പറയുമെന്നാണ് ഞാനാശിക്കുന്നത്. ഗവർണ്ണറുടെ പ്രസംഗത്തിൽ ഇവിടെ നിയമവാഴ്ച നടത്തുമെന്നുള്ള കാര്യമെല്ലാം പറഞ്ഞിട്ടുണ്ട്. എനിക്ക് ഒന്നുമാത്രമേ ഇവിടെ വ്യക്തമാക്കാൻ ആഗ്രഹമുള്ളു. ഈ രാജ്യത്തെ അവശവിഭാഗങ്ങളും, ഈ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങളും, ഈ രാജ്യത്തെ പിന്നോക്കവിഭാഗങ്ങളും അവരുടെ അവകാശങ്ങളും ഈ ഗവൺമെൻറ് പരിപൂർണ്ണമായും സംരക്ഷിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുകയാണ്. ഈ അവസരത്തിൽ എനിക്കു പിന്നോക്കസമുദായക്കാരുടെ സംവരണത്തെപ്പററിയും പറയേണ്ടതുണ്ട്. ഇവിടെ ഇതുവരെ പിന്നോക്കസമുദായക്കാർ അനുഭവിച്ച ആനുകൂല്യത്തിൽനിന്നും ഒരു കഴഞ്ചുപോലും ഈ ഗവൺമെൻറ് കുറയ്ക്കുകയില്ല എന്നു ഉറച്ച് വിശ്വസിക്കുകയാണ്. പിന്നോക്കസമുദായക്കാരുടെന്യായമായഅവകാശങ്ങൾസംരക്ഷിക്കപ്പെടുവാൻവേണ്ടി എന്റെപാർട്ടിഎന്നും നിലനിന്നിട്ടുണ്ട്. ഇനിയും നിലനിൽക്കുമെന്ന് വളരെ ആധികാരികമായി പറയാൻ ആഗ്രഹിക്കുകയാണ്. സർ, മറെറാന്ന് എനിക്ക് പറയാനുള്ളത് ഈ രാജ്യത്ത് നടക്കുന്ന സംഭവവികാസങ്ങൾ കണ്ടുകൊണ്ട് ജനാധിപത്യത്തിനു വേണ്ടി നിലകൊള്ളുന്ന പ്രതിപക്ഷമാണോ നിങ്ങൾ. ഞങ്ങളെ സഹായിക്കണം. നമുക്കൊന്നിച്ച് ഈ രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാം; ഈ രാജ്യത്തിന്റെ കാര്യങ്ങൾ ചെയ്യാം; അതല്ലാതെ അവിടെയുമിവിടെയുമിരുന്ന് കറുപ്പുകൊടി കാണിച്ചതുകൊണ്ട് ജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കപ്പെട്ടെന്ന് നിങ്ങൾ കരുതുന്നത് ഈ ഗവൺമെൻറിന്റെ മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇവിടെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി നിലകൊള്ളുന്ന ഈ ഗവൺമെൻറ് ജനാധിപത്യ സംവിധാനത്തിൽ ഉറച്ചുനിന്നുകൊണ്ട്, ഭരണഘടന പൊക്കിപ്പിടിച്ചുകൊണ്ട് ജനങ്ങളുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കാൻവേണ്ടി മുന്നോട്ടുപോകുമ്പോൾ ക്രിയാത്മകമായ വിമർശനത്തോടുകൂടിയാണെങ്കിലും സഹകരിക്കാൻ പ്രതിപക്ഷം ഒരുങ്ങുമെന്ന് വിശ്വസിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു. എതിർക്കുന്നതിനുള്ള കാരണങ്ങൾ ഇവിടെ മററു സുഹൃത്തുക്കൾ പറഞ്ഞുകഴിഞ്ഞു. സഭയിൽ ചെയ്യാത്ത ഒരു പ്രസംഗം, ഭൂരിപക്ഷമില്ലാത്ത ഒരു മന്ത്രിസഭ തയ്യാറാക്കിയത് എന്നൊക്കെ പറഞ്ഞുകഴിഞ്ഞു ആ വക കാര്യങ്ങളൊന്നും ഞാനിവിടെ ആവർത്തിക്കുന്നില്ല. ഒരു കാര്യമേ എനിക്കു പറയാനുള്ളു. ഇന്ന് നിലവിലുള്ള കക്ഷിബലമനുസരിച്ച് വരുന്ന ഒരു കൊല്ലക്കാലം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്നു പറയുന്ന 74 നിർദ്ദേശങ്ങളടങ്ങുന്നതാണ് നയപ്രഖ്യാപന പ്രസംഗം എന്നു പറഞ്ഞ് ഇവിടെ അച്ചടിച്ചു തന്നിരിക്കുന്നത് ഈ 84 പാരഗ്രാഫിൽ 74 പ്രൊപ്പോസൽസ് അത് അടുത്ത ഒരു കൊല്ലംകൊണ്ട് ഈ മന്ത്രിസഭ നടപ്പാക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്ന കാര്യം പോകട്ടെ. അത് പറഞ്ഞിരിക്കുന്നവർക്കുതന്നെ വിശ്വാസമില്ല. അവർതന്നെ തുറന്നു സമ്മതിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. അത് അനിർവാര്യമാണ്. ഈ "ഷോ" അവസാനിപ്പിക്കാൻ പോകുന്നു. അതിന്റെ തീയതിയുടെ കാര്യം മാത്രമേയുള്ളു, അങ്ങനെ, ചെയ്യാത്ത ഒരു പ്രസംഗം നിയമപരമായി നോക്കിയാൽ ഇല്ലാത്ത ഒരു ഗവൺമെന്റ് നടപ്പാക്കാൻ അവർതന്നെ ഉദ്ദേശിക്കാത്ത ഒരു പരിപാടിയെപ്പററി ഇത്രയും വലിയ ആവേശത്തോടുകൂടി ചർച്ച നടത്തുന്നത് വളരെ നിഷ്ഫലതയുടെ ഒരു വ്യായാമം മാത്രം അല്ലേ? ഇവിടെ വളരെ ദീർഘമായി സംസാരിച്ചുകഴിഞ്ഞ കാര്യങ്ങളെപ്പററിയെല്ലാം ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്റെ സുഹൃത്ത് ശ്രീ. ഇ. അഹമ്മദ് വളരെ ആവേശത്തോടുകൂടി പ്രസംഗിച്ചപ്പോൾ ഞാൻ അറിയാതെ ആലോചിച്ചുപോയി ഒളിവർ ഗോൾഡ് സ്മിത്തിന്റെ സുപ്രസിദ്ധമായ ഒരു വരി. "Even vanquished he will argue still". ശ്രീ. അഹമ്മത് പറഞ്ഞത് എന്തായിരുന്നു. അദ്ദേഹം പറഞ്ഞത് സ്പീക്കർ ഫസ്ററ് ഇൻസ്ററൻസിൽ (in the first instance) വോട്ട് ചെയ്യാൻ പാടില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ട് എന്നാണ്. അത് എങ്ങനെയാണ്? അത് തീയ്ക്ക് തണുപ്പുണ്ട് എന്നു പറഞ്ഞതുപോലെയും ഐസിന് ചൂടുണ്ട് എന്ന് പറഞ്ഞതുപോലെയുമാണ്. സ്പീക്കർ വോട്ട് ചെയ്തില്ലെങ്കിൽ ഇന്നത്തെ ഈ സഭയിലെ കക്ഷിനില എന്താണ്; 70, 70 അതാണോ ഭൂരിപക്ഷം. അതാണ് ഭൂരിപക്ഷമെങ്കിൽ അദ്ദേഹത്തിന്റെ ആ വളരെ വിദഗ്ദ്ധമായ ആ വാദത്തിന് അഡ്ഹോക്കസ് സ്പീച്ചിന് ഞാൻ സ്തുതിവാചകം പറയുന്നു. ഇതിനെ പല പേരുകളിൽ ഇവിടെ വിശേഷിപ്പിച്ചു. വിപ്രാ ബഹുധാ വദന്തി എന്ന് സംസ്കൃതത്തിൽ പറയും. അതുപോലെ ഈ സർക്കാരിനെ എത്രയധികം വിശേഷണപദങ്ങൾകൊണ്ട് വിശേഷിപ്പിക്കാൻ കഴിയുമെന്നു നിശ്ചയമില്ല. എനിക്ക് തോന്നിയത് ഇന്നു വിളിക്കാൻ കൊള്ളാവുന്ന ഏററവും സത്യത്തോട് അടുത്ത ഒരു വിശേഷണം, വളരെവേഗംതന്നെ ഒരു ഫ്രാങ്കൻസ്ററീനായിട്ട് (Frankenstein) മാറത്തക്കവണ്ണമുള്ള ഒരു (freak) ഫ്രീക്കാണിത്. ഇതൊരു വിചിത്ര ജന്തുവാണ്; ഒരു അത്ഭുതജീവിയാണ്. അതാണ് എനിക്ക് തോന്നുന്നത്, ഇതിനെ ഒരു ഗവൺമെന്റ് എന്ന്, എങ്ങനെ വിളിക്കും? അവരുടെ പ്രസംഗം എന്നു പറയുന്നതിന്റെ രണ്ടാമത്തെ പാരഗ്രാഫിൽ മൂന്നാം വാചകത്തിൽ ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചിരിക്കുകയാണ്. ഭരണഘടനാപരമായ സാധുതകളെല്ലാം അതീതമായി ഉണ്ടാക്കിയിരിക്കുന്ന ഒരു സൂത്രമാണിതെന്ന്.

പണ്ട് തിരുവിതാംകൂർ നിയമസഭയിൽ, ഞങ്ങളൊക്കെ വിദ്യാർത്ഥിയായിരുന്ന കാലത്ത് നടന്ന ഒരു വാദപ്രതിവാദത്തിൽ അന്നത്തെ സി. പി. രാമസ്വാമി അയ്യരുടെ ഗവൺമെന്റിനെ യശശ്ശരീരനായ ശ്രീ. പട്ടം താണുപിള്ള വിശേഷിപ്പിച്ച ഒരു ഫ്രെയിസാണ് എനിക്ക് ഓർമ്മ വരുന്നത്. "So called Government of Shri C. P. Ramaswamy Iyer" അതുപോലെ ഈ ഗവൺമെന്റിനെ വിശേഷിപ്പിക്കാൻ യഥാർത്ഥത്തിൽ കഴിയുന്നത് "So called Government of Shri K. Karunakaran" എന്നാണ്. അതിനപ്പുറം ഒന്നും വിശേഷിപ്പിക്കാനുള്ള ന്യായം ഞാൻ കാണുന്നില്ല. ഇതൊരു വലിയ മഹൽ കാര്യമായിട്ട്, ഒരു മഹാ കീഴ്വഴക്കമായിട്ട്, ഇൻഡ്യക്ക് ആദ്യമായിട്ട് ഒരുപക്ഷെ ശ്രീ. അഹമ്മദിന്റെ ഭാഷയിൽ ലോകത്തിൽ കാനഡയ്ക്കും ആസ്ത്രേലിയയ്ക്കും ഒക്കെ, ഒരു കീഴ്വഴക്കം ആകുകയാണുപോലും അത്. ഞാൻ ചോദിക്കുകയാണ്, ഈ ഒരു കൊല്ലക്കാലം സഭയിൽ ഉണ്ടാവുന്ന എല്ലാ ഡിവിഷനിലും ഇന്ന് ഈ സഭയിൽ ഉണ്ടാകാൻ പോകുന്നത് എത്ര ഡിവിഷനാണ് എന്ന് എനിക്കറിയുകയില്ല, അപ്പോൾ ഇനി ഒരു കൊല്ലക്കാലം വരുന്ന എല്ലാ അവസരങ്ങളിലും സ്പീക്കറുടെ കൈ ഇങ്ങനെ പൊന്തിച്ചുവച്ച് ഈ ഭരണം നടത്താമെന്നതാണോ; അങ്ങനെ നടത്തിയാൽ, ഈ രാജ്യത്തെ ജനങ്ങൾ ഇത് അനുവദിക്കാൻപോകുകയാണെന്നാണോ? ജനങ്ങൾ അനുവദിക്കുന്ന കാര്യം പറയുമ്പോൾ ഭീഷണിപ്പെടുത്തുകയാണെന്നു ആരും പറഞ്ഞുകളയരുത്. ഭീഷണിപ്പെടുത്താനൊന്നും പ്രാപ്തി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ആളല്ല ഞാൻ. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ അത് അനുവദിക്കാൻ പോകുന്നില്ലയെന്നുള്ളത്, ഒരു സത്യമല്ലേ? ആ സത്യം നിങ്ങൾതന്നെ മനസ്സിലാക്കുന്നില്ലേ? ഇനി അതില്ലെങ്കിൽത്തന്നെ എന്താണ്? ഇവിടെ ഒരു സുഹൃത്ത് സംസാരിച്ചപ്പോൾ നോഹയുടെ പേടകത്തെപ്പററി പറഞ്ഞു. നോഹയുടെ പേടകം ഇവിടെ ഉപമിക്കാൻ പററിയ ഒന്നാണ്. ഏതു് കാര്യത്തെപ്പററിയാണ് സർ, 10 പാർട്ടികൾ ഉണ്ടെന്നു പറയുന്നു. ഈ പത്ത് പാർട്ടികൾ തമ്മിൽ യോജിച്ച ഒരു സമീപനം? ഇവർക്ക് ഒരു പൊതുപരിപാടിയുണ്ടോ? എന്തെങ്കിലും കോൺക്രീററായിട്ട്, വസ്തുനിഷ്ഠമായിട്ടുള്ള പ്രശ്നം വന്നാൽ നാല് അഭിപ്രായം അല്ലെ, ഇവർക്ക്? സംവരണത്തിന്റെ കാര്യത്തിൽ മാത്രമല്ല, എസ്സൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിനെപ്പററി മാത്രമല്ല, ഇന്നലെ കേന്ദ്ര ഗവൺമെന്റിന്റെ സെക്രട്ടറിമാരിൽ ഐ. എ. എസ്., ഐ. പി. എസ്., ബ്യൂറോക്രാററുകൾ എല്ലാംകൂടി ഡൽഹിയിൽ കൂടി തീരുമാനം എടുത്തിട്ടുണ്ട്. ഈ രാജ്യത്തെ, നമ്മളെല്ലാം ഏററവും കൂടുതൽ നമ്മുടെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കേണ്ട പൗരസ്വാതന്ത്ര്യത്തിൽ ഏററവും പ്രധാനപ്പെട്ട സ്വാതന്ത്ര്യത്തെ, തൊഴിലാളിവർഗ്ഗത്തിന്റെ ട്രേഡ് യൂണിയൻ സ്വാതന്ത്ര്യത്തിനെ വരിഞ്ഞുകെട്ടുന്ന നിബന്ധനകൾ ഉണ്ടാക്കുന്ന ഒരു ബില്ല് അവതരിപ്പിക്കാൻ ഇന്നലെ ഡൽഹിയിൽ തീരുമാനിച്ചിരിക്കയാണ്. അതിനെ അപ്പുറത്തിരിക്കുന്നവർ, ഇവിടെ ലേബർ മന്ത്രിയായിരിക്കുന്ന സുഹൃത്ത് ശ്രീ. ശിവദാസൻ, നമ്മുടെ ഹോം മിനിസ്ററർ ആയിട്ട് കണ്ണിൽ കാണുന്നവരെയെല്ലാം തല്ലുന്ന നമ്മുടെ ഹോം മിനിസ്ററർ ആയിരിക്കുന്ന ശ്രീമാൻ ഉമ്മൻചാണ്ടി, ഇവരെല്ലാം ഇതിനെ അനുകൂലിക്കുമോ? എസൻഷ്യൽ സർവ്വീസസ് ആക്ടിനെ അനുകൂലിക്കുമോ?

സർ, അതു മാത്രമല്ല സംവരണത്തിന്റെ കാര്യം, ശ്രീ. വാസുദേവ മേനോൻ ഇന്നലെ ഇവിടെ പറഞ്ഞു. അതുപോലെ ഓരോ കാര്യം എടുക്കുമ്പോഴും പത്തു ശബ്ദത്തിൽ സംസാരിക്കുന്ന എട്ട് ആളുകൾ കൂടിച്ചേർന്ന് ഉണ്ടാക്കിയിരിക്കുന്ന ഈ കൃത്രിമമായ ഏച്ചുകെട്ടൽ നിലനിറുത്താൻ കഴിയുമോ? ജനാധിപത്യവും നിയമവാഴ്ചയും കൊണ്ടുവന്നുവെന്നു നിർല്ലജ്ജം പറയുന്ന നിങ്ങൾ എത്ര ക്രൂരമായ വിധത്തിലാണ് തിരുവനന്തപുരം ജില്ലയിൽ ജനാധിപത്യം ഞങ്ങളുടെ മുതുകത്ത് നടപ്പാക്കിയത്. സർ, പല സംഭവങ്ങളും കണ്ട ഒരാളാണ് ഞാൻ.

എന്റെ നിയോജകമണ്ഡലമായ നെടുമങ്ങാട് പതിനെട്ട്, പത്തൊൻപത്, ഇരുപത് വയസായ ചെറിയ ചെറുപ്പക്കാരെ യാതൊരു പ്രകോപനവും ഇല്ലാതെ വിരട്ടി ഓടിച്ചു. അവർ ഒരു വീട്ടിൽ അഭയം തേടിയപ്പോൾ ആ വീട്ടിനകത്ത് ആരുടേയും അനുവാദം കൂടാതെ കയറി ആ വീട്ടുകാരെ തല്ലി, അവിടത്തെ സ്ത്രീജനങ്ങളെതല്ലി, ആ കുട്ടികളെ തല്ലി. തലയാകെ പൊട്ടി ശരീരം മുഴുവൻ പാട്. നെടുമങ്ങാട് ഞങ്ങളുടെ പാർട്ടിയുടെ മണ്ഡലംകമ്മിററി സെക്രട്ടറി, ആദരണീയനായ സഖാവ് പി. എം. സുൽത്താനെ യാതൊരു കാരണവും കൂടാതെ കൈയേററം ചെയ്തു, പിടിച്ചു തള്ളി, അറസ്ററു ചെയ്തു, മൂന്നുമണിക്കൂർനേരം നട്ടുച്ചവെയിലത്ത സ്റേറഷന്റെ മുന്നിൽ കൊണ്ടുപോയി നിറുത്തിയിരുന്നു. ഞങ്ങളുടെ മുനിസിപ്പൽ കൗൺസിലർ സഖാവ് ശശിധരൻ നായരെ തല്ലി, അദ്ദേഹത്തിന്റെ ശരീരം മുഴുവൻ പാടായിരിക്കുന്നത് ഞാൻ കണ്ടു. നെടുമങ്ങാടിനടുത്ത് പുതുക്കുളങ്ങര എന്ന സ്ഥലത്ത് സഖാവ് ശിവരാജൻ എന്നു പറയുന്ന ഒരു പാവപ്പെട്ട തൊഴിലാളി സഖാവിനെ ആസകലം ഈഞ്ചതല്ലുന്നതുപോലെ തല്ലി. ഞാൻ അദ്ദേഹത്തെ പിറേറദിവസം പോയി കാണുന്ന സമയത്ത് എന്റെ മുമ്പിൽവച്ച് മൂന്നുതവണ ആ സഖാവ് ചോര ഛർദ്ദിക്കുന്നത് നിസ്സഹായനായി നോക്കിനിൽക്കാൻ ഞാൻ നിർബന്ധിതനായി. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സാധു തൊഴിലാളിസഖാവായ ഇക്ബാലിന്റെ ശരീരം മുഴുവൻ പാടാണ്. കഴക്കൂട്ടത്ത് ലാത്തിച്ചാർജ് നടന്നു; നെയ്യാററിൻകരയിൽ പെരുമ്പഴുതൂർ എന്ന സ്ഥലത്ത് ലാത്തിച്ചാർജ് നടന്നു. ഇങ്ങനെ നാടാസകലം ലാത്തിച്ചാർജ് ചെയ്ത പോലീസിന്റെ lionine വയലൻസ് എന്നു മഹാത്മാഗാന്ധി ഒരിക്കൽ വിവരിച്ച തരത്തിലുള്ള അതിക്രൂരമായ, മൃഗീയമായ അക്രമം കൊണ്ട് ഈ ന്യൂനപക്ഷ മന്ത്രിസഭാഭരണം നടത്തിക്കളയാമെന്നാണോ വിചാരിക്കുന്നത്. ഈ അടിച്ച അടിയൊക്കെ തിരിച്ചെടുക്കാൻ പററുമോ? പരിഹാരം ഉണ്ടാക്കാമെന്ന് ആരോ സംസാരിക്കുന്നതു കേട്ടു. ശ്രീ. ഇ. അഹമ്മദ് ആണെന്നു തോന്നുന്നു. ഈ കൊടുത്ത അടിയൊക്കെ തിരിച്ചെടുക്കാമോ, അതോ അവരെ തലോടുമോ? തൂപ്പിയ ചോരയൊക്കെ തിരിച്ചെടുക്കുമോ? ഇത് ശ്രീ. ഉമ്മൻ ചാണ്ടി ചെയ്തതിലാണ് എനിക്ക് ഏററവും കൂടുതൽ സങ്കടം. അദ്ദേഹം ഇന്ന് ഹോം മിനിസ്ററായിരുന്നുകൊണ്ട് പോലീസിന് ആജ്ഞ കൊടുക്കുകയാണ്. ഞാൻ പരാതിപ്പെട്ടു, എനിക്ക് മറുപടി കിട്ടി വേഗം അന്വേഷിച്ച് തീരുമാനം എടുക്കാമെന്ന്. അന്വേഷിക്കാൻ വിട്ട എസ്. പി. ചെയ്ത ആദ്യത്തെ പണി എന്താണെന്നു വച്ചാൽ യാതൊരു തരത്തിലും കുററക്കാരല്ലാത്ത പതിനെട്ടു ചെറുപ്പക്കാരെകൂടി രണ്ടു ദിവസത്തിനുള്ളിൽ അറസ്ററു ചെയ്തു. ഇതാണ് നടന്നത്. ഇതൊക്കെ ചെയ്യിക്കുന്ന ഉമ്മൻ ചാണ്ടി ഒരു കാര്യം ആലോചിക്കണം. ഇന്ന് തന്റെ നേതാവായി സ്വീകരിച്ചിരിക്കുന്ന ശ്രീ. കരുണാകരൻ ഹോം മിനിസ്ററായിരുന്ന കാലത്ത് 1975-ൽ അടിയന്തിരാവസ്ഥ തുടങ്ങിയതിനുശേഷം, ഈ കരുണാകരൻ തന്നെയാണ് ഇന്നത്തെ കോൺഗ്രസ് (എ) ആയിരിക്കുന്ന അന്നത്തെ കോൺഗ്രസ് (എസ്) ന്റെ ആളുകളുടെ പേരിൽ കള്ള കേസ് എടുക്കുകയും അതി നീചമായ അക്രമങ്ങൾ നടത്തുകയും ചെയ്തു എന്നത ഇന്ന് അപ്പുറത്തിരിക്കുന്നവർക്കൊക്കെ അറിയാം. ശ്രീ. എ. കെ. ആൻറണിയുടെ പേരിൽ കള്ള കേസെടുക്കാൻ ഗൂഢാലോചന നടത്തി. ഇതെല്ലാം ഞങ്ങൾക്കും അറിയാം. അവർക്കും അറിയാം എല്ലാപേർക്കും അറിയാം. അദ്ദേഹത്തിന്റെ നേതൃത്വം ഇന്ന് സ്വീകരിച്ചിരിക്കുകയാണ്. ഈ കൊടുത്ത അടി, ഈ ചൊരിഞ്ഞ രക്തം ഇതൊക്കെ എന്തു പരിഹാരം ഉണ്ടാക്കിയാലും തിരിച്ചെടുക്കാൻ സാധിക്കുന്നതല്ല, ഇതാണ് എനിക്കു പറയാനുള്ളത്.

ഇവിടെ ചിലർ സംസാരിച്ചപ്പോൾ പറഞ്ഞു വാരാണസി ഒന്നു കഴിഞ്ഞോട്ടെ എന്ന്. ചില ആളുകൾ വലിയ കലത്തിൽ വെള്ളവുമിട്ട് കാത്തിരിക്കുകയാണ് വാരാണസിക്കുവേണ്ടി. എനിക്ക് ആ സുഹൃത്തുക്കളോട് സഹതാപമുണ്ട്. ഞങ്ങൾ വാരാണസിയിൽ കൂടുന്നു എന്നുള്ളത് ശരിയാണ്. സി. പി. എം. വിജയവാഡയിൽ കൂടി, പ്രമേയം പാസാക്കി പിരിഞ്ഞു. ഞങ്ങൾ ഇനി വാരാണസിയിൽ കൂടാൻ പോകുന്നു. കൂടി ഞങ്ങൾ തീരുമാനിക്കാൻ പോകുന്ന കാര്യം നിങ്ങളുടെ മനസ്സിന്റെ സ്വസ്ഥതയ്ക്കുവേണ്ടി ഞാനിപ്പോഴേ പറഞ്ഞേക്കാം. എന്താണെന്നുവച്ചാൽ ശ്രീ. ഷൺമുഖദാസ്, ശ്രീ. പി. സി. ചാക്കോ തുടങ്ങിയിട്ടുള്ള ആളുകൾ മാത്രമല്ല, കോൺഗ്രസ്സിനകത്ത് ആറ് ഗ്രൂപ്പുകളായി ഭിന്നിച്ചു നിൽക്കുന്ന, കോൺഗ്രസ്സ് (ഐ) യിലുൾപ്പെടെ മഹാത്മജിയുടേയും പണ്ഡിററ്ജിയുടെയുമൊക്കെ പേര് ഇഷ്ടംപോലെ അമ്മാനമാടി, തമ്മിൽ കത്തിയൂരി നിൽക്കുന്ന ഈ കോൺഗ്രസ്സ് ഗ്രൂപ്പുകളിൽ ഈ രാജ്യത്ത് സാധാരണജനങ്ങളെ സേവിക്കണമെന്ന് ആത്മാർത്ഥതയുള്ള യഥാർത്ഥ കോൺഗ്രസ് പ്രവർത്തകർ എവിടെ ഉണ്ടോ അവരെ മുഴുവൻ ഇൻഡ്യാരാജ്യത്ത് സാമാന്യ ജനങ്ങളുടേതായ പൊതു ജനാധിപത്യ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിന് പര്യാപ്തമായ നയവും തന്ത്രവും അടവും പ്രമേയവും രാഷ്ട്രീയ സമീപനവുമാണ് വാരാണസിയിൽ ഞങ്ങൾ അംഗീകരിക്കാൻ പോകുന്നത്, ഒരു പക്ഷേ അപ്പുറത്ത് ഇന്നകപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോയ പല മാന്യ സുഹൃത്തുക്കളും വാരാണസിക്കുശേഷം. വാരാണസീപ്രമേയം ഞങ്ങൾ പ്രവർത്തിയിൽ വരുത്തുമ്പോൾ ഇപ്പുറത്ത് ശ്രീ. ചാക്കോയുടേയും ശ്രീ. ഷൺമുഖദാസിന്റെയും ഒപ്പം ഉണ്ടായിരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു, അതിനായി ഞങ്ങൾ പ്രത്യാശിക്കുന്നു. അതാണ് വാരാണസിയിൽ നിങ്ങൾക്ക് കിട്ടാൻപോകുന്നത്. ഇവിടെ ഇതൊക്കെ പറഞ്ഞുകഴിഞ്ഞുകൂടുമ്പോൾ നിങ്ങൾ ആവേശകരമായ വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ കഷ്ടപ്പെടുന്നതും നഷ്ടപ്പെടുന്നതും ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളാണ്. നിങ്ങൾക്കറിയാമോ? കൂടുതൽ വലിയ പഞ്ചവൽസരപദ്ധതി ഇതാവരുന്നു എന്നു പറഞ്ഞ് ഡൽഹിയിൽ പോയി നമ്മുടെ സോം കാറഡ് മുഖ്യൻ. തിരിച്ചു വന്നത് 275 കോടി രൂപയുമായാണ്. 275 കോടി രൂപ എന്നു പറയുന്നത് 1977-ലെ പ്രൈസ് ലെവൽ വച്ചിട്ടാണെങ്കിൽ 210 കോടി രൂപ മാത്രമാണ്. കഴിഞ്ഞകൊല്ലത്തെ 245 കോടി രൂപയേക്കാളും വളരെ കുറഞ്ഞ പദ്ധതികൾ മാത്രമേ ഈ രാജ്യത്ത് നടക്കാൻ പോകുന്നുള്ളൂ. പദ്ധതികളൊക്കെ നിർദ്ദയം സ്ലാഷ് (Slash) ചെയ്യാൻ പോവുകയാണ്. ഞങ്ങളെല്ലാം അതായത് തിരുവനന്തപുരം ജില്ലക്കാരെല്ലാം ആററുനോററിരുന്ന വാമനപുരം പദ്ധതിയും ഇതാ പോയിരിക്കുന്നു. ഒരു പുതിയ പദ്ധതിയും പാടില്ല, ജലസേചനപദ്ധതികളിൽ ഓൺ ഗോയിംഗ് പ്രോജക്ട്സ് മാത്രം നടപ്പാക്കിയാൽ മതിയെന്ന തീരുമാനം വന്നിരിക്കുകയാണ്.

അതുപോലെതന്നെ ഇലക്ട്രിസിററിയുടെ കാര്യം. നമുക്കിന്ന് ഇലക്ട്രിസിററി മിച്ചമുള്ളത് വളരെ വേഗംതന്നെ കമ്മിയായി പോകുമെന്ന് ഇലക്ട്രിസിററിമന്ത്രി പറയുന്നത് നാം കേട്ടു. ഇലക്ട്രിസിററിയിലെ പൂയ്യാൻകുട്ടി പദ്ധതി ഒഴിച്ച് ബാക്കി ഒരു പദ്ധതിയും നടപ്പാക്കാനുള്ള പൈസ കിട്ടാൻ പോകുന്നില്ല. അങ്ങനെ കേരളത്തിന്റെ പദ്ധതികളെല്ലാം കുഴപ്പത്തിലാണ്.

ഇവിടെ തൊഴിലില്ലായ്മവേതനം ഇല്ലാതാക്കി കഴിഞ്ഞിരിക്കുന്നു. കർഷകത്തൊഴിലാളി പെൻഷൻ പോയ മട്ടാണ് ഇനി അങ്ങോട്ട് ഒരു പുതിയ പദ്ധതിയും ഉണ്ടാകാൻ പോകുന്നില്ല. സാമ്പത്തികമായി വമ്പിച്ച തകർച്ചയുടെ മുന്നിലാണ്. അങ്ങനെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാതിരിക്കൽ മാത്രമല്ല, പ്രശ്നങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്ന ആളുകൾക്ക് പ്രദാനം ചെയ്യുന്നത് ഇടിയും ലാത്തിയും പോലീസും എസൻഷ്യൽ സർവ്വീസസ് ആക്ടും ആണ്. ഉണ്ട്, ധാരാളം കൊടുക്കുന്നുണ്ട്. ഇതാ ഇന്നലത്തെ എക്കണോമിക് ടൈംസിലെ റിപ്പോർട്ടിൽ ഇനിയും കൂടുതൽ ഇൻസെൻറീവ്സ് മുതലാളിമാർക്ക് വാഗ്ദാനം ചെയ്തിരിക്കുകയാണ്; ചെയ്യാൻ പോവുകയാണ്. അടുത്ത ബഡ്ജററിന്റെ ഏററവും പ്രധാനപ്പെട്ട സവിശേഷത ഈ രാജ്യത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മുതലാളിമാർക്ക് ഇനിയും കൂടുതൽ ഇൻസെൻറീവ്സ് ഫോം ചെയ്യുന്നു എന്നതാണ്. ബെയറർ ബോണ്ട്സ് തുടങ്ങി പലതും ഉണ്ട്. പാവപ്പെട്ടവന് ഇടിയാണ്. അവൻ മിണ്ടിപ്പോയാൽ അവന്റെ വായ് കുത്തിക്കെട്ടും, പൗരസ്വാതന്ത്ര്യം ധ്വംസിക്കുന്നു. ജനങ്ങളെ ഭിന്നിപ്പിക്കുന്നു, തമ്മിൽ തല്ലിക്കുന്നു.

ഞങ്ങളുടെ നേതാവ് എം. എൻ. ഗോവിന്ദൻനായർ ബോംബെയിൽ പോയി പവാറിനെകണ്ടത് വലിയ പരാതിയായി പോയി. ഞങ്ങൾ അതിശയിച്ചുപോയി ശ്രീമാൻ എ.കെ. ആന്റണിയെപ്പോലുള്ള ഒരാൾ ഇത്തരം അന്തസ്സാരശൂന്യമായ കാര്യങ്ങൾ ഇങ്ങനെ പറഞ്ഞുനടക്കുന്നതിൽ. സ: ഇ. എം. എസ്. പോയി ചന്ദ്രശേഖരനെ കണ്ടത് വലിയ പരാതിയായിപോയി. ആ പരാതിപ്പെട്ടവർ ചെയ്തത് എന്താണ് സർ? അവർ പ്രതിപക്ഷകക്ഷികളിലെ സംസാരഘടകത്തിലുള്ള ആളുകളെ അത് കൊടുത്തു ഇതുകൊടുത്തു കൈയിട്ടുവാരി ചാക്കിട്ടു പിടിച്ചു. എല്ലാമായി, തിരുവല്ലാ ജില്ലയായി, പത്തനംതിട്ട ജില്ലയായി

LIBRARY ARCHIVES Kerala Legislative Assembly

ഇനി ഇപ്പോഴം ചെങ്ങന്നൂർ ജില്ലയുമായി. സർ എന്ത് പരിഹാസ്യമാണി തൊക്കെ? ഇതൊന്നു മതിയാക്കികൂടെ? ഇതിനെക്കാളും നേരായ മാർഗ്ഗം ഉണ്ടാ യിരുന്നില്ലേ? ഇതു മാത്രമേ ഈ രാജ്യത്ത് വഴിയുണ്ടായിരുന്നുള്ളുവോ? ഇതാ ഇന്ത്യാരാജ്യത്ത് ശത്രുക്കൾ ആക്രമിച്ചിരിക്കുകയാണ്, അടിയന്തിരാവസ്ഥ യാണ് എന്തെങ്കിലും ഒരു ഭരണം വേണം അതിന് കരുണാകരനല്ല ചെകു ത്താൻതന്നെ ആയിക്കൊള്ളട്ടെ എന്നുവയ്ക്കാം. പക്ഷെ അതിന്റെയൊന്നും ആവശ്യമില്ലല്ലോ. സർ, നേരായ മാർഗ്ഗത്തിൽകൂടി ഇവർക്ക് ഇതൊന്നു പിരിച്ചുവിട്ട് പുതിയ ജനവിധി തേടിക്കൂടെ? എന്തിനാണിത്? ഭരണത്തിൽ ഇരുന്നിട്ട് ചാക്കിടാം. എന്നാണോ ഇപ്പോഴം ആലോചന? നടക്കില്ല സർ. ഈ രാജ്യത്ത്, കേരളത്തിൽ നടക്കില്ല. അതുകൊണ്ട് എത്രയും വേഗം പിരിഞ്ഞു പോകണം. അങ്ങനെ ഞങ്ങളെയൊക്കെ ഇതിൽനിന്നും ഒന്നു രക്ഷപ്പെടുത്തണ മെന്നുള്ള അപേക്ഷയോടുകൂടി വളരെ ശക്തിയായിട്ട് ഞാൻ ഈ നന്ദി പ്രമേ യത്തെ എതിർക്കുന്നു.

ശ്രീ. എം. പി. ഗംഗാധരൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗ ത്തിന് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ ആറാം നിയമസഭ കൂടിയതിനുശേഷം ഗവർണ്ണർ ആദ്യമായി പ്രസംഗിക്കുകയല്ല. ശ്രീ. നായനാരുടെ ഗവൺമെന്റ് രണ്ടു തവണ പ്രസംഗിപ്പിച്ചു. അന്ന് ഒരു പുതിയ രാഷ്ട്രീയ മാററത്തെക്കുറിച്ച് പ്രസം ഗിച്ചു. ഇൻഡ്യയിലെ കോൺഗ്രസ്സിതര സംസ്ഥാനങ്ങൾ (അഞ്ചെണ്ണം കോൺ ഗ്രസ്സിതര ഗവൺമെൻറാണ്) പുതിയ പരീക്ഷണം നടത്തുന്നു; കേരള ത്തിൽ ആദ്യം തുടങ്ങി, അത് ഇൻഡ്യയിലാകെ വ്യാപിപ്പിക്കും എന്നുള്ള വ്യാമോഹത്തോടുകൂടിത്തന്നെയാണ് അന്നത്തെ ഗവൺമെന്റ് ഗവർണ്ണറെ ക്കൊണ്ടു പ്രസംഗിപ്പിച്ചത്.

പക്ഷേ അന്ന് 93 അംഗങ്ങളായി നിയമസഭയിൽ വന്ന നായനാർ ഗവൺമെന്റ് എങ്ങനെ നിലംപതിച്ചു, അതിനുള്ള രാഷ്ട്രീയ സാഹചര്യം എന്തായിരുന്നു എന്നത് ഗവർണ്ണറുടെ മൂന്നാമത്തെ പ്രസംഗത്തിൽ നാലഞ്ചു ദിവസം മുമ്പ് ഇവിടെ വിവരിക്കുകയുണ്ടായി. പ്രസംഗത്തിന്റെ ആദ്യഭാഗ ത്തിൽ അതാണ് പറഞ്ഞത്. ഒരു ടീം എന്ന നിലയിൽ ഈ മന്ത്രിസഭയ്ക്ക് മുന്നോട്ടുപോകാൻ കഴിയാത്ത രാഷ്ട്രീയ പരിതസ്ഥിതി വരുകയും ഇപ്പുറമുണ്ടായിരുന്ന പലരും അപ്പുറം പോകുകയും അപ്പുറമുണ്ടായിരുന്ന പലരും ഇപ്പുറം വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ ഗവൺമെന്റ് ഉണ്ടാകുകയും ചെയ്തിരിക്കുന്നു. ആരാണ് സർ അതിന് ഉത്തരവാദി? അവിടെ പലരും പ്രസംഗിച്ച്, ആർ. എസ്. ഉണ്ണിവരെ പ്രസംഗിച്ചു, ഇതിനൊക്കെ ഉത്തരവാദി ആരാണ്? ഇതിനൊക്കെ ഉത്തരവാദി നായനാരും നായനാരുടെ ഗവൺമെൻറും ആണോ എന്ന് നിങ്ങൾ ആലോചിക്കണം. ഞങ്ങൾ പറയുന്നു, നായനാരും നായനാരുടെ ഗവൺമെൻറും ആണെന്ന്. അവരുടെ കൂടെയുണ്ടായിരുന്ന പല കൂട്ടാളികളും—ഇപ്പുറംവന്നവർ—പറഞ്ഞത് അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയുമാണെന്നാണ്. സർ, ഞാൻ വിപുലീകരിച്ച് പറയേണ്ട ആവശ്യമില്ല. ഇവിടെ ധാരാളം ചർച്ച നടന്നു. കഴിഞ്ഞ അവിശ്വാസപ്രമേയത്തിന്റെ ദിവസ ങ്ങളിലും നന്ദിപ്രമേയത്തിന്റെ ഒടുവിലുള്ള ഇന്നത്തെ അടക്കമുള്ള 3 ദിവസങ്ങ ളിലും ഇതുതന്നെയായിരുന്നു ചർച്ച. അതുകൊണ്ട് ഞാൻ വിശദീകരിക്കു ന്നില്ല. പക്ഷേ ഇന്ത്യയുടെ പുതിയ പരീക്ഷണത്തിനുള്ള കാലഘട്ടം എവിടെ യെത്തി? ആസ്സാമിൽ എന്തു പററി, കേരളത്തിൽ ഇപ്പോഴം എന്തുപററി ബംഗാളും ത്രിപുരയുമുണ്ട്, അത് എങ്ങനെ പോകുന്നുയെന്ന് നമുക്കറിയാം. അതുകൊണ്ട് ആ പരീക്ഷണം ഇന്ന് നിലച്ചിരിക്കുകയാണ്. മദിരാശി സംസ്ഥാനമായിരുന്നു അഞ്ചാമത്തെ സംസ്ഥാനം. തമിഴ്നാട് എം. ജി. ആർ. തിരുപ്പത്തൂർ തെരഞ്ഞെടുപ്പിൽ എന്താണ് കാണിച്ചത് എന്ന് മനസ്സാക്ഷിയു ണ്ടെങ്കിൽ ഒന്ന് ആലോചിച്ചാൽ മതി. എവിടെ നിൽക്കുന്നു തമിഴ്നാട് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചു നോക്കൂ. ഞാൻ വിശദീകരിക്കുന്നില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം വലിയ ആക്ഷേപങ്ങൾ പലതുമുണ്ടായി. ഏററവും വലിയ ആക്ഷേപമുണ്ടായത് ഭൂരിപക്ഷമില്ല, എന്നാണ്. ശ്രീ. ഇ. അഹമ്മദ് ഇവിടെ കാര്യങ്ങൾ വിശദീകരിച്ചു. ഭൂരിപക്ഷമില്ലാതെ ഇന്ദിരാഗാന്ധിയും, ശ്രീ. കെ. കരുണാകരനുംകൂടി ഗവർണ്ണറെക്കൊണ്ട് ഒരു ഗവൺമെൻറ് ഉണ്ടാക്കി എന്ന ആക്ഷേപമാണ് അടുത്തത്. പക്ഷേ ശ്രീമതി കമലത്തിൻെറ പ്രസംഗം കഴിഞ്ഞപ്പോൾ, ശ്രീമാൻ കെ. കെ. നായരുടെ പ്രസംഗം കഴിഞ്ഞപ്പോൾ ശ്രീ. ബേബി ജോൺ അടക്കം ഓ ഇതൊരു ഹൗസ് ലീഡർ ആണെന്നുപോലും കരുണാകരനെക്കുറിച്ചു പറയാൻ മടിച്ച ശ്രീ. ബേബി ജോൺ, അമിട്ടുപൊട്ടി പൂക്കുററി നിലത്തു വീഴുന്നതുപോലെ അങ്ങനെ മങ്ങിപ്പോയി. എന്തെങ്കിലും പറയാൻ കഴിഞ്ഞോ പിന്നീട് ? പറയാൻ നാക്കുണ്ടോ ? ഇന്നു പറയുന്നത് ഭൂരിപക്ഷമുള്ള ഗവൺമെൻറല്ല എന്നല്ല, ഇന്ന് പറയുന്നത് കാസ്ററിംഗ് വോട്ടിനെപ്പററിയാണ്. സർ, ഞാൻ ചോദിക്കട്ടെ, കാസ്ററിംഗ് വോട്ടിൻെറ കാര്യത്തിൽ നിയമസാധുതയെക്കുറിച്ചൊന്നും ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല. നിങ്ങൾക്കറിയാം, ഞങ്ങൾക്കുമറിയാം. ഒരു ചോദ്യം അങ്ങോട്ടു ചോദിക്കുകയാണ്. സർ, ബേബി ജോണിൻെറയും നായനാരുടെയും മുന്നണിക്കാണ് 71 വോട്ടെങ്കിൽ നിങ്ങൾ എന്തു സമീപനമെടുക്കും ? തുറന്നു പറയുമോ? നിങ്ങൾ രാജി വെക്കുമോ ? നിങ്ങൾ രാജി വയ്ക്കുകയില്ല, വച്ചിട്ടില്ല. ശ്രീ. ആൻറണിയുടെ പാർട്ടി ഇങ്ങോട്ടു മാറി അപ്പോൾ സംഭവം എന്തായിരുന്നു ? വെറുതെ നിങ്ങൾ പറഞ്ഞിട്ടു കാര്യമില്ല. വസ്തുതകൾ വച്ചു സംസാരിക്കണം. നിങ്ങളായിരുന്നെങ്കിൽ നിങ്ങൾ ഇവടെ നിന്ന് മാറിക്കൊടുക്കുമോ ? ഇക്കാര്യം സത്യസന്ധമായി പറയാൻ കഴിയുമോ. ശ്രീമതി ഗൗരിയമ്മ അടുത്തു സംസാരിക്കുമ്പോൾ ഇതിന് മറുപടി പറയാമോ ? നിങ്ങൾ രാജിവച്ചു പോകുമോ, പോകാൻ ശ്രമിച്ചോ ? ഇല്ല, അള്ളിപ്പിടിക്കാനാണ് ശ്രമിച്ചത്. അതാണ് ഈ നിയമസഭയുടെ ചരിത്രം. സർ, ഞാൻ ആ ഭാഗം വിടുന്നു. മറെറാരു ആക്ഷേപം കാലുമാററമാണ്. സർ, കാലുമാററത്തിൽ വളരെ പ്രധാനമായി പറയുന്നത്, ആൻറണി കോൺഗ്രസ്സിൻെറ ഗ്രൂപ്പുകാർ കാലുമാറിയെന്നാണ്. ഞാൻ ചോദിക്കട്ടെ, ശ്രീ. ചാക്കോയോടും ശ്രീ. ശശീന്ദ്രനോടുമൊക്കെ. അന്നത്തെ പത്രത്തിൽ എന്താണ് പറഞ്ഞിരുന്നത് ? ശ്രീ. ആൻറണി പറഞ്ഞു. ഇടതുജനാധിപത്യ മുന്നണിയുടെ ഈ രാഷ്ട്രീയ പരീക്ഷണം ഒരു കാലത്തും മാർക്സിസ്ററു പാർട്ടിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിജയിക്കാൻ പോകുന്നില്ലെന്നും അവരെ നേരെയാക്കാനും തിരുത്താനും ഈ നാട്ടിൽ ഒരു ശക്തിക്കും സാദ്ധ്യമല്ലെന്നും ബോദ്ധ്യമായതിൻെറ അടിസ്ഥാനത്തിലാണ് കാൺഗ്രസ് ഈ തീരുമാനം എടുത്തത്. രാജ്യത്തിൻെറയും പാർട്ടിയുടെയും താൽപ്പര്യങ്ങൾക്ക് ഈ കൂട്ടുകെട്ട് തുടരുന്നത് ആപത്കരമാണെന്ന ചിന്ത പാർട്ടിയിൽ വളർന്നു വന്നപ്പോൾതന്നെ അധികാരസ്ഥാനമുപേക്ഷിച്ച് പുറത്തിറങ്ങി പാർട്ടിയോടൊപ്പം പ്രവർത്തിക്കാനുള്ള സന്നദ്ധതയും ആഗ്രഹവും കാൺഗ്രസ് മന്ത്രിമാർ കലവറയില്ലാതെ തന്നു. എത്ര സുസ്മേര വദനനായി ശ്രീ. ഷൺമുഖദാസും ചാക്കോയും ചിരിച്ചുകൊണ്ട് ആണ് അന്നത്തെ പത്രത്തിൽ സ്ഥാനം പിടിച്ചത്. കലവറയില്ലാതെ അവിടെനിന്നും മാറിവന്ന കബീറേ നിങ്ങളെങ്കിലും ഒന്നാലോചിച്ചിട്ട് തിരിച്ച് പാലക്കാട്ടേയ്ക്ക് പോയാൽ മതിയെന്നാണ് എൻെറ അഭിപ്രായം. സർ, ആരാണ് കാലു മാറിയത് ? കാലുമാറിയത് ചാക്കോയും കൂട്ടുകാരുമാണ്. ഇന്ന് വാസ്തവത്തിൽ ചാക്കോയുടെയും ഷൺമുഖദാസിൻെറയും ഒക്കെ ചിരി കാണുമ്പോൾ എനിക്ക് വേദനയുണ്ട്. സോഡാക്കുപ്പിയിൽ കൂറ ചെന്ന് പെട്ടതുപോലെയാണ്. കൂറ സോഡാക്കുപ്പിയിൽ ചെന്നു പെട്ടാൽ അതിൻെറ കഴുത്തിൽ കിടന്നു കളിക്കും. മേലോട്ടും പോകാൻ വയ്യ, താഴോട്ടും പോകാൻ വയ്യ. ആ സ്ഥിതിക്ക് എത്തിക്കഴിഞ്ഞിരിക്കുന്നു. ഇന്നു പറയുന്നത് ഞങ്ങൾക്കു പവററുണ്ട്; പവററിന് ആളുകളുണ്ട്. മററു സംസ്ഥാനങ്ങളിലെ ആളുക

LIBRARY ARCHIVES Kerala Legislative Assembly

ളുണ്ട്. ഞാൻ ചോദിക്കട്ടെ, ആ പവാറിന്റെ പവർഹൗസിലെ വൈദ്യുതിക്ക് വല്ല വോൾട്ടേജും ഇന്ത്യയിൽ ഉണ്ടോയെന്ന് ഒന്നു പറയാനാകുമോ ? ഞാൻ എന്റെ സമയം അതിന് കളയുന്നില്ല. സർ, ഞാൻ മററു ചില സുഹൃത്തുക്കളോടാണ് പറയുന്നത്. സി. പി. ഐ. യോടും ആർ. എസ്. പി. യോടും. വാസുദേവൻ നായർ ഇവിടെ പ്രസംഗിച്ചു, ചന്ദ്രശേഖരൻ നായർ പ്രസംഗിച്ചു. നായനാരേ നായനാരുടെ നേതാവു നമ്പൂതിരിപ്പാടിനോടു ഒന്ന് ചോദിച്ചു നോക്കൂ. 1969-ലെ മുന്നണിയെ തകർത്തത് വർഗ്ഗ വഞ്ചകരായ പി. കെ. വാസുദേവൻ നായരുടെ പാർട്ടിക്കാരല്ലേ. ഈ നിയമസഭയിൽ അന്ന് കേരള രാഷ്ട്രീയത്തിൽ കൂട്ടുമുന്നണി രാഷ്ട്രീയമായി നിങ്ങൾ കടന്നു വന്നു. പ്രതീക്ഷയോടുകൂടി വന്ന നിങ്ങളെ ആരാണ് ചതിച്ചത് ? പുറംകാലു കൊണ്ടു ചവുട്ടിയത് ? അങ്ങിരിക്കുന്ന ബേബി ജോണും, വാസുദേവൻ നായരും നിങ്ങളോടുകൂടി ചിരിക്കുന്നവരുമല്ലേയെന്ന് നിങ്ങൾ ആലോചിക്കണം. പോട്ടെ, 1977-ൽ എന്തായിരുന്നു സ്ഥിതി. 1977-ലും അതുതന്നെ സംഭവിച്ചു. 1970 മുതൽ '77 വരെ ഞങ്ങളുടെ കൂടെ നിന്നു. ഇന്ദിരാഗാന്ധി പുരോഗമനം, ഇന്ദിരാഗാന്ധി സോഷ്യലിസ്ററു വിപ്ലവത്തിന്റെ കാഹളമൂതുന്നു, ഞങ്ങൾ ഇന്ദിരാഗാന്ധിയുടെ കൂടെ. നിങ്ങളുമായിട്ടുള്ള അഭിപ്രായവ്യത്യാസം അവിടെയല്ലായിരുന്നോ ? ജനാധിപത്യ പാർലമെന്ററി വ്യവസ്ഥിതിയിൽ ഞങ്ങൾ വിശ്വസിക്കുന്നു. പി. കെ. വാസുദേവൻ നായരുടെ പാർട്ടി പറഞ്ഞതാണ്. ഇന്ദിരാഗാന്ധി പുരോഗമന വാദിയാണ്. ഞങ്ങളേയും കാലുമാറി അവിടേയ്ക്ക് തിരിച്ചുപോകാൻ യാതൊരു പ്രയാസവും ഉണ്ടായില്ല. കാണ്ടാമൃഗത്തിന്റെ തോലിനെപ്പോലും വെല്ലുവിളിച്ചു കൊണ്ടാണ് സി. പി. ഐ. ക്കാരൻ അങ്ങോട്ടു തിരിച്ചുപോയത്. ആർ. എസ്. പി. ക്കാരനും അതുപോലെതന്നെ. ആർ. എസ്. പി. ക്കാരൻ ബേബി ജോണിന് ഇപ്പോൾ ഒരു ബുദ്ധിമുട്ട്. അന്ന് അടിയന്തിരാവസ്ഥക്കാലത്ത് ശ്രീ. കരുണാകരന്റെ അപ്പുറവും ഇപ്പുറവും എങ്ങനെയായിരുന്നു നടന്നിരുന്നത് എന്നുള്ള പഴയ കാലഘട്ടം ഒന്ന് ആലോചിച്ചു നോക്കിയിട്ട് പിന്നീടൊക്കെ കാര്യങ്ങൾ പറഞ്ഞാൽ മതി. സി. പി. ഐ. യിലും ആർ. എസ്. പി. യിലുമാണ് കാലുമാററക്കാർ ഉള്ളതെന്ന് പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു. ലീഗുകാർ അബൂബേക്കറുടെ പാർട്ടി, '74-ൽ അബൂബേക്കറെ എന്താണ് സംഭവിച്ചത് ? ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ പിളർത്തി വെട്ടിനുറുക്കി മറുഭാഗത്തേയ്ക്ക് കാലുമാററം നടത്തിയവരല്ലേ നിങ്ങൾ ? അങ്ങനെ പോയിക്കഴിഞ്ഞിട്ട് നിങ്ങളാണ് കാലുമാററത്തെക്കുറിച്ച് പറയുന്നത് അല്ലേ ? അവിടെ ഏതു രാഷ്ട്രീയ പാർട്ടിക്ക് കാലുമാററത്തെക്കുറിച്ച് പറയാനുള്ള അർഹതയുണ്ട്. ഞാൻ ചോദിക്കുകയാണ്. മാർക്സിസ്ററുകാരനും ഇന്ദിരാവിരുദ്ധമുണ്ടോ ? 1968-ൽ ഇന്ത്യൻ പാർലമെന്റിൽ നടന്ന കാര്യം നിങ്ങൾ മറന്നുപോയോ നായനാരേ ? തൈമൂർ മന്ത്രിസഭയുടെ കാര്യം മറന്നുപോയോ ? പോട്ടെ, ചരൺസിംഗിന്റെ മന്ത്രിസഭയോടുള്ള നിങ്ങളുടെ സമീപനം എന്തായിരുന്നു ? ഇന്ദിരാഗാന്ധി ചരൺസിംഗിനെ സപ്പോർട്ടു ചെയ്ത സമയത്ത് മാർക്സിസ്ററുകാരന്റെ സമീപനം എന്തായിരുന്നു ? നിങ്ങൾ ഇന്നു ചിരിക്കുന്നല്ലോ ? 1961-ൽ നിങ്ങൾ തെററിയ കാലഘട്ടത്തിൽ വിജയവാഡാ കോൺഗ്രസ്സിൽ... .... (ബഹളം) 1961 കഴിഞ്ഞ് 1972 വരെ നിങ്ങൾ എന്തു സമീപനമെടുത്തു. 1976-ൽ നിങ്ങൾ പറഞ്ഞു, ജലന്തർ കോൺഗ്രസ്സിൽ വച്ച് മാർക്സിസ്ററുകാർ പറഞ്ഞു ഞങ്ങൾ റഷ്യയുടെ ഭാഗമില്ല, ചൈനയുടെ ഭാഗവുമില്ല, ഒന്ന് റിവിഷനിസമാണ്, ഒന്ന് ഡോഗ്മാററിക് ആണെന്ന് പറഞ്ഞു. ഇന്ന് 1981-ൽ 20 കൊല്ലക്കാലം കഴിഞ്ഞതിനുശേഷം എന്തു പറയുന്നു. രാഷ്ട്രീയ വിദ്യാർത്ഥികൾ പഠിക്കേണ്ട കാര്യങ്ങളാണ്. നിങ്ങൾക്ക് മനസ്സാക്ഷിയുണ്ടെങ്കിൽ മറക്കാൻ കഴിയാത്ത കാര്യങ്ങളാണ് പറയുന്നത്. ഇന്നു നിങ്ങൾ പറയുന്നത്, ഞങ്ങൾ ആന്റി ചൈനയാണ്, ഞങ്ങൾ ഇപ്പോൾ പ്രോ-റഷ്യയാണ്. നല്ല കാര്യം. ഇന്ദിര

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിയും റഷ്യയും തമ്മിലുള്ള ബന്ധം അറിയാമോ ? വാസുദേവൻനായരേ, മാർക്സിസ്റ്റുകാർ ഇന്നു തിരിഞ്ഞുവരുന്നു. അതു കണ്ടുകൊണ്ടു നിങ്ങൾ എവിടെ ചെന്ന് എത്തുമെന്ന് ആലോചിച്ചുകൊള്ളൂ. പി. കെ. ഗോപാലകൃഷ്ണൻ പറഞ്ഞതുപോലെ ഞങ്ങൾക്ക് ഒരു തെറ്റുപറ്റി. ഞങ്ങൾക്ക് അപകടം പറ്റി അതുകൊണ്ട് ഇനി ഞങ്ങൾ നേരേ പോകും. അതാണ് മാർക്സിസ്റ്റുകാരന് അപകടം. ആ അപകടം മാർക്സിസ്റ്റുകാരന് പറ്റാൻ പോകുന്നു സൂക്ഷിച്ചോ ? ഞാൻ അത് വിടുകയാണ്. സർ, ഇന്നു സാധാരണ ഗതിയിൽ പറയാറുണ്ട്. മനുഷ്യർക്ക് ബുദ്ധി തകരാറിലായിക്കഴിഞ്ഞാൽ ഭ്രാന്ത് എന്നു വിളിക്കും. ഭ്രാന്തൻ ചിലപ്പോൾ പൊട്ടിക്കരയും ചിലപ്പോൾ പൊട്ടിച്ചിരിക്കുകയും ചെയ്യും. യഥാർത്ഥ വികാരം പ്രതിഫലിപ്പിക്കുകയല്ല. അതൊരു സുഖക്കേടാണ് എന്നതുപോലെതന്നെ ആർ. എസ്. പി. സി. പി. ഐ. ക്കാരൊക്കെ മാർക്സിസ്റ്റുകാരെ ഇടയ്ക്കിടയ്ക്ക് പൊട്ടിച്ചിരിപ്പിക്കും, ഇടയ്ക്കിടയ്ക്ക് പൊട്ടിക്കരയിപ്പിക്കും. അവർക്ക് അതിൽ പ്രയാസമില്ല. ഇപ്പോൾ വാസുദേവൻ നായരുടെ അറിവിനുവേണ്ടി ഞാൻ പറയുകയാണ്, നമ്പൂതിരിപ്പാടാണെങ്കിൽ, പണ്ടൊരു മുത്തശ്ശി പറയുമ്പോലെ എല്ലാ പ്രസവവും കഴിഞ്ഞു ഇനി കടിഞ്ഞൂൽ പ്രസവത്തിനു കാത്തിരിക്കുകയാണ്. എന്നതുപോലെ, നമ്പൂതിരിപ്പാടിന്റെ പാർട്ടി ഇക്കഴിഞ്ഞ കാലഘട്ടത്തിൽ എല്ലാം ഇടതൻമാരെയും തപ്പിത്തപ്പി എല്ലാ ഇടതൻമാരുടെയും കഴിഞ്ഞ് ഇനി ബി. ജെ. പി. കാരുടെ പുറകെ നടന്ന് ഇനി ബി. ജെ. പി. യാണ് പ്രസവം എന്ന രീതിയിലേക്ക് എത്തിയത് നിങ്ങൾക്ക് രാഷ്ട്രീയമായി വല്ല ബോധവുമുണ്ടെങ്കിൽ നിങ്ങൾ ഒന്ന് ആലോചിക്കുന്നത് നല്ലതെന്നു മാത്രമേ ഞാൻ ഉപദേശിക്കുന്നുള്ളൂ. ഞാൻ ഉപദേശിക്കാനായിട്ട് ഉപദേശിക്കുകയല്ല. രാഘവന് അത് നാണക്കേടായി തോന്നും. രാഘവന്റെ നാണക്കേടിനെക്കുറിച്ച് ഞാൻ രണ്ടാമത് പറയാം. ഇന്ന് ഞങ്ങളെപ്പറ്റിയുള്ള ആക്ഷേപം ഞങ്ങൾ ജനാധിപത്യ വിരുദ്ധമാണ്; ഇന്ദിരാഗാന്ധി ഏകാധിപധിയാണെന്നാണ്. ഞാനൊന്നു ചോദിക്കട്ടെ, മാർക്സിസ്റ്റുകാരോടു ചോദിക്കുകയാണ്. സി. പി. ഐ. കാരോട് ചോദിക്കുകയാണ്, നിങ്ങളുടെ മാർക്സിസ്റ്റ് ആചാര്യനല്ലേ, ഡാങ്കേ അദ്ദേഹം പറഞ്ഞു, അദ്ദേഹം പറയുന്നതു നിങ്ങൾ കേൾക്കുകയില്ല. പക്ഷേ അദ്ദേഹം ജീവനോടുകൂടി ഇന്ത്യയിൽ നടക്കുന്നു. ഇന്ത്യയും ഇന്ദിരാഗാന്ധിയും ഇന്ത്യൻ ജനാധിപത്യവുമായതുകൊണ്ടല്ലേ എന്നു ഞാൻ ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ രാജ്യത്താണെങ്കിൽ നടക്കുമോ? ചൈനയിലെ സംഭവം; മാവോ ഭരണം അവസാനിപ്പിക്കാൻവേണ്ടി 263 ലക്ഷം ആളുകൾ കൊല ചെയ്യപ്പെട്ടു എന്നാണ് കണക്ക്. റഷ്യയിലെ ചരിത്രം നോക്ക് സ്റ്റാലിൻ ഭരണം അവിടെ അരക്കിട്ടുറപ്പിക്കുന്നതിന് അവിടത്തെ ഫാസിസ്റ്റ് വിരുദ്ധരും ജനകീയ വാദികളും തമ്മിൽ സംഘട്ടനം ഉണ്ടാക്കി, കോടിക്കണക്കിന് ആളുകളുടെ ശവം വീഴ്ത്തിയെന്നാണ്. അതിന്റെ കണക്ക് തിട്ടപ്പെടുത്തിയല്ല ഇന്നും പറയുന്നത്, ഇന്ദിരാഗാന്ധി അധികാരത്തിൽ കയറിയത് ആരെയും കൊന്നിട്ടല്ല, ജനങ്ങളുടെ വികാരം ജനങ്ങൾ വോട്ട് ചെയ്ത് തിരികെ അധികാരത്തിൽ വന്നതാണെന്ന് നിങ്ങൾ ഓർക്കുന്നത് നന്ന്. ആ ഇന്ത്യയിലാണ്, ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയാകുമ്പോഴാണ് ശ്രീമാൻ ഡാങ്കേ നിങ്ങളുടെ അഭിപ്രായത്തിന്. യോജിക്കാത്ത രീതിയിൽ അഭിപ്രായം പറഞ്ഞത്. ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്നതൊന്നും നിങ്ങൾ മനസ്സിലാക്കിയാൽ ഇന്ത്യയെവിടെ, ഇന്ദിരാഗാന്ധി എവിടെ, ജനാധിപത്യമെവിടെയെന്നു മനസ്സിലാക്കാൻഅധികം ബുദ്ധി വേണ്ടിവരില്ലയെന്നാണ് ഞാൻ പറയുന്നത്. സർ, മററു കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. നിങ്ങൾക്കു പററിയ അബദ്ധം എന്താണ്? വലിയ ഒരു ആംഗ്ലേയ കവിയാണ് പ്രസിദ്ധനായ വേർഡ്സ്‌വർത്ത്. വേർഡ്സ് വർത്ത് ഒരു പ്രകൃതിയെക്കുറിച്ച് പാടുന്ന കവിയാണ്. അരുവിയെക്കുറിച്ചു പാടി, റോസാപൂവിനെക്കുറിച്ചു പാടി, ഉദയസൂര്യനെക്കുറിച്ചൊക്കെ പാടി, വയസുകാലമായപ്പോൾ അദ്ദേഹം പറയാൻ തുടങ്ങി, ഉദയസൂര്യൻ വരുന്നില്ല, റോസാപൂവിന് ഒരു മണമില്ല,

LIBRARY ARCHIVES Kerala Legislative Assembly

അറുവിയില്ല എന്നൊക്കെ പറഞ്ഞു. ആളുകൾ പരിഭ്രമിച്ചുചെന്ന് നോക്കിയപ്പോൾ എന്താണ് സാർ, അതൊക്കെ കാണാനുള്ള കണ്ണ് അദ്ദേഹത്തിനു നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം തിരിച്ചുപാടുവാൻ ശ്രമിച്ചു എന്നതു പോലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, അദ്ദേഹം എന്തുതന്നെയായാലും അദ്ദേഹത്തിനോട് കൂടിനിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവരുടെ രാഷ്ട്രീയ കാഴ്ച ഉൾകാഴ്ച നഷ്ടപ്പെട്ടതിന്റെ ഫലമായി ഇന്ന് നെഞ്ചത്ത് അടിച്ചുകൊണ്ട് വിലാപകാവ്യം നടത്തുകയാണ് ഈ നിയമസഭയിൽ അതിന്റെ പ്രതിഫലനം കാണുന്നുയെന്നതിൽ കവിഞ്ഞ് മറെറാന്നും ഈ ചർച്ചകളിലൂടെ എനിക്ക് കാണുവാൻ കഴിഞ്ഞിട്ടില്ല. മറെറാരുകാര്യം എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കുവാനുള്ളത് ഇവിടെ വളരെയധികം ആവശ്യപ്പെട്ടുവന്ന, ശ്രീമതി ദേവൂട്ടി അടക്കം പറഞ്ഞത്, രാജിവച്ചു തെരെഞ്ഞെടുപ്പുനടത്തു എന്നാണ്. രാജിവയ്ക്കാം, തെരെഞ്ഞെടുപ്പുനടത്താം അതു വന്നു കഴിഞ്ഞാൽ എത്ര ആളുകളുടെ ഹൃദയത്തിന്റെ തുടിപ്പ് വർദ്ധിച്ചു ബ്ലഡ്പ്രഷർ ആയി മരിക്കപ്പെടുമെന്നുള്ള സ്ഥിതിയെക്കുറിച്ച് ഒന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ കൂടെ ആരുണ്ടിന്ന്. ആർ. എസ്. പി. മുഴുവനുണ്ടോ, നായനാർ പറഞ്ഞാൽ മതി, മററ് ആരോടുമല്ല. ഗൗരിയമ്മ നിങ്ങളൊന്ന് ആലോചിക്കണം. ആർ. എസ്. പി. മുഴുവനുണ്ടോ? കഴിഞ്ഞ തവണ നിങ്ങൾക്കു കിട്ടിയ സി. പി. ഐ. വോട്ടിൽ 20 ശതമാനംപോലും ഇക്കുറി കിട്ടുമോ? 20 ശതമാനം പോലും ആർ. എസ്. പി. ക്ക് കിട്ടിയിട്ടുണ്ടോ. ആരാണ് നിങ്ങളുടെകൂടെയുള്ളത്. ഞാൻ ചോദിക്കട്ടെ, ഞാൻ വാസുദേവൻനായരോടു ഒരു ചോദ്യം ചോദിക്കുന്നു, വാസുദേവൻ നായരോട് ചോദിക്കുന്നു നിങ്ങൾ തിരിച്ചുവരുമോ? ശ്രീ. ബേബിജോണിനോട് സത്യസന്ധമായി ഒരു ചോദ്യം ചോദിക്കുകയാണ്, ചവറയിൽ നിന്ന് ഇനി തിരിച്ചുവരുമോ, ഒരു വെല്ലുവിളി നടത്തുന്നു, നിങ്ങൾ ഇന്ന് രാജിവയ്ക്കുമോ, ഞാനും രാജിവയ്ക്കാം, നമുക്ക് രണ്ടു പേർക്കും ഇന്ന് ചവറയിൽ മൽസരിക്കാം. തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. തയ്യാറുണ്ടോ?

ശ്രീ. ബേബി ജോൺ:—ഞാൻ വെല്ലുവിളി സ്വീകരിക്കുന്ന പതിവില്ല. എന്നാലും നമുക്കൊന്നായിക്കളയാം.

ശ്രീ. എം. പി. ഗംഗാധരൻ:—എന്നാൽ ഒന്ന് ആലോചിക്കണം. ഞാൻ ബേബിജോണിനോട് ഇവിടെ വച്ചു പറയുന്നു.

.... (സഭയിൽ ബഹളം) ....

മിസ്ററർ സ്പീക്കർ: ഇത് ചെയർ തീരുമാനിക്കേണ്ട കാര്യമല്ലല്ലോ. ബഹുമാനപ്പെട്ട ഗംഗാധരൻ തർക്കിക്കാതെ പ്രസംഗം തുടരണം.

ശ്രീ. എം. പി. ഗംഗാധരൻ:—സർ, ഞാൻ പറഞ്ഞു വരുന്നത് അവർ ആര് തിരിച്ചുവരുമെന്ന ചോദ്യമാണ് പണ്ടൊരാൾ പറയാറുണ്ട്.

.... (സഭയിൽ ബഹളം) ....

(ബഹളം)

ഞാൻ എന്റെ പ്രസംഗം തുടരുകയാണ്. അങ്ങനെ ഇവർ രാജിവച്ചു തെരെഞ്ഞെടുപ്പ് നടത്തണമെന്നു വാദിക്കുന്നതിന്റെ രാഷ്ട്രീയ പശ്ചാത്തലം പറയുകയാണ് സർ. മാർക്സിസ്ററുകാരെ സംബന്ധിച്ചിടത്തോളം ഇതാണ് പ്രശ്നം. കുളിച്ചില്ലെങ്കിലും കോണകം പുരപ്പുറത്തു കിടക്കട്ടെ എന്നു പറയുന്നതുപോലെയാണ് സർ, ഭരണത്തിൽ വന്നിട്ടില്ലെങ്കിലും തെരെഞ്ഞെടുപ്പ് നടക്കട്ടെ, എന്നുള്ള അവരുടെ വാദം. കുളിച്ചില്ലെങ്കിലും കോണകം പുരപ്പുറത്ത് കിടക്കട്ടെ എന്നതുപോലെയാണ് ആ സ്ഥിതിയാണ് നായനാരുടെയും നായനാരുടെ പാർട്ടിയുടെയും സ്ഥിതി. ഇത് ആലോചിക്കുമ്പോൾ എനിക്ക് തോന്നുന്നത് എങ്ങനെയായാലും ഞങ്ങൾ മരിച്ചാലെ ശരിയാവുക

LIBRARY ARCHIVES Kerala Legislative Assembly

യുള്ളൂ എന്നാണ് അവരുടെ വിചാരമെന്നാണ്. ഇന്ന് ഇവിടെ ചില വെല്ലുവിളിയൊക്കെ നടത്തി. ശ്രീ. ശ്രീനിവാസനും, എം. വി. രാഘവനും ഒക്കെ വെല്ലുവിളി നടത്തി. ഞാൻ അവരോട് ചോദിക്കുകയാണ്, ഈ ഇരുമ്പുലക്ക വിഴുങ്ങിയിട്ടു ചുക്കുവെള്ളം കുടിച്ചാൽ അതങ്ങ് ദഹിക്കുകയൊന്നുമില്ലല്ലോ മിസ്റ്റർ ശ്രീനിവാസൻ. നിങ്ങൾ നടത്തിയ ആ വെല്ലുവിളി ഈ മന്ത്രിമാർ ഒന്ന് പുറത്തിറങ്ങി നടക്കട്ടേ; കാണാം; എന്നാണ്.

ശ്രീ. കെ. കരുണാകരനും മററു മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തതിന്റെ അന്നുമുതൽ നിങ്ങൾ പറയാൻ തുടങ്ങി. ഈ മന്ത്രിമാരെ വെളിയിലിറങ്ങി നടക്കാൻ അനവദിക്കുകയില്ല എന്ന്. മന്ത്രിമാർ വെളിയിലിറങ്ങി നടന്നിട്ട് നടന്നു നടത്തുകയും ചെയ്തു. 5 മുൻമന്ത്രിമാരും 13 എം. എൽ. എ. മാരും സത്യാഗ്രഹം നടത്തി. നിങ്ങൾ എന്തുചെയ്തു? കരിങ്കൊടി കാണിച്ചു. അതിനപ്പുറം ഒന്നും ഉണ്ടായില്ല ഏകദേശം പത്തായിരത്തിനാന്നൂറോളം ആളുകളെ കൊലയ്ക്കുകൊടുത്ത ടി. കെ. രാമകൃഷ്ണൻ ഈ രാജ്യത്തെ കട്ടുമുടിച്ച എം. കെ. കൃഷ്ണൻ തുടങ്ങിയ മന്ത്രിമാരോട് ഒന്ന് അടങ്ങി നിൽക്കു ചാക്കോ, ഞാൻ ചാക്കോയോടുകൂടി ചോദിക്കുകയാണ്, ശ്രീ. ഷൺമുഖദാസിനോട് ഞാൻ ചോദിക്കുകയാണ്, ബാലുശ്ശേരിയിൽ എ ന്തു ണ്ടാ യി യെ ന്ന്. ശ്രീ. ഷൺമുഖദാസ് അത് ഇവിടെ പറയുമെന്നാണ് ഞാൻ വിചാരിച്ചത്. ആ വെല്ലുവിളിയും ആ ജാതിഭീഷണിയുമൊന്നും രാഷ്ട്രീയരംഗത്ത് വിലപ്പോകുകയില്ലായെന്നു മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളു. സർ, വില്ലേജാഫീസിൽ കയറി, രാഷ്ട്രീയ അശ്ളീലം പറഞ്ഞാൽ, ...

.... (സഭയിൽ ബഹളം) ....

ഇവരെ സംബന്ധിച്ചിടത്തോളം ഈ രീതിയിൽപെട്ട പ്രചരണങ്ങൾ വിലപ്പോകുകയില്ലെന്നു മാത്രമേ ഈ സമയത്ത് പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു. നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ തുറുപ്പുശീട്ട് നഷ്ടപ്പെട്ടിരിക്കുന്നു. ഏതായാലും കൂടെയുള്ള ഏതെങ്കിലും രാഷ്ട്രീയപ്രവർത്തകൻമാർ ഉണ്ടെങ്കിൽ തിരിച്ചുവരണമെന്ന് ആഗ്രഹം ഉണ്ടെങ്കിൽ ഇനിയും ഒരു കാലുമാററം കൂടി നടത്തുന്നതായിരിക്കും നന്നായിരിക്കുക എന്നു മാത്രം നിങ്ങളോട് ഉപദേശിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. കെ. അബ്ദു: സർ, (പോയിന്റ് ഓഫ് ഓർഡർ) ഇനിയും ഒരു കാലുമാററം കൂടി നടത്തണം എന്നു പറയുമ്പോൾ പണ്ട് കാലുമാറിയത് അംഗീകരിച്ചു എന്നല്ലേ സർ.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ നിയമസഭയിൽ ഗവർണ്ണറുടെ പ്രസംഗത്തിന് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. 159-ാം വകുപ്പുവച്ച് ഗവർണ്ണർ സത്യപ്രതിജ്ഞ ചെയ്യുന്ന ഒരു വാചകമുണ്ട്. ഭരണഘടനാതത്വങ്ങൾ പ്രൊട്ടക്ടു ചെയ്യുമെന്നും അതുപോലെതന്നെ അതിനെ ഡിഫൻറ് ചെയ്യുമെന്നും അത് കാത്തുസൂക്ഷിക്കുമെന്നും പറഞ്ഞുകൊണ്ടാണ് ഗവർണർ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏൽക്കുന്നത്.

ഗവർണർ ഇവിടെ പ്രസംഗിച്ച് ഇടയ്ക്കുവച്ച് പ്രസംഗം നിറുത്തി പോകാൻ ഇടയായതിന് ചില കാരണങ്ങളുണ്ട്. ഇവിടെ സംസാരിച്ച സഖാവ് സുരേന്ദ്രനാഥ് അത് ചൂണ്ടിക്കാണിച്ചു. സർ, ഇതിൽ ഒരു വാചകം എഴുതി ചേർത്തിട്ടുണ്ട്. "അപ്രകാരമുള്ള ഒരു ബദൽ സംവിധാനം അതിന്റെ ഭരണഘടനാപരമായ നീതീകരണത്തിനും അതീതമായി ക്രമസമാധാനം പുന: സ്ഥാപിക്കുന്നതിനും ഭരണസംവിധാനം സജീവമാക്കുന്നതിനും സർവ്വോപരി നന്നായി ആവിഷ്ക്കരിക്കപ്പെട്ടതും..............." എന്നുവച്ചാൽ ഭരണഘടനയ്ക്കതീതമായി പ്രവർത്തിക്കുന്നതായിട്ടുള്ള ഒരു ഗവൺമെന്റ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ചിരിക്കുന്നു ; എന്നുപറയാൻ അവരെ പ്രേരിപ്പിക്കത്തക്കവിധത്തിലുള്ള ഒരു പ്രസംഗം എഴുതിക്കൊടുത്തതുകൊണ്ടാണ് ഗവർണർ പ്രസംഗിക്കാതെ പോയത്.

സർ, ഇന്നത്തെനിലയിൽ ഭരണഘടനയ്ക്കനുസൃതമായിട്ടുള്ള ഒരു ഗവൺമെൻറുണ്ടാകണമെങ്കിൽ തീർച്ചയായിട്ടും ഭൂരിപക്ഷം വേണം. ഭൂരിപക്ഷമെന്നു പറയുമ്പോൾ നിങ്ങൾ ചിലപ്പോൾ പറഞ്ഞേക്കാം അവരുടെ സബ്ജക്റ്റീവ് സാററിസ്ഫാക്ഷനാണെന്ന്. സാധാരണനിലയിൽ ഇതുപോലുള്ള സാഹചര്യത്തിൽ ഗവൺമെൻറുണ്ടാക്കാൻ അനുമതി കൊടുത്തത് നമ്മുടെ ജനാധിപത്യ സംവിധാനത്തിന് അപകടകരമാണ്. ഭരണഘടനയിൽ ഒരു സ്ഥലത്തും പറഞ്ഞിട്ടില്ല മുഖ്യമന്ത്രി നിയമസഭാസാമാജികനാകണമെന്ന്, മന്ത്രിമാർ നിയമസഭാസാമാജികരാകണമെന്ന്. നിയമസഭാസാമാജികനാകാൻ യോഗ്യതയുള്ള ഏതൊരാളിനും മുഖ്യമന്ത്രിയാകാം. ഭൂരിപക്ഷം തിട്ടപ്പെടുത്താതെ ആരെങ്കിലും പറയുന്നതനുസരിച്ച് ഭൂരിപക്ഷം ഇല്ലാതെവരുന്നതായിട്ടുള്ള ഒരു ഗവൺമെൻറുണ്ടാക്കുന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യത്തിൻെറ കൊലയാണ്. ആറുമാസക്കാലത്തേയ്ക്കുമാത്രമാണ് ഒരാളിന് ഭരണഘടനാപരമായിട്ട് തെരഞ്ഞെടുക്കപ്പെട്ടില്ലെങ്കിൽ മന്ത്രിയായിരിക്കാൻ കഴിയുന്നത്. കേരളത്തിലെ ഏതൊരാളിനും ഇന്നത്തെ നിലയിൽ ശ്രീ. കരുണാകരന് കൊടുത്ത പ്രത്യേക അവകാശം, ഭൂരിപക്ഷമില്ലാതെ മുഖ്യമന്ത്രിയാകാൻ കൊടുത്ത അവകാശം, കൊടുക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്ത് ജനാധിപത്യം കശാപ്പു ചെയ്യുകയാണ്, ഇല്ലാതാകുകയാണ് ചെയ്യുന്നത്. തീർച്ചയായിട്ടും ഇത് ശ്രീമാൻ കരുണാകരൻ ആഗ്രഹിച്ചുകാണും.

ഞങ്ങൾ പലപ്പോഴും പറയാറുണ്ട് ഇന്നത്തെ ഇന്ദിരാ കോൺഗ്രസ്സിൻെറ പോക്ക് ഇൻഡ്യയിൽ ജനാധിപത്യവ്യവസ്ഥ ഇല്ലാതാക്കാനും പ്രായപൂർത്തി വോട്ടവകാശം ഇല്ലാതാക്കാനും വേണ്ടിയുള്ള നീക്കത്തിലേയ്ക്കാണെന്ന്. അതിലേയ്ക്ക് ചെന്നെത്തത്തക്കവിധത്തിലുള്ള നടപടിയാണ് ഗവർണർ ഇവിടെ ചെയ്തിരിക്കുന്നത്. ഇത് മാത്രമാണോ സർ ? ഭൂരിപക്ഷമില്ലാത്ത ഒരു മന്ത്രിസഭ, ബദൽസംവിധാനം എന്നു പറഞ്ഞ് ഉണ്ടാക്കുക എവിടുത്തെ കീഴ്വഴക്കമാണ് ? ഇവിടെ ശ്രീമാൻ ഇ. അഹമ്മദ് ലോകത്തെ മുഴുവൻ ഭരണഘടനയും വച്ചുകൊണ്ട് പറഞ്ഞു, 189-ാം വകുപ്പ് പറയുന്നത് സ്പീക്കർ കാസ്റ്റിംഗ് വോട്ട് ഭരണകക്ഷിക്കുവേണ്ടി ചെയ്യണമെന്നാണ്.

ശ്രീ. ഇ. അഹമ്മദ് : കാസ്റ്റിംഗ് വോട്ട് ചെയ്യാമെന്നല്ലാതെ ഇന്ന കക്ഷിക്ക് ചെയ്യണമെന്ന് ഞാൻ പറഞ്ഞിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : കാസ്റ്റിംഗ് വോട്ട് ആദ്യമായി ചെയ്യാൻ പാടില്ല, പിന്നെ ചെയ്യാം. കാസ്റ്റിംഗ് വോട്ട് ഭരണകക്ഷിക്ക് തന്നെ ചെയ്യണമെന്ന് ഭരണഘടനയിൽ അനുശാസിക്കുന്നില്ല. ഭരണഘടന അനുശാസിക്കുന്നത് ചില ഇൻറർപ്രട്ടേഷൻസാണ്. നമ്മൾ അനുശാസിക്കുന്ന ഇൻറർപ്രട്ടേഷൻ ഏതാണ് ? ഇംഗ്ലീഷ് മാതൃകയിൽ നിന്നും എടുത്തതാണ്. ഇംഗ്ലീഷ് മാതൃക എഴുതാത്ത കോൺസ്ററിറ്റ്യൂഷനാണ്. ആ കോൺസ്ററിറ്റ്യൂഷനിൽ പറഞ്ഞിരിക്കുന്നത് എന്താണ് ? ഒരു ഡിസ്കഷൻ കണ്ടിന്യൂ ചെയ്യുന്നതിനെ സഹായിക്കാൻ കാസ്റ്റിംഗ് വോട്ട് കൊടുക്കാം എന്നാണ്. അല്ലാതെ ഭരണകക്ഷിയെ നിലനിറുത്താൻ കാസ്റ്റിംഗ് വോട്ട് കൊടുക്കാൻ ഒരൊററ സ്ഥലത്തും പറഞ്ഞിട്ടില്ല ; നമ്മുടെ ഭരണഘടനയിലും പറഞ്ഞിട്ടില്ല. ഇന്ന് ചെന്നെത്തിച്ചിരിക്കുന്നത് തെരഞ്ഞെടുപ്പില്ലാത്ത ഒരു സംവിധാനത്തിലും, അതുമാത്രമല്ല സർ. നിയമസഭ പിരിച്ചുവിടുന്നതിനുവേണ്ടി ഒരു പക്ഷത്തുനിന്ന് പറയുക മറുപക്ഷത്ത് പിടിച്ചിരിക്കുക. ഇതു കഴിഞ്ഞ് വരാൻപോകുന്ന ബദൽ സംവിധാനം എന്താണ് ? പുതിയ ഒരു കെയർട്ടേക്കർ ഉണ്ടായി; നമ്മുടെ നാട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടന അനുശാസിക്കുന്നതും ജനാധിപത്യം അനുശാസിക്കുന്നതും ജനങ്ങൾ അംഗീകാരം കൊടുത്തിട്ടില്ലാത്തതുമായ ഒരു മന്ത്രിസഭയിരുന്ന് ഈ സംസ്ഥാനത്ത് ഒരു തെരഞ്ഞെടുപ്പുണ്ടാക്കുന്നതിനുവേണ്ടിയുള്ള കളമൊരുക്കൽ നടത്താമെന്നാണ് വിചാരിക്കുന്നത്. ഇത് അപകടകരമാണ്. അപകടകരമായ ഈ ബദൽസംവിധാനത്തെ എതിർക്കേണ്ടതാണ്. നമ്മുടെ രാജ്യത്ത് ഇതുപോലുള്ള അപകടകരമായ ഒരു സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ല. ആർക്കും മുഖ്യമന്ത്രിയാകാൻ, എപ്പോഴും മുഖ്യമന്ത്രിയാകാൻ സാധിക്കത്തക്ക സ്ഥിതിവിശേഷം സംജാതമാക്കുന്നത് ജനാധിപത്യത്തിന്റെ അന്തസത്തയ്ക്ക് യോജിച്ചതല്ല. അതുകൊണ്ട് അങ്ങ് അങ്ങയുടേതായിട്ടുള്ള കാസ്റ്റിംഗ് വോട്ട് കൊടുത്ത് ജനാധിപത്യത്തെ കുരുതി കൊടുക്കരുതെന്ന് ഒന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ഇതിന്റെ പിന്നിൽ എന്തൊക്കെയാണ് ഉണ്ടായത്? സർ, ഞാൻ ഇന്നും പറയുകയാണ് എത്ര പാർട്ടിയിൽനിന്നാണ് ആളുകൾ പോകേണ്ടിവന്നത്. ഇത് കഴിഞ്ഞതിനുശേഷം ഓരോരുത്തർ സംസാരിക്കുന്നത് കേട്ടാൽ തോന്നുക, എത്ര ഉദ്ഘലവബുദ്ധിയോടുകൂടി, ഇത് ഏതാണ്ട് അവകാശമെന്ന നിലയ്ക്കല്ലേ? ഞാൻ നാണിച്ചുപോയി, എന്റെ തല കുനിഞ്ഞുപോയി ശ്രീമതി കമലത്തിന്റെ പ്രസംഗം കേട്ടപ്പോൾ. ശ്രീമതി കമലം കുറെ രാഷ്ട്രീയ പാരമ്പര്യമുള്ള ഒരാളാണ്. ഇല്ല എന്ന് ഞാൻ പറയുകയില്ല. ഞാൻ രാഷ്ട്രീയത്തിൽ വന്നകാലത്തൊക്കെ ശ്രീമതി കമലത്തിന്റെ പേര് കേൾക്കുന്നുണ്ട്, ഇല്ലാതില്ല. അന്നുമുതൽ ഇന്നുവരെ ഉറച്ചുനിന്നു. പക്ഷെ അത് കഴിഞ്ഞതിനുശേഷം, സർ, ഒരു പാർട്ടിയുടേതായിട്ടുള്ള തീരുമാനം അറിയിച്ചുകഴിഞ്ഞതിനുശേഷം അത് ലംഘലിച്ച് അതിനെതിരായി വോട്ടു ചെയ്തു. വോട്ടു ചെയ്യുക മാത്രമല്ല അവരുടെ നേതാവിനെ നോക്കിക്കൊണ്ട് ഏതാണ്ട് അടിക്കാൻ പോകുന്ന മാതിരിയുള്ള പരാക്രമം കാണിച്ചാൽ ഞാൻ നാണിച്ചുപോകും, ഇതുപോലുള്ള ഒരു സംഗതി വന്നാൽ ഞാൻ നാണിച്ചുപോകും. ഞാൻ തല കുനിച്ചുപോയി. ശ്രീമതി കമലം, നിങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ഈ വോട്ടിംഗിൽ ഈ മന്ത്രിസഭയെ നിലനിർത്തുന്നതിനെക്കാൾ വളരെ അഭികാമ്യമായിട്ടുള്ളത്, അവരവരുടെ പാർട്ടിയിൽ ഉറച്ചുനിന്നുകൊണ്ട് അവരവരുടെ രാഷ്ട്രീയ പാരമ്പര്യം കാണിക്കുന്നതാണ് മഹോന്നതമായ കടമ. അങ്ങനെ ചെയ്യേണ്ടതായിട്ടുള്ള പ്രവൃത്തിയാണ് നിങ്ങൾ ചെയ്യേണ്ടിയിരുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. സർ, ഞാൻ ഈ പറയുന്നതിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാം, ഓരോരുത്തർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകാം, ഇല്ല എന്ന് ഞാൻ പറയുന്നില്ല.

ശ്രീമതി എം. കമലം: എന്റെ രാഷ്ട്രീയപാരമ്പര്യം ആരുംതന്നെ ചോദ്യം ചെയ്യുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: കമലത്തിന് ഒടുവിൽ എന്നോട് ചോദിക്കാം ഇപ്പോൾ I am in possession of the House സർ, ഇന്നത്തെ നിലയിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാം. രാഷ്ട്രീയത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയില്ലെന്ന് ഞാൻ പറയുന്നില്ല. അഭിപ്രായവ്യത്യാസം ഉണ്ടായാൽ രാഷ്ട്രീയ പാരമ്പര്യം കാട്ടുന്നതാണ് നല്ലത്. അവരവരുടേതായിട്ടുള്ള പേര് നിലനിറുത്തുന്ന ആളുകൾ ചെയ്യുന്നത് എന്താണെന്നോ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളോട്, തിരിഞ്ഞുനിന്ന് ഏത് പാർട്ടിക്കുവേണ്ടി വോട്ടുകൊടുത്ത് എന്ന് പറയുന്ന ജനങ്ങളോട് തിരിഞ്ഞുനിന്ന് അവരുടെ മുഖത്ത് കാർക്കിച്ചു തുപ്പി നിൽക്കുകയല്ല. രാജി വച്ച് തെരഞ്ഞെടുപ്പിനെ നേരിടുക എന്ന രാഷ്ട്രീയ പാരമ്പര്യം കാണിക്കുകയാണ് വേണ്ടത് എന്നാണ് എന്റെ അഭിപ്രായം. ആ രാഷ്ട്രീയ പാരമ്പര്യം കാണിക്കാതെ വന്നാൽ ചിലപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനമാനങ്ങൾക്കുവേണ്ടി രാജിവച്ച് അല്ലെങ്കിൽ അപ്പുറത്തേയ്ക്ക് പോയി എന്ന് പറഞ്ഞ് ആരെങ്കിലും കുററപ്പെടുത്തിയാൽ അത് തെററാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇത്രയേ ഇതേപ്പററി എനിക്കു പറയുവാനുള്ളു. സർ, ഈ ഗവൺമെൻറ് ഉണ്ടായത് ഊർജ്ജസ്വലവും ഐക്യബോധവും ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ ധാരണയും ഉണ്ടാക്കുന്നതിനുവേണ്ടിയാണെന്നാണ് പറയുന്നത്. സർ, ഈ ഗവൺമെൻറിന് ഐക്യബോധം ഉണ്ടോ ?

ഇന്നത്തെ നിയമസഭയിൽ നമ്മൾ എന്തൊക്കെ കേട്ടു. ഞാൻ ഒരു കാര്യം പറയുകയാണ്. സർ, ഈ സംവരണം എന്ന് പറയുന്ന തത്വം ഒരു ഞൊടിയിടയിൽ ആരുടെയെങ്കിലും ദാക്ഷിണ്യം കൊണ്ട് കിട്ടിയതാണോ ? കേരള ചരിത്രത്തിൻെറ പുറകോട്ട് ഒന്ന് തിരിഞ്ഞുനോക്കിയാൽ ഇതിനുവേണ്ടിയിട്ടുള്ള പ്രക്ഷോഭണങ്ങൾ ഇതിനുവേണ്ടി സഹിക്കേണ്ടി വന്നിട്ടുള്ള ത്യാഗങ്ങൾ ചില്ലറയൊന്നുമല്ലെന്ന് കാണാൻ കഴിയും. എന്നും ആജീവനാന്തം ലോകം ഉള്ളിടത്തോളം കാലം സംവരണം വേണമെന്ന് നമ്മുടെ ഭരണഘടനയിൽ പറഞ്ഞിട്ടില്ല. പക്ഷെ സംവരണം എടുത്തു കളയത്തക്ക സ്ഥിതിവിശേഷം ഉണ്ടായോ ? ഇവിടെ സരസ്വതി അമ്മ പറഞ്ഞു അതു പോകട്ടെ. സർ, സുന്ദരേശൻ നായർ ഗവൺമെൻറിൻെറ പ്രതിനിധിയാണ്, മന്ത്രിയാണ് അദ്ദേഹമാണ് പറയുന്നത് ഈ ഗവൺമെൻറ് സാമ്പത്തിക സംവരണം നടപ്പിലാക്കുന്നതിന് പരമാവധി ശ്രമിക്കുമെന്ന്. ഞാൻ മിസ്ററർ കരുണാകരനോട് ചോദിക്കുകയാണ്..............

ആരോഗ്യവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആർ. സുന്ദരേശൻ നായർ) : എവിടെ പറഞ്ഞതാണ് ? ഞാൻ പറഞ്ഞു എന്നാണോ ? ഞാൻ എവിടെ പറഞ്ഞു എപ്പോൾ പറഞ്ഞു എന്ന് പറയണം. സർ, അത് തെററായ പ്രസ്താവനയാണ്.

(ബഹളം)

ശ്രീമതി കെ. ആർ. ഗൗരി : Sir, I am in possession of the House.

ശ്രീ. ആർ. സുന്ദരേശൻ നായർ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സാമ്പത്തിക സംവരണം ഈ ഗവൺമെൻറ് നടപ്പിലാക്കുമെന്നോ അത് ഈ ഗവൺമെൻറിൻെറ നയമാണെന്നോ ഞാൻ ഒരിടത്തും പറഞ്ഞിട്ടില്ല. ഞാൻ അങ്ങനെ പറഞ്ഞു എന്ന് ഒരംഗം തെററിദ്ധരിപ്പിക്കത്തക്ക രീതിയിൽ ഇങ്ങനെയൊരു പ്രസ്താവന ചെയ്യുന്നത് ശരിയാണോ ? അതല്ലെങ്കിൽ ആ വാചകം മാററണം.

ശ്രീ. ബേബിജോൺ : അങ്ങ് റൂളിംഗ് കൊടുക്കുന്നതിന് മുമ്പ് ഒരു കാര്യം പറയാനുണ്ട്. ഇന്നലത്തെ മാതൃഭൂമിയിലാണ് ഈ വാർത്ത വന്നത്. "സാമ്പത്തികസംവരണത്തിന് പരമാവധി ശ്രമിക്കും"—മന്ത്രി സുന്ദരേശൻ നായർ. ചരൽകുന്ന് സാമ്പത്തികസംവരണം നടപ്പാക്കാൻ ഗവൺമെൻറ് പരമാവധി ശ്രമിക്കുമെന്ന് ആരോഗ്യവകുപ്പുമന്ത്രി ആർ. സുന്ദരേശൻ നായർ ഇവിടെ പ്രസ്താവിച്ചിരിക്കുന്നു..........

(ബഹളം)

ശ്രീ. ആർ. സുന്ദരേശൻ നായർ : ആ വാർത്ത ഞാൻ പരിപൂർണ്ണമായി നിഷേധിക്കുന്നു.

ശ്രീ. എം. ജെ. സക്കറിയ : സാമ്പത്തിക സംവരണം എന്ന എൻ. ഡി. പി. യുടെ പ്രഖ്യാപിത നയം നടപ്പിലാക്കിയില്ലെങ്കിൽ ഈ ഗവൺമെൻറിൽ തുടരുകയില്ല എന്നുവരെ അസന്നിഗ്ദ്ധമായി സുന്ദരേശൻ നായർ പറഞ്ഞതായി ഇന്നലത്തെ മാതൃഭൂമിയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അദ്ദേഹം അതിനെക്കുറിച്ച് പറയാനുള്ളത് പറഞ്ഞു.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സാമ്പത്തികസംവരണത്തിന് എതിരാണെന്നാണോ പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇത് എന്നെ പറയിപ്പിക്കാൻ പ്രേരിപ്പിച്ചത്, ശ്രീ. സുന്ദരേശൻ നായരുടെ ആദ്യത്തെ പ്രസംഗമല്ല ഇത്, രണ്ടാമത്തെ പ്രസംഗമാണ്. ആദ്യം നിയമസഭ കൂടുന്നതിന് മുമ്പ് അദ്ദേഹം പ്രസംഗിച്ചു നിയമസഭ കൂടിയിട്ട് പ്രസംഗിച്ചു. അത് കഴിഞ്ഞതിനുശേഷം അദ്ദേഹം ഇന്ന് പിൻവലിച്ചത് ഏതായാലും നന്നായി. സർ, ഇന്നത്തെ നിലയിൽ, ഈ സംവരണം ഒരു കാലഘട്ടം കഴിഞ്ഞപ്പോൾ അത് റിവ്യൂ ചെയ്യുന്നതിന് ഒരു കമ്മീഷനെ ഏർപ്പെടുത്തിയിരുന്നു. അതൊരു റിപ്പോർട്ടും കൊടുത്തിരുന്നു. ആ റിപ്പോർട്ട് നടപ്പിലാക്കിയില്ല. അടുത്ത കമ്മീഷനെ നിയമിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഒരു കാലഘട്ടമാണ്. സർ, ഞാൻ ഈ ഐക്യബോധവും ലക്ഷ്യബോധവും പറയാൻ കാരണം, ശ്രീമതി സരസ്വതി അമ്മ ഭരണഘടനയുടെ 14, 15, 19 ഇതൊക്കെ ക്വോട്ടുചെയ്തുകൊണ്ട് ഒരു പ്രസംഗം ഇവിടെ നടത്തി. സർ, ആ പ്രസംഗത്തിൽ പറയുന്നതുപോലെ ഞങ്ങളാരും ഈ സവർണ്ണ സമുദായത്തിലുള്ള പാവപ്പെട്ടവർക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതിന് ഞങ്ങൾ എതിരാണെന്ന് ധരിക്കരുത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് സവർണ്ണ സമുദായത്തിലുള്ള സാമ്പത്തികാവശതയുള്ളവർക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുത്തിരുന്നു. ഇത് കൊടുക്കുന്നതിന് ഞങ്ങളാരും എതിരല്ല. അത് തുടരുകയും വേണം. പക്ഷേ, ഇവർ ഈ സംവരണം നിറുത്തലാക്കുന്നതിന് വേണ്ടിയിട്ടുള്ള വാള് അപകടകരമാണ്. അത് കേരളത്തിൽ വിലപ്പോകാത്ത ഒരു മുദ്രാവാക്യമാണെന്ന പ്രകാരത്തിൽ ഏതായാലും അത് പിൻവലിപ്പിക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. സർ നാളെ ഇനി എന്റെ അഭിപ്രായത്തിൽ മുഖ്യമന്ത്രി അതിനെപ്പററി ഒരു വിശദീകരണം തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടാമത് ഈ ഗവൺമെൻറിനെ സംബന്ധിച്ച് ഞങ്ങൾക്ക് ആക്ഷേപമുണ്ട്. പോലീസ് മർദ്ദനത്തെപ്പററി, ലോക്കപ്പ് മർദ്ദനത്തെപ്പററി കഴിഞ്ഞ കാലത്ത് നടന്ന അക്രമങ്ങളെപ്പററിയെല്ലാമാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ ഗവൺമെൻറ് ഭരണത്തിൽ വന്നതിനുശേഷം ഏതാണ്ട് 45-ഓളം കൊലപാതകങ്ങൾ നടത്തിയിട്ടുണ്ട്. മർദ്ദനത്തെപ്പററി പറഞ്ഞ കൂട്ടത്തിൽ മങ്കൊമ്പിലെ സംഭവം ഇവിടെ ആരോ വിവരിച്ചു. സർ, അപ്പോൾ പ്രൊഫസർ ഉമ്മൻ മാത്യു എഴുന്നേററ് അത് ശരിയാണെന്ന് പറയാൻ തക്ക വിധത്തിൽ എന്തുണ്ടായി? സർ, ഈ ഗവൺമെൻറ് ചെയ്തത് എന്താണ്? ഈ ഗവൺമെൻറിന് മുമ്പ് ഗവർണ്ണർ ഭരണകാലത്ത് നടന്നിട്ടുള്ള സംഭവങ്ങൾ എന്താണ്? ആർ എസ്. എസ്. കാർ സംഘടിച്ച് ഞങ്ങളുടെ പാർട്ടിയിലെ സഖാക്കളെ കൊല്ലുന്നതിന് വേണ്ടി പാർട്ടി ആഫീസ് ആക്രമിക്കാൻ വന്നു. പാർട്ടി ആഫീസ് തല്ലിപ്പൊളിച്ച് ബോംബ് വലിച്ചെറിഞ്ഞ് അതിനകത്തു കയറിയിട്ട് ആളെ കിട്ടിയില്ല. പാവപ്പെട്ട കാക്കാല സമുദായത്തിൽപ്പെട്ട ഒരാൾ, കുട്ടിയുടുപ്പുകൾ കൊണ്ടുനടന്ന് വിൽക്കുന്നയാളാണ് തങ്കപ്പൻ. അയാൾ പാർട്ടി ആഫീസിന്റെ മുമ്പിൽ ഒരു കട വച്ചതാണ് കുററം. കട കത്തിച്ചു, വീട് കത്തിച്ചു. എന്റെ വീട് താൻ കത്തിച്ചോ എന്ന് തിരിഞ്ഞു നിന്ന് ആ തങ്കപ്പൻ ചോദിച്ചതല്ലാതെ വേറെയൊന്നും മിണ്ടിയില്ല. അയാൾ ഭാര്യയെയും കുട്ടിയെയും പിടിച്ചുകൊണ്ട് ഓടി. ഓടിക്കഴിഞ്ഞതിനുശേഷം പുറകേ ഒരു മൈൽ ഓടിച്ചു. അതിനുശേഷം അയാളുടെ ഒരു കൈ വെട്ടിയെടുത്ത് വലതു കൈ. അതു കഴിഞ്ഞതിനുശേഷം കൈ വാഴ വെട്ടുന്നതുപോലെ വെട്ടി

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിത്താഴ്ത്തി. ചുരിക കൊണ്ട് കഴുത്തറുത്തു. ഓംകാളി ഭദ്രകാളി എന്ന മുദ്രാവാക്യവും വിളിച്ചുകൊണ്ട് ഒരു മൈൽ ദൂരം തലയും പിടിച്ചുകൊണ്ട് നൃത്തം ചെയ്തു. അത് മാത്രമാണോ സർ നടന്നത്. നൃത്തം ചെയ്ത് ആ തല കൊണ്ട് ചെന്ന് പാലത്തിൽ വച്ചു. എന്നിട്ട് അവന്റെ മാംസം ചെത്തി ഭദ്രകാളി ക്ഷേത്രത്തിൽ കൊണ്ടുപോയി ഹോമിച്ചു; നരബലി നടത്തി. നമ്മൾ കേട്ടിട്ടില്ലാത്ത ഒരു സംഭവം. കേരളത്തിൽ മനുഷ്യനെ കുരുതി കൊടുക്കുന്ന സംഭവം. ഞാൻ ജനിച്ചു കഴിഞ്ഞതിനുശേഷം കൊടുങ്ങല്ലൂർ ക്ഷേത്രത്തിലോ മറ്റോ കാളിക്ക് കുരുതി കൊടുക്കുന്നതായി കേട്ടിട്ടുണ്ട്. ആ സംഭവം തന്നെയാണ് ഭദ്രകാളി ക്ഷേത്രത്തിലും നടന്നത്. സർ, ഞാൻ അടിവരയിട്ട് പറയുകയാണ് പ്രൊഫസർ ഉമ്മൻ മാത്യു അത് ശരിയാണെന്നുള്ള നിലയിൽ അദ്ദേഹമിവിടെ സംസാരിച്ചു. ഇതു മാത്രമാണോ? ഈ ഗവൺമെന്റിന്റെ നിഷ്പക്ഷത ഞാൻ പറയുകയാണ്. അക്കാലത്ത് ഒരു സർക്കുലർ പോയിരുന്നു ഗവർണ്ണറുടെ. പ്രതികളെ പിടിച്ചാൽ ചോദ്യം ചെയ്യാൻ പാടില്ല എന്ന്. അത് കഴിഞ്ഞതിനുശേഷം പ്രതികളെ പിടിച്ച് ചോദ്യം ചെയ്തു എന്നുള്ള ഒരൊററ കാരണത്താൽ അന്നിരുന്ന ഡി. എസ്. പി യെ ഈ ഗവൺമെന്റ് വന്നതിനു ശേഷം സ്ഥലം മാററി. ആ നിലക്കുള്ള നിഷ്പക്ഷതയെപ്പററിയാണ് ഞാൻ പറയുന്നത്. രണ്ടാമത് ഒരു കാര്യം ഞാൻ പറയാം. ഞങ്ങൾ ഭരണമൊഴിഞ്ഞതിനുശേഷം രാജകുമാരിയിൽ, കുട്ടിക്കാനസിററിയിൽ ഒരു വെടി വെയ്പുണ്ടായി. വെടിവച്ചത് ആരാണെന്നോ? ട്രഷറിയിൽ സെൻട്രി നിന്ന പോലീസുകാരൻ. ട്രഷറിയിൽ സെൻട്രി നിൽക്കുന്ന പോലീസുകാരന് അവിടെ നിന്നും മാറാൻ അവകാശമുണ്ടോ സർ? മാറിയാൽ സസ്പെൻഡ് ചെയ്യും. ആ ട്രഷറി കുത്തിപ്പൊളിക്കാതെ അതിനു വേണ്ടിയിട്ടുള്ളതായ തോക്ക് ഉപയോഗിക്കാൻ പാടില്ല. അയാൾ ഓടി ഒരു ഫർലോങ്ങ് അപ്പുറത്ത് ചെന്ന് ടോർച്ച് തെളിച്ചുനോക്കി. ഞങ്ങളുടെ സഖാവ് ആണെന്ന് കണ്ട് ഉടനെ വെടി വച്ചു. പോലീസുകാരനെ സസ്പെൻഡ് ചെയ്തിട്ടില്ല. ഞങ്ങളുടെ പാർട്ടി ആഫീസിന്റെ വാതുക്കൽ വച്ചാണ് വെടി വച്ചത്. സർ, ഞാൻ അവിടെ പോയി അന്വേഷിച്ച ആളാണ്. അതുകൊണ്ട് പറയുകയാണ്. ഇവിടെ മേലൂർ സംഭവം വളരെ വികാരവായ്പോടുകൂടി ചാലക്കുടി എം. എൽ. എ. പറയുകയുണ്ടായി. ഞാനും പോയിരുന്നു. വളരെ നിർഭാഗ്യകരമായിട്ടുള്ള ഒരു കൊലപാതകമായിരുന്നു അവിടെ നടന്നത്. അങ്ങും അതിനടുത്തുള്ളതാണല്ലോ, അതുകൊണ്ട് പറയുകയാണ്. അത് കഴിഞ്ഞതിനുശേഷം, ഈ ഗവൺമെന്റ് അധികാരമേററതിനുശേഷം ഇപ്പോൾ ഒരു ഡി. എസ്. പി. യെ അവിടെ നിയമിച്ചു. സർ മേലൂർ നടന്നത് എന്താണെന്നോ? അവിടത്തെ കോൺഗ്രസുകാർ അവിടെയുള്ള ഞങ്ങളുടെ പ്രവർത്തകരെ പിടിച്ച് പോലീസിന്റെ മുമ്പിൽ നിർത്തിക്കൊണ്ട് അടിച്ച് പോലീസിനെ ഏൽപ്പിച്ചു. സർ, ഞാൻ കംപ്ലെയിന്റ് ചെയ്തതാണ്, അന്വേഷിച്ചോ? എന്നോട് ഡി. എസ്. പി. പറഞ്ഞു, ഗൗരിയമ്മ പറയുന്നത് ശരിയാണ്, ഞാനും കേട്ടു. ഞാൻ ചോദിച്ചു കേസ് എടുക്കുമോയെന്ന്, കേസ് എടുത്തിട്ടില്ല. ഞാൻ രണ്ടുമൂന്ന് ഇൻസ്ററൻസ് ഈ ഗവൺമെന്റിന്റെ ഇതുപോലുള്ള പോലീസ് നയത്തെപ്പററി (ബഹളം) ഞാൻ ഒരൊററ വാക്കിൽ പറയുകയാണ്. ഈ പോലീസ് നയം എന്താണെന്നോ? ഞങ്ങളെ മാററുന്നതിനുവേണ്ടി, ടി. കെ. രാമകൃഷ്ണനെ മാററുന്നതിനുവേണ്ടി ശ്രമിച്ചതിന്റെ പിന്നിൽ........(ബഹളം)........ സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി രൂപം കൊണ്ടപ്പോൾ, ഞങ്ങൾ ആ പ്രകടനപത്രികയിൽ എഴുതിയിരുന്നു, ഈ രാജ്യത്ത് തൊഴിലാളികൾ സമരം ചെയ്താൽ അക്രമപരമല്ലാത്ത വിധത്തിലുള്ള സമരമാണെങ്കിൽ ഞങ്ങൾ ഇടപെടുകയില്ലാ എന്ന്, പോലീസിനെ വിട്ട് ആ സമരം അടിച്ചമർത്തുകയില്ലാ എന്ന്. അത് അടിച്ചമർത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയിട്ടുള്ള നടപടികൾ എടുക്കാത്തതിന്റെ പേരിൽ പണക്കാരുടെ മുമ്പിൽ കൊണ്ടുചെന്ന് പാവപ്പെട്ടവരെ കെട്ടിയിട്ടു. കിൻറർപുരത്ത് നടക്കുന്നതു പോലുള്ള നടപടികൾ എടുക്കാത്തതിന്റെ പേരിലാണ് ഈ ഗവൺമെന്റിന് എതിരായിട്ടുള്ള വിധത്തിലുള്ള നടപടികൾ എടുക്കാത്തത്.

ശ്രീ. ആർ. എസ്. ഉണ്ണി : പോയിന്റ് ഓഫ് ഓർഡർ സാധാരണ ഗവർണ്ണറുടെ നന്ദിപ്രമേയത്തിന് മേലുള്ള ചർച്ചയിൽ പ്രതിപക്ഷത്തു നിന്നും അവസാനമായി സംസാരിക്കുന്ന പ്രതിപക്ഷ നേതാവിനോ, ഉപനേതാവിനോ സമയം അധികം കൊടുക്കാറുണ്ട്. ഇവിടെ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അവർക്ക് ആവശ്യമുള്ള സമയം, മിതമായ സമയം അധികം അനുവദിക്കണം. അത് ഈ സഭയുടെ ഒരു കീഴ്‌വഴക്കമാണ്.

മിസ്റ്റർ. സ്പീക്കർ : ഞാൻ വളരെ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി : വളരെ കൂടുതൽ അങ്ങ് അനുവദിച്ചിട്ടില്ല. ഇന്ന് ഈ ചർച്ചതന്നെ അത്രയും നീണ്ടുപോയത് എല്ലാ അംഗങ്ങളും കൂടുതൽ സമയം എടുത്തതുകൊണ്ടാണ്. അവർ പ്രതിപക്ഷത്തുനിന്നും അവസാനമായിട്ട് സംസാരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ സംസാരിക്കുമ്പോൾ ഇങ്ങനെ പലർക്കും അസൗകര്യമായി തോന്നുമെന്നും ഇടപെടുമെന്നും വിചാരിച്ചതല്ല. ഇടപെട്ട് എന്റെ സമയം ഒരുപാട് പോകുകയും ചെയ്തു. സർ, ഈ രാജ്യത്ത് പഴയതുപോലെ പണക്കാർക്കുവേണ്ടി പോലീസുകാർ പാവപ്പെട്ടവനെ കെട്ടി അവന്റെ മുമ്പിൽ കൊണ്ടുപോയി ഇട്ട് കെട്ടിയിട്ട് അടിക്കുന്ന പരിപാടി നടപ്പിലാക്കുന്നതുകൊണ്ടാണ്, ഈ ഗവൺമെന്റിനെതിരായിട്ട് ആക്ഷേപമുണ്ടായത്. സർ, ഇതിൽ എഴുതി വച്ചിരിക്കുന്നത് വെറും പച്ചക്കള്ളമാണ്. മററ് ഘടകകക്ഷികൾ അംഗീകരിക്കാൻ സമ്മതിക്കാതെ വന്നതുകൊണ്ട് എന്ന് എഴുതി വച്ചിരിക്കുന്നു. മററ് ഘടകകക്ഷികൾ ആരെങ്കിലും അംഗീകരിക്കാതിരുന്നിട്ടുണ്ടോ ? ഞാൻ ഒന്ന് ചോദിക്കട്ടെ, ഞങ്ങളുടെ കൂടെ ഇരിക്കുന്നവർ അത് അംഗീകരിക്കാത്തതുകൊണ്ടാണോ ഇപ്പോൾ ഞങ്ങളുടെ കൂടെയിരിക്കുന്നത്. കള്ളത്തരമാണ്, ഇതിൽ എഴുതി വച്ചിരിക്കുന്നത്. മററ് ഘടകകക്ഷികൾക്ക് കോൺഗ്രസ്സ് A ക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അല്ലെങ്കിൽ കേരളാ കോൺഗ്രസ്സിനു അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ഇന്ന പാർട്ടികൾക്ക് അഭിപ്രായവ്യത്യാസമുണ്ടെന്നു പറഞ്ഞാൽ മതിയായിരുന്നു. സഭയെ തെററിദ്ധരിപ്പിക്കത്തക്ക വിധത്തിൽ കള്ളത്തരങ്ങൾ കാണിച്ച്, ഭരണഘടനയ്ക്ക് അതീതമായി പ്രവർത്തിക്കാൻ പാടില്ലാത്ത ഗവർണ്ണറെക്കൊണ്ട് ഭരണഘടനയ്ക്ക് അതീതമായി പ്രവർത്തിച്ച്, ഒരു പ്രസംഗം ചെയ്യിപ്പിച്ചിരിക്കുകയാണ്. അതു മാത്രമല്ല, ഇതിൽ പുതിയതായി ഒരു നയവുമില്ല. പേരൊക്കെ പലതും എഴുതിയിട്ടുണ്ട്. കാർഷിക രംഗത്ത് ആരാണ്ട് ഒന്നു കണ്ടുപിടിച്ചു, എന്താണെന്നോ ? കൊക്കോ ഫാക്ടറി ഇവിടെ ഉണ്ടാകാൻ പോകുന്നു. അതുകൊണ്ട് ഞങ്ങൾ സഹകരിക്കണമെന്നാണ്. അതുപോലെ കുട്ടനാട്ടിനുവേണ്ടി പ്രോജക്ട് അതോറിററി ഉണ്ടാക്കുമെന്നാണ് പറയുന്നത്. കുട്ടനാട്ടിനുവേണ്ടി 116 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിന് അയച്ചു കഴിഞ്ഞ് ഒന്നരമാസം കഴിഞ്ഞിട്ടാണ് ഞങ്ങൾ ഇറങ്ങിപ്പോയത്. നിങ്ങൾ അറിയാൻവേണ്ടി ഞാൻ പറയുകയാണ്, ആ വിധത്തിൽ കാർഷിക രംഗത്തായാലും വ്യാവസായിക രംഗത്തായാലും പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. തൊഴിലില്ലായ്മ വേതനത്തെപ്പററി വളരെ അപമാനകരമായി ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി പറഞ്ഞു. ഞങ്ങൾ എപ്പോഴെങ്കിലും തൊഴിലില്ലായ്മ വേതനം ആജീവനാന്തം കൊടുക്കാമെന്ന് പറഞ്ഞോ? അതൊരു ഇടക്കാലാശ്വാസമാണ്. അതു കഴിഞ്ഞതിനുശേഷം ബോംബെയിൽ മദ്രാസ്സിൽ ഡൽഹിയിൽ വ്യവസായികളെ ക്ഷണിക്കാൻവേണ്ടി ഞങ്ങൾ പോയി. അതേപ്പററി കളിയാക്കി എഴുതിയ പത്രങ്ങൾ ഉണ്ട്. ഈ രാജ്യത്തെ തൊഴിലില്ലാത്തവരുടെ വേദന അറിയാത്ത പത്രങ്ങൾ അതിനെ കളിയാക്കി എഴുതി. ഇവിടെ വ്യവസായങ്ങൾ ഉണ്ടാക്കാൻ ഞങ്ങൾ ശ്രമിച്ചുനോക്കി. അതു കിട്ടാതെ വന്നപ്പോൾ ആയിരം കോടി രൂപ ശരാശരി പണം സമാഹരിച്ചുകൊണ്ട് ഈ രാജ്യത്തെ ചെറുതും വലുതുമായിട്ടുള്ള വ്യവസായങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചു. നിങ്ങൾ തൊഴിലില്ലായ്മയെപ്പററി എന്തെങ്കിലും മിണ്ടിയിട്ടുണ്ടോ? എങ്ങനെ ഐശ്വര്യം ഉണ്ടാകാൻ പോകുന്നു എന്നാണ് പറയുന്നത്. മററു വിധത്തിൽ പറയുകയാണെങ്കിൽ ഈ രാജ്യത്ത് ഏററവും വലുതായിട്ടുള്ള സ്വയംഭരണാവകാശം, അധികാരം കീഴ്പ്പോട്ടു കൊടുക്കുന്നതായിട്ടുള്ള അധികാര വികേന്ദ്രീകരണത്തെപ്പററി നിങ്ങൾ മിണ്ടിയിട്ടില്ല. കമാ എന്നൊരക്ഷരം മിണ്ടിയിട്ടില്ല. മുൻപേ ഞങ്ങൾക്കറിയാം കോൺഗ്രസ്സിന് അതേപ്പററി അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. ഇപ്പോഴും അവർക്ക് അക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ട്. അധികാര വികേന്ദ്രീകരണം കീഴോട്ടുപാടില്ല, മററുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നയപ്രഖ്യാപനത്തിൻെറ ആവശ്യമില്ല. പഴയ ഗവൺമെൻറ് എഴുതി വച്ചതായ കാര്യങ്ങൾ, ചെയ്തു വെച്ചതായ കാര്യങ്ങൾ നടപ്പിലാക്കിയാൽ മാത്രം മതി. റഗുലേററഡ് മാർക്കററ് ആയാലും അതുപോലെതന്നെ ഗ്രൗണ്ടു വാട്ടർ കോർപ്പറേഷനായാലും അഗ്രികൾച്ചറൽ ഡവലപ്പ്മെൻറ് സെൻേററഴ്സ് ആയാലും ഓപ്പറേഷൻ ഫ്ളഡ് (2) ആയാലും അതുപോലെ മററു കാര്യങ്ങളായാലും ആ സർക്കാർ ചെയ്തിട്ടുള്ളതായ അന്തസ്സത്ത അതുപോലെ മാററിവച്ചുകൊണ്ട്, ജനാധിപത്യം പിഴിഞ്ഞ് അരിച്ചതായിട്ടുള്ള ചില എല്ലുകൾ മാത്രം എഴുതിവച്ചുകൊണ്ടുള്ള ഈ പ്രസംഗം കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നില്ല എന്നു മാത്രമല്ല അവരെ വഞ്ചിക്കാനാണ്, ജനാധിപത്യത്തെ കുഴിച്ചുമൂടാനാണ് എന്നു ഞാൻ പറയുകയാണ്, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

ആരോഗ്യവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആർ. സുന്ദരേശൻ നായർ) : സർ, ഈ ഗവൺമെൻറിനുവേണ്ടി ഗവർണ്ണർ ഇവിടെ പ്രഖ്യാപിച്ച ഭരണനയങ്ങൾക്ക് ഈ സഭയുടെ പരക്കെ അംഗീകാരം ലഭിച്ചു എന്നത് ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ കാര്യമാണ്. ഈ നാട്ടിലെ ജനങ്ങൾ കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളായി ഈ നയങ്ങളെക്കുറിച്ച്, നയപ്രഖ്യാപനത്തെക്കുറിച്ച്, ഈ നിയമസഭയ്ക്കകത്ത് നടന്ന ചർച്ചകളെക്കുറിച്ച് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് കേൾക്കാനും മനസ്സിലാക്കാനും കഴിഞ്ഞ ഒരു കാര്യമുണ്ട്. ഈ നയങ്ങളെക്കുറിച്ച് പരക്കെയുള്ള അംഗീകാരമാണ് ഈ സഭയ്ക്കകത്തു ഉണ്ടായിരിക്കുന്നത്. രീതി വ്യത്യസ്തമാണെന്നു മാത്രം. ഈ ഭാഗത്ത് ഇരിക്കുന്നവർ ഈ നയങ്ങളുടെ നല്ല ഭാഗം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതിനെ അംഗീകരിച്ചു അതാണ് ജനങ്ങൾ കണ്ട കാഴ്ച. മറുവശത്ത് ഇരിക്കുന്നവർ മൗനം ദീക്ഷിച്ചുകൊണ്ട് അത് അംഗീകരിച്ചു. അതാണ് ജനങ്ങൾ കണ്ടത്. എതിർപ്പുണ്ടായി, രാഷ്ട്രീയമായിട്ടുള്ള എതിർപ്പാണ്; നയങ്ങളെ കുറിച്ചുള്ള എതിർപ്പല്ല ഇവിടെ ഉണ്ടായത്. ഇവിടെ എതിർക്കാൻ വേണ്ടി പല വാദങ്ങളും ഉന്നയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, ഇവിടെ ഈ സഭയിൽ വളരെ വ്യക്തമായ ഒരു കീഴ്‌വഴക്കം ഉണ്ട്. ഈ പ്രമേയത്തിന് പൊതുവിൽ മറുപടി പറയുന്നത് ചീഫ് മിനിസ്റ്റർ ആണ്. മററു മന്ത്രിമാർ ഇടപെടാറുണ്ടെങ്കിലും അവരുടെ വകുപ്പുകളെ സംബന്ധിച്ച് ഇവിടെ നിന്നും എന്തെങ്കിലും വിമർശനങ്ങളുണ്ടായാൽ അതിനു മറുപടി പറയാൻവേണ്ടി മാത്രമായിരിക്കും. മിസ്റ്റർ സുന്ദരേശൻ നായർ ആരോഗ്യത്തെക്കുറിച്ച് സംസാരിച്ചെങ്കിൽ എനിക്കു മനസ്സിലാകും. പക്ഷെ അദ്ദേഹം പൊതുവിൽ മറുപടി പറയാനാണ് പോകുന്നെങ്കിൽ ഈ ശിക്ഷയ്ക്ക് ഞങ്ങളെ വിധേയരാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. മുഖ്യമന്ത്രി ഇവിടെയുണ്ട്, മുഖ്യമന്ത്രിയുടെ മറുപടിയും ഞങ്ങൾ കേൾക്കണം. അതുകൊണ്ട് ആരോഗ്യത്തെപ്പററിയോ സംവരണത്തെപ്പററിയോ മിസ്റ്റർ സുന്ദരേശൻ നായർ വല്ലതും പറയട്ടെ അല്ലാതെ ഈ പൊതു മറുപടി ഇവിടത്തെ കീഴ്‌വഴക്കത്തിന് എതിരാണ്. അതു ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ.

ശ്രീ. ആർ. സുന്ദരേശൻ നായർ : പൊതുവായ കാര്യത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. എന്നെപ്പോലുള്ള ജൂനിയർ അംഗങ്ങളെ വല്ലതും പറയാൻ വാസുദേവൻ ചേട്ടൻ ഒക്കെ സമ്മതിക്കണം. ഞങ്ങൾ ഒന്ന് തുടങ്ങിയ്ക്കോട്ടെ, എന്ത് പ്രയാസമാണിത്. ഞങ്ങൾ ഒന്ന് പറഞ്ഞ് തുടങ്ങിക്കൊള്ളട്ടെ. ഇവിടെ നടന്ന മററ് കാര്യങ്ങളെ കുറിച്ചോ പൊതുവായ ചർച്ചയെപ്പററിയോ ഞാനൊന്നും പറയുന്നില്ല. ഭരണഘടനയെക്കുറിച്ചോ, കാസ്ററിങ്ങ് വോട്ടിനെക്കുറിച്ചോ, ഒക്കെ നിയമമന്ത്രിയും മുഖ്യമന്ത്രിയും സംസാരിക്കും. ഞാൻ അതിനെക്കുറിച്ചൊന്നും സംസാരിക്കുന്നില്ല. ഇവിടെ പറഞ്ഞപോലെ ഞാനെന്റെ വകുപ്പിനെപ്പററി മാത്രം പറയാം. അനുസരണയുള്ള കുട്ടിയായിട്ട് വാസുദേവൻ ചേട്ടന്റെ മുമ്പിൽ പ്രസംഗിക്കാം. ഓരോ വകുപ്പിനെക്കുറിച്ചും വളരെ വ്യക്തമായ നയപരിപാടികളുണ്ട്. സംസ്ഥാനത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നയപ്രഖ്യാപനം ഉണ്ടായിട്ട് അതേക്കുറിച്ചു ശ്രദ്ധിക്കാൻ അവർ തയ്യാറായിട്ടില്ല. ഒന്ന് രണ്ട് ഉദാഹരണം മാത്രമേ ഞാൻ പറയുന്നുള്ളു. മെഡിക്കൽ വകുപ്പിൽ ചികിൽസാരംഗത്ത് നാം നേരിടുന്ന ഏററവും പ്രധാനപ്പെട്ട ഒന്നു രണ്ടു പ്രശ്നങ്ങളുണ്ട്. സാധാരണ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. നമ്മുടെ പ്രശ്നം ജനസംഖ്യയല്ല, ജനസാന്ദ്രതയാണ്. അതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ആശുപത്രികളിലെ ഭരണ സംവിധാനത്തിന്റെ പാറേറണിൽ മാററം വരുത്തണമെന്നുള്ള കാര്യം നമ്മുടെ നയപ്രഖ്യാപനത്തിലുണ്ട്.

(സഭയിൽ ബഹളം)

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇവിടെ ഇതിന് മറുപടി പറയേണ്ടത് ചീഫ് മിനിസ്ററർ മാത്രമാണ്. ആരുടെയെങ്കിലും പേരിൽ ആരോപണമുണ്ടെങ്കിൽ അവർക്കും മറുപടി പറയാം.

ശ്രീ. ആർ. സുന്ദരേശൻ നായർ : പ്രധാനപ്പെട്ട ചികിൽസാ സമ്പ്രദായങ്ങളിൽ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ ചികിൽസാ സമ്പ്രദായങ്ങൾക്കു വേണ്ട ആനുകൂല്യങ്ങളും, പ്രോൽസാഹനങ്ങളും കൊടുക്കുമെന്നുള്ള കാര്യം ഈ നയപ്രഖ്യാപനത്തിലുണ്ട്. അതുപോലെ മെഡിക്കൽ വിദ്യാഭ്യാസരംഗത്തു ഗവേഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുമെന്നതും പ്രഖ്യാപനത്തിലുണ്ട്.

ഇതൊക്കെ കേൾക്കണ്ടേ. അതുപോലെതന്നെ ടൂറിസം ഡവലപ്പ്മെന്റിന്റെ കാര്യത്തിലും ഗവൺമെന്റ് നയം

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിട്ടുണ്ട്. ദേവസ്വത്തിന്റെ കാര്യത്തിലും ക്ഷേത്രങ്ങളുടെ കാര്യത്തിലും നയം പ്രഖ്യാപിച്ചിട്ടുണ്ട്. മതപരവും ആദ്ധ്യാത്മികവുമായ സ്വാതന്ത്ര്യത്തിൻമേൽ ഗവൺമെൻറ് നിയന്ത്രണം ഏർപ്പെടുത്തിയാൽ അതോടൊപ്പം പ്രോൽസാഹനവും ഉണ്ടാകണമെന്ന നയപ്രഖ്യാപനം ഇവിടെ ഉണ്ട് സർ. ഇതുപോലുള്ള കാര്യങ്ങൾ ശ്രദ്ധിക്കാതെ എതിർക്കുന്നതിൽ അർത്ഥമില്ല.

സർ, ഇനി എന്നെപ്പററി പറഞ്ഞ ഒന്നുരണ്ടു കാര്യങ്ങളുണ്ട്. അതിനു ചുരുക്കി മറുപടി പറയാം. ഇവിടെ പ്രധാനപ്പെട്ട വിഷയമായി കൊണ്ടുവന്നത് സുന്ദരേശൻ നായരുടെ കൂടെ താമിയുമൊക്കെ എങ്ങനെ ഇരിക്കുമെന്നുള്ളതാണ്. അത് സങ്കീർണ്ണമായ ഒരു വിഷയമാണ്; സെൻസിററീവ് ആയിട്ടുള്ള ഒരു വിഷയമാണെന്ന് നമുക്കറിയാം. അതുകൊണ്ട് തന്നെ എന്റെ സ്ററാൻറ് ഇവിടെ പ്രകടമാക്കേണ്ടതുണ്ട്. ഒരു അഭ്യർത്ഥനയുള്ളത്, ഞാൻ പറഞ്ഞതേ ഞാൻ പറഞ്ഞു എന്നു പറയാവൂ. ഞാൻ പറയാത്തത് പറഞ്ഞു എന്നു പറയരുത്. സർ, അതിനെക്കുറിച്ച് ഗവൺമെൻറിന്റെ നയപ്രഖ്യാപനമൊന്നും ഞാൻ നടത്തിയിട്ടില്ല വളരെ ചിട്ടയുള്ള, അച്ചടക്കമുള്ള ഒരു മുന്നണിയാണ് സാർ ഇത്. ഇത് മുഖ്യമന്ത്രിയുടെ വകുപ്പാണ്. ഗവൺമെൻറിന്റെ പൊതുവായ കാര്യങ്ങളെ സംബന്ധിച്ച് പ്രഖ്യാപനം നടത്തേണ്ടത് മുഖ്യമന്ത്രിയാണെന്ന അറിയാവുന്ന ഒരാളാണ് ഞാൻ. ഞാൻ അതിനെക്കുറിച്ച് ഒരു നയപ്രഖ്യാപനവും നടത്തിയിട്ടില്ല. നയ പ്രഖ്യാപനം നടത്തേണ്ടത് അദ്ദേഹമാണ്. അത് അദ്ദേഹം നടത്തിക്കൊള്ളും.

സർ, ഞാൻ എന്റെ പാർട്ടിയോഗത്തിൽ ചെയ്ത പ്രസംഗത്തെ കുറിച്ചാണു ഇവിടെ ആരോപണമുണ്ടായത്, എന്റെ പാർട്ടിയോഗത്തിൽ ഞാൻ എന്റെ പാർട്ടിയുടെ അഭിപ്രായം പറയും സർ. ഏതു പാർട്ടിക്കാണ് സർ അതിന്റെ സ്വാതന്ത്ര്യം ഇല്ലാത്തത്. ഉദാഹരണം കാണിക്കാം സർ. നായനാരുടെ നല്ല തുടക്കത്തിലേതാണ് ഞാൻ വായിക്കുന്നത്. "ഈശ്വരവിശ്വാസം എന്ന ഒരു രാഷ്ട്രീയ പ്രശ്നം തെരഞ്ഞെടുപ്പു കാലത്ത് ഉയർന്നു വന്നു. എന്റെ സഹമന്ത്രിമാരിലും വിശ്വാസികളും അവിശ്വാസികളും ഉണ്ടെന്ന വസ്തുത ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. ഇതിനടുത്തുള്ള മിക്ക മന്ത്രിസഭകളും ഇതുപോലെ വിശ്വാസികളും അവിശ്വാസികളും അടങ്ങിയതായിരുന്നു". ഇതറിയാവുന്ന അന്നത്തെ മുഖ്യമന്ത്രി 'ഭഗവാന് എന്തിന് പാററാവ്'' എന്നു ചോദിച്ചപ്പോൾ അത് സർക്കാരിന്റെ നയമാണോയെന്ന് ആരെങ്കിലും ചോദിച്ചോ? ഇല്ലല്ലോ.

ഇവിടെ ഇവർ ഒന്നിച്ചു ഭരിച്ചു സർ. ഒന്നിച്ചു ഭരിച്ചപ്പോൾ നായനാരും രാഘവനും ഒക്കെ വർഗ്ഗ സമരത്തെ കുറിച്ചും തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തെക്കുറിച്ചും നിയമസഭയ്ക്കു അകത്തും പുറത്തും പ്രസംഗിച്ചു. അത് പ്രസംഗിച്ചപ്പോൾ....................

(ബഹളം)

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കുകയാണ്, സംവരണം സംബന്ധിച്ച് ചരൽക്കുന്നിൽ വച്ച് ബഹുമാനപ്പെട്ട മന്ത്രി ചെയ്ത പ്രസംഗത്തെപ്പററി മാതൃഭൂമിയിൽ വന്ന റിപ്പോർട്ടു കളവാണെന്നാണോ പറയുന്നത്. അല്ല സത്യമാണോ ?

ശ്രീ. ആർ. സുന്ദരേശൻ നായർ: അതാണ് പറയാൻ പോകുന്നത്. എന്റെ പാർട്ടി പറയുന്ന ആശയം വ്യക്തമായി മനസ്സിലാക്കിയിട്ടുള്ള ആളാണ് നായനാർ. അദ്ദേഹം തന്നെ ഈ സാമ്പത്തിക സംവരണം എന്ന ആശയത്തിന് ഒരു നിർവ്വചനം കൊടുത്തിട്ടുണ്ട്. ഞാൻ അതു വായിക്കാം. "നൂററാണ്ടുകളായി............

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

മി. സ്പീക്കർ : ആർഡർ, ആർഡർ, അദ്ദേഹത്തെ ഒന്നു പറയാൻ അനുവദിക്കണം.

ശ്രീ ആർ. സുന്ദരേശൻ നായർ : "ജാതി മേധാവിത്വം നിമിത്തം അവശരായി കഴിയുന്ന ജനലക്ഷങ്ങളാം, അവശ ജാതിക്കാർ, അവരെ ഉയർത്തിക്കൊണ്ടു വരുന്നതിന് ജാതിയെ ആസ്പദമാക്കിയുള്ള സംവരണം ഇന്നത്തെ സാഹചര്യത്തിൽ നിലനിറുത്തിയേ കഴിയൂ. അതേയവസരത്തിൽ ഹരിജനങ്ങളും ആദിവാസികളും ഒഴിച്ചുള്ള അവശ ജാതിക്കാരിൽ നിന്ന് ഒരു സമ്പന്ന വിഭാഗം ഉയർന്നു വരുന്നതും മുന്നോക്ക ജാതിക്കാരായ ലക്ഷക്കണക്കിനാളുകൾ ദരിദ്രരായി മാറുന്നതും പ്രധാന നയമായിക്കൂടാ".

(ബഹളം)

സർ, ഇതു തന്നെയാണ് സാമ്പത്തിക സംവരണ വാദം, ഇതു മാത്രമാണ് സാമ്പത്തിക സംവരണ വാദം.

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ശ്രീ. സുന്ദരേശൻ നായർ വ്യക്തിയുടെ കപ്പാസിററിയിൽ ആണോ ഇവിടെ സംസാരിക്കുന്നത്, അതോ കേരള ഗവൺമെൻറിനു വേണ്ടിയാണോ? ഒരു മന്ത്രി ഒററയ്ക്ക് സംസാരിച്ചാലും ഇവിടെ ഗവൺമെൻറിനു വേണ്ടിയാണ് സംസാരിക്കുന്നത്. അങ്ങനെ ഗവൺമെൻറിലെ ഒരു മന്ത്രിയെന്ന നിലയിൽ റെപ്രസൻേററീവ് കപ്പാസിററിയിലാണോ അദ്ദേഹം ഇവിടെ സംസാരിക്കുന്നതെന്നു ഞങ്ങൾക്ക് അറിയണം.

ശ്രീ. ആർ. സുന്ദരേശൻ നായർ : ഞാൻ ഒരു മന്ത്രിയായിട്ടല്ല പറയുന്നത്. ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നയർക്ക് അറിയാവുന്നതാണ്. ഞാൻ പറയുന്നത് മുന്നണിയുടെ നയമല്ലെന്ന് ഞാൻ പറഞ്ഞു.

ശ്രീ. സി. ബി. സി. വാര്യർ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ സർ, ഞങ്ങൾക്ക് തന്നിരിക്കുന്ന ബുള്ളററിൻ അനുസരിച്ച് ശ്രീമാൻ സുന്ദരേശൻ നായർ ഇവിടെ ഒരു മന്ത്രിയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപനം സംബന്ധിച്ച് അവതരിപ്പിക്കപ്പെട്ട നന്ദിപ്രമേയം സംബന്ധിച്ചാണ് ചർച്ച. അതിനു മറുപടി പറയുമ്പോൾ ശ്രീ. സുന്ദരേശൻ നായർക്ക് ഈ മന്ത്രിസഭയ്ക്കകത്ത് മന്ത്രിയെന്ന നിലയിൽ അല്ലാതെ പറയാൻ അവകാശമുണ്ടോ? മന്ത്രിയായിട്ടല്ല ഞാൻ ഇവിടെ പറയുന്നതെന്നു പറയാൻ അവകാശമുണ്ടോ?

ശ്രീ. ടി. എം. ജേക്കബ് : സർ റൂളിംഗിന് മുമ്പ് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. സർ, മന്ത്രിമാർ ഓരോ കക്ഷിയിലെ അംഗങ്ങളാണ്. അവർ മന്ത്രിയെന്ന നിലയിലല്ലാതെ തന്നെ കക്ഷിയുടെ അംഗം എന്ന നിലയിലും ഈ സഭയിൽ സംസാരിച്ച കീഴ്വഴക്കമുണ്ട് സർ. ആ കീഴ്വഴക്കം കൂടി അങ്ങ് കണക്കിലെടുക്കണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, ഒരു പോയിൻറ് ഓഫ് ആർഡർ. നയ പ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ സംബന്ധിച്ച ചർച്ചയ്ക്ക് ഗവൺമെൻറ് ഭാഗത്തു നിന്ന് മറുപടി പറയുന്നതു സംബന്ധിച്ച് നമ്മുടെ റൂൾസ് ഓഫ പ്രൊസീഡിയറിൽ റൂൾ 15 (4) വളരെ വ്യക്തമായി ഡിഫൈൻ ചെയ്തിട്ടുണ്ട്. അതിൽ പറയുന്നത്.

The Chief Minister or any other Minister whether he has previously taken part in the discussion or not, shall on behalf of the Government have

LIBRARY ARCHIVES Kerala Legislative Assembly

a general right of explaining the position of the Government at the end of the discussion and the Speaker may fix the hour by which the discussion shall conclude,

എന്നു പറഞ്ഞു കഴിഞ്ഞാൽ ഗവൺമെൻറിനുവേണ്ടി ചീഫ് മിനിസ്ററർക്കോ ഏതെങ്കിലും മിനിസ്ററർക്കോ ആണ് ഈ കാര്യം പറയാൻ അവകാശമുള്ളത്. എല്ലാവർക്കും പറയാൻ അവകാശമില്ല. ചീഫ് മിനിസ്ററർക്കാണ് പ്രധാനമായിട്ടും ഉത്തരവാദിത്വം, അതല്ലെങ്കിൽ മറേറതെങ്കിലും മന്ത്രിയ്ക്കു പറയാം. ആരുടെയെങ്കിലും പേരിൽ പ്രത്യേകം ആരോപണമോ ആക്ഷേപമോ ഉണ്ടായാൽ മന്ത്രി എന്ന നിലയിൽ എക്സ്പ്ലനേഷൻ തരാനല്ലാതെ മററ് യാതൊന്നിനും അവർക്ക് അവകാശമില്ല. അതുകൊണ്ട് ഇതുപോലുള്ള പ്രസംഗം ഇവിടെ അനുവദിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ സഭയിൽ ഏതെങ്കിലും മന്ത്രിയുടെ വകുപ്പിനെ കുറിച്ചോ മന്ത്രിയെ കുറിച്ചോ പരാമർശനമുണ്ടായാൽ അതിനെക്കുറിച്ച് വിശദീകരണം നൽകാൻ മറുപടിയുടെ വേളയിൽ അവസരം നൽകിയിട്ടുള്ള കീഴ്വഴക്കമുണ്ട്. പക്ഷെ ഗവൺമെൻറിനുവേണ്ടിയുള്ള മറുപടി മുഖ്യമന്ത്രി പറയും അതാണ് കീഴ്വഴക്കം. അതുകൊണ്ട് മന്ത്രിമാർ പറയുന്നത് നടപടി വിരുദ്ധമല്ല.

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, മന്ത്രിമാർ പറയുന്നത് നടപടി വിരുദ്ധമല്ലെന്നുള്ള മുഖ്യമന്ത്രിയുടെ വ്യാഖ്യാനം ശരിയാണ്. എന്നാൽ മന്ത്രിമാർ പറയുന്നത് വ്യവസ്ഥ പ്രകാരം ഗവൺമെൻറിന് വേണ്ടിയാണ്. ഗവൺമെൻറിൻെറ പോളിസിയാണ്. ഇവിടെ ബഹുമാനപ്പെട്ട സുന്ദരേശൻ നായർ വ്യക്തിപരമായും പോളിസിയായും, രണ്ടും കൂടിയാണ് പറയുന്നത്. സാമ്പത്തിക സംവരണത്തിനുവേണ്ടി നിലകൊള്ളുകയും അതല്ലെന്ന് ഇവിടെ പറയുകയും ആണ് ചെയ്യുന്നത്, അതുകൊണ്ടാണ് ഞങ്ങൾ വ്യക്തമായി ചോദിക്കുന്നത് ഗവൺമെൻറ് നയം എന്ത്? മാതൃഭൂമി റിപ്പോർട്ട് കള്ളമാണോ ? നിങ്ങൾ സാമ്പത്തിക സംവരണം വേണമെന്ന് പറഞ്ഞത് കള്ളമാണോ ? ഗവൺമെൻറ് പോളിസി എന്താണ് ? വ്യക്തമായി അത് പറയണം.

ശ്രീ. ആർ. സുന്ദരേശൻ നായർ : എൻെറ പാർട്ടി യോഗത്തിൽ ഞാൻ പ്രസംഗിച്ചത് പാർട്ടിയുടെ ഒരു നേതാവ് എന്ന നിലയിലാണ്. പാർട്ടിയുടെ ആശയമാണ് ഞാൻ പാർട്ടിയോഗത്തിൽ പ്രസംഗിച്ചത്.

ശ്രീമതി കെ. ആർ. ഗൗരി : പേഴ്സണൽ എക്സ്പ്ലനേഷനുള്ള സമയമല്ല ഇത് മറുപടിയുടെ സമയമാണ്. പേഴ്സണൽ എക്സ്പ്ലനേഷന് വേറെ സമയം കൊടുക്കണം.

ശ്രീ. ആർ. സുന്ദരേശൻ നായർ : പാർട്ടിയോഗത്തിൽ ഗവൺമെൻറിൻെറ നയമായി അതു ചെയ്യുമെന്നല്ല പറഞ്ഞത്. പാർട്ടി ആഗ്രഹിക്കുന്ന ഒരു inevitable social change അത് നടപ്പാകുമെന്ന് ഞാൻ പറഞ്ഞു. അത് ആരു നടപ്പാക്കുമെന്നല്ല പറഞ്ഞത്. രണ്ടും വ്യത്യസ്തമാണ്. Inevitable social change It is an അതേ പറഞ്ഞുള്ളു.

ശ്രീ. പി. കെ. ശ്രീനിവാസൻ : സർ, ഒരു പോയിൻറ് ഓഫ് ആർഡർ, ഇന്നലെ പ്രസിദ്ധീകരിച്ച മാതൃഭൂമിയിൽ ശ്രീമാൻ സുന്ദരേശൻ നായർ പറഞ്ഞിരുന്നത് സാമ്പത്തിക സംവരണം എന്ന നയം ഗവൺമെൻറിനുവേണ്ടി ഞാൻ പറയുന്നു എന്നാണ്, അത് നിഷേധിച്ചിട്ടില്ല, ബഹുമാനപ്പെട്ട മന്ത്രി,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്പീക്കർ: ഇതിൽ പോയിൻറ് ഓഫ് ആർഡർ ഒന്നുമില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കഴിഞ്ഞ മൂന്ന് ദിവസമായി ഈ സഭയിൽ നടന്ന ചർച്ചയിലൊന്നും തന്നെ ഗവർണ്ണറുടെ പ്രസംഗത്തിൻെറ ഉള്ളടക്കത്തെക്കുറിച്ച് വിമർശനാത്മകമായ വിശദീകരണമൊന്നും വന്നില്ല. ഇന്ന് ബഹുമാനപ്പെട്ട ഉണ്ണിയും ബഹുമാനപ്പെട്ട ഗൗരിയമ്മയും ചില വ്യാഖ്യാനങ്ങൾ നൽകാൻ ശ്രമിച്ചു. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്, ഈ ഗവൺമെൻറിൻെറ നയപ്രഖ്യാപനത്തിൽ എന്തെങ്കിലും ന്യൂനതയുള്ളതായി വിമർശിക്കാൻ അപ്പുറത്തുള്ളവർക്കില്ല. സാമാന്യേന അംഗീകരിച്ചമട്ടാണ്. ഈ ഗവൺമെൻറിൻെറ നയങ്ങളിൽ ഏതെങ്കിലുമൊന്ന് തെററാണെന്നു പറയാൻ അവർക്ക് സാധിക്കുമോ? ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് ഈ പ്രഖ്യാപനങ്ങൾ ആത്മാർത്ഥമായും കർമ്മോൻമുഖമായും ജനങ്ങൾക്ക് ഗുണകരമായ നിലയിലും നടപ്പിലാക്കാനുള്ള നീക്കങ്ങളുണ്ടാകും എന്നാണ്. ഈ ഗവൺമെൻറിൻെറ സ്വഭാവത്തെക്കുറിച്ചും രൂപത്തെക്കുറിച്ചുമൊക്കെ വിമർശനം നടത്തുന്ന അവസരത്തിൽ ഈ സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന പ്രത്യേക പ്രശ്നങ്ങൾ കൂടി ഓർക്കണമെന്നാണ് എനിക്ക് അപ്പുറത്തുള്ളവരോടഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ആദ്യമായി പരാമർശം നടന്നത് ഗവൺമെൻറിൻെറ സ്വഭാവത്തെക്കുറിച്ചാണ്. അവിശ്വാസ പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ സംശയത്തിനിടം നൽകാത്ത നിലയിൽ വിശദീകരിക്കപ്പെട്ട കാര്യങ്ങളാണ് അതൊക്കെ. സർ, പ്രചരണത്തിൽക്കൂടി ജനങ്ങളെ തെററായ വഴിക്ക് നയിക്കാമെന്ന് വിശ്വസിക്കുന്ന പല രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയപ്രസ്ഥാനങ്ങളും ലോകത്തിലുണ്ട്. നാസിപാർട്ടി പ്രചരിച്ചത് ഗീബൽസിൻെറ പ്രചരണത്തിൽ കൂടിയായിരുന്നു. എന്നതുപോലെ ഇത് ഒരു ന്യൂനപക്ഷ ഗവൺമെൻറാണ്, സ്പീക്കർ വോട്ട് ചെയ്യുന്നത് വലിയൊരപരാധമാണ് എന്നൊക്കെയാണിവിടെ പ്രചരിപ്പിക്കുന്നത്. സർ, ഇവിടെ വളരെക്കാലം ബ്രിട്ടീഷാധിപത്യമുണ്ടായിരുന്നെങ്കിൽ കൂടിയും ബ്രിട്ടീഷ് ഭരണസമ്പ്രദായം നാം അതേപടി അംഗീകരിച്ചിട്ടില്ല. എങ്കിലും സ്പീക്കറെക്കുറിച്ചും നിയമസഭയെക്കുറിച്ചും പാർലമെൻററി ജനാധിപത്യത്തെക്കുറിച്ചുമൊക്കെ സംസാരിക്കുമ്പോൾ ബ്രിട്ടനിലെ സ്പീക്കറുടെ ചിത്രമാണ് നമ്മുടെ മനസ്സിൽ കാണുന്നത്. ബ്രിട്ടനിലെ സ്പീക്കർ സ്പീക്കറാകുന്ന നിലപാടിനോട് സഹകരിക്കാൻ ഇവിടത്തെ പ്രതിപക്ഷം തയ്യാറാകുമോ? തിരഞ്ഞെടുപ്പ് വരുമ്പോൾ അവിടെ സ്പീക്കർക്കെതിരായി മൽസരിക്കുകയില്ല. സ്പീക്കർ ഒരിക്കലും ഒരു രാഷ്ട്രീയപാർട്ടിയുടെ സ്ഥാനാർത്ഥിയായി നിൽക്കുകയില്ല അവിടെ. അതൊരു നല്ല വഴക്കമാണ്. നിർഭാഗ്യവശാൽ കേരളത്തിലെ സ്ഥിതി അതല്ല. ഇൻഡ്യയിലും കേരളത്തിലുമൊക്കെ ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രതിനിധി ജനങ്ങളോട് വോട്ട് ചോദിക്കാൻ പോകുന്നത് താൻ വിശ്വസിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനം തയ്യാറാക്കിയിട്ടുള്ള പരിപാടികൾ നടപ്പിലാക്കാനുള്ള ജനവിശ്വാസം തേടുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് നമ്മൾ എന്ത് ചെയ്യണമെന്നുള്ളതല്ല ഇപ്പോൾ പ്രശ്നം. സ്പീക്കറെക്കുറിച്ച് മനസ്സിൽ ചിന്ത വളർത്തുന്നത് ഏതടിസ്ഥാനത്തിൽ വേണം? ഭരണഘടന അനുശാസിക്കുന്ന വ്യവസ്ഥയിൽനിന്ന് സ്പീക്കർക്കൊഴിഞ്ഞുമാറാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്പീക്കർ ഒരു തീരുമാനം എടുക്കുന്നു. ഇവിടെ എന്തിനാണ് മുൻനിഗമനം ഉണ്ടാകുന്നത്? നമ്മുടെ രാജ്യത്തുള്ള രാഷ്ട്രീയ പശ്ചാത്തലം കണക്കിലെടുത്തുകൊണ്ടായിരിക്കണം മുൻനിഗമനത്തിലെത്തേണ്ടത്. സ്പീക്കർ രാഷ്ട്രീയത്തിനതീതനായിരിക്കണമെന്നും സ്പീക്കർ സ്ഥാനം പരിപാവനമായിരിക്കണമെന്നുമൊക്കെ എൻെറ മാർക്സിസ്ററു സ്നേഹിതൻമാർ പറയുന്നത് കേൾക്കുമ്പോൾ..........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, സ്പീക്കർ എന്തു ചെയ്യണമെന്നുള്ള കാര്യം ഒരു ഡയറക്ടീവായി ഈ സഭയിലുന്നയിക്കുന്നത് ശരിയാണോ ?

ശ്രീ. കെ. കരുണാകരൻ: ദയവായി ഇങ്ങനെ സമയം കളയരുത്.

സർ, സ്പീക്കറുടെ പരിപാവനതത്വത്തെപ്പററിയും മററും മാർക്സിസ്ററ് ബഞ്ചുകളിൽ നിന്ന് സംസാരിക്കുന്നതു കേട്ടപ്പോൾ ഞാനൊരു കാര്യം ഓർത്തുപോയി. ഈയിടെ മാർക്സിസ്ററ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ നടന്നപ്പോൾ മുൻസ്പീക്കർ കൂടി ഉൾപ്പെടെയുള്ള അദ്ദേഹത്തിൻെറ ഔദ്യോഗികപദവിയോടെ തന്നെ അതിൽ സംബന്ധിച്ചു. അതിൻെറ പരിപാവനതത്വത്തെപ്പററിയൊന്നും ആർക്കും പറയാനില്ല. സമയമില്ലാത്തതുകൊണ്ട് ഞാൻ അതേപ്പററി കൂടുതലായി സംസാരിക്കുന്നില്ല. ഈ സഭയിൽ കൊണ്ടുവരുന്ന പ്രശ്നങ്ങൾ സഭ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അംഗീകരിക്കാതെവരുന്ന സാഹചര്യത്തിൽ ഒരു ഗവൺമെൻറും തുടരുകയില്ല, തുടരാൻ സാധ്യവുമല്ല. ഈ ഗവൺമെൻറിൻെറ രാഷ്ട്രീയ വശത്തെക്കുറിച്ചൊന്നും പരാമർശിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ഗവൺമെൻറിന് ജനങ്ങളുടെ പിന്തുണയുണ്ട്. ഈ സഭ ഗവൺമെൻറിൻെറ പരിപാടികൾ അംഗീകരിക്കുന്നിടത്തോളംകാലം ഈ ഗവൺമെൻറ് തുടരും. എപ്പോൾ തുടരണം എപ്പോൾ വേണ്ട എന്ന് തീരുമാനിക്കുന്നത് ഈ ഗവൺമെൻറാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, നിയമസഭാസ്പീക്കർമാർ കക്ഷിരഹിതരാണെന്നും കക്ഷിക്കതീതരാണെന്നുമാണ് നമ്മുടെ രാഷ്ട്രം അംഗീകരിച്ചിട്ടുള്ളത്. ആ അംഗീകൃതതത്വത്തിനെതിരായി സ്പീക്കർ കക്ഷിക്കാരനായിരിക്കണമെന്നുള്ള വാദഗതി സമർത്ഥിക്കാൻ മുഖ്യമന്ത്രി ഈ സഭയിൽ വാദമുന്നയിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. കരുണാകരൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ ഈ സഭയിലെ ഏതൊരംഗത്തിനും അവകാശമുണ്ട്. അങ്ങ് അതനുവദിക്കാറുമുണ്ട്. പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ച് സഭാനടപടികൾ ദീർഘിപ്പിക്കാതിരിക്കാൻ സഹകരിച്ചാൽകൊള്ളാം.

മി. സ്പീക്കർ: ഇതിൽ പോയിൻറ് ഓഫ് ഓർഡറൊന്നുമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ബ്രിട്ടീഷ് പാർലമെൻറിൻെറ കീഴ്വഴക്കം നല്ല വഴക്കമാണെന്ന്. ബ്രിട്ടീഷ് പാർലമെൻറിലെ കീഴ്വഴക്കമനുസരിച്ചുതന്നെ സ്പീക്കർക്കെതിരായി സ്ഥാനാർത്ഥികളെ നിറുത്തുന്നുണ്ട്, നിൽക്കുന്നുണ്ട്. അൺകണ്ടെസ്ററഡ് അല്ല, അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാമോ ? അങ്ങനെയാണെങ്കിൽ........

ശ്രീ. കെ. കരുണാകരൻ: എനിക്ക് പറയാനുള്ളത് ഞാൻ പറഞ്ഞു കഴിഞ്ഞു. ചന്ദ്രശേഖരൻനായർക്കിഷ്ടമുള്ളതുപോലെ വ്യാഖ്യാനിക്കാം. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വീണ്ടും ആവർത്തിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറിൻെറ പരിപാടികൾ ആത്മാർത്ഥമായി നടപ്പിലാക്കാൻ സാധ്യമല്ലാതെവരുന്ന സാഹചര്യത്തിൽ ഈ ഗവൺമെൻറും ഈ ഗവൺമെൻറിൽ നിൽക്കുന്ന കക്ഷികളും ജനങ്ങളെ സമീപിക്കാൻ മടിക്കുകയില്ല, ജനങ്ങളാണ് ഈ രാജ്യത്തിൻെറ നായകൻമാർ എന്ന് വിശ്വസിക്കുന്നവരാണ് ഈ ഗവൺമെൻറിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ : ഈ സഭയിൽ ഭരണകക്ഷിയും പ്രതിപക്ഷവും തുല്യമാണെന്നും സ്തംഭനം ഒഴിവാക്കാൻവേണ്ടി ഭരണഘടന വ്യവസ്ഥ പ്രയോഗിക്കപ്പെടുക മാത്രമാണ് ചെയ്യുന്നതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : എന്റെ പ്രസംഗം കേട്ടിട്ടും ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ സീതയും രാമനും തമ്മിലുള്ള ബന്ധം ചോദിക്കുകയാണോ ? ഈ ഗവൺമെന്റ് കൊണ്ടു വരുന്ന പരിപാടികൾ ഈ സഭ അംഗീകരിക്കുന്നിടത്തോളം കാലം ഈ ഗവൺമെന്റിന് ഈ സഭയുടെ പിന്തുണയുണ്ട്. പിന്തുണയെപ്പററി പറയുമ്പോൾ നിങ്ങൾ ഭരണഘടനയുടെ പരിപാവനതത്വത്തെപ്പററിയാണല്ലോ പറയുന്നത്. ഇൻഡ്യ ഒരുസ്വതന്ത്ര റിപ്പബ്ലിക്കായി പ്രഖ്യാപിച്ചപ്പോൾ ഭരണഘടന കത്തിക്കാൻ നടന്ന ആളുകൾ ഇപ്പോൾ ഭരണഘടനയുടെ പരിപാവനതത്വവും തലയിൽ വച്ചു നടക്കുന്നതു കാണുമ്പോൾ ഞങ്ങൾക്ക് സന്തോഷമുണ്ട്. ആ ഭരണഘടന അനുശാസിക്കുന്ന വ്യവസ്ഥയനുസരിച്ച് പ്രവർത്തിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. സർ, തിരഞ്ഞെടുപ്പിനു പോകാൻ മടിക്കാത്ത ഒരു രാഷ്ട്രീയസംവിധാനമാണ് ഇപ്പുറത്തുള്ളത്. ജനങ്ങളുടെ മുൻപാകെ പോകാൻ ചങ്കൂററവും ധൈര്യവുമുള്ള ഒരു മുന്നണിയുണ്ടെങ്കിൽ അത് ഈ മുന്നണിയാണ് എന്ന് വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഗവർണർ പ്രസംഗിച്ചില്ലെന്നു വാദിച്ച് വാദിച്ച് ഒടുവിലായപ്പോൾ പ്രസംഗിച്ചുവെന്ന സത്യം അംഗീകരിക്കേണ്ടിവന്നു. നയപരിപാടികളെസംബന്ധിച്ച് ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞു. ഏതു രൂപത്തിൽ വാദിച്ചാലുംശരി അംഗീകരിക്കേണ്ടുന്ന സ്ഥിതിഗതികൾ ഗവൺമെന്റ് അംഗീകരിക്കുന്നു എന്നു മാത്രം. എന്താണ് സർ, സംസ്ഥാനത്തിന്റെ സ്ഥിതി ? ഒരാരോപണം പ്ലാനിന്റെ വിഹിതം കുറച്ചുകളഞ്ഞു എന്നാണല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് നെഞ്ചിൽ കൈവച്ചുകൊണ്ട് പറയാൻ സാധിക്കുമോ, അദ്ദേഹത്തിന്റെ ഗവൺമെന്റിന്റെ കാലത്ത് ഈ സംസ്ഥാനത്തിന്റെ വിഹിതം നേടിയെടുക്കുന്ന കാര്യത്തിൽ ആത്മാർത്ഥമായി പ്രവർത്തിച്ചുവെന്ന് ? അദ്ദേഹത്തിന്റെ ഭരണകാലത്ത്..........

(തടസ്സം)

ഒന്നു ക്ഷമിക്കണം ! പ്ലാനിന്റെ ചുമതലയുണ്ടായിരുന്ന അന്നത്തെ മുഖ്യമന്ത്രിയായ ഇന്നത്തെ പ്രതിപക്ഷനേതാവിനോടു ഞാൻ ചോദിക്കുകയാണ്, എവിടെനിന്നാണ് ഈ 275 കോടിയുടെ പ്ലാൻ ? അതു സത്യസന്ധമായിരുന്നെങ്കിൽ, കഴിഞ്ഞ വർഷം 80 കോടി രൂപ ഇവിടെ കമ്മിയായ സാഹചര്യത്തിൽ എന്തു യാഥാർത്ഥ്യബോധത്തോടുകൂടിയാണ് പ്ലാൻ തയ്യാറാക്കിയത് ?

ശ്രീ ഇ. കെ. നായനാർ : ഒരു ചോദ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ പ്ലാനിന്റെ ചുമതല എനിക്കുതന്നെയായിരുന്നു. ചെലവഴിച്ചതു ബഹുമാനപ്പെട്ട മാണി വഴിക്കും ആയിരുന്നു. 1980-81-ൽ 246 കോടി 1981-82-ൽ 275 കോടി. 1982-83-ൽ 2/5 കോടിയായിതാണുവന്നിരിക്കുകയാണ് ഇപ്പോൾ. അതിനിടയ്ക്ക് 2,000 കോടി രൂപയുടെ കേന്ദ്രനികുതി ചുമത്തി; പെട്രോളിനും ഡീസലിനും. അതുപോലെ ഡി. എ. വർദ്ധിപ്പിച്ചു. വില വർദ്ധിപ്പിച്ചു. മദ്യത്തിനു സ്പിരിററ് അലോട്ടു ചെയ്തില്ല. വില വർദ്ധിച്ചതുകൊണ്ട് ആ പ്ലാനിലും വർദ്ധിപ്പിച്ച് 275 കോടി വാങ്ങിയെന്നുള്ളതാണ് അന്നത്തെ വിജയം. ഇപ്പോൾ 275 കോടിയെക്കാൾ ഒരു നയാപ്പൈസ കൂടുതൽ കിട്ടിയില്ല. ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങൾക്കും വർദ്ധിപ്പിച്ചുകൊടുത്തു. കേരളത്തിനുമാത്രം, ഈ മുഖ്യമന്ത്രി അഭ്യർദ്ധിച്ചിട്ടുപോലും കൊടുത്തില്ല എന്നാണ് ഇൻഡ്യൻ എക്സ്പ്രസ് എഴുതിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തോടു കേന്ദ്രം അവഗണന കാണിക്കുകയാണ്........

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചോദ്യം ചോദിക്കാനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അനുവദിച്ചത്.

ശ്രീ. ഇ. കെ. നായനാർ : ഇതിനെപ്പററി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്താണു പറയാനുള്ളത് ?

ശ്രീ. കെ. കരുണാകരൻ : 1982-83 ലെ പ്ലാൻചർച്ചയ്ക്ക് പോകുമ്പോൾ കേരളത്തിന്റെ സ്ഥിതി എന്താണെന്നറിയാമോ ? കേവലം 96 കോടി രൂപയാണ് നമ്മുടെ റിസോഴ്സസ്. കേന്ദ്രം തരുന്നത് 79 കോടി.

ശ്രീ. സി. ബി. സി. വാര്യർ : 96 കോടി എങ്ങനെ കണക്കാക്കി ?

ശ്രീ. കെ. കരുണാകരൻ : ഈ സ്റേറററിന്റെ റിസോഴ്സസ് ആണ്.

ശ്രീമതി കെ. ആർ. ഗൗരി : സെയിൽസ്ടാക്സ് എത്രയാണ് ?

ശ്രീ. ഇ. കെ. നായനാർ : വസ്തുതയ്ക്ക് നിരക്കാത്തതാണ്. വിശദീകരിക്കാൻ അവസരം എനിക്കു തരണം.

ശ്രീ. കെ. കരുണാകരൻ : സർ, ഇരുപത്തൊന്നുമാസം മുഖ്യമന്ത്രിയായിരുന്ന ഒരാൾ ഇങ്ങനെയൊരു ദയനീയമായ ചോദ്യം ചോദിക്കുമെന്നുതന്നെ ഞാൻ വിചാരിച്ചില്ല. സർ, ഇതു പ്ലാനിന്റേതാണ്; സ്റേറററിന്റെ ബഡ്ജററല്ല. പ്ലാൻ സംബന്ധിച്ച് സെയിൽസ് ടാക്സ് ഉൾപ്പെടെ, അബ്കാരി വരുമാനം ഉൾപ്പെടെ നോൺ പ്ലാൻ എക്സ്പെൻഡിച്ചർ കഴിച്ച്, പ്ലാൻ എക്സ്പെൻഡിച്ചറിലേക്ക് സ്റേറററിന്റെ റിസോഴ്സസ് ആയി കാണിച്ചിട്ടുള്ളത് 96 കോടി രൂപയാണ്. കേന്ദ്രത്തിന്റെ വിഹിതവും കൂട്ടി നമുക്ക് ആകെക്കൂടി കിട്ടാൻ പോകുന്നത് 96+79=175 കോടി രൂപയാണ്. പ്ലാനിന് ഈ 175 കോടിയുള്ളപ്പോഴും ഒരു സംഗതിയുണ്ട്. 1981-82 ലേക്ക് പ്ലാൻ തയ്യാറാക്കിയപ്പോൾ 77 കോടി രൂപയായിരുന്നു സ്റേറററിന്റെ റിസോഴ്സസ്. കേന്ദ്രത്തിന്റെ വിഹിതം 90 കോടി.

ശ്രീ. ആർ. എസ്. ഉണ്ണി : കഴിഞ്ഞവർഷം എത്രയായിരുന്നു ?

ശ്രീ. കെ. കരുണാകരൻ : കഴിഞ്ഞവർഷത്തേതാണ് പറയുന്നത്. 85.64 കോടി കേന്ദ്രത്തിന്റെ വിഹിതം. എല്ലാംകൂടി ചേർത്ത് മൊത്തം ഉണ്ടായിരുന്നത് 189·36 കോടി. അവസാനം എങ്ങനെയാണ് പ്ലാനിനു സംഖ്യയുണ്ടാക്കിയതെന്നറിയാമോ ? അടുത്ത മൂന്നു വർഷത്തിൽ ചെലവാക്കാനുള്ള പണം (30 കോടി രൂപ) തൽക്കാലം അഡ്ജസ്ററുചെയ്യാൻ വാങ്ങിച്ചു. 80 കോടി രൂപ സ്റേററിന്റേതും ചേർത്തു.

ശ്രീ. ആർ. എസ്. ഉണ്ണി : ഇത്രയും പറഞ്ഞു മതിയാക്കുന്നതാണ് നല്ലത്.

ശ്രീ. കെ. കരുണാകരൻ : ഇതു കഴിഞ്ഞ് 275 കോടി രൂപയുടെ പ്ലാൻ അനുവദിച്ചു. 305 കോടി രൂപയുടെ പ്ലാൻ തയ്യാറാക്കി. ഇന്നത്തെ സ്ഥിതി എന്താണെന്നറിയാമോ ? 80 കോടി രൂപ ഡെഫിസിററാണ്. ബഡ്ജററിൽ 9 കോടി രൂപ ഡെഫിസിററുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 80 കോടി ഡെഫിസിററാണ്. ഡെഫിസിററായതിന്റെ കാരണത്തെക്കുറിച്ച് മുൻമുഖ്യമന്ത്രി പറഞ്ഞു–സ്പിരിററാണെന്ന്. അപ്പുറത്ത് ബഹുമാനപ്പെട്ട നായനാരിരിക്കുന്ന സ്ഥാനത്തിരുന്നുകൊണ്ട് ഞങ്ങൾ പറഞ്ഞിരുന്നു, സ്പിരിററിൽ അധികം സ്പിരിററുകയററിയാൽ അതു ഖജനാവുകാലിയാക്കുന്ന സ്പിരിററായിമാറും എന്ന്. നിർഭാഗ്യവശാൽ നായനാർ ഗവൺമെന്റുണ്ടാക്കിയ പാപഭാരവുമായി

LIBRARY ARCHIVES Kerala Legislative Assembly

ഡൽഹിക്കുപോകേണ്ടിവന്നപ്പോൾ 80 കോടി രൂപ പ്ലാനിന്റെയിനത്തിൽ ഈ വർഷത്തേക്കു ഡെഫിസിററുമായിട്ടാണു ഞങ്ങൾക്കു പോകാൻകഴിഞ്ഞതു്. അങ്ങനെ പോയപ്പോൾ ഒരു കാര്യത്തിൽ ഇൻഡ്യാഗവൺമെന്റുമായി ഞങ്ങളൊരു ധാരണയിലെത്തി. കേരളത്തിനുമാത്രമല്ല രാജസ്ഥാൻ, ബംഗാൾ ഇങ്ങനെ എല്ലാ സംസ്ഥാനങ്ങൾക്കും പ്ലാനിംഗ് കമ്മീഷൻ ഒരു പൊതുവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്............

ശ്രീ. സി. ബി. സി. വാര്യർ: കഴിഞ്ഞവർഷം 275 കോടി രൂപയുടെ പദ്ധതി. ഈ വർഷം വീണ്ടും 275 കോടി രൂപയുടെ പദ്ധതിയംഗീകരിച്ചു. കഴിഞ്ഞവർഷത്തെക്കാൾ കേന്ദ്രവിഹിതം എത്രകോടി കുറച്ചാണ് ഇത്തവണ അംഗീകരിച്ചിരിക്കുന്നത് ?

ശ്രീ കെ. കരുണാകരൻ: കൂടുതലാണ്.

ശ്രീ. സി. ബി. സി. വാര്യർ: അല്ല.

ശ്രീ. കെ. കരുണാകരൻ: കഴിഞ്ഞകൊല്ലം 80 കോടി അനുവദിച്ചതിന്റെ കൂടെ 30 കോടി അഡ്വാൻസായെടുത്തു—അടുത്ത കൊല്ലങ്ങളിലേക്കുള്ള പണം. അതു് അഡ്ജസ്ററബിൾ ആണ്. 10 കോടി രൂപയുടെ മൂന്നു് ഇൻസ്ററാൾമെൻറായി അതു് അടച്ചുതീർക്കണം. ഇനിയുള്ള പീര്യേഡിൽ അതു കുറച്ചു വന്നപ്പോഴാണ് നമുക്ക് ഈ വിഹിതം 79 കോടിയായിക്കുറഞ്ഞത്; കുറഞ്ഞതിന്റെ കാരണം ഈ 30 കോടിയുടെ അഡ്ജസ്ററ്മെൻറാണ്. അഡ്ജസ്ററ്മെൻറ് വരുമ്പോഴാണ് കുറയുന്നത്. എന്നാൽ ഇക്കൊല്ലം അതു് അഡ്ജസ്ററ് ചെയ്യാതെ കേന്ദ്രവിഹിതത്തിനു പുറമേ 15 കോടി രൂപ എക്സ്ട്രാ കൂടി വച്ചുകൊണ്ടു് 275 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചപ്പോൾ, അതു് ഒരു വ്യവസ്ഥയിൽ കൂടിയായിരുന്നു എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ സ്റേററിന് നേടാൻ സാധിച്ച രണ്ടു കാര്യങ്ങൾ എടുത്തു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒന്ന്, 80 കോടി രൂപയുടെ ഡെഫിസിററുള്ളതു യാതൊരു അഡ്ജസ്ററുമെൻറും ചെയ്യാതെ അതേപടി നിർത്തുകയും 15 കോടി രൂപ കൂടുതൽ തരികയും ചെയ്തത്. ഇതിനുപുറമേ എല്ലാം കൂടി ചേർത്ത് 275 കോടി താൽക്കാലിക പ്ലാനായി അംഗീകരിച്ച ശേഷം ഇനി, സ്റേററിന്റെ റിസോഴ്സസ് പരമാവധി സ്വരൂപിക്കുന്നതിന്റെ അടിസ്ഥാനത്തിൽ—അതായതു് സ്പിരിററിന്റെയും മററും കാര്യത്തിൽ ഗവൺമെൻറിനു പിരിഞ്ഞുകിട്ടേണ്ട പണം പിരിച്ചെടുക്കാമെന്ന വിശ്വാസമുള്ളതുകൊണ്ടു്; പാവപ്പെട്ടവന്റേതു മാത്രമല്ല പണക്കാരന്റെ കാശുപോലും പിരിച്ചെടുക്കാതെ കിടക്കുന്നതു പിരിച്ചെടുക്കാമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ—ഈ പ്ലാനിന്റെ തുക വർദ്ധിപ്പിക്കാനും സ്റേററ് ഗവൺമെൻറ് ഇതു ചർച്ചചെയ്യാൻ ഏതു നിമിഷം തയ്യാറാകുന്നുവോ ആ നിമിഷം ചർച്ചചെയ്യാനും കേന്ദ്ര പ്ലാനിംഗ് ബോർഡ് സമ്മതിച്ചിട്ടുള്ള കാര്യം ഞാനീ സഭയെ സന്തോഷപൂർവ്വം അറിയിക്കുകയാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: എസ്. ബി. ചവാന്റെ പ്രസ്താവന പത്രത്തിൽ വന്നതു് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? എന്തുതന്നെ അഡീഷണൽ റിസോഴ്സസ് ഉണ്ടാക്കാൻ സാധ്യതയുണ്ടെങ്കിലും പുതതായി ഒരു പൈസ പോലും പ്ലാൻ വിഹിതത്തിൽ അനുവദിക്കാൻ സാധ്യമാവില്ല എന്നു കേന്ദ്ര പ്ലാനിംഗ് മന്ത്രി പ്രഖ്യാപിച്ചതു് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ: പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണു ഞാൻ പറഞ്ഞതു്. പ്ലാനിന്റെ ചർച്ച രേഖപ്പെടുത്തി അതിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. ഏതവസരത്തിലും സ്റേററിന്റെ റിസോഴ്സസ്

LIBRARY ARCHIVES Kerala Legislative Assembly

മെച്ചപ്പെടുമ്പോൾ ഓപ്റ്റൺ ചെയ്യാമെന്നുള്ള വ്യവസ്ഥയിലാണ് ഈ സംസ്ഥാനത്തിന്റെ പ്ലാൻ അംഗീകരിച്ചിട്ടുള്ളത്. ആ നിലയിൽ അംഗീകരിപ്പിക്കാനുള്ള നടപടി ഈ ഗവൺമെന്റ് കേന്ദ്രഗവൺമെന്റുമായാണെങ്കിൽപോലും ധൈര്യമായിച്ചെയ്തു എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ : ഒരു ചോദ്യം. സർ, നായനാർ ഗവൺമെന്റിനെ എന്തൊക്കെ കുററംപറഞ്ഞാലും ഈ ഗവൺമെന്റുതന്നെ 330 കോടി രൂപയുടെ ഒരു വാർഷിക പദ്ധതി ന്യായമായും കേരളത്തിനവകാശമുള്ള താണെന്നു പ്രഖ്യാപിക്കുകയും പ്രത്യേകിച്ച് പ്രധാനമന്ത്രി ഇവിടെവന്നു നമ്മളെക്കണ്ട് അനുഭാവമങ്ങനെ വഴിഞ്ഞൊഴുകുന്നുവെന്നവകാശപ്പെടുകയും ചെയ്തിട്ട് ഡൽഹിയിൽപ്പോയി 275 കോടിയുമായി മടങ്ങിപ്പോരേണ്ടിവന്ന ലജ്ജാകരമായ പരിതഃസ്ഥിതിക്കു കാരണം, തുടർന്നുവരുന്ന കേന്ദ്രഗവൺമെൻറിന്റെ കേരളത്തോടുള്ള അവഗണനയല്ലേ, അതു മൂടിവയ്ക്കാൻ ഈ മുഖ്യമന്ത്രി എന്തിനു പാടുപെടുന്നു എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. കരുണാകരൻ : സർ, ഈ ഗവൺമെന്റിന് ഉറച്ച വിശ്വാസമുണ്ട് അവഗണനയല്ല പരിഗണനയുണ്ടാകും എന്ന്. പരിഗണനയുണ്ട്. ഈ 80 കോടി തൽക്കാലം നിർത്തിവച്ചത് പരിഗണനയുടെ മാത്രം ഫലമാണ്.

ശ്രീ. ഇ. കെ. നായനാർ : കേന്ദ്രഗവൺമെന്റിന്റെ പരിഗണനയുണ്ടാകുമെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. 29 വർഷത്തേക്ക് 16,000 കോടി രൂപ ചെലവുചെയ്ത കേന്ദ്രം കേരളത്തിന് 2.33 ശതമാനം മാത്രം തന്നുകൊണ്ട് 422 കോടി രൂപയാണു ചെലവാക്കിയത്. ഇതാണ് ഒരു പരിഗണന പിന്നത്തെ പരിഗണനയോ ? ഇൻഡ്യൻ എക്സ്പ്രസ്.

"The Planning Commission's decision to fix Kerala's plan outlay for 1982-83 at Rs. 275 crores, the same as last year, has come as a damper. Only in Kerala's case has there been no increase." മാത്രമല്ല, 82 കോടി രൂപ കഴിഞ്ഞ വർഷം കിട്ടിയപ്പോൾ......

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു വിശദീകരണത്തിനു മുതിരരുത്.

ശ്രീ. കെ. കരുണാകരൻ : പത്രങ്ങളിൽ അനുകൂലമായി വരുന്ന കാര്യങ്ങൾ വച്ച് തലയിലെഴുത്തു കണക്കാക്കുന്നതിനു ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല. സർ, പ്ലാനിനെസംബന്ധിച്ചിടത്തോളം ഈ സംസ്ഥാനഗവൺമെന്റിനു യാതൊരാശങ്കയും ഉൾക്കണ്ഠയുമില്ല.

ഇവിടെ മററുചില ആക്ഷേപങ്ങളുണ്ടായത് ഹരിജനക്ഷേമ വകുപ്പിനെപ്പററിയാണ്. ഹരിജനങ്ങളോടു വലിയ എന്തോ ദ്രോഹം ചെയ്യുന്നു എന്നാണു പറയുന്നത്. ബഹുമാനപ്പെട്ട ഒന്നുരണ്ടംഗങ്ങൾ പറഞ്ഞത് ഹരിജനവകുപ്പിൽ ചെലവു ചെയ്യാനുള്ള സംഖ്യ വേറെ വകുപ്പിലേക്കുമാററി എന്നൊക്കെയാണ്. സർ, നമ്മുടെ ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച സംഖ്യയിൽ വളരെയധികം വർദ്ധന വരുത്തിയിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദമായ കണക്കുകളിലേക്കു കടക്കുന്നില്ല. ഹരിജനക്ഷേമവകുപ്പിനെ സംബന്ധിച്ചിടത്തോളം, അവർക്കു പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള കമ്പോണൻറ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഖ്യയും സംസ്ഥാന ഗവൺമെന്റു ചെലവു ചെയ്യുന്ന സംഖ്യയുംകൂടി പൂൾ ചെയ്ത് കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ചില സംവിധാനങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇന്നത്തെ സ്ഥിതിയെന്താണ്? മിക്കവാറും, ഹരിജനങ്ങൾക്കുവേണ്ടി നീക്കിവെച്ച സംഖ്യ മുഴുവനായി ചെലവഴിക്കാൻ കഴിഞ്ഞ ഗവൺമെന്റിനു സാധിച്ചിട്ടില്ലന്നുള്ളത് ഒരു യാഥാർ

LIBRARY ARCHIVES Kerala Legislative Assembly

ത്ഥ്യമാണ്. കഴിഞ്ഞ 1980-81 കാലത്തേക്ക് ഹരിജന ബന്ധുവായ സഖാവു് നായനാരുടെ കാലത്ത് ടോട്ടൽ ഔട്ട്ലേ ഫോർ 1980-81 കമ്പോണന്റ് പ്ലാൻ: 2,254.78 ലക്ഷം ; ചെലവഴിച്ചത് 1586.801 ലക്ഷം. അതായത് 667.98 ലക്ഷം ആ ഇനത്തിൽ ചെലവഴിച്ചിട്ടില്ല ! രണ്ടാമത് വെൽഫെയർ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് എന്ന ഇനം. അതിൽ 690.50 ലക്ഷം ഉൾക്കൊള്ളിച്ചതിൽ 480.044 ലക്ഷം മാത്രം ചെലവഴിച്ചു. അതിലും 210 ലക്ഷത്തോളം ചെലവഴിച്ചിട്ടില്ല. ഇങ്ങനെ നാലഞ്ചിനങ്ങളിലായി പത്തു കോടി രൂപ നായനാർ സർക്കാരിന്റെ കാലത്ത് പാവപ്പെട്ട ഹരിജനങ്ങൾക്കു വേണ്ടി നീക്കിവെച്ച സംഖ്യയിൽനിന്ന് ചെലവഴിക്കാതിരുന്നു എന്നുള്ളതാണു സത്യം. ഇന്ന് 76 ലക്ഷം രൂപ ജില്ലാ ഗ്രാമവികസന പദ്ധതിയിലേക്കു നീക്കി വച്ചു. കഴിഞ്ഞകൊല്ലം സ്വീകരിച്ച നിലപാടനുസരിച്ചാണെങ്കിൽ 2,000 ഹരിജനകുടുംബങ്ങൾക്കുമാത്രമേ ഇതിന്റെ ഗുണം ലഭിക്കൂ. പുതിയ പദ്ധതി ആവിഷ്ക്കരിച്ചുകഴിഞ്ഞാൽ ബാങ്കിന്റെ സഹായവും കൂടിയാകുമ്പോൾ 9 കോടിയിൽപ്പരം രൂപ ഈ ഒരിനത്തിൽ ചെലവഴിക്കാൻ സാധിക്കും. 2,000 കുടുംബങ്ങൾക്കു ഗുണം കിട്ടുന്നതിനുപകരം 25,000 കുടുംബങ്ങൾക്കു ഗുണം കിട്ടുന്ന ഒരു പരിപാടിയായിട്ടാണ് അതു സ്വീകരിച്ചിരിക്കുന്നത്. അതുപോലെ സംസ്ഥാന ഗവൺമെന്റ് 315 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നതനുസരിച്ചുള്ള തുകകളിൽനിന്ന് മററ് ഏതെല്ലാം ഇനങ്ങളിൽ കുറവു വരുത്തിയിട്ടും ഹരിജനക്ഷേമത്തെ സംബന്ധിച്ചിടത്തോളം ആ തുകയിൽ ഒരു പൈസപോലും കുറയ്ക്കാതെ അതേപടി നിലനിർത്തിയിരിക്കുകയാണ്.

ഒരുകാര്യം ഞാൻ വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ആദ്യം ചെയ്ത കാര്യമാണത്. ജനുവരി മാസം 5-ാം തീയതി ഹരിജനക്ഷേമവകുപ്പുമായി ബന്ധപ്പെട്ട്, ഹരിജനങ്ങൾക്കു പ്ലാനിന്റെ 10 ശതമാനം ചെലവഴിക്കണമെന്നുള്ള വ്യവസ്ഥ കണക്കിലെടുത്ത് എല്ലാ ഡിപ്പാർട്ടുമെന്റിലേയുംബന്ധപ്പെട്ട ആളുകളെ വിളിച്ചുവരുത്തി, കഴിഞ്ഞകൊല്ലത്തെ ദുര്യോഗമുണ്ടാകാതിരിക്കാൻവേണ്ടി, ഹരിജനങ്ങൾക്കു നീക്കിവയ്ക്കുന്ന പണം മുഴുവൻ ചെലവഴിക്കാനുള്ള സംവിധാനം സ്വീകരിച്ചു. സർ, ഈ ഒക്ടോബർ മാസം വരെ ചെലവുചെയ്തത് എത്രയാണെന്നറിയാമോ ? 24 ശതമാനമാണ്, കമ്പോണന്റ് പ്ലാനിൽ ! അതിന്റെ മുഴുവൻ വിശദാംശങ്ങളിലേക്കു പോകാൻ സമയം വളരെ എടുക്കും. നേരേമറിച്ച് ഇത്തവണ ആ ദുര്യോഗം വരാതിരിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് ഒരു നിർദ്ദേശം കൊടുത്തു : ഹരിജനക്ഷേമ പ്രവർത്തനം നടത്തുന്നതിൽ ഇന്നുള്ള നിയമമോ ചട്ടങ്ങളോ നടപടിക്രമങ്ങളോ എന്തുതന്നെ തടസ്സമായിരുന്നാലുംശരി ആ തടസ്സങ്ങൾ നീക്കുകയും ഹരിജനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക ഒരു പൈസപോലും വർഷാവസാനത്തിൽ നഷ്ടപ്പെടാത്തവിധം ചെലവഴിക്കുകയും ചെയ്യണമെന്ന വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ചുരുങ്ങിയ ദിവസത്തിനുള്ളിൽത്തന്നെ അതനുസരിച്ചുള്ള വിഹിതം തീരുകയും ചെയ്തിട്ടുണ്ട്. അതിന്റെ വിവരങ്ങൾ ഒരു ലഘുലേഖയായിത്തന്നെ സഭാംഗങ്ങൾക്കു നല്കാൻ സാധിക്കുമോ എന്നു പരിശോധിക്കാം. ഹരിജനങ്ങളുടെ കാര്യത്തിൽ ഇവിടെ ദാരുണമായ ഒരു കാര്യം പറഞ്ഞു. ആദിവാസികളെ കൊലപ്പെടുത്തിയത് വേദനാജനകമാണ് എന്നാൽ അന്നത്തെ ഗവൺമെന്റും ഇന്നത്തെ ഗവൺമെന്റും തമ്മിലുള്ള വ്യത്യാസം കൊലപ്പെടുത്തിയിട്ടും ആ കൊലയാളികളെ അന്വേഷിച്ചു പിടിക്കാൻ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ആളുണ്ടായില്ല എന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 12 ഹരിജനങ്ങളെ കശാപ്പുചെയ്തു. എത്ര കേസുകളിൽ പ്രതികളെ നിങ്ങൾ അറസ്ററുചെയ്തു ? ഈ കേസിൽ ഉടനെ പ്രതിയെ അറസ്ററുചെയ്തു എന്നുമാത്രമല്ല ആവശ്യമായ നടപടി സ്വീകരിച്ചതോടൊപ്പം ആ ആദിവാസികുടുംബങ്ങൾക്ക് 5,000 രൂപ മുഖ്യമന്ത്രിയുടെ റിലീഫ്

2/2356/S

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടിൽനിന്ന് ആ നിമിഷം അനുവദിക്കുകയും ഓരോ കുടുംബാംഗത്തിനും ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. അതുമാത്രമല്ല ആദിവാസികളുടെ ഇടയിലുള്ള വിശ്വാസമനുസരിച്ച്, അവർ താമസിച്ച വീട്ടിൽ കൊലനടന്നാൽപിന്നെ അവിടെ അവർ താമസിക്കുകയില്ല. അതുകൊണ്ട് അവർക്കു വേറെ വീടുവച്ചുകൊടുക്കാനും മററും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ കളക്ടർക്കു നിർദ്ദേശം നല്കുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങളെന്തുചെയ്തു, പന്ത്രണ്ടു കൊലപാതകം നടന്നിട്ട് ?

ശ്രീ. എം. വി. രാഘവൻ : സർ, നന്ദി പ്രമേയത്തെ സംബന്ധിച്ച ചർച്ചയ്ക്കു മുഖ്യമന്ത്രി മറുപടി പറയുകയാണ്. അദ്ദേഹം സഭയെ തെററിദ്ധരിപ്പിച്ചിരിക്കുകയാണ്. 5,000 രൂപ കൊടുത്തു, വീടുവച്ചുകൊടുത്തു എന്നൊക്കെ പറഞ്ഞു. ആ ആദിവാസികുടുംബങ്ങൾ മിനിയാന്നാണ് ഈ സെക്രട്ടറിയേററുനടയിൽ വന്നത്. ഒരു ചില്ലിക്കാശുപോലും അവർക്കു കിട്ടിയിട്ടില്ല. ഈ അപവാദം ഈ നിയമസഭാവേദിയിൽ പ്രസംഗിക്കുന്നത് ആർഡറിലാണോ ?

ശ്രീ. കെ. കരുണാകരൻ : കളക്ടർ കൊടുത്തുകഴിഞ്ഞു. ചില റിപ്പ്വാൻ വിങ്കിൾ......

(ബഹളം)

ശ്രീ. പി. കെ. വേലായുധൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ കൊല ചെയ്യപ്പെട്ട ആദിവാസിയുടെ ഭാര്യയ്ക്ക് നൽകിയ 5000 രൂപ അവിടത്തെ ജില്ലാ സഹകരണ ബാങ്കിൻെറ ബ്രാഞ്ചിൽ ഡെപ്പോസിററ് ചെയ്തിട്ടുള്ളതുകൊണ്ട് ഈ മാർക്സിസ്ററുകാർക്കു അതിൽ നിന്നും പിടുങ്ങാൻ കഴിയാത്തതുകൊണ്ടല്ലേ ഇങ്ങനെ പറയുന്നത് ?

(ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പ്രസ്താവിച്ചു കളക്ടർ ആ പണം വിതരണം ചെയ്തെന്ന്. ഇവിടെ അസംബ്ലിയുടെ ഷെഡ്യൂൾഡ് കാസ്ററ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ് കമ്മിററിയുടെ ചെയർമാൻ ആണ് ശ്രീ. പി. കെ. വേലായുധൻ. അദ്ദേഹം അടുത്ത നിമിഷത്തിൽത്തന്നെ ആ പണം ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു എന്ന് പറഞ്ഞു. ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലുള്ള ഉത്തരവാദിത്വമുള്ള ഒരാൾ കളക്ടർ ആ പണം വിതരണം ചെയ്തെന്ന് പറഞ്ഞാൽ അത് അവാസ്തവമാണെന്നു തെളിഞ്ഞു കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇവിടെ വസ്തുതകൾക്ക് നിരക്കാത്ത പ്രസ്താവനകൾ മുഖ്യമന്ത്രി നടത്തുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. കരുണാകരൻ : ഇത് പ്രിവിലേജിൻെറ പ്രശ്നമാണ്. നിങ്ങൾ വേണമെങ്കിൽ പ്രിവിലേജ് മോഷൻ മൂവ് ചെയതുകൊള്ളു. ഈ സംഭവം ഉണ്ടായപ്പോൾ ആഭ്യന്തരമന്ത്രി അവിടെ ചെന്ന് അവരുമായി ബന്ധപ്പെട്ടു. അവസാനം ഏതു നിലയിലുള്ള സംവിധാനം വേണമെന്ന് ചോദിച്ചു. ഗവൺമെൻറ് ആ സംഖ്യ ഡെപ്പോസിററ് ചെയ്താൽ അത് വിതരണം ആണ്. ആ സംഖ്യ പാവപ്പെട്ട ആ കുടുംബത്തിന് കൊടുപ്പിക്കാതിരിക്കാൻ വേണ്ടി അവരേയും കൊണ്ട് ഒളിച്ചുനടക്കാൻ ശ്രമിച്ചിട്ട് പരാജയപ്പെട്ടതുകൊണ്ടാണോ ഈ പരാതിയുമായി വന്നിരിക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ വർത്തമാനം അവിടെയിരുന്നുകൊണ്ട് പറയുന്നത് മുഖ്യമന്ത്രിയാണോ ?

ശ്രീ. കെ. കരുണാകരൻ : അന്നത്തെ ആഭ്യന്തരമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ പറയുന്നതുപോലുള്ള പ്രസ്താവനയല്ല.

ശ്രീ. എം. വി. രാഘവൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നിന്നുകൊണ്ട് തെണ്ടിത്തരം പറയുന്നത് ശരിയാണോ ?

(ബഹളം)

ശ്രീ. ടി. എം. ജേക്കബ് : സർ, പോയിൻറ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട എം. വി. രാഘവൻ അദ്ദേഹത്തിൻെറ സീററിൽ എഴുന്നേററുനിന്നു മുഖ്യമന്ത്രി തെണ്ടിത്തരം പറയുന്നത് ശരിയാണോയെന്നു ചോദിച്ചു. നിയമസഭാവേദിയിൽ ഉപയോഗിക്കാൻ പാടില്ലാത്ത വാക്കുകൾ ഉപയോഗിക്കുന്നതിന് ഏററവും മുൻപന്തിയിൽ നിൽക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം, ഈ പരാമർശനം ഓർഡറിലാണോ ? പാർലമെൻററിയാണോ യെന്നുള്ള കാര്യത്തിൽ റൂളിംഗ് വേണം. അല്ലെങ്കിൽ അത് സഭാ നടപടികളിൽ നിന്നും നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. ഇ. കെ. നായനാർ : ഹരിജനങ്ങൾക്ക് കൊടുത്ത പണം മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി തട്ടിയെടുത്തെന്നുള്ള ദുരാരോപണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയിരിക്കുന്നു. അദ്ദേഹം അത് പിൻവലിക്കണം.

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയെപ്പററി തോന്ന്യാസം പറയാനുള്ള വേദിയല്ല ഇത്.

(ബഹളം)

മി. സ്പീക്കർ : ഇവിടെ പരാമർശിക്കപ്പെട്ട ചില വാക്കുകൾ ഖേദകരം തന്നെയാണ്. ആ വാക്കുകൾ ചില ആളുകൾ സ്ഥിരമായി ഉപയോഗിക്കുന്നു എന്ന രീതിയിൽ ഇവിടെ പരാമർശിക്കപ്പെടരുത്. ആ വാക്കുകൾ സഭാ നടപടികളിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

(ബഹളം)

